ܘܫܝܢܐ ܘܢܝܚܐ ܕܢܦܫܬܗܘܢ
ܒܐܘܪܫܠܡ ܫܡܝܢܝܬܐ . ܘܡܫܒܚܝܢܢ

പട്ടക്കാരൻ ദർഗായിൽ കയറിനിന്ന് രഹസ്യങ്ങളുടെ മുകളിൽ കിഴക്കുവശത്തു ധൂപക്കുററി ഉയർത്തി ആഘോഷിച്ചുകൊണ്ട്

ܘܒܣܡܐ ܘܩܛܪܬܐ ܢܩܪܒ ܠܟ ܡܪܝܐ ܘܬܬܪܥܐ ܘܬܩܒܠ ܡܢ ܐܝܕܢ ❖

[illegible]

പെത്ഗോമൊ :

നാഥനെ വാഴ്ത്തുവിനുത്തമരേ
പരിമളധൂപയുതം—ദൈവത്തിൻ ജനനി
കന്യകമറിയാമ്മി—ന്നോർമ്മ ഭവിക്കട്ടെ.

[illegible]

പടിഞ്ഞാറു വശത്തു ധൂപക്കുററി ആഘോഷിച്ചുകൊണ്ട്

[illegible]

പെത്ഗോമൊ :

ജാതികളവനെ വാഴ്ത്തിടുവിൻ
പരിമളധൂപയുതം—നിബിയർ ശ്ലീഹന്മാർ
പാവന സഹദേന്മാർ—ക്കോർമ്മ ഭവിക്കട്ടെ

[illegible]

വടക്കുവശത്തു ധൂപക്കുററി ആഘോഷിച്ചുകൊണ്ട്

[illegible]

പരിമളധൂപയുതം—വൈദികമല്പാന്മാർ
നീതിപ്രിയർസിദ്ധർ—ക്കോർമ്മ ഭവിക്കട്ടേ

തെക്കുവശത്തു ധൂപക്കുററി ആഘോഷിച്ചുകൊണ്ട്

[illegible]

പരിമള ധൂപയുതം—പാവന സഭയതിനും
സഭതൻ പ്രജകൾക്കും—ഓർമ്മ ഭവിക്കട്ടേ

രഹസ്യങ്ങളുടെ ചുററുമായി മൂന്നു പ്രാവശ്യം ധൂപക്കുററി ആഘോഷിച്ചുകൊണ്ട്

[illegible]

എത്രോ

കർത്താവെ, നിൻെറ ദാസരുടെ ധൂപത്തെ കരുണയോടെ അംഗീകരിക്കയും നിൻെറ പുരോഹിതന്മാരുടെ ധൂപത്തിൽ പ്രീതിപ്പെടുകയും നിൻെറ ആരാധകരുടെ ശുശ്രൂഷയിൽ സന്തോഷിക്കയും ചെയ്യണമെ. തൻെറ പിതാവിനോടും വിശുദ്ധ റൂഹായോടും കൂടെ ആരാധിക്കപ്പെട്ട് സ്തുതിക്ക

[illegible]

പ്പെടുന്ന പുത്രനായ മിശിഹാ! ഇതിനാൽ നിന്റെ മാതാവിന്റെയും വിശുദ്ധന്മാരുടെയും വിശ്വാസികളായ സകല മരിച്ചുപോയവരുടെയും ഓർമ്മയെ ഇപ്പോഴും എപ്പോഴും എന്നേക്കും ശ്രേഷ്ഠതപ്പെടുത്തണമെ. ആമ്മീൻ.

ധൂപക്കുററിയോടുകൂടി ദർഗായിൽ നിന്നിറങ്ങിനിന്നു വന്ദിച്ച് ത്രോണോസിന്റെ മദ്ധ്യഭാഗത്ത് പിതാവിന്റെ നാമത്തിൽ മൂന്നു പ്രാവശ്യം ധൂപം വീശിക്കൊണ്ട്

കാരുണ്യവാനായ പിതാവിനു വന്ദനം.

പുത്രന്റെ നാമത്തിൽ വടക്കേക്കോണിൽ ധൂപം വച്ചുകൊണ്ട്

കാരുണ്യവാനായ പുത്രനു വന്ദനം

വിശുദ്ധ റൂഹായുടെ നാമത്തിൽ തെക്കേക്കോണിൽ ധൂപം വച്ചുകൊണ്ട്

ജീവനുള്ളവനും പരിശുദ്ധനുമായ റൂഹായ്ക്കു വന്ദനം.

അനന്തരം ധൂപക്കുററി ശുശ്രൂഷകന്റെ കൈയിലേക്കു കൊടുത്തശേഷം

ഹൂത്തോമൊ

കർത്താവെ! നീതിമാന്മാരും പുണ്യവാന്മാരും ദീർഘദർശിമാരും ശ്ലീഹന്മാരും സഹദേന്മാരും മൗദ്യാനന്മാരും ദൈവമാതാവായ വിശുദ്ധ മറിയാമും എല്ലാ തലമുറകളിലും നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ളവരായ സകല വിശുദ്ധന്മാരും ഞങ്ങളെല്ലാവരുടേയും ആത്മാക്കൾക്കുവേണ്ടി നിന്നോടപേക്ഷിക്കയും പ്രാർത്ഥിക്കയും ചെയ്യുമാറാകണമെ. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും നിന്റെ ജനത്തിൽ നിന്ന് നിന്റെ കോപത്തെ നീക്കിക്കളയുമാറാകണമെ. നിന്റെ ഇടവകയിലെ ആടുകളിൽ കൃപ തോന്നണമെ. ലോകത്തിന്റെ നാനാഭാഗങ്ങളിലും സമാധാനവും ശാന്തിയും സ്ഥാപിക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവുമെ, ഞങ്ങളുടെ പരേതർക്ക് എന്നന്നേക്കും പാപപരിഹാരം നൽകു

ܕܒܪ̈ܝܐ ܡܫܬܒܚܢܐ ܒܪܐ ܡܫܝܚܐ
ܘܥܘܗܕܢܗ̇ ܕܝܠܕܬܟ ܟܠ ܐܒܗ̈ܐ ܘܩܕܝ̈ܫܘܗܝ
ܡܗܝܡܢܐ ܗܫܐ ܘܒܟܠ ܐܘܢ ܠܥܠܡܝܢ ❖

ܘܟܕ ܢܚܬ ܡܢ ܕܪܓܐ ܩܕܡ ܦܬܘܪܐ ܘܣܓܕ . ܢܛܠ ܦܝܪܡܐ
ܠܡܨܥܬ ܦܬܘܪ ܬܠܬ ܙܒܢܝܢ . ܕܐܝܬܘܗܝ
ܬܫܒܘܚܗ ܕܐܒܐ ܘܐܡܪ ❖

ܫܠܡܐ ܠܐܒܐ ܡܪܚܡܢܐ ❖

ܘܠܓܪܒܝܐ ܓܪܒܝܬܐ ܕܡܕܒܚܐ ܢܛܠ ܬܠܬ ܙܒܢܝܢ
ܕܐܝܬܘܗܝ ܬܫܒܘܚܗ ܕܒܪܐ ܘܐܡܪ .

ܫܠܡܐ ܠܒܪܐ ܡܪܚܡܢܐ ❖

ܘܠܓܪܒܝܐ ܬܝܡܢܝܬܐ ܕܡܕܒܚܐ ܢܛܠ ܬܠܬ ܙܒܢܝܢ ܕܐܝܬܘܗܝ
ܬܫܒܘܚܗ ܕܪܘܚܐ ܚܝܐ ܘܐܡܪ.

ܫܠܡܐ ܠܪܘܚܐ ܚܝܐ ܘܩܕܝܫܐ ❖

ܘܐܡܪ ܚܘܬܡܐ ܗܢܐ .

ܟܐ̈ܢܐ ܘܙܕܝ̈ܩܐ . ܢܒ̈ܝܐ ܘܫܠܝ̈ܚܐ .
ܘܣܗ̈ܕܐ ܘܡܘܕ̈ܝܢܐ . ܘܩܕܝܫܬܐ ܝܠܕܬ
ܐܠܗܐ ܡܪܝܡ . ܘܟܠܗܘܢ ܩܕܝ̈ܫܐ ܕܡܢ ܕܪ
ܠܟ ܕܐܬܪܥܝܘ ܡܪܝܐ . ܗܢܘܢ ܢܒܥܘܢ
ܚܠܦ ܡܥܢ̈ܝܢܐ ܘܡܬܟܫ̈ܦܝܢ ܢܟܠ
ܢܦܫ̈ܬܐ ܘܒܥܝܢ . ܘܒܨܠܘ̈ܬܗܘܢ
ܘܒܥܘ̈ܬܗܘܢ ܟܦܘܪ ܪܘܓܙܐ ܡܢ ܥܡܟ.
ܘܐܬܪܚܡ ܥܠ ܥܢܐ ܕܡܪܥܝܬܟ . ܘܐܫܝܢܐ
ܥܒܕ ܒܥܠܡܐ ܒܐܪ̈ܒܥܦܢܝܬܗ ܘܫܠܡܐ .
ܘܠܟܠܢ ܢܗܘܐ ܚܘܣܝܐ ܡܪܢ

കയും ചെയ്യണമെ. ആമ്മീൻ.

അല്ലെങ്കിൽ ഈ ഗീതം ചൊല്ലണം

(ദായോനൊ കിനൊ)

ദൈവത്തിൻ ജനനീ : പാവന കന്യകയെ!
യാചിച്ചീടണമെ—കരുണയെ ഞങ്ങൾക്കായ്
സഹദേന്മാർ നമ്മൾ—ക്കായ് പ്രാർത്ഥിച്ചിടുവാൻ
അവരോടായ് നമ്മൾ—ക്കർത്ഥനയർപ്പിക്കാം
നിൻ ശരണേമൃതരായ് —നിൻ വരവിനു കാക്കും
മൃതരുടെ പാപങ്ങൾ—പോക്കി ശമം നൽക.

ഒരു കൗമായും വിശ്വാസപ്രമാണവും ചൊല്ലി അവസാനിപ്പിക്കണം

ܘܠܗ ܠܥܠܡܝܢ ❖

[illegible]

ܒܨܠܘܬܐ ܕܩܕܝܫܬܐ ܝܠܕܬ ܐܠܗܐ

[illegible]

——— ◆◆ ———

പരസ്യ ശുശ്രൂഷ

തിരശ്ശീല നീക്കിയശേഷം ധൂപം വീശിക്കൊണ്ട് ചൊല്ലുന്നു

പട്ടക്കാരൻ : ഞങ്ങളുടെ കർത്താവായ യേശു മിശിഹാ! നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമൂദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നു. ഞങ്ങളുടെ മേൽ കരുണയുണ്ടാകണമെ.

കുർബാനയ്ക്കുള്ള മാർ സേവീറേയുടെ മാനീസോ

ജനം: നിന്നെ പ്രസവിച്ച മറിയാമിൻെറയും......ഇത്യാദി.

പട്ടക്കാരൻ: ദൈവമെ! നീ പരിശുദ്ധനാകുന്നു.

ജനം: ബലവാനേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി.....

ഇതു മൂന്നു പ്രാവശ്യം ചൊല്ലിയശേഷം

കുറിയേലായിസ്സോൻ കുറിയേ.... കുറിയേ.....

പ്രക്സീസിൽ നിന്നോ ശ്ലീഹന്മാരുടെ പൊതുലേഖനങ്ങളിൽ നിന്നോ ഉള്ള വായനകൾക്കുമുമ്പായി ചൊല്ലേണ്ട ഗീതം

ജനം : ഭൂവിലശേഷം ..... ഇത്യാദി.

പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്നുള്ള വായനയ്ക്കു മുമ്പായി ചൊല്ലേണ്ട ഗീതം

ജനം :പൗലോസുശ്ലീഹാ ധന്യൻ ഇത്യാദി

ശ്ലീഹന്മാരുടെയോ, പൗലോസ് ശ്ലീഹായുടെയോ ലേഖനങ്ങളിൽ നിന്നുള്ള വായനകൾക്കു മുമ്പായി പട്ടക്കാരൻ ചൊല്ലേണ്ടതായ രഹസ്യ പ്രാർത്ഥന

ദൈവമായ കർത്താവേ! ഈ സമയത്ത് തിരുമുമ്പാകെയുള്ള ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമെ. ഞങ്ങളുടെ കർത്താവും ദൈവവുമെ! നിൻെറയും ദിവ്യന്മാരായ നിൻെറ ശ്ലീഹന്മാരുടെയും വിശുദ്ധ സഭയുടെ പണിക്കാരനും പ്രധാന ശില്പിയുമായ പൗലോസിൻെറയും കല്പനകൾ വെടുപ്പോടും വിശുദ്ധിയോടും കൂടി ആചരിക്കുവാൻ എന്നും ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെ. ആമ്മീൻ.

വായനകൾക്കുശേഷം പട്ടക്കാരൻ ഏവൻഗേലിയോൻ വായനയ്ക്കുമുമ്പുള്ള രഹസ്യപ്രാർത്ഥന

ദൈവമായ കർത്താവേ! നിൻെറ ദിവ്യ വചനങ്ങളുടെ ജ്ഞാനം ഞങ്ങൾക്കു നൽകി, നിൻെറ വിശുദ്ധ സുവിശേഷ ജ്ഞാനവും നിൻെറ ദിവ്യ നൽവരങ്ങളാകുന്ന സമ്പത്തും നിൻെറ പരിശുദ്ധാത്മദാനങ്ങളും കൊണ്ട് ഞങ്ങളെ നിറയ്ക്കണമെ. സന്തോഷപൂർവം നിൻെറ കല്പനകൾ ആചരിക്കുവാനും നിൻെറ തിരുവിഷ്ടം അനുഷ്ഠിച്ച് നിറവേററുവാനും നിൻെറ അനുഗ്രഹങ്ങൾക്കും കരുണയ്ക്കും അർഹരായി ഭവിക്കുവാനും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾക്കു കൃപ നൽകുകയും ചെയ്യണമെ. ആമ്മീൻ.

പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നതിനായി പടിഞ്ഞാറോട്ട് തിരിഞ്ഞു നിന്നുകൊണ്ട്

പട്ടക്കാരൻ : നിങ്ങൾക്കെല്ലാവർക്കും സമാധാന മുണ്ടായിരിക്കട്ടെ.

ജനം : ദൈവമായ കർത്താവ് അങ്ങയേയും ഞങ്ങളേയും അതിനു യോഗ്യരാക്കിത്തീർക്കട്ടെ.

പട്ടക്കാരൻ : ജീവൻ നൽകുന്ന പ്രഖ്യാപനമായ നമ്മുടെ കർത്താവായ യേശുമിശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ. ലോക

ܒܥܘܬܐ ܩܕܡ ܩܪ̈ܝܢܐ ܕܫܠܝ̈ܚܐ ܘܕܦܘܠܘܣ ܫܠܝܚܐ

ܘܦܘܠܘܣ ܫܠܝܚܐ ◆

ܩܒܠ ܡܪܝܐ ܐܠܗܐ ܨܠܘ̈ܬܗܘܢ

ܘܒܥܘ̈ܬܗܘܢ ܕܥܒܕ̈ܝܟ ܒܥܕܢܐ ܗܢܐ. ܘܐܫܘܐ

ܠܢ ܕܒܕܟܝܘܬܐ ܘܒܩܕܝܫܘܬܐ ܢܛܪ

ܦܘܩܕ̈ܢܝܟ ܘܕܫܠܝ̈ܚܝܟ ܩܕܝ̈ܫܐ

ܘܦܘܠܘܣ ܐܪܕܝܟܠܐ ܡܫܒܚܐ ܕܥܕܬܟ

ܩܕܝܫܬܐ. ܡܪܐ ܘܐܠܗܐ ܕܟܠܢ ❖

ܘܥܢܝܢ ܩܪ̈ܝܢܐ ❖ ܗ̄ܘ̄ . ܕܒܬܪ ܩܪ̈ܝܢܐ ❖ ܐܦ ܩܕܡ

ܒܥܘܬܐ ܩܕܡ ܩܪܝܢܐ ܕܐܘܢܓܠܝܘܢ ❖

ܚܟܡ ܠܢ ܡܪܝܐ ܐܠܗܐ ܝܕܥܬܐ ܕܡ̈ܠܝܟ

ܐܠܗܝܬܐ. ܘܡܠܐ ܠܢ ܝܕܥܬܐ ܕܐܘܢܓܠܝܘܢ

ܕܝܠܟ ܩܕܝܫܐ. ܘܥܘܬܪܐ ܕܡܘܗ̈ܒܬܐ ܕܝܠܟ

ܐܠܗܝܬܐ. ܘܡܘܗ̈ܒܬܐ ܕܪܘܚܟ ܩܕܝܫܐ.

ܘܢܥܒܕ ܠܢ ܕܢܛܪ ܦܘܩܕ̈ܢܝܟ ܒܚܕܘܬܐ

ܘܢܫܡܠܐ ܨܒܝܢܟ : ܘܢܫܬܘܐ

ܠܚܘܣܝܐ ܘܠܪ̈ܚܡܐ ܕܡܢܟ. ܗܫܐ ❖

ܟܗܢܐ ܗܦܟ ܠܡܥܪܒܐ ܕܩܪܐ ܐܘܢܓܠܝܘܢ ܘܐܡܪ .

ܟܗܢܐ . ܫܠܡܐ ܠܟܠܟܘܢ . ܥܡܐ . ܠܟ ܘܠܢ

ܡܪܝܐ ܐܠܗܐ ܢܫܘܐ ❖ ܟܗܢܐ . ܐܘܢܓܠܝܘܢ

ܩܕܝܫܐ ܕܡܪܢ ܝܫܘܥ ܡܫܝܚܐ ܟܪܘܙܘܬܐ

ܡܚܝܢܝܬܐ ܡܢ ܣܒܪܬܐ ܕܠܘܩܐ ܡܟܪܙܢܐ

ܘܡܟܪܙܢܐ ܚܝܐ ܘܦܘܪܩܢܐ ܠܥܠܡܐ ❖ ܥܡܐ .

ܒܪܝܟ ܗܘ ܘܡܒܪܟ ❖

ത്തിനു ജീവനും രക്ഷയും ഘോഷിക്കുന്ന മത്തായിശ്ലീഹാ എഴുതിയ സുവിശേഷത്തിൽ നിന്നും.

മർക്കോസിൻെറയോ ലൂക്കോസിൻെറയോ സുവിശേഷത്തിൽ നിന്നാണെങ്കിൽ

(ലോകത്തിനും ജീവനും രക്ഷയും ഘോഷിക്കുന്ന മർക്കോസ് മ്സബ്റോനോ എഴുതിയ രക്ഷാ സുവിശേഷത്തിൽ നിന്നും)

ജനം : വന്നവനും വരുവാനിരിക്കുന്നവനും ഇത്യാദി....

പട്ടക്കാരൻ : വിശുദ്ധ കന്യകമറിയാമിൽ നിന്നു ശരീരം ധരിച്ച ജീവനുള്ള വചനമാം ദൈവവും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമിശിഹായുടെ മനുഷ്യാവതാരക്കാലത്ത് ഇപ്രകാരം സംഭവിച്ചു.

ജനം: ഇവ ഞങ്ങൾ വിശ്വസിച്ചേററു പറയുന്നു.

പട്ടക്കാരൻ—ഏവൻഗേലിയോൻ

(മർക്കോസ് 3:31—35)

അനന്തരം അദ്ദേഹത്തിൻെറ മാതാവും സഹോദരന്മാരും വന്ന് പുറത്തു നിന്നു കൊണ്ട് അദ്ദേഹത്തെ വിളിപ്പാൻ ആളയച്ചു. പുരുഷാരം അദ്ദേഹത്തിനു ചുററുമായി ഇരുന്നു. അയയ്ക്കപ്പെട്ടവർ അദ്ദേഹത്തോട് "അവിടുത്തെ മാതാവും സഹോദരന്മാരും ഇതാ പുറത്ത് അങ്ങയെ അന്വേഷിക്കുന്നു" എന്നു പറഞ്ഞു. ഉത്തരമായിട്ട് അദ്ദേഹം അവരോട് പറഞ്ഞു: "എനിക്കു മാതാവാര് ? എനിക്കു സഹോദരന്മാരും ആര് ?'' പിന്നെ തൻെറ അടുക്കൽ ഇരിക്കുന്നവരെ നോക്കിക്കൊണ്ട് "ഇതാ എൻെറ മാതാവ് ; ഇതാ എൻെറ സഹോദരന്മാർ. എന്തെന്നാൽ ദൈവേഷ്ടം ആചരിക്കുന്നവനാരോ അവനാകുന്നു എൻെറ സഹോദരിയും മാതാവും" എന്നു പറഞ്ഞു.

പട്ടക്കാരൻ : നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ܐܢ ܡܢ ܡܪܩܘܣ ܘܠܘܩܐ ܗܪܐ ܐܝܟ . ܫܡܫܐ

ܡܣܒܪܢܘܬܐ ܡܢ ܡܪܩܘܣ ܐܘ ܠܘܩܘܣ

ܡܣܒܪܢܐ ܘܡܫܒܚ ܚܝܐ ܘܦܘܪܩܢܐ

ܠܥܠܡܐ ❖ ܘܐܢ ܡܢ ܝܘܚܢܢ ܗܪܟܐ ܐܡܪ ܕܟܠܢܫ ◆

ܥܡܐ . ܒܪܝܟܐ ܗܘܝܘ ܘܡܒܪܟܘܬܗ

ܘܡܢ ܘܠܗ ܘܦܘܪܩܢܐ ܕܟܠ ܢܗܘܐ

ܡܗܝܡܢܐ . ܫܠܡܐ ܕܝܢ ܠܟܘܢ ܘܐܬܒܪ

ܡܢ ܒܬܘܠܬܐ ܩܕܝܫܬܐ ܡܪܝܡ ܐܠܗܐ ܕܝܢ

ܡܠܬܐ ܗܘܐ ❖ ܥܡܐ ◆ ܡܗܝܡܢܝܢܢ

ܘܡܘܕܝܢܢ ❖

ܐܘܢܓܠܝܘܢ ܩܕܝܫܐ ܕܡܪܩܘܣ . ܦܣ ܕܡܢ ܗܘ ܕܐܠ .

ܘܐܬܘ ܐܡܗ ܘܐܚܘܗܝ ܩܝܡܝܢ ܠܒܪ

ܘܫܕܪܘ ܘܩܪܘܗܝ ܠܗ . ܝܬܝܒ

ܗܘܐ ܕܝܢ ܚܕܪܘܗܝ ܟܢܫܐ . ܘܐܡܪܘ ܠܗ .

ܗܐ ܐܡܟ ܘܐܚܝܟ ܠܒܪ ܒܥܝܢ ܠܟ . ܘܥܢܐ

ܘܐܡܪ ܠܗܘܢ . ܡܢ ܗܝ ܐܡܝ ܘܡܢ ܐܢܘܢ

ܐܚܝ . ܘܚܪ ܒܐܝܠܝܢ ܕܝܬܒܝܢ ܠܘܬܗ

ܘܐܡܪ ܗܐ ܐܡܝ ܘܗܐ ܐܚܝ . ܡܢ ܓܝܪ

ܕܥܒܕ ܨܒܝܢܗ ܕܐܠܗܐ : ܗܢܘ ܐܚܝ

ܘܚܬܝ ❖ ܘܐܡܝ ❖ ܫܠܡܐ ܠܟܠܟܘܢ ❖

ܥܡܐ . ܥܡ ܪܘܚܟ ܐܦ ܠܢ ܫܠܡܐ ❖

ܥܡܐ ܐܡܝܢ ܘܥܡ ܪܘܚܟ .

ܠܗ ܠܡܪܢ ܢܗܘܐ ܡܫܒܚܐ ܬܫܒܚܢ

ജനം ഏവൻഗേലിയോനു ശേഷമുള്ള ഗീതം ചൊല്ലുന്നു
പട്ടക്കാരൻ ഏവൻഗേലിയോനു ശേഷമുള്ള രഹസ്യ പ്രാർത്ഥന

നമ്മോടുള്ള തൻെറ ജീവവചനങ്ങളെ പ്രതി കർത്താവേശുമിശിഹായ്ക്കും നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെ അയച്ച പിതാവിനും നമുക്കു ജീവൻ നൽകുന്നവനായ ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും വന്ദനവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

(വി. കുർബാനയുടെ പ്രാരംഭ സെദ്റോ)

പട്ടക്കാരൻ: നാമെല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോടു കരുണയും ദയവും യാചിക്കണം.

ജനം: കാരുണ്യവാനായ കർത്താവെ! ഞങ്ങളിൽ കരുണ തോന്നി ഞങ്ങളെ സഹായിക്കണമെ.

പട്ടക്കാരൻ : സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും അനശ്വരമായ നല്ല ഉന്നതിയും നിത്യവും ഇടവിടാതെ അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമെ.

പ്രുമിയോൻ

കടങ്ങൾ മോചിക്കുന്നവനും പാപങ്ങൾ ക്ഷമിക്കുന്നവനും അശുദ്ധരെ ശുദ്ധീകരിക്കുന്നവനും അനുതാപികളെ സ്വീകരിക്കുന്നവനും പാപികളുടെ മാനസാന്തരത്തിൽ സന്തോഷിക്കുന്നവനും തെററുകാരുടെ രക്ഷയ്ക്കായി വാഞ്ഛയോടിരിക്കുന്നവനും "വിളിപ്പിൻ ഞാൻ ഉത്തരം നൽകാം, മുട്ടുവിൻ ഞാൻ തുറന്നുതരാം' എൻെറ കൈ നിങ്ങൾക്കു നീട്ടിത്തന്ന് നിങ്ങളുടെ പാപങ്ങളും ഭോഷത്വങ്ങളും ക്ഷമിക്കയും ചെയ്യാം" എന്ന് അരുളിച്ചെയ്തവനും ആയ കർത്താവിനു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും സമയങ്ങളിലും ഞങ്ങ

ܘܠܪܘܚܗ ܩܘܕܫܐ . ܟܠ ܐܦܝ ܡܠܦܢܘܬܗ
ܫܘܒܚܐ ܘܬܘܕܝ . ܘܠܐܒܘܗܝ ܘܡܫܝܚܗ
ܠܦܘܪܩܢܢ . ܘܠܪܘܚܗ ܚܝܐ ܘܩܕܝܫܐ
ܡܫܒܚܝܢ . ܗܫܐ ❖

ܥܡܐ ܙܡܪܐ ܕܡܫܡܠܝܬܐ ܕܩܘܪܒܐ .

ܢܨܠܐ ܟܠܢ ܘܢܒܥܐ ܪܚܡܐ ܡܢ ܡܪܝܐ
ܚܢܢܐ . ܡܪܝܐ ܡܪܚܡܢܐ ܚܘܣ ܥܠܝܢ
ܘܥܕܪܝܢ . ܬܫܒܘܚܬܐ ܘܬܘܕܝܬܐ ܘܗܕܪܐ
ܘܫܘܠܛܢܐ ܘܡܪܘܡܡܘܬܐ ܬܡܝܕܐ ܘܠܐ ܫܠܝܐ
ܐܫܬܘܝܢ ܒܟܠ ܐܦ ܕܢܣܩܘܢ ܬܘܕܝܬܐ
ܘܢܐܡܪ ❖

ܦܪܘܡܝܘܢ .

ܠܗܘ ܡܫܪܝܢܐ ܕܚܘܒܐ . ܘܫܒܘܩܐ
ܕܚܛܗܐ . ܠܗܘ ܡܕܟܝܢܐ ܕܛܢܦܐ .
ܘܡܩܒܠܢܐ ܕܬܝܒܐ . ܘܚܕܐ ܒܬܝܒܘܬܐ
ܕܚܛܝܐ . ܘܡܬܡܛܝܢ ܠܦܘܪܩܢܐ ܕܡܚܝܒܐ
ܠܗܘ ܕܐܡܪ ܕܩܪܘ ܘܐܢܐ ܥܢܐ ܐܢܐ .
ܩܘܫܘ ܘܐܢܐ ܦܬܚ ܐܢܐ ܘܐܢܐ ܘܦܫܛ
ܐܝܕܝ ܐܢܐ ܠܟܘܢ . ܘܫܒܩ ܐܢܐ ܚܛܗܝܟܘܢ
ܘܣܟܠܘܬܟܘܢ ܐܢܐ . ܘܠܗ ܝܐܐ ܫܘܒܚܐ
ܘܐܝܩܪܐ ܘܬܘܕܝܬܐ ܒܥܕܢܐ ܗܢܐ
ܘܐܬܩܪܒܬܐ ܗܕܐ ܕܡܬܩܪܒܐ ܩܘܪܒܢܐ.
ܘܒܟܠܗܘܢ ܥܐܕܐ ܘܙܒܢܐ ܘܫܥܐ
ܘܟܠܗܘܢ ܝܘܡܬܐ ܕܚܝܝܢ ܠܥܠܡܝܢ ❖

ളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

(പട്ടക്കാരൻ കുന്തുരുക്കം ഇട്ടുകൊടുത്തശേഷം ശോശപ്പായുടെ കോണു നിവർത്തിയിടുന്നു)

ശുശ്രൂഷകൻ : കാരുണ്യവാനായ കർത്താവിൻെറ മുമ്പാകെയും....ഇത്യാദി;

ജനം : കരുണയുള്ളവനായ കർത്താവെ! ഇത്യാദി.....

പട്ടക്കാരൻ

പാപപരിഹാരം നൽകുന്നവനും വെടിപ്പാക്കുന്നവനും ഞങ്ങളുടെ അകൃത്യങ്ങളെ ക്ഷമിക്കുകയും തുടച്ചു നീക്കുകയും അവയെ ഓർക്കാതിരിക്കുകയും ചെയ്യുന്നവനുമായ ദൈവമായ കർത്താവെ! സ്നേഹപൂർവമായ നിൻെറ കാരുണ്യത്താൽ അസംഖ്യങ്ങളായ എൻെറ മഹാപാപങ്ങളെയും വിശ്വാസികളായ നിൻെറ സകല ജനങ്ങളുടെയും പാപങ്ങളേയും മായിച്ചുകളയണമെ. ഉത്തമനേ! ദയ തോന്നി ഞങ്ങളിൽ കരുണ ചെയ്യണമെ ദൈവമായ കർത്താവെ! നിൻെറ കരുണയാൽ ഞങ്ങളെ ഓർത്തു കൊള്ളണമെ. എൻെറ കർത്താവെ! നിൻെറ മഹാകരുണയാൽതന്നെ ഞങ്ങളുടെ മാതാപിതാക്കന്മാരുടെയും സഹോദരീ സഹോദരങ്ങളുടെയും ഗുരുക്കന്മാരുടെയും മല്പാന്മാരുടെയും മരിച്ചുപോയവരുടെയും മഹത്ത്വമുള്ള നിൻെറ വിശുദ്ധ സഭയുടെ പ്രജകളായ സകല മരിച്ചുപോയവരുടെയും ആത്മാക്കളെയും ഓർക്കണമെ. ദൈവമായ കർത്താവെ! അവരുടെ ആത്മാക്കൾക്കും ദേഹികൾക്കും ശരീരങ്ങൾക്കും ആശ്വാസം നൽകണമെ. അവരുടെ അസ്ഥികളിൽ കരുണയും കൃപയുമാകുന്ന പനിമഞ്ഞു തളിക്കണമെ. കർത്താധികർത്താവും മഹത്ത്വത്തിൻെറ നാഥനുമായ മിശിഹാരാജാവെ! ഞങ്ങൾക്കും അവർക്കും നീ വിമോചകനും വിമോചനവും ആയിരിക്കണമെ. കർത്താവെ! ഞങ്ങൾക്കുത്തരമരുളണമെ, ഞങ്ങളുടെ തുണയ്ക്കായി എഴുന്നള്ളണമെ. ഞങ്ങളെ സഹായിപ്പാൻ വന്നു ചേരണമെ. ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങളുടെ പ്രാർത്ഥ

[illegible]

നകളും അപേക്ഷകളും കൈക്കൊള്ളുകയും ചെയ്യണമെ. ദൈവമെ! സകല കഠിന ശിക്ഷകളും ദയാപൂർവം ഞങ്ങളിൽ നിന്നു നീക്കി മായിച്ചുകളയണമെ. കർത്താവെ! കോപവടികളെ ഞങ്ങളിൽ നിന്ന് കരുണാപൂർവം തടുത്ത് മാററിക്കളയണമെ. സമാധാനപരന്മാരായ ആളുകൾക്കുള്ള ഉത്തമമായ അവസാനത്തിനു ഞങ്ങളെ അർഹരാക്കിത്തീർക്കണമെ. നിനക്ക് ഇഷ്ടമുള്ളതും അനുയോജ്യവും നിൻെറ ദൈവത്വത്തിനു പ്രീതികരവുമായ ക്രിസ്തീയ അന്ത്യം ഞങ്ങൾക്കു നൽകണമെ. നല്ല അവസാനത്തിനു ഞങ്ങളെല്ലാവരെയും അർഹരാക്കിത്തീർക്കണമെ. ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേക്കും നിനക്കു സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു.

സെദ്റോ

പരാക്രമിയും യോദ്ധാവും ബലവാനും മഹനീയനുമായ ദൈവമായ കർത്താവെ! നീ എഴുന്നേററു ഞങ്ങളെ സഹായിച്ച് നിൻെറ ശക്തിയാലും ഉന്നത ഭുജത്താലും ദുഷ്ടനിൽനിന്നും അവൻെറ സേനകളിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എൻെറ കർത്താവെ! നീ കൃപയോടും മഹാ കരുണയോടും കൂടെ വിശുദ്ധ കന്യകമറിയാമിൽ നിന്നു ശരീരമെടുക്കുകയും സ്നേഹപൂർവം ഞങ്ങൾക്കു വേണ്ടി ജഡം ധരിക്കയും ചെയ്തു. ഞങ്ങളുടെ നാഥനായ കർത്താവെ! നിൻെറ ശ്രേഷ്ഠതയെ ആഘോഷിക്കുന്ന ആ സ്വർഗീയ സിംഹാസനത്തെ പ്രതിയും നിൻെറ രഥത്തിൽ പൂട്ടിയിരിക്കുന്ന നാലു മുഖങ്ങൾ വീതമുള്ള ജന്തുക്കളെ പ്രതിയും നിൻെറ ദൈവത്വത്തെ സ്തുതിക്കുന്ന മാലാഖമാരുടെയും പ്രധാന മാലാഖമാരുടെയും ഗണങ്ങളെ പ്രതിയും നിൻെറ പ്രബലതയെ വാഴ്ത്തി പുകഴ്ത്തി സ്തോത്രം ചെയ്യുന്ന ക്രോബേന്മാരുടെ അണികളെ പ്രതിയും നിന്നെ സ്തുതിച്ചു കൊണ്ട് കർത്താവ് പരിശുദ്ധൻ പരിശുദ്ധൻ

[illegible]

[illegible]

[illegible]

[illegible]

പരിശുദ്ധൻ എന്ന് ആർത്തട്ടഹസിക്കുന്ന ആറാറു ചിറകുകളുള്ളവരായ സ്രോപ്പേന്മാരെ പ്രതിയും നിന്റെ ഭയങ്കരതയെയും നിന്റെ ജനകന്റെ സാരാംശത്തെയും ശുശ്രൂഷിച്ചുകൊണ്ട് നിൽക്കുന്നവരായ സകല സേനകളെയും അണികളെയും ഗണങ്ങളെയും പ്രതിയും നിന്നെ വഹിച്ചതായ ആ ഉദരത്തെ പ്രതിയും ഞങ്ങളെ തിരുസന്നിധിയിൽ നിന്ന് തള്ളിക്കളയാതെ, ഞങ്ങൾ യാത്ര ചെയ്ത് നിന്റെ രാജ്യത്തിൽ എത്തിച്ചേരുവാനായി ജീവന്റെയും രക്ഷയുടെയും മാർഗം ഞങ്ങൾക്കു കാണിച്ചുതരണമെ. കർത്താവെ! നിന്റെ കൃപയെ സ്തുതിക്കുവാനും നിന്റെ ദയവിനോട് അപേക്ഷിക്കയും പ്രാർത്ഥിക്കയും ചെയ്വാനും ഞങ്ങൾക്കു കൃപ നൽകണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഞങ്ങളെ സഹായിക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ദയാദൃഷ്ടിയോടെ ഞങ്ങളിൽ തൃക്കൺ പാർക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഞങ്ങളുടെ ശത്രുക്കളിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ സ്ലീബായുടെ പാർശ്വങ്ങളിൽ ഞങ്ങളെ സംരക്ഷിച്ചുകൊള്ളണമെ. ഞങ്ങളുടെ കർത്താവായ യേശു മിശിഹാ! ആകെൽക്കറുസായുടെ സകല തന്ത്രങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! പാപവീഴ്ചയിൽനിന്ന് ഞങ്ങളെ എഴുന്നേൽപ്പിക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! പീഡകളാകുന്ന ഓളങ്ങളിൽ നിന്നും ചുഴലികളിൽനിന്നും ഞങ്ങളെ കരകയററണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! എല്ലാ ദുഷ്ടചിന്തകളിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! അശു

ܘܡܫܡܫܝܢ ܠܐܠܗܘܬܟ . ܘܒܣܪ̈ܦܐ
ܘܟܪ̈ܘܒܐ ܘܡܩܕܫܝܢ ܘܡܫܠܡܝܢ
ܘܡܙܡܪܝܢ ܠܐܝܩܪܟ . ܘܒܫܬ̈ܦܐ
ܘܐܡܗ̈ܬܐ ܦܬܝܢ ܘܡܫܡܫܝܢ ܘܟܠܗܝܢ ܘܐܡܪܝܢ
ܩܕܝܫ ܩܕܝܫ ܩܕܝܫ ܡܪܝܐ ܒܡܫܡܫܢܘܬܟ .
ܘܒܟܠܗܘܢ ܚܝ̈ܠܘܬܐ ܘܓܘܕ̈ܐ ܘܛܓܡ̈ܐ
ܘܦܐܝܫܝܢ ܘܡܫܡܫܝܢ ܠܐܝܩܪܟ ܠܗ
ܐܘܬܐ ܘܒܪ̈ܘܫܐ . ܘܡܛܠ ܟܪܣܐ ܕܛܥܢܟ .
ܠܐ ܬܫܕܐ ܠܢ ܡܢ ܩܕܡܝܟ . ܐܠܐ ܥܒܕ ܠܢ
ܐܘܪܚܐ ܘܫܒܝܠܐ ܕܚܝܐ ܘܕܦܘܪܩܢܐ ܕܢܐܙܠ ܒܗ
ܠܡܠܟܘܬܟ . ܘܢܫܒܚ ܘܢܘܕܐ
ܠܛܝܒܘܬܟ ܘܢܒܥܐ ܡܢ ܚܢܢܟ . ܡܪܢ
ܠܪܚܡܬܟ . ܡܪܢ ܝܫܘܥ ܡܫܝܚܐ
ܐܬܪܚܡ ܥܠܝܢ . ܡܪܢ ܝܫܘܥ ܡܫܝܚܐ
ܥܕܪ ܠܢ . ܡܪܢ ܝܫܘܥ ܡܫܝܚܐ ܒܥܝܢܐ
ܘܪܚܡܢܐܝܬ ܚܘܪ ܠܢ . ܡܪܢ ܝܫܘܥ
ܡܫܝܚܐ ܡܢ ܒܥܠܕܒ̈ܒܝܢ ܦܪܘܩ ܠܢ . ܡܪܢ
ܝܫܘܥ ܡܫܝܚܐ ܒܓܢ̈ܒܐ ܕܨܠܝܒܟ ܢܛܘܪ ܠܢ . ܡܪܢ
ܝܫܘܥ ܡܫܝܚܐ ܡܢ ܟܠܗܘܢ ܢܟ̈ܠܘܗܝ ܕܐܟܠܩܪܨܐ
ܦܨܐ ܠܢ . ܡܪܢ ܝܫܘܥ ܡܫܝܚܐ ܡܢ
ܡܦܘܠܬܐ ܕܚܛܝܬܐ ܐܩܝܡ ܠܢ .
ܡܪܢ ܝܫܘܥ ܡܫܝܚܐ ܡܢ ܓ̈ܠܠܐ
ܘܡܢ ܥܠܥܠ̈ܐ ܐܣܩ ܠܢ . ܡܪܢ ܝܫܘܥ ܡܫܝܚܐ
ܡܢ ܟܠ ܡܚܫ̈ܒܬܐ ܒܝܫ̈ܬܐ ܦܨܐ ܠܢ .
ܡܪܢ ܝܫܘܥ ܡܫܝܚܐ ܡܢ ܟܠ ܥܫܝܢܘܬܐ

ദ്ധിയിൽ നിന്നും ദൈവദൂഷണത്തിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്ദ്യങ്ങളായ മാലിന്യങ്ങളിൽ നിന്നും അഴുക്കുകളിൽ നിന്നും ഞങ്ങളെ കഴുകണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ദുഷ്ടതകളിൽ നിന്നും മലിനതകളിൽ നിന്നും ഞങ്ങളെ വെടിപ്പാക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ നന്മകളാലും അനുഗ്രഹങ്ങളാലും ഞങ്ങളെ തൃപ്തരാക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! കരുണയും ദയവും നിറഞ്ഞ നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് ഞങ്ങളെ സമ്പന്നരാക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ആഹ്ലാദ പൂർണമായ മണവറയിൽ ഞങ്ങളെ ആനന്ദിപ്പിക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ രാജ്യത്തിലെ തോഴന്മാരുടെയും വിരുന്നുകാരുടെയും കൂട്ടത്തിൽ ഞങ്ങളെ സന്തോഷിപ്പിക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ളവരായ നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും കൂട്ടത്തിൽ ഞങ്ങളെയും ക്ഷണിക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ വലതുഭാഗത്തെ കുഞ്ഞാടുകളോടൊരുമിച്ച് ഞങ്ങളേയും ക്രമീകരിക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ ശ്രേഷ്ഠത ഉദയം ചെയ്യുന്ന ദിവസത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരോടും വിശുദ്ധരോടും കൂടെ ഞങ്ങളെ ശോഭിപ്പിക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ആത്മീയമായ ആ വിരുന്നിൽ നിന്റെ വലതുഭാഗത്ത് ഞങ്ങളെ ഇരുത്തണമെ. കർത്താവെ! ഞങ്ങളും ഞങ്ങളുടെ പരേതരും വിശ്വാസികളായ മരിച്ചുപോയവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ഹോശോ . . . .

ജനം: ആമ്മീൻ. കർത്താവ് അവിടുത്തെ ശുശ്രൂഷ കൈക്കൊള്ളുകയും.... ഇത്യാദി.

പട്ടക്കാരൻ: കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടു ലോകങ്ങളിലും എന്നന്നേക്കും ദൈവത്തിൽ നിന്ന് നാം പ്രാപിക്കുമാറാകട്ടെ.

ജനം: ആമ്മീൻ.

തുടർന്നു പട്ടക്കാരൻ ധൂപക്കുററിയിൽ കുന്തുരുക്കം വച്ചശേഷം ധൂപക്കുററി റുൾമാ ചെയ്യുന്നു.

വിശുദ്ധ കുർബാനയ്ക്കുള്ള

പ്രുമിയോനുകൾ

സന്ദർഭാനുസരണം ഏതെങ്കിലും പ്രുമിയോൻ ഉപയോഗിക്കാം

തൻെറ ശരീരം മുറിച്ച് ഞങ്ങൾക്ക് ഭക്ഷണം നൽകുകയും തൻെറ രക്തം പകർന്ന് ഞങ്ങളെ കുടിപ്പിക്കയും തൻെറ സ്വർഗ രാജ്യം ഞങ്ങൾക്ക് അവകാശപ്പെടുത്തിത്തരികയും ചെയ്ത ഉത്തമനായ കർത്താവിന് ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും....

സെദ്റോ

ഈറേന്മാർക്കും മാലാഖമാർക്കും രഹസ്യവാനായ പിതാവാം ദൈവമേ! തിരുമുമ്പാകെയും സ്നേഹപൂർവം ലോകത്തിനു പ്രത്യക്ഷപ്പെട്ടവനായ നിൻെറ പുത്രൻെറ മുമ്പാകെയും, തൻെറ ആവസിപ്പു മൂലം ലോകത്തിനു പാപപരിഹാരം നൽകിയവനായ നിൻെറ പരിശുദ്ധ റൂഹായുടെ മുമ്പാകെയും, നിൻെറ ദൈവത്വം ഉദ്ഘോഷിക്കപ്പെടുകയും വിശുദ്ധ ത്രിത്വം ആവസിക്കയും ചെയ്യുന്നതായ നിൻെറ പരിശുദ്ധ ബലിപീഠത്തിൻ മുമ്പാകെയും ഈ

ܥܡܐ ◆ ܐܡܝܢ ܡܳܪܝܳܐ ܢܩܰܒܶܠ ܟܗܢܐ ◆ ܚܘܣܝܐ
ܠܚܰܘ̈ܒܶܐ ܘܫܘܒܩܢܐ ܠܚܛܗ̈ܐ ܒܬܪ̈ܝܢ ܥܠܡܝ̈ܢ
ܢܶܗܘܶܐ ܠܰܢ ܡܶܢ ܐܰܠܳܗܳܐ ܠܥܳܠܰܡ ܥܳܠܡܺܝܢ ◆ ܥܡܐ ◆ ܐܡܝܢ

◆ ܟܗܢܐ ܣܐܡ ܒܣܡ̈ܐ ܘܡܪܫܡ ܠܗ ܒܙܒܢܐ ◆

ܦܪ̈ܘܡܝܐ ܕܩܘܪܒܢܐ ܕܩܘܕܫܐ ❖

◆ ܦܪܘܡܝܘܢ ܕܠ ܚܕ ܙܒܢܐ ܕܐܝܟ ܕܨܒܐ ◆

◆ ܦܪܘܡܝܘܢ ܕܥܐܕܐ ◆

ܠܡܳܪܝܳܐ ܛܳܒܳܐ ܕܰܩܨܳܐ ܦܰܓܪܶܗ
ܘܰܐܫܩܝܰܢ ܕܡܶܗ ܘܰܐܘܪܬܰܢ ܡܰܠܟܘܬܶܗ
ܘܠܰܐܠܳܗܘܬܶܗ ܡܶܬܩܰܪܒܳܐ ܩܘܪܒܳܢܳܐ ܗܳܢܳܐ
ܒܥܶܕܳܢܳܐ ܗܳܢܳܐ ❖ ܘܒܥܐܕ̈ܐ ❖

◆ ܣܕܪܐ ◆

ܩܕܳܡ ܐܰܒܳܐ ܟܣܝܳܐ ܡܶܢ ܥܺܝܪ̈ܶܐ ܘܡܰܠܐܰܟ̈ܶܐ
ܘܩܕܳܡ ܒܪܶܗ ܕܰܒܚܘܒܳܐ ܐܶܬܓܠܺܝ ܠܥܳܠܡܳܐ
ܘܩܕܳܡ ܪܘܚܶܗ ܩܰܕܺܝܫܳܐ ܕܰܒܡܰܓܢܳܢܘܬܶܗ ܚܘܣܳܝܳܐ ܝܰܗܒ ܠܥܳܠܡܳܐ.
ܘܩܕܳܡ ܡܰܕܒܚܳܐ ܩܰܕܺܝܫܳܐ ܕܒܶܗ ܡܶܬܟܰܪܙܳܐ ܐܰܠܳܗܘܬܳܟ
ܘܫܳܪܝܳܐ ܒܶܗ ܬܠܺܝܬܳܝܘܬܳܐ ܩܰܕܺܝܫܬܳܐ.

ബലിയെ ഞങ്ങൾ സമർപ്പിക്കുന്നു. ഇതു കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും നിൻെറ ഇടവക മുഴുവൻെറയും കുററങ്ങൾ മായിക്കപ്പെടുവാനും വിശ്വാസികളായ സകല മരിച്ചു പോയവരുടെയും ആശ്വാസത്തിനും നല്ല ഓർമ്മയ്ക്കും പര്യാപ്തമായി തീരുമാറാകണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകപുത്രനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കയും ചെയ്യുമാറാകണമെ.

വേറൊരു പ്രുമിയോൻ

ഞങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെട്ട് ഞങ്ങൾക്കു പാപപരിഹാരം നൽകുകയും തൻെറ ശുദ്ധീകരണബലിയർപ്പണത്താൽ ഞങ്ങളെ ശുദ്ധീകരിക്കയും ചെയ്ത മോഹനീയമായ കാഴ്ച അനുഗൃഹീതവും മധുരഫലം മഹനീയവുമാകുന്നു. സ്ലീബായിലേക്കു കയറി ഞങ്ങളെ രക്ഷിക്കയും മൂക ജന്തുക്കളുടെ ബലികളിൽനിന്ന് ഞങ്ങളെ ഉദ്ധരിക്കയും ചെയ്ത കന്യകയാകുന്ന പെണ്ണാട്ടിൻകുട്ടിയായ കുഞ്ഞാടിന് ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

സർവാധിപതിയും ഹൃദയപൂർവം തന്നെ വിളിക്കുന്നവരിൽനിന്ന് സ്തോത്രബലിയെ അംഗീകരിക്കുന്നവനുമായ ദൈവമായ കർത്താവെ! പാപികളും നിൻെറ ദാസരുമായ ഞങ്ങളുടെ കൈകളിൽ നിന്ന് ഈ ധൂപത്തെ അംഗീകരിക്കണമെ. നിൻെറ വിശുദ്ധ ബലിപീഠത്തിങ്കലേക്കു ഞങ്ങളെ സമീപിപ്പിക്കേണമെ. ഞങ്ങളുടെ പാപങ്ങൾക്കു വേണ്ടിയും നിൻെറ ജനത്തിൻെറ അപരാധങ്ങൾക്കു വേണ്ടിയും ആത്മീയമായ കാഴ്ചകളും ബലികളും നിനക്കർപ്പിക്കുവാൻ

ഞങ്ങൾക്കു ശക്തി നൽകണമെ. ഞങ്ങൾ തന്നെ നിനക്കു സ്വീകാര്യബലിയായി ഭവിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഉത്തമനായ നിന്റെ റൂഹാ ഞങ്ങളുടെമേലും സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ കുർബാനയിലും വിശ്വാസികളായ നിന്റെ ജനത്തിന്മേലും ഞങ്ങളുടെ കർത്താവായ യേശുമിശിഹാ മുഖാന്തരം ആവസിക്കുമാറാകണമെ. അവനോടു കൂടെ നിനക്കും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു.

വേറൊരു പ്രുമിയോൻ

സ്വന്തശരീരത്തിനു താൻതന്നെ പുരോഹിതനായിത്തീർന്ന നിർമ്മലബലിയും സ്നേഹപൂർവം സ്ലീബായുടെ അഗ്രത്തിൽ സ്വയം വിരിക്കയും തന്റെ വധംമൂലം സ്വജാതികളെയും വിജാതികളെയും രക്ഷിക്കയും ചെയ്ത അനുഗൃഹീത കുഞ്ഞാടും ആയ കർത്താവിനു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

വലിയവനും മഹാകാരുണ്യവാനും സകലവും നിറവേററുന്നവനും ആയ ദൈവമെ, കാഴ്ചകളെ കൈക്കൊള്ളുന്നവനായ നീ നിന്റെ ജനകന് സ്വയം കാഴ്ചയായി ഭവിക്കയും ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി നിന്നെ നിയോഗിച്ച പിതാവിനോട് നിന്റെ കാഴ്ചയർപ്പണം മൂലം ഞങ്ങളെ സമീപിപ്പിക്കയും ചെയ്തു. വന്ദ്യങ്ങളും ജീവപ്രദങ്ങളുമായ നിന്റെ രഹസ്യങ്ങളെ വിശുദ്ധിയോടെ സ്വീകരിക്കത്തക്കവണ്ണം കൃപാപൂർവം ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും വിശുദ്ധീകരിക്കുവാൻ വേണ്ടി ഈ സമയത്തു ഞാൻ നിങ്കലേക്കു നോക്കി അപേക്ഷിക്കുന്നു. നീ ഞങ്ങൾക്കു വിമോചനവും വിമോചകനും വിശുദ്ധിയും ശുദ്ധീകരണം നൽകുന്നവനും ആയിരിക്കണമെ. കർത്താവെ! നീ തിരുവിഷ്ടപ്പെട്ട് ഭയങ്കരവും ബഹു

[illegible] ❖

ܦܪܘܡܝܘܢ ܐܚܪܢܐ

[illegible] ❖

ܣܕܪܐ

[illegible]

മാന്യവുമായ ഈ ബലി വാഴ്ത്തപ്പെട്ടവനായ നിൻെറ പിതാവിൻെറയും വിശുദ്ധാത്മാവിൻെറയും കൃപമൂലം, തിരുസന്നിധിയിൽ ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങളുടെ രക്ഷയ്ക്കും നിൻെറ ശരണത്തിൽ മുൻകൂട്ടി നിദ്രപ്രാപിച്ചവരായ ഞങ്ങളുടെ പിതാക്കന്മാരുടെയും സഹോദരന്മാരുടെയും പ്രഭുക്കന്മാരുടെയും സംരക്ഷണത്തിനും പര്യാപ്തമായി ഭവിക്കണമെ.

വേറൊരു പ്രുമിയോൻ

കന്യകയാകുന്ന മുന്തിരിത്തണ്ടിൽ നിന്ന് അടർത്തിയെടുക്കപ്പെടുകയും ശൂന്യനഗരത്തിൽ വച്ചു പിഴിഞ്ഞെടുത്ത് രക്ഷാകരമായ കാസായായി കലർത്തപ്പെടുകയും വിശ്വാസമുള്ള സഭയ്ക്കു നൽകപ്പെടുകയും ചെയ്ത ജീവനുള്ള മുന്തിരിക്കുലയായ കർത്താവിനു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

വിശുദ്ധ സഭയിൽ കൂദാശയായി അനുഷ്ഠിക്കപ്പെട്ട് ജനത്തിന് ആഹാരമായി നല്കപ്പെട്ട മോഹനീയ മുന്തിരിക്കുലയായുള്ളോവേ! നിനക്കു സ്തുതി; നിനക്കു സ്തോത്രം. ജീവൻെറ അപ്പവും രക്ഷയുടെയും അനുഗ്രഹത്തിൻെറയും കാസായും ആയുള്ളോവേ! ഈ സ്തോത്രബലി അനുഷ്ഠിക്കപ്പെടുന്ന സംഭ്രമജനകമായ ഈ സമയത്ത് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു: ഞങ്ങൾക്കു വേണ്ടി നീ ബലിയർപ്പിക്കപ്പെടുകയും കബറടക്കപ്പെടുകയും മരിച്ചവരുടെ ഇടയിൽ നിന്ന് പുനരുത്ഥാനം ചെയ്ത് ഞങ്ങളെ രക്ഷിക്കയും ചെയ്തതുപോലെ ഞങ്ങളുടെ കൂട്ടത്തിലും ഞങ്ങളുടെ ഇടയിലും നീ സ്ഥിതിചെയ്ത് ഞങ്ങളെല്ലാവരെയും വെടിപ്പും വിശുദ്ധിയുമുള്ളവരാക്കിത്തീർക്കണമെ. ഞങ്ങളുടെ ദൈവമായ കർത്താവെ! വന്ദ്യങ്ങളായ നിൻെറ കഷ്ടാനുഭവങ്ങളുടെയും ജീവദായകമായ നിൻെറ മരണത്തിൻെറയും രക്ഷാകരമായ നിൻെറ പുനരുത്ഥാനത്തിൻെറയും

സ്മരണയെ ഞങ്ങൾ നിർവഹിക്കുന്ന ഈ ഭയങ്കരസമയത്ത് വെടിപ്പോടും മനോധൈര്യത്തോടും കൂടി നിൻെറ പരിശുദ്ധ ബലിപീഠത്തിൻ മുമ്പാകെ നിൽക്കുവാനും ഞങ്ങളുടെ കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പരിഹാരത്തിനും സത്യവിശ്വാസത്തോടെ നിൻെറ പ്രത്യാശയിൽ മുൻകൂട്ടി നിദ്രപ്രാപിച്ച ഞങ്ങളുടെ വിശ്വാസികളായ മരിച്ചുപോയവരുടെ നല്ല ഓർമ്മയ്ക്കുംവേണ്ടി, രക്താർപ്പിതമല്ലാത്ത ഈ ബലി നിനക്കണയ്ക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്കും വാഴ്ത്തപ്പെട്ടവനായ നിൻെറ പിതാവിനും നിൻെറ പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കയും ചെയ്യുമാറാകണമെ.

[illegible] ❖

വേറൊരു പ്രുമിയോൻ

ܦܪܘܡܝܘܢ ܐܚܪܢܐ ◆

സ്ലീബാമരത്തിന്മേൽ സ്വയം അർപ്പണം ചെയ്ത് ഞങ്ങൾക്കുവേണ്ടിയുള്ള തൻെറ ബലിയർപ്പണം മുഖാന്തരം ഞങ്ങൾക്കു പാപമോചനം നൽകിയവനും മരിച്ച് തൻെറ മരണത്താൽ ഞങ്ങളെ രക്ഷിക്കയും പുനരുത്ഥാനം ചെയ്ത് തൻെറ പുനരുത്ഥാനം മൂലം ഞങ്ങളെ ഉദ്ധരിക്കയും സ്വർഗാരോഹണം ചെയ്തു തൻെറ കൂട്ടത്തിൽ ഞങ്ങളെയും കയററുകയും ചെയ്തവനും ആയ സ്വീകാര്യ കുർബാനയായ കർത്താവിന് ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

[illegible] ❖

സെദ്റോ

ܣܕܪܐ ◆

ദൈവമായ കർത്താവെ! ഞങ്ങൾ നിന്നോടപേക്ഷിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു. ഈ ദിവ്യബലി അനുഷ്ഠിക്കപ്പെടുന്ന ഈ സമയത്ത് നിൻെറ ബലിപീഠത്തിൻെറ സന്നിധിയിൽ വന്നുകൂടി നിൻെറ മഹാകരുണകൾക്കായി പ്രതീക്ഷിച്ചുകൊണ്ട് നിൽക്കുന്ന നിൻെറ ദാസന്മാരെയും ദാസികളെയും നീ അനുഗ്രഹിക്കണമെ. നിൻെറ വിശുദ്ധാത്മ നൽവരം ഇവർക്കു നൽകണമെ. നിൻെറ വിശുദ്ധ ശരീരവും പാപപരിഹാരപ്രദമായ രക്തവും അനുഭ

[illegible]

വിക്കുവാൻ അർഹരായിത്തീരത്തക്കവണ്ണം ഇവരുടെ ആത്മാക്കളെയും ശരീരങ്ങളെയും നീ ശുദ്ധീകരിക്കണമെ. ആത്മീയമായ ആയുധം ഇവരെ ധരിപ്പിക്കണമെ. സ്നേഹവും ഐകമത്യവും ഇവരെ അണിയിക്കണമെ. ഇവരുടെ ഇടയിൽ സമാധാനവും ശാന്തതയും വാഴുമാറാകണമെ. ശിക്ഷകളിൽ നിന്നും കോപവടികളിൽ നിന്നും ഇവരെ രക്ഷിച്ചു കൊള്ളണമെ. നിന്റെ വിശുദ്ധ സ്ലീബായാൽ ഇവരെ കാത്തുകൊള്ളണമെ. നിന്റെ രണ്ടാമത്തെ വരവിൽ നിന്റെ വലത്തുഭാഗത്തെ ശ്രേഷ്ഠമായ നിലയ്ക്കു ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും യോഗ്യരാക്കിത്തീർക്കണമെ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കയും ചെയ്യുമാറാകണമെ.

വേറൊരു പ്രുമിയോൻ

സ്വർഗത്തിൽ നിന്ന് ഇറങ്ങിവരികയും ദാവീദുപുത്രിയിൽ നിന്ന് പ്രത്യക്ഷപ്പെടുകയും ഗോഗുൽത്തായിൽവച്ച് മുറിക്കപ്പെടുകയും വിശുദ്ധ സഭയിൽ വിഭജിക്കപ്പെടുകയും വിശ്വാസമുള്ള ജനത്തിന് നൽകപ്പെടുകയും ജീവനുള്ളവരെയും മരിച്ചുപോയവരെയും ആനന്ദിപ്പിക്കുവാൻ പര്യാപ്തമായിത്തീരുകയും ചെയ്ത ജീവനുള്ള അപ്പമായ കർത്താവിന് ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും.....

സെദ്റോ

ദൈവാധിദൈവമേ, കർത്താധി കർത്താവേ! തിരുസന്നിധിയിലും തന്റെ തേജസ്സിൽ അഗ്നിമയന്മാർ പരിഭ്രമിക്കയും തന്റെ ദർശനത്തിൽ ആത്മീയർ ചഞ്ചലപ്പെടുകയും ചെയ്യുന്ന ന്യായാധിപതിമാരുടെ

ܘܦܪܘܩܢ ܡܢ ܒܝܫܐ ܘܕܝܠܟ ܠܡܫܡܫܢܘܬܐ .
ܐܝܠܝܢ ܕܡܫܝܚܐ ܠܒܫܘ ܐܢܘܢ . ܢܦܫܬܐ
ܘܦܓܪ̈ܐ ܕܝܠܗܘܢ ܕܟܝ ܐܢܘܢ . ܙܝܢܐ ܪܘܚܢܝܐ
ܐܠܒܫ ܐܢܘܢ . ܚܘܒܐ ܘܫܘܝܘܬܐ
ܟܠܠ ܐܢܘܢ . ܫܠܡܐ ܘܫܝܢܐ ܢܫܪܐ ܒܝܢܬܗܘܢ
ܡܢ ܡܚܘܬܐ ܢܛܪ ܐܢܘܢ . ܘܒܨܠܝܒܟ ܩܕܝܫܐ
ܒܡܐܬܝܬܟ ܕܬܪܬܝܢ : ܘܠܝܡܝܢܟ ܢܩܝܡ
ܚܢܢ ܘܡܝ̈ܬܝܢ ܕܝܠܢ ܫܘܒܚܐ ܢܣܩ
ܡܢ : ܗܫܐ ❖

◆ ܦܪܘܡܝܘܢ ܐܚܪܢܐ ◆

ܠܚܡܐ ܗܘ ܚܝܐ ܚܝܐ ܕܡܢ
ܫܡܝܐ ܢܚܬ . ܘܡܢ ܒܪܬ ܕܘܝܕ ܐܬܚܙܝ .
ܘܒܓܓܘܠܬܐ ܐܬܩܨܝ . ܘܒܥܕܬܐ ܩܕܝܫܬܐ
ܐܬܦܠܓ . ܘܠܥܡܐ ܡܗܝܡܢܐ ܐܬܝܗܒ .
ܘܠܚܝ̈ܐ ܘܡܝ̈ܬܐ ܣܦܩ ܕܢܦܨܚ :
ܕܠܗ ܝܐܐ ❖

◆ ܣܕܪܐ ◆

ܐܠܗܐ ܕܐܠܗ̈ܐ ܘܡܪܐ ܕܡܪ̈ܘܬܐ
ܕܩܕܡܘܗܝ ܘܒܐܝܩܪܗ ܡܫܬܓܫܝܢ ܢܘܪ̈ܢܐ
ܘܡܢ ܚܙܘܗ ܙܝܥܝܢ ܪ̈ܘܚܢܐ .
ܕܝ̈ܢܐ ܘܫܠܝ̈ܛܢܐ ܕܝܢ ...

ന്യായാധിപതിയും അധികാരികൾക്കു ഭയങ്കരനും ആയുള്ളോവേ! തിരുമുമ്പാകെയും ഞങ്ങൾ വന്ദിച്ച് നിൻെറ ദൈവത്വത്തോട് അപേക്ഷിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു; വിശുദ്ധ ശ്ലീഹന്മാരുടേതായ ശുശ്രൂഷയ്ക്കു ഞങ്ങളെ നീ അർഹരാക്കി ത്തീർക്കുകയും നിൻെറ ദൈവത്വത്തിൻെറ വന്ദ്യ രഹസ്യങ്ങളിൽ ഞങ്ങളെ നീ സംബന്ധിപ്പിക്കയും ചെയ്തിരിക്കുന്നുവല്ലോ. ഞങ്ങൾ തിരുമുമ്പാകെയും നിൻെറ വിശുദ്ധ ബലിപീഠത്തിൻെറ സന്നിധിയിലും വിശുദ്ധമായി നിന്നുകൊണ്ട് നിൻെറ ആത്മീയ മേശമേൽ വെടിപ്പോടെ ശുശ്രൂഷ അനുഷ്ഠിക്കുവാൻവേണ്ടി നിൻെറ മഹാകരുണയാൽ ഞങ്ങൾക്കു പാപ പരിഹാരം നൽകണമെ. നിൻെറ പരിശുദ്ധ റൂഹായെ അയച്ച് ഞങ്ങളുടെ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഈ അപ്പത്തെയും വീഞ്ഞിനെയും ശുദ്ധീകരിക്കണമെ. നിർമ്മലമായ സുഗന്ധ ബലികൾ നിനക്കു ഞങ്ങൾ അർപ്പിക്കത്തക്കവണ്ണം ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും നിർമ്മലമാക്കുകയും ഞങ്ങളുടെ മനസ്സിനെയും ചിന്തകളെയും ശുദ്ധീകരിക്കുകയും സകല പാപമാലിന്യങ്ങളും ഞങ്ങളിൽനിന്ന് തുടച്ചുകളയുകയും ചെയ്യണമെ. നിൻെറ പരിശുദ്ധന്മാർക്കു നീ വാഗ്ദാനം ചെയ്തിരിക്കുന്ന സൗഭാഗ്യങ്ങൾക്കു ഞങ്ങളും അർഹരായി ഭവിക്കണമെ. അവരുടെ കൂട്ടത്തിലും അവരുടെ ഇടയിലും നിന്നുകൊണ്ട് ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഇപ്പോഴും എപ്പോഴും എന്നേക്കും സമർപ്പിക്കയും ചെയ്യുമാറാകണമെ.

വേറൊരു പ്രുമിയോൻ

പുണ്യകരവും പരിശുദ്ധവുമായ ബലിയും ഞങ്ങളുടെ മതത്തിൻെറ പ്രധാനാചാ

ܘܡܶܬܟܰܫܦܺܝܢ ܠܐܰܠܳܗܽܘܬ݂ܳܟ݂ . ܘܰܐܫܘܺܝܬ݂ܳܢ
ܠܬܶܫܡܶܫܬ݂ܳܐ ܕܫܠܺܝܚܶܐ ܩܰܕܺܝܫܶܐ ܘܰܫܰܡܠܺܝܬ݂ܳܢ
ܒܐ̈ܪܳܙܶܐ ܣܓܺܝܕ̈ܶܐ ܕܰܐܠܳܗܽܘܬ݂ܳܟ݂ . ܘܰܚܢܰܢ ܟܰܕ
ܩܳܝܡܺܝܢܰܢ ܩܕܳܡܰܝܟ݂ ܘܩܕܳܡ ܡܰܕܒܚܳܐ ܕܺܝܠܳܟ݂
ܩܰܕܺܝܫܳܐ . ܘܰܒܩܰܕܺܝܫܽܘܬ݂ܳܐ ܟܰܕ ܩܳܝܡܺܝܢܰܢ ܟܽܠ
ܫܰܥܬ݂ܳܐ ܘܕܰܟ݂ܝܳܐ ܘܰܢܫܰܡܶܫ . ܠܦܳܬܽܘܪܳܐ
ܘܕܰܟ݂ܝܳܐ ܪܽܘܚܳܢܳܝܳܐ . ܘܰܢܚܽܘܣ ܠܰܟ݂ܣܳܝܳܐ
ܕܰܚܛܳܗܰܝܢ ܒܪܰܚܡܰܝܟ݂ ܣܰܓܺܝܶܐ̈ .
ܘܰܐܪܺܝܡ ܫܽܘܒܚܳܐ ܠܪܽܘܚܳܐ ܕܩܽܘܕܫܳܐ . ܘܰܩܕܰܫ
ܠܰܚܡܳܐ ܘܚܰܡܪܳܐ ܗܳܠܶܝܢ ܩܽܘܪܒܳܢܶܐ ܩܕܳܡܰܝܢ
ܘܰܕܟܺܝܢ ܒܶܗ ܢܰܦܫܳܬ݂ܳܐ ܘܰܐܦ ܦܰܓ݂ܪ̈ܶܐ . ܘܩܰܕܶܫ
ܠܰܚܫܰܒ݂ܬ݂ܳܐ ܘܪܶܥܝܳܢܳܐ ܕܺܝܠܰܢ . ܘܰܐܥܒܰܪ
ܠܰܚܛܳܗܰܝܢ ܘܰܐܣܟܶܠ ܟܽܠ ܚܰܛܺܝܬ݂ܳܐ ܡܶܢܰܢ
ܠܰܐܘܪܳܚܳܐ ܘܠܰܒܣܺܝܡ ܘܠܪܽܘܚܳܐ ܩܰܕܺܝܫܳܐ .
ܗܳܫܳܐ ❖

• ܦܪܽܘܡܝܽܘܢ ܐܚܪ݂ܺܢܳܐ •

ܠܰܡܩܰܒܠܽܘܬ݂ܳܐ ܠܡܳܪܝܳܐ ܩܽܘܪܒܳܢܳܐ ܕܰܐܠܳܗܳܐ
ܢܶܫܬܰܠܰܚ ܡܰܫܝܚܳܐ ܕܗܽܘܝܳܐ ܟܰܗܢܳܐ ܘܩܰܕܺܝܫ :
ܘܗܽܘ ܠܩܽܘܕܳܫܳܐ ܢܰܦܫ ܘܰܦܓ݂ܪܳܐ ܠܰܫܡܰܝܳܐ

ര്യനുമായിരിക്കുന്ന കർത്താവേ! തൻെറ തിരുമേനിയാൽ നീ ഞങ്ങളുടെ പാപങ്ങൾ നിർമ്മലമാക്കുകയും തൻെറ ബലിയർപ്പണം മൂലം ഭൂലോകത്തിനു പാപപരിഹാരം നൽകുകയും ചെയ്തു. ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

(അനാദിയിൽ) മാതാവില്ലാതെ, മഹനീയനായ തൻെറ പിതാവിൽനിന്ന് ജാതനാവുകയും, കാലത്തികവിൽ അവിവാഹിതയായ മാതാവിൽ നിന്ന് ശാരീരികപിതാവില്ലാതെ ജനിക്കയും ചെയ്തവനായ സ്വർഗത്തിൽ നിന്നിറങ്ങിവന്ന സ്വർഗീയകുഞ്ഞാടും, സ്ലീബാമരത്തിൻെറ മുകളിൽ മനസ്സോടെ ബലിയർപ്പിക്കപ്പെടുകയും മൺമയർക്കു ഭക്ഷണമായിത്തീരുകയും, തൻെറ ബലിയർപ്പണം മൂലം വിജാതിയർക്കും സ്വജാതിയർക്കും പാപപരിഹാരം നൽകുകയും തൻെറ മരണം മൂലം തലമുറകൾക്കും കുടുംബങ്ങൾക്കും വംശങ്ങൾക്കും രക്ഷ നൽകുകയും ചെയ്ത കന്യകയാകുന്ന പെണ്ണാട്ടിൻകുട്ടിയായ കുഞ്ഞാടും ആയ മിശിഹാതമ്പുരാനേ! ഈ ദിവ്യബലി നിനക്കു സമർപ്പിക്കുന്ന ഈ സമയത്ത് ഞങ്ങളുടെ ബലഹീനതയിൽ നീ തൃക്കൺ പാർത്ത് ഞങ്ങളുടെ കൂട്ടത്തിലും ഞങ്ങളുടെ ഇടയിലും നീ സ്ഥിതിചെയ്യണമെ. നിൻെറ ദൈവത്വത്തിന് വെടിപ്പുള്ള ആലയങ്ങളായി ഭവിക്കത്തക്കവണ്ണം ഞങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും നീ ശുദ്ധീകരിക്കണമെ. സ്വർഗീയ സേനകളിൽ എന്നപോലെ ഞങ്ങളിലും നീ ആവസിച്ച് പ്രീതിപ്പെടുമാറാകണമെ. കാരുണ്യവാനായ കർത്താവേ! നിൻെറ വിശുദ്ധ

ܘܡܫܒܚܐ ܠܐܒܘܟ ܘܠܪܘܚܟ ܚܝܐ ܘܩܕܝܫܐ : ܗܫܐ
ܘܒܟܠܥܕܢ ܠܥܠܡ ܥܠܡܝܢ ✤

ܣܕܪܐ ◆

ܡܫܝܚܐ ܐܠܗܐ ܕܡܢ ܐܒܐ ܡܫܒܚܐ:
ܕܝܠܝܕ ܡܢ ܫܡܝܐ. ܘܐܬܝܠܕ ܡܢ ܐܒܘܗܝ
ܡܫܒܚܐ ܕܠܐ ܐܡܐ . ܘܒܣܘܦ ܙܒܢܐ
ܐܬܝܠܕ ܡܢ ܐܡܐ ܠܐ ܡܙܕܘܓܬܐ : ܕܠܐ ܐܒܐ
ܠܗ ܐܒܐ ܒܦܓܪܢܝܘܬܗ. ܐܡܪܐ ܫܡܝܢܝܐ
ܒܨܠܝܒܐ ܘܐܬܦܫܛ ܗܘܐ ܒܨܒܝܢܗ ܟܠܗ
ܕܢܚܬ ܡܢ ܫܡܝܐ ܘܠܒܢܝܐ. ܘܗܘܐ ܡܐܟܘܠܬܐ
ܠܒܢܝܢܫܐ. ܘܒܗܝ ܩܘܪܒܢܗ ܠܥܡܡܐ
ܘܥܡܐ. ܘܐܝܟ ܒܡܘܬܗ ܠܕܪܐ
ܘܫܪܒܬܐ ܘܫܒܛܐ. ܢܛܪ ܘܦܪܩ
ܒܬܘܠܬܐ ܕܝܠܕܬ ܐܡܪܐ ܗܘ ܕܒܚܐ
ܗܘ ܠܐܠܗܐ ܠܟ ܡܫܝܚܐ. ܘܩܪܒܝܢ
ܢܟܣܐ ܘܒܥܝܢ. ܘܨܠܘܬܐ ܠܡܠܟܘܬܟ
ܘܬܦܝܢ ܘܗܘܝܬ ܒܢܝܢ ܡܫܝܢܬܐ ܘܒܢܝܐ
ܘܠܒܥܘܬܢ. ܘܬܗܘܐ ܕܠܝܬܐ ܒܢ ܐܝܟ
ܕܫܡܥܝܬܐ ܒܫܡܝܐ. ܘܐܦ ܠܢ ܬܫܡܥ
ܡܪܢܐ: ܘܒܝܢ ܡܟܢܫܬܐ ܘܡܝܬܝܢ
ܒܡܫܟܢܐ ܢܘܪ ܘܢܚܡܐ ܡܢ ܒܝܬ
ܘܫܪܪܐ ܡܢ ܩܕܡܝܢ. ܘܗܘܐ ܠܟ

ശരീരത്തിലും വിലയേറിയതായ നിൻെറ രക്തത്തിലുമുള്ള സംബന്ധം വഴിയായി പാപത്തിൻെറ സകല മുള്ളുകളും ഞങ്ങളുടെ അവയവങ്ങളിൽ നിന്നു ദഹിച്ചുപോകുവാൻ നീ ഞങ്ങളെ അർഹരാക്കണമെ. നിൻെറ വിശുദ്ധ ശരീരവും പുണ്യകരമായ തിരുരക്തവും ഞങ്ങൾക്കു ജീവൻെറ പുളിമാവും രക്ഷയുടെ വാഗ്ദാനവും ആയി ഭവിക്കുമാറാകണമെ. ഞങ്ങളും സത്യ വിശ്വാസപൂർവം നിൻെറ ശരണത്തിൽ നിദ്ര പ്രാപിച്ചിട്ടുള്ള വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരും നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കയും ചെയ്യുമാറാകണമെ.

വേറൊരു പ്രുമിയോൻ

ശൂന്യതയിൽ നിന്ന് ഞങ്ങളെ സൃഷ്ടിച്ച്, യഥാസ്ഥിതിയിലാക്കിത്തീർത്ത ഉന്നതനും ശ്രേഷ്ഠനും പാപത്തിൻെറ അടിമത്തത്തിൽ നിന്ന് തൻെറ വിലയേറിയ രക്തം മൂലം ഞങ്ങളെ ഉദ്ധരിച്ച് പുത്ര സ്വീകാരത്തിനു ഞങ്ങളെ നിയോഗിച്ച പ്രധാനാചാര്യനും ആയ കർത്താവിനു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും.....

സെദ്റോ

തൻെറ ആട്ടിൻകൂട്ടത്തിനുവേണ്ടി ബലിയായിത്തീർന്ന ഉത്തമ ഇടയനായുള്ളോവേ! നിനക്കു സ്തുതി. ഭൂമിയിലെ നിന്ദ്യ പൂഴിയായ എന്നെ നിൻെറ ദൈവിക രഹസ്യങ്ങളുടെ തിരുനിവാസ സ്ഥാനത്ത് പ്രവേശിക്കുവാൻ കരുണയോടെ നീ അർഹനാക്കിത്തീർക്കുകയും നിൻെറ ശ്രേഷ്ഠതയുടെ മഹാവിശുദ്ധ സ്ഥലമാകുന്ന മഹോന്നതങ്ങളിലേക്ക് എന്നെ ഉയർത്തുകയും നിന്നെ

ܚܛܗܝܢ ܡܢ ܘܥܠܐ ܡܬܚܫܒܢܐ ܕܣܒܪܢ ܒܢܝܐ
ܘܗܕܡܝܗܘܢ ܚܛܝܐ . ܘܢܣܒ ܘܢܬܩܕܫܘܢ
ܡܬܦܢܝܢ ܘܡܛܘ ܟܠ ܩܕܝܫ
ܒܦܘܪܩܢܘܬܐ ܘܚܝܐ ܕܥܠܡ ܠܟ ❖

ܦܪܘܡܝܘܢ ܐܚܪܢܐ ❖

ܠܡܬܩܢܘܬܐ ܠܗܘ ܡܪܘܡܐ ܘܡܫܒܚܐ
ܗܘ ܕܒܪܐ ܠܢ ܡܢ ܠܐ ܡܕܡ ܘܐܩܝܡ ܠܢ
ܠܗܘܝܐ . ܠܗܘ ܪܡܐ ܘܫܒܝܚܐ ܠܢ ܡܢ
ܥܒܕܘܬܐ ܕܚܛܝܬܐ ܦܪܩܗ ܒܕܡܐ ܝܩܝܪܐ ܘܩܪܒ
ܠܢ ܠܣܝܡܬ ܒܢܝܐ : ܕܠܗ ܝܐܐ ❖

ܣܕܪܐ ❖

ܫܘܒܚܐ ܠܟ ܪܥܝܐ ܛܒܐ ܕܗܘܐ ܕܒܚܐ
ܠܡܪܥܝܬܗ . ܫܒܝܚܐ ܐܢܬ ܠܟ ܗܘ
ܘܐܫܘܝܬܢܝ ܠܡܥܠ ܘܐܦ ܐܢܐ ܠܡܕܒܚܐ
ܥܦܪܐ ܘܡܢ ܐܪܥܐ ܐܝܟ ܕܠܐ ܫܘܐ ܘܚܛܝܐ ܒܗ
ܡܫܟܢܐ ܕܐܪܙܝܟ ܐܠܗܝܐ . ܘܐܥܠܬܢܝ
ܠܩܘܕܫ ܩܘܕܫܐ ܕܪܘܡܟ ܦܘܪܫܢܝ
ܘܩܪܒܬܢܝ . ܘܐܠܒܫܬܢܝ ܦܪܝܫܐ ܘܪܘܚܐ
ܘܡܫܒܚܢܝ ܠܟ ܘܫܘܒܚܐ ܘܡܫܒܚܢܝ
ܠܟ . ܗܐ ܫܠܡ ܐܢܐ ܕܡܪܐ ܘܡܪܐ ܘܩܡܝܢ

സ്തുതിക്കുന്നവരായ ക്രോബെന്മാരുടെയും നിനക്കു കാദീശ് പാടുന്നവരായ സ്രോപ്പെന്മാരുടെയും ഗണത്തിൽ എന്നെ ചേർക്കുകയും ചെയ്തിരിക്കുന്നതിനാൽ ദൈവമേ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. ഇതാ! അഗ്നിമയമായ ഈ സ്ഥലത്ത് —നിൻെറ അഗ്നിസിംഹാസനത്തിൻ മുമ്പാകെ—നിന്നുകൊണ്ട് നിൻെറ ജനത്തിനു പാപപരിഹാരവും സൃഷ്ടി മുഴുവനും വേണ്ടി മോചനവും ഞാൻ യാചിക്കുന്നു. കർത്താവേ, ആവശ്യക്കാരുടെ മുമ്പിൽ നിൻെറ സമൃദ്ധമായ ശ്രീഭണ്ഡാരം തുറന്ന് നിൻെറ ഇടവകയിലെ ആടുകളിൽ നിൻെറ അനുഗ്രഹങ്ങൾ ചൊരിയണമെ. കടക്കാരുടെ കടച്ചീട്ടിനെ കീറിക്കളയണമെ. പാപികളുടെ കുററങ്ങൾ ക്ഷമിക്കണമെ. ഞങ്ങൾ ചെയ്തുപോയ തെററുകളെ നിൻെറ സ്മരണയിൽനിന്നു മായിച്ചു കളയണമെ. നഷ്ടപ്പെട്ടുപോയവർ നീ മുഖാന്തരം തിരിച്ചുവന്ന് തിരു മുമ്പാകെ സമ്മേളിക്കണമെ. കർത്താവെ! നിൻെറ കരുണയിൽ ആശ്രയിച്ചുകൊണ്ട് ഞങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്ന ഈ വിശുദ്ധ ബലിയെ ഞങ്ങൾ സമീപിക്കുന്നു. നിൻെറ പരിശുദ്ധാത്മാവ് ഞങ്ങളുടെ കുർബാനയിൽ പ്രീതിപ്പെട്ട് ഇറങ്ങിവന്ന് ഇതിനെ ശുദ്ധീകരിക്കയും അനീതികളിൽ നിന്ന് ഞങ്ങളെ നിർമ്മലരാക്കി അനശ്വര വസ്ത്രം ഞങ്ങളെ ധരിപ്പിക്കയും നിൻെറ രാജ്യത്തിലെ ആനന്ദത്തിനു ഞങ്ങളെ അർഹരാക്കിത്തീർക്കുകയും ചെയ്യണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു.

വേറൊരു പ്രുമിയോൻ

ഗോഗുൽത്തായുടെ ഉയരത്തിൽവച്ച്

കലർത്തപ്പെടുകയും അതു മുഖാന്തരം പാപികൾ മോചനം പ്രാപിച്ച് അനീതികളിൽ നിന്ന് വെടിപ്പാക്കപ്പെടുകയും ചെയ്ത സ്തോത്രത്തിന്റെയും രക്ഷയുടെയും കാസായും സ്ലീബായുടെ മുകളിൽ വച്ച് ചൊരിയപ്പെടുകയും അതിനാൽ വിജാതിയർ മുദ്രകുത്തപ്പെടുകയും മരണത്തിൽ നിന്ന് രക്ഷിക്കപ്പെടുകയും ചെയ്ത പാപപരിഹാര രക്തവുമായ കർത്താവിനു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും.....

സെദ്റോ

സകലത്തെയും സൃഷ്ടിച്ച് സന്നദ്ധമാക്കുന്നവനും ലോകങ്ങളുടെ രക്ഷാകരമായ ജീവശ്വാസവും അനശ്വരതയുടെ നിർമ്മല മൂറോനും മരണമില്ലായ്മയുടെ പരിമള വാസനയുമായ മിശിഹാ തമ്പുരാനേ! നിന്റെ ദിവ്യജ്ഞാനമാകുന്ന മധുരപരിമളം ഞങ്ങളുടെ ഹൃദയങ്ങളിൽ നീ നിറയ്ക്കുകയും എളിയവരും മണ്മയരുമായ ഞങ്ങളെ തിരു മുമ്പാകെ നിൽക്കുവാനും മാലാഖമാർ പോലും ദർശിക്കുവാൻ ആഗ്രഹിക്കുന്ന അവർണ്യങ്ങളായ നിന്റെ ദിവ്യരഹസ്യ ങ്ങളെ പരിചരിക്കുവാനും അനുഷ്ഠിക്കുവാനും നീ അർഹരാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. കർത്താവേ! പാപത്തിന്റെ ദാസ്യത്തിൽ നിന്നും വ്യർത്ഥ ചിന്തകളിൽ നിന്നും ഞങ്ങളുടെ ആത്മാക്കളെ നീ സ്വതന്ത്രമാക്കി രക്ഷിച്ചുകൊള്ളണമെ. ലഘുവും ആനന്ദപ്രദവുമായ നിന്റെ നുകത്തിൻകീഴ് ഉത്തമവും പരിപൂർണവുമായ സേവനം നിനക്കായി നിർവഹിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. കർത്താവേ! നിന്റെ കൃപയാലും വാഴ്ത്തപ്പെട്ടവനും ഭാഗ്യവാനുമായ നിന്റെ പിതാവിന്റെ ഉത്തമമായ ഇഷ്ടത്താലും വിശുദ്ധ റൂഹായുടെ വ്യാപാരത്താലും, ആത്മ ശരീരങ്ങളുടെ ഉണർവോടും സുകൃത നടപടികളോടും കൂടെ ആയുഷ്ക്കാലം

[illegible] ❖

ܣܕܪܐ

[illegible]

മുഴുവനും തിരുസന്നിധിയിൽ ജീവിച്ച്, സൗഭാഗ്യകരമായ അവസാനത്തിലേക്കും ദുഃഖങ്ങളോ നെടുവീർപ്പുകളോ ഇല്ലാത്ത മാലാഖമാർക്കടുത്ത ജീവിതത്തിലേക്കും ചെന്നുചേരുവാൻ ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾക്കിടയാക്കണമെ.

വേറൊരു പ്രുമിയോൻ

പൂർവികനീതിമാന്മാരുടെ കാഴ്ചകളെ കൈക്കൊള്ളുകയും വിശുദ്ധ പിതാക്കന്മാരുടെ പ്രാർത്ഥനകളിൽ പ്രീതിപ്പെടുകയും പുരോഹിതന്മാരുടെ ഹോമയാഗങ്ങളിൽ പ്രസാദിക്കുകയും ദീർഘദർശിമാരുടെ ബലികളിൽ ഇഷ്ടപ്പെടുകയും ശ്ലീഹന്മാരുടെ കുർബാനകളെ പൂർത്തിയാക്കി വിശുദ്ധീകരിക്കുകയും ഹാബേലിനും നോഹിനും മൽക്കിസദേക്കിനും തൻെറ രഹസ്യത്തെ വെളിപ്പെടുത്തുകയും മോശയ്ക്കും അഹറോനും ശമുവേലിനും തൻെറ ദൃഷ്ടാന്തം കാണിച്ചുകൊടുക്കുകയും ചെയ്തവനും ഏകമായി ഗ്രഹിക്കപ്പെടുകയും ത്രിത്വമായി സ്തുതിക്കപ്പെടുകയും ഉദ്ഘോഷിക്കപ്പെടുകയും ചെയ്യുന്നവനും വിഭജിക്കപ്പെടുവാൻ പാടില്ലാത്ത സത്യേക ദൈവവും ആയ കർത്താവിനു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും...

സെദ്റോ

ഞങ്ങളെ സൃഷ്ടിച്ച് ഈ ആയുസ്സിലേക്ക് ആനയിക്കുകയും സ്വർഗീയ രഹസ്യങ്ങളുടെ വെളിപാടുകൾ ഞങ്ങളെ കാണിച്ചുതരികയും വിശുദ്ധാത്മശക്തിയാൽ ഈ ശുശ്രൂഷ ഞങ്ങൾക്കായി നിയോഗിക്കയും ചെയ്ത ദൈവമായ കർത്താവേ! ഞങ്ങൾ ഈ പുതിയ നിയമത്തിൻെറ ശുശ്രൂഷകരും സത്യവചനത്തെ കുററം കൂടാതെ അനു

[illegible] ❖

ܦܪܘܡܝܘܢ ܐܚܪܢܐ ◆

[illegible] ❖

ܣܕܪܐ ◆

[illegible]

ഷ്ഠിക്കുന്ന നിൻെറ സ്വർഗീയ രഹസ്യ
ങ്ങളുടെ പരിചാരകന്മാരുമായിത്തീരുവാൻ
നിനക്കു തിരുവിഷ്ടമുണ്ടാകണമേ. ഈ
മേശയെ, അതായത് പരിശുദ്ധ ബലി
പീഠത്തെ, സമീപിക്കുന്നവരായ ഞങ്ങളെ
നിൻെറ മഹാകരുണയ്ക്കു തക്കവണ്ണം
സ്വീകരിക്കേണമേ. ഞങ്ങളുടെ പാപങ്ങൾ
ക്കും നിൻെറ ജനത്തിൻെറ അജ്ഞത
യ്ക്കും വേണ്ടി ഈ ബലി നിനക്കണയ്ക്കു
വാൻ ഞങ്ങൾ യോഗ്യരായിത്തീരുമാറാ
കണമെ. സ്വർഗീയവും ആന്തരീയവുമായ
ബലിപീഠത്തിന്മേൽ പരിമളവാസനയായി
ഇതിനെ അംഗീകരിച്ചുകൊണ്ട് നിൻെറ
കൃപയും ഉത്തമനായ നിൻെറ റൂഹായുടെ
ശക്തിയും ഞങ്ങൾക്കയച്ചുതരണമേ.
കർത്താവേ! ഞങ്ങളിൽ തൃക്കൺപാർത്ത്
നീതിമാനായ ഹാബേലിൻെറ കാഴ്ചയും
നോഹിൻെറ ബലിയും അബ്രഹാമിൻെറ
ഫലവഴിപാടുകളും മോശയുടെയും
അഹറോൻെറയും ആചാര്യത്വശുശ്രൂ
ഷയും ശമുവേലിൻെറ സമാധാനയാഗ
ങ്ങളും നീ കൈക്കൊണ്ടപ്രകാരം ഞങ്ങളു
ടെ ശുശ്രൂഷയേയും വീക്ഷിക്കണമേ.
വിശുദ്ധ ശ്ലീഹന്മാരിൽ നിന്നും സത്യ
വിശ്വാസികളായ പിതാക്കന്മാരിൽ നിന്നും
ഉപദേഷ്ടാക്കന്മാരിൽ നിന്നും ഈ
ആചാര്യത്വ ശുശ്രൂഷയെ നീ കൈക്കൊ
ണ്ടതുപോലെ പാപകരമായ ഞങ്ങളുടെ
കൈകളിൽ നിന്നും ഈ ധൂപത്തെ
അംഗീകരിക്കണമെ. മാലിന്യരഹിതമായ
ഈ ബലി നിനക്കർപ്പിക്കുവാനും പ്രതി
ഫലകര ദിവസത്തിൽ നിൻെറ മിശിഹായുടെ
കരുണമൂലം വിശ്വസ്തരും ജ്ഞാനിക
ളുമായ ഭവനാധികാരികളോടൊപ്പം
പ്രതിഫലം പ്രാപിക്കുവാനും ഞങ്ങൾ
അർഹരായിത്തീരണമേ. അവൻ മുഖാ
ന്തരവും അവനോടു കൂടെയും നിനക്കും
നിൻെറ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും
എപ്പോഴും എന്നേക്കും സ്തുതിയും
ബഹുമാനവും യോഗ്യമാകുന്നു.

അന്ത്യോഖ്യായിലെ മാർ ഒസ്താത്തേവോസ് പാത്രിയർക്കീസിൻെറ പ്രുമിയോൻ

തൻെറ നല്ല ഇഷ്ടത്തിനനുസരണമായ വെടിപ്പുള്ളതും വിശുദ്ധങ്ങളുമായ പ്രാർത്ഥനകൾ തൻെറ സന്നിധിയിൽ ഞങ്ങൾ അർപ്പിക്കുവാൻ തക്കവണ്ണം ഒരു പൂർണവും വിശുദ്ധവുമായ ജനമായി ഞങ്ങളെ തന്നോടു സമീപിപ്പിക്കുവാൻ വേണ്ടി തൻെറ പിതാവിനു തന്നെത്തന്നെ സമർപ്പിച്ച ജീവനുള്ളതും വിശുദ്ധവുമായ ബലിയായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. തനിക്കു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കുന്ന ഈ സമയത്തും....

സെദ്റോ

നമ്മുടെ ദൈവമായ മിശിഹാ തൻെറ രഹസ്യങ്ങളിൽ സംബന്ധിക്കുന്നതുമൂലം അനുഭവിക്കപ്പെടുകയും തൻെറ ശരീരം കൈക്കൊള്ളുന്നതു മൂലം ഭക്ഷിക്കപ്പെടുകയും ചെയ്യുന്നു. സത്യമണവാളൻ തൻെറ കഷ്ടാനുഭവത്തിൻെറ മണവറയിലേക്കു വിജാതീയരെ വിളിക്കുകയും തൻെറ വധമാകുന്ന വിരുന്നിലേക്ക് സ്വജാതീയരെ ക്ഷണിക്കുകയും ചെയ്തു. ഉത്തമ ഇടയൻ തൻെറ ഇടവകയ്ക്കു ഭക്ഷണമായി സ്വയം നൽകുകയും തൻെറ ആടുകൾക്കു കുടിക്കുവാൻ വേണ്ടി സ്വന്ത രക്തത്തെ പകർന്നു കൊടുക്കുകയും ചെയ്തു. അനശ്വരമേശയായവൻ വിശന്നിരിക്കുന്നവർ തന്നെ ഭക്ഷിക്കുവാൻ തക്കവണ്ണം അവരുടെ മുമ്പാകെ നിരത്തിവയ്ക്കപ്പെട്ടു. നാശമില്ലായ്മയുടെ ഉറവയായവൻ ദാഹിച്ചിരിക്കുന്നവർ തന്നെ പാനം ചെയ്യുവാൻ തക്കവണ്ണം അവരുടെ മുമ്പാകെ സ്വയം തുറന്നു കൊടുത്തു. പാപപരിഹാരധൂപമായവൻ പാപത്തിൽ ദുർഗന്ധം പിടിച്ചിരുന്നവർ

ܘܗܫܐ ܠܗ ܝܐܐ ܩܘܪܒܢܐ ܐܠܗܝܐ ܗܢܐ ܕܫܘܒܚܐ
ܘܒܥܕܢܐ ܘܠܥܠܡ ܥܠܡܝܢ . ܐܡܝܢ ❖

ܦܪܘܡܝܘܢ ܕܡܪܝ ܐܘܣܛܬܐܘܣ ܕܐܢܛܝܘܟܝܐ

ܩܘܠ ܕܐܠܗܘܬܐ •

ܒܪܝܟ ܕܒܢܦܫܗ ܚܝܐ ܘܩܕܝܫܐ ܕܒܚܐ ܕܗܘ
ܩܪܒܗ ܠܦܓܪܗ ܠܐܒܘܗܝ܆ ܕܢܩܪܒܢ ܠܗ ܥܡܐ ܓܡܝܪܐ ܘܩܕܝܫܐ .
ܕܢܩܪܒ ܨܠܘܬܐ ܕܟܝܬܐ ܘܩܕܝܫܬܐ ܐܝܟ ܨܒܝܢܗ
ܘܒܗܢܐ ܙܒܢܐ ܕܒܗ ܡܩܪܒܝܢ ܠܗ ܩܘܪܒܢܐ ܐܠܗܝܐ ܗܢܐ ܕܫܘܒܚܐ
ܘܠܥܠܡ ܥܠܡܝܢ . ܐܡܝܢ ❖

ܣܕܪܐ •

ܡܫܝܚܐ ܐܠܗܢ ܕܒܐܪ̈ܙܘܗܝ ܡܬܚܫ ܘܒܦܓܪܗ
ܡܬܐܟܠ ܘܡܬܬܥܝܕ . ܚܬܢܐ ܫܪܝܪܐ
ܠܥܡ̈ܡܐ ܩܪܐ ܠܓܢܘܢܐ ܕܚܫܗ . ܘܠܥܡܗ
ܩܪܐ ܠܡܫܬܝܐ ܕܩܛܠܗ . ܪܥܝܐ ܛܒܐ
ܠܡܪܥܝܬܗ ܝܗܒ ܢܦܫܗ ܡܐܟܘܠܬܐ .
ܘܠܥܢܗ ܐܫܕ ܕܡܗ ܠܡܫܬܝܐ . ܦܬܘܪܐ
ܕܠܐ ܡܝܘܬܘܬܐ ܣܡ ܢܦܫܗ ܩܕܡ ܟܦܢ̈ܐ
ܕܢܐܟܠܘܢܝܗܝ . ܡܒܘܥܐ ܕܠܐ ܚܒܠܘܬܐ
ܦܬܚ ܢܦܫܗ ܩܕܡ ܨܗ̈ܝܐ ܕܢܫܬܘܢܝܗܝ .
ܥܛܪܐ ܡܚܣܝܢܐ ܕܚܛ̈ܗܐ ܠܕܣܪܝܚܝܢ

തന്നാൽ വാസനയേൽക്കുവാൻ വേണ്ടി സ്വയം ധൂപമായി അർപ്പിച്ചു. ദൈവികമായ മാണിക്യരത്നത്തെ ആചാര്യന്മാർ സഭയിൽ വിഭജിച്ചു കൊടുക്കുന്നു. സ്തോത്ര കാസായിൽ നിന്നു സ്വജാതീയരും വിജാതീയരും പാനം ചെയ്യുകയും അതിനു കുറവു വരാതിരിക്കുകയും ചെയ്യുന്ന ജീവൻെറ അപ്പമായവൻ, എല്ലാവരും തൃപ്തിപ്പെടുവാൻ തക്കവണ്ണം മുറിക്കപ്പെടുവാനായി സ്വയം നല്കി. സന്തോഷപാനീയമായവൻ, സെഹിയോനു ദാഹശമനം വരുത്തുവാൻവേണ്ടി സ്വയം ഇറങ്ങിവന്നു. മനുഷ്യസ്നേഹമുള്ളവനായ കർത്താവേ! ഇപ്പോൾ ഞങ്ങളിൽ സ്നേഹം തോന്നി നിൻെറ വാഗ്ദാനങ്ങളുടെ ദൃഷ്ടാന്തത്തെ ഞങ്ങളുടെ അധരങ്ങളിൽ രൂപീകരിക്കണമേ. നിൻെറ സ്നേഹത്താൽ ഞങ്ങളെ പുഷ്ടിപ്പെടുത്തണമേ. നിൻെറ വാത്സല്യം കൊണ്ട് ഞങ്ങളെ ലഹരിപ്പിക്കണമേ. നിൻെറ നിത്യതയുടെ പ്രത്യക്ഷതയ്ക്കു ഞങ്ങൾ പര്യാപ്തരായി ഭവിക്കണമേ. നിന്നെ എതിരേൽക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. എപ്പോഴും നിൻെറ ശരീരരക്തങ്ങൾ അനുഭവിക്കുവാനും നിന്നോടു സംയോജിക്കുവാനുമായി അടുത്തുവരുവാൻ ഞങ്ങൾക്കു കൃപ നല്കണമേ. ഞങ്ങളുടെ ശ്വാസം നിൻെറ വാസനകൊണ്ട് നിറയുകയും ഞങ്ങളുടെ വായ് നിൻെറ സ്തുതിക്കായി തുറക്കപ്പെടുകയും ഞങ്ങളുടെ നാവ് നിൻെറ സ്തുതികൾ പാടുകയും ഞങ്ങളുടെ അധരങ്ങൾ നിൻെറ പുകഴ്ചയെ ധ്വനിപ്പിക്കുകയും ഞങ്ങളുടെ കടങ്ങൾ നിൻെറ കരുണയാൽ പരിഹരിക്കപ്പെടുകയും ഞങ്ങളുടെ പാപങ്ങൾ നിൻെറ കൃപയാൽ മായിക്കപ്പെടുകയും ഞങ്ങളുടെ തെററുകൾ നിൻെറ ദയയാൽ ക്ഷമിക്കപ്പെടുകയും ഞങ്ങളുടെ കളങ്കങ്ങളും മാലിന്യങ്ങളും നിൻെറ സോപ്പായാൽ വെണ്മയാക്കപ്പെടുകയും ചെയ്യണമെ. മഹത്തരമായ നിൻെറ സാദൃശ്യത്തിലേക്കു

ഞങ്ങളെ രൂപാന്തരപ്പെടുത്തണമെ. ഞങ്ങളെ നിൻെറ വാസത്തിന് ആലയവും ഈ സ്ഥലത്തെ നിൻെറ ബഹുമാന്യതയുടെ നിവാസത്തിനുള്ള വാസസ്ഥാനവുമാക്കിത്തീർക്കണമെ. നിൻെറ കരുണയാൽ മരിച്ചുപോയവർക്കു പാപപരിഹാരം നൽകേണമെ. ഞങ്ങളെയും അവരെയും ഭാഗ്യകരമായ ആശ്വാസത്തിനും നിൻെറ വലതുഭാഗത്തുള്ള നിലയ്ക്കും യോഗ്യരാക്കിത്തീർക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു.

വേറൊരു പ്രുമിയോൻ

വിശുദ്ധ കന്യക പ്രസവിക്കുകയും ചെറിയ ബേത്‌ലഹേം ബഹുമാനിക്കയും വെടിപ്പുള്ള മാമൂദീസാ വാഞ്ഛിക്കയും പ്രത്യക്ഷമായ ഗോഗുൽത്താ ആഘോഷിക്കയും നിർമ്മലമായ ആചാര്യത്വം ശുശ്രൂഷിക്കയും വിജാതീയരും സ്വജാതീയരും ശുദ്ധീകരണം പ്രാപിക്കയും വിശ്വാസമുള്ള സഭ സ്വീകരിക്കയും ചെയ്ത പരിശുദ്ധനും വിശുദ്ധതകൾ നിറഞ്ഞിരിക്കുന്നവനുമായ കർത്താവിനു സ്തുതി. ഇതാ നിൻെറ ആട്ടിൻകൂട്ടത്തിനു മുഴുവനും വേണ്ടി സഭയുടെ ഉള്ളിൽ വച്ച് നിൻെറ ശരീര രക്തങ്ങൾ വിഭജിക്കപ്പെടുന്നു. വിജാതീയർക്കും സ്വജാതീയർക്കും അവ നൽകപ്പെടുകയും ജീവനുള്ളവരേയും മരിച്ചവരേയും ആനന്ദിപ്പിക്കുവാൻ അവ പര്യാപ്തമായി ഭവിക്കയും ചെയ്യുന്നു. തനിക്കു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും. . . .

സെദ്റോ

ഭൗമിക കന്യക അതിശയനീയമാം വിധം പ്രസവിക്കുകയും ബേത്‌ലഹേം ഓഫർ

[illegible] ❖

ܦܪܘܡܝܘܢ ܐܚܪܢܐ

[illegible] ❖

ܣܕܪܐ

[illegible]

ത്താ സന്തോഷപൂർവം ബഹുമാനിക്കയും യോർദാൻ നദി ആനന്ദപൂർവം കാത്തിരിക്കയും കുരിശുമരത്തിന്മേൽ ഗാഗുൽത്താ ആഘോഷിക്കയും സൃഷ്ടികളുടെ ജീവനും രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം ബലിയർപ്പിക്കപ്പെടുകയും തന്റെ ബലിമൂലം സകല വിജാതികൾക്കും സ്വജാതികൾക്കും പാപപരിഹാരം നൽകുകയും തന്റെ മരണത്താൽ സകല കുടുംബങ്ങളേയും വംശങ്ങളേയും രക്ഷിക്കുകയും ചെയ്ത സ്വർഗീയ കുഞ്ഞാടായ കർത്താവേ! വിശാലമായ നിന്റെ മനുഷ്യസ്നേഹത്താലും അവർണ്യമായ നിന്റെ കൃപയാലും നിന്നെ പ്രസവിച്ച അമ്മയായ അനുഗൃഹീതയും പരിശുദ്ധയുമായ ദൈവമാതാവാകുന്ന മറിയാമിന്റെയും ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും പിതാക്കന്മാരുടെയും സംഘം മുഴുവന്റെയും ശ്രദ്ധേയവും സ്വീകാര്യവുമായ പ്രർത്ഥനകളാലും വിശ്വാസമുള്ള നിന്റെ സഭയ്ക്കു പാപപരിഹാരം നൽകണമെ. വിവേകമുള്ള നിന്റെ ഇടവകയെ അനുഗ്രഹിക്കേണമെ. അനാഥരായ നിന്റെ ആടുകളെ കാത്തുകൊള്ളണമെ. ആചാര്യത്വ നൽവരമുള്ള നിന്റെ അവകാശത്തെ ശുദ്ധീകരിക്കണമെ. സൃഷ്ടിയിൽ നിന്റെ സമാധാനം ആവസിപ്പിക്കണമെ. ഭൂതലത്തിൽ നിന്റെ ശാന്തത വാഴുമാറാക്കണമെ. രോഗികളെ സ്വാസ്ഥതയാൽ നീ സന്ദർശിക്കണമെ. ക്ലേശിച്ചിരിക്കുന്നവരെ ആശ്വാസിപ്പിക്കണമെ. അടിമകൾക്കു രക്ഷയും ബന്ധിതർക്കു വിടുതലും കീഴടക്കപ്പെട്ടിരിക്കുന്നവർക്കു സ്വാതന്ത്ര്യവും വിശ്വാസികളായ മരിച്ചുപോയവർക്ക് നല്ല ഓർമ്മയും ആശ്വാസവും സന്തോഷവും ആനന്ദവും നീ കൽപ്പിച്ചരുളയ്ക്കണമെ. ഈ ആചാര്യത്വ ശുശ്രൂഷ വിശ്വാസപൂർവം നീ ഭരമേൽപ്പിച്ചിട്ടുള്ള ഈ പാപിയായ എനിക്ക് യഥാർത്ഥ

ആചാര്യന്മാർക്കുചിതമായ നടപടികൾ നൽകണമെ. ഞാൻ അയോഗ്യനായിരിക്കെ കൃപാപൂർവം നീ എനിക്ക് ഭരമേൽപിച്ചു തന്നിരിക്കുന്ന ആ താലന്തിനെ താൽപര്യത്തോടെ എന്റെ കൈകളാൽ നീ നിയന്ത്രിച്ച് വ്യാപരിപ്പിച്ചു കൊള്ളണമെ. വിശ്വസ്തരും ജ്ഞാനികളുമായ ഭവനവിചാരകന്മാരുടെ കൂട്ടത്തിൽ നിന്റെ കരുണയാൽ നിന്നിൽനിന്നുള്ള പ്രതിഫലത്തിനു ഞാൻ അർഹനായി ഭവിക്കുമാറാകണമെ. നീ ഉത്തമനും ദാനത്തിൽ സമൃദ്ധിയുള്ളവനും നിന്റെ നൽവരങ്ങൾ അളവില്ലാത്തവയുമാകുന്നുവല്ലൊ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതി അർപ്പിക്കുന്നു.

ܒܡܬܦܪܢܣܢܘܬܐ ܕܦܐܝܢ ܠܟܗ̈ܢܐ ܐܢܬ ܘܡܬܕܒܪܢܘܬܗ.
ܐܢܬ ܕܐܝܬܝܟ ܠܟܟܪܐ ܗܘ ܕܥܡܝ ܠܐ ܫܘܐ
ܐܢܐ ܐܬܟܠܬ ܘܡܘܗܒܬ ܠܝ ܒܛܝܒܘܬܟ.
ܘܠܡܦܘܪܢܣܘ ܘܩܢܝܢ ܐܝܬܝܗ̇ ܒܐܝ̈ܕܝ ܘܡܬܕܒܪ ܠܟ
ܘܐܦ ܟܕ ܐܢܐ ܡܫܡܫܢܐ ܘܡܗܝܡܢܐ . ܡܛܠ
ܘܥܡ ܪ̈ܒܝ ܒܝܬܐ ܡܗܝܡ̈ܢܐ ܐܬܚܫܒ.
ܘܡܩܒܠ ܦܘܪܥܢܐ ܘܠܝ ܡܢ ܟܠܗ ܘܠܝ
ܛܒܐ ܡܥܬܪܢ ܘܠܐܒܘܟ ܘܠܪܘܚܐ
ܘܠܝ ܩܕܝܫܐ . ܗܫܐ ❖

ܦܪܘܡܝܘܢ ܕܠܘܩܐ ܐܘܢܓܠܝܣܛܐ

മോർ ലൂക്കോസ് ഏവൻഗേലിസ്തായുടെ പ്രുമിയോൻ

സ്വന്ത ശരീരത്തിനു താൻ തന്നെ പുരോഹിതനായിത്തീർന്ന നിർമല ബലിയും തന്റെ ആട്ടിൻകൂട്ടത്തിനു വേണ്ടി തന്റെ പിതാവിനു സ്വയം സ്വീകാര്യ ബലിയായിത്തീർന്ന പരിശുദ്ധ പ്രധാനാചാര്യനും സ്ലീബായുടെ പക്ഷങ്ങളിൽ തന്റെ സ്നേഹം മൂലം സ്വയം വിരിച്ച് തന്റെ വധത്താൽ വിജാതീയരേയും സ്വജാതീയരേയും രക്ഷിച്ച അനുഗൃഹീത കുഞ്ഞാടും ആയ കർത്താവിനു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

ܠܗܘ ܕܟܗܢܐ ܘܕܒܚܐ ܗܘܐ ܠܦܓܪܗ
ܠܡܪܥܝܬܗ . ܠܗܘ ܕܗܘ ܟܘܡܪܐ ܪܒܐ
ܗܘܐ ܩܘܪܒܢܐ ܡܩܒܠܐ ܠܐܒܘܗܝ ܒܢܦܫܗ
ܡܩܕܫܬܗ . ܠܗܘ ܐܝܟ ܢܫܪܐ ܓܦܐ ܘܐܬܦܫܛ
ܕܠܐ ܒܦܫܛܗܘܢ ܕܨܠܝܒܐ ܒܚܘܒ ܢܦܫܗ
ܘܦܪܩ ܠܥܡ̈ܡܐ ܘܠܥܡܗ ܒܕܡ ܩܛܠܗ .
ܘܠܗ ܕܝܐܐ ܫܘܒܚܐ ❖

ܣܕܪܐ

സെദ്റോ

പാപപരിഹാര കാഴ്ചയായി തന്റെ പിതാവിനു സ്വയം അർപ്പിക്കുകയും ഞങ്ങളുടെ മനുഷ്യ വർഗത്തോടു കോപിച്ചിരുന്ന പിതാവിനെ തന്റെ തിരുമേനിയുടെ ബലിയർപ്പണത്താൽ പ്രീതിപ്പെടുത്തുകയും തന്റെ തിരുമേനിയുടെ രക്തംമൂലം മേലു

ܟܗܢܐ ܘܩܪܒ ܩܘܪܒܢܐ ܡܚܣܝܢܐ ܠܐܒܘܗܝ
ܘܠܢ . ܗܘ ܕܩܪܒ ܗܘ ܠܗ ܠܐܒܘܗܝ
ܩܘܪܒܢܐ ܕܢܦܫܗ . ܘܪܥܝ ܒܕܡ ܕܒܚܬܐ
ܘܡܚܝܗ ܠܩܘܒܠܗ ܘܕܐܢ̈ܫܐ ܦܓܪܗ

[illegible]

ളളവരെയും താഴെയുള്ളവരെയും സംയോജിപ്പിക്കയും ഞങ്ങളെല്ലാവരെയും സമാധാനപ്പെടുത്തുകയും ചെയ്ത ആചാര്യനും പ്രധാനാചാര്യനുമായ മിശിഹാതമ്പുരാനേ! ഈ സമയത്തു തിരുമുമ്പാകെ നിൽക്കുന്ന എൻെറ ബലഹീനതയെ സർവാധിപതിയായ നിൻെറ കരുണയാലും ദയയാലും നീ കൈക്കൊള്ളണമെ. കർത്താവേ! എൻെറ വ്യക്തിപരമായ മാലിന്യത്തിൽ നീ ശ്രദ്ധിച്ചിട്ട് നിൻെറ പരിശുദ്ധാത്മ വിശുദ്ധിയിൽ നിന്ന് നിൻെറ ജനത്തെ നീ നിരോധിക്കരുതെ. കർത്താവേ! ഈ സമയത്ത് എൻെറ മനസ്സിൻെറ കളങ്കത്തെ നീ പരിശോധിച്ചിട്ട് നിൻെറ ജനത്തിൻെറ നിലവിളിയിൽ നീ അലസമായിരിക്കരുതേ. കർത്താവേ! എൻെറ കൈകൾ പ്രവർത്തിച്ചിട്ടുള്ള ദുഷ്കർമങ്ങളും പാപങ്ങളും നിമിത്തം നിൻെറ തിരുനാമം വഹിച്ചിരിക്കുന്നവരുടെ കുർബാനകളിൽ നിന്ന് എന്നെ നിരോധിക്കരുതെ. പാപിയും അശുദ്ധനും കളങ്കം നിറഞ്ഞവനുമായ എന്നിൽ നീ ശ്രദ്ധിച്ചു നോക്കിയിട്ട് നിൻെറ വിശ്വാസമുള്ള ജനത്തോട് ഞാൻ മൂലം കോപിക്കരുതേ. കർത്താവേ! അശുദ്ധമായ എൻെറ വായിൽ നിന്ന് വന്നുപോയിട്ടുള്ള നിന്ദ്യവും നിഷിദ്ധവുമായ വാക്കുകളെ നീ ഓർക്കരുതെ. നിന്നോടു കരുണയും കൃപയും യാചിക്കുന്ന എൻെറ പ്രാർഥനകളും അപേക്ഷകളും നീ നിരസിച്ച് ഈ സമയത്ത് തിരുസന്നിധിയിൽ വന്നുകൂടിയിരിക്കുന്ന നിൻെറ സഭയെ നീ തള്ളിക്കളയരുതെ. പിന്നെയോ കർത്താവെ! നീ ചെവിചായിച്ച് എൻെറ പ്രാർഥനാശബ്ദം ശ്രദ്ധിച്ച് കേൾക്കുമാറാകണമെ. എൻെറ പിഴകളെ പരിഹരിക്കണമെ. എൻെറ പാപമാലിന്യങ്ങൾ കഴുകിക്കളയണമെ. എൻെറ ഹൃദയ അശുദ്ധതയെ തുടച്ചു കളയണമെ.

പാപത്തിൻെറ സകലവിധമായ അശുദ്ധതകളിൽ നിന്നും എൻെറ മനസ്സിനെ വെടിപ്പാക്കണമെ. വിനോദപരവും ആക്ഷേപകരവും നിന്ദാകരവുമായ വാക്കുകൾ സംസാരിക്കാതിരിക്കുന്നതിനായി എൻെറ വായ്ക്ക് ഒരു കാവല്ക്കാരനെയും എൻെറ മനസ്സിന് ഒരു കാവല്ക്കാരനെയും എൻെറ അധരങ്ങൾക്ക് ഒരു കാവല്ക്കാരനെയും നിയമിച്ചു കൊള്ളണമെ. ഉണർവിലും ഉറക്കത്തിലും എന്നെ ബന്ധിക്കുന്ന നിന്ദ്യങ്ങളും അശുദ്ധങ്ങളുമായ ചിന്തകളാൽ ഞാൻ ദുഷിപ്പിക്കപ്പെടുവാൻ ഇടയാകരുതേ. സകലരുടെയും പരിശോധന നടത്തുവാൻ വേണ്ടിയുള്ള നിൻെറ ഭയങ്കരമായ രണ്ടാമത്തെ വരവിനെക്കുറിച്ചുള്ള ഭീതിയാൽ എൻെറ ബോധത്തെ നിയന്ത്രിച്ചു കൊള്ളണമെ. കർത്താവെ! വ്യർത്ഥവികാരങ്ങളിലും ദുഷ്ടചിന്തകളിലും ഞാൻ ഉൾപ്പെടാതെ ആത്മീയവും ശാരീരികവുമായ നൈർമല്യത്തോടെ നിന്നോടു പ്രാർത്ഥിപ്പാനും എനിക്കും ഈ സമയത്ത് തിരുസന്നിധിയിൽ വന്നുകൂടിയിരിക്കുന്ന നിൻെറ ഇടവക മുഴുവനും വേണ്ടി കരുണയും കൃപയും പ്രാപിക്കുവാനും എനിക്കു കൃപ നൽകണമെ. ഞങ്ങളോട് നീ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ നിൻെറ സകല കൃപകൾക്കുംവേണ്ടി നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു.

വേറൊരു പ്രുമിയോൻ

ഉന്നതമായ മഹാവിശുദ്ധ സ്ഥലത്ത് മഹനീയമായ അദൃശ്യാവസ്ഥയിൽ അനാദ്യന്തമായി സ്ഥിതി ചെയ്യുന്നവനും മൂന്നു കാദീശുപാട്ടുകളാൽ വിസ്മയ നീയമായി പുകഴ്ത്തപ്പെടുന്നവനും, പരിശോധനാതീതമായി

സ്തുതിക്കപ്പെടുന്ന സത്യേക ദൈവമെന്ന് പ്രത്യേകം അറിയപ്പെടത്തക്ക നിലയിൽ ആ സ്തുതിപ്പുകളുടെ ഐക്യത്തെ അവിഭാജ്യമായി സമ്മേളിപ്പിക്കുന്നവനും, മൂന്നു ക്നൂമാകളിലും ദൈവികമായി അദൃശ്യനും, ഏക സാരാംശത്തിൽ സ്പഷ്ടമായി അവർണ്യനും ആയ കർത്താവിന് സൃഷ്ടികളുടെ സകല ബോധങ്ങളിൽ നിന്നും ഇടവിടാതെ ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

അവർണ്യനും അപരിമിതനും അദൃശ്യനും അപ്രമേയനും സകലത്തിൻെറയും യഥാർത്ഥജീവനും ആരംഭവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സകല സൃഷ്ടികൾക്കും പ്രകാശം നൽകുന്നവനും ആയ ദൈവമേ! നീ പ്രകൃത്യാ ഉത്തമനും സത്യദൈവവുമാകുന്നു. നിൻെറ സ്നേഹം ഞങ്ങളുടെ അടുക്കലേക്കു നിന്നെ ആകർഷിക്കയും നീ ഞങ്ങൾക്കുവേണ്ടി ബലിയും പാപപരിഹാരയാഗവുമായി പിതാവാം ദൈവത്തിനു സ്വയം സമർപ്പിക്കയും ചെയ്തു. നിൻെറ പരിശുദ്ധ മദ്ബഹായിൽ വെടിപ്പോടെ വൈദിക ശുശ്രൂഷ നടത്തുവാനും, ജീവപ്രദവും ദിവ്യങ്ങളുമായ നിൻെറ കൂദാശകൾ ഭക്തിപൂർവം അനുഷ്ഠിക്കുവാനും, വന്ദ്യങ്ങളും ജീവദായകങ്ങളുമായ നിൻെറ കൽപനകൾ യഥായോഗ്യം ആചരിക്കുവാനും, നീ ഞങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്നതനുസരിച്ച് ഞങ്ങൾക്കു വേണ്ടി ബലിയായിട്ട് നിൻെറ പിതാവിന് നിന്നെ ഞങ്ങൾ വിശുദ്ധിയോടെ അർപ്പിക്കുവാനും ഞങ്ങൾക്കു നീ അധികാരം നൽകുകയും ചെയ്തു. ആകയാൽ ദൈവമായ കർത്താവേ! നിൻെറ മനുഷ്യ സ്നേഹത്തോട് ഞങ്ങൾ അപേക്ഷിക്കുന്നു. ജീവനുള്ള നിൻെറ പരിശുദ്ധാത്മാവ് — ജ്ഞാനത്തിൻെറയും വിവേകത്തി

[illegible] ❖

ܣܕܪܐ

[illegible]

ൻെറയും ആത്മാവ് —അറിവിൻെറയും പരാക്രമതയുടെയും ആത്മാവ് —നിരപ്പിൻെറയും ദൈവഭക്തിയുടെ —ആത്മാവ് —രക്ഷയുടെയും പുത്ര സ്വീകാര്യത്തിൻെറയും ആത്മാവ് —കരുണയോടെ ഞങ്ങളിൽ ആവസിച്ച് പ്രീതിപ്പെടുമാറാകണമെ. ആ നിൻെറ ആത്മാവ് ഞങ്ങളുടെ ആത്മാക്കളിലും ശരീരങ്ങളിലും പറന്ന് ആവസിച്ച്, ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് പാപകരമായ സകല മുള്ളുകളേയും ചിന്തകളേയും വേരോടെ നശിപ്പിക്കുമാറാകണമെ. തൻമൂലം "എൻെറ സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു; എൻെറ സമാധാനം ഞാൻ നിങ്ങൾക്കായി അവശേഷിപ്പിക്കുന്നു" എന്നരുളിച്ചെയ്തുകൊണ്ട് നിൻെറ വിശുദ്ധ ശിഷ്യന്മാർക്കു നീ നൽകിയതായ പൂർണവും ദിവ്യവുമായ ആ സമാധാനത്തിനു നിർമല ഹൃദയത്തോടും വിനീതമായ ആത്മാവോടും കൂടെ ഞങ്ങൾ അർഹരായി ഭവിക്കണമേ. ഈ യഥാർഥ സമാധാനം ഞങ്ങളുടെ ഉള്ളിലും നിൻെറ പരിശുദ്ധ സഭ മുഴുവനിലും നീ സ്ഥാപിക്കേണമേ. തൻെറ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ക്രൂബേന്മാരോടും സ്രോപ്പേന്മാരോടും സകല സ്വർഗീയ സേനകളോടുംകൂടെ അട്ടഹസിച്ചു പറയുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെ. നീ നിൻെറ പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടെ ഇപ്പോഴും എപ്പോഴും എന്നേക്കും വിശുദ്ധനും അനുഗൃഹീതനുമാകുന്നു.

അറിയിപ്പുകാരനായ മോർ മർക്കോസിൻെറ പ്രുമിയോൻ

തൻെറ പൗരോഹിത്യത്തിനു കാലയളവില്ലാത്ത നിത്യ പ്രധാനാചാര്യനും,

[illegible]

ആചാര്യത്വ ശുശ്രൂഷ നടത്തുകയും ശുശ്രൂഷിക്കപ്പെട്ടിട്ടും ജീവനോടെ ഇരിക്കുന്നവനും, തിരുവിഷ്ടത്തോടെ മരിച്ചവനും സജീവമായ സമാധാനയാഗങ്ങളുടെ നിർമല ബലിപീഠവും, അനശ്വരമായ ഭക്ഷണവും അവസാനിക്കാത്ത ആത്മീയ പാനീയവും പൂർണമായും ഞങ്ങളിൽ നിന്നല്ലാതെ സ്വർഗത്തിൽ നിന്ന് അനശ്വരപോഷണമായി ഇറങ്ങി വന്നവനും, തന്നെ കൈക്കൊള്ളുന്നവരിൽ എപ്പോഴും അധിവസിച്ച് താൻ അവരിലും അവർ തന്നിലുമായി സ്ഥിതി ചെയ്യുന്നവനും, ദൈവാധിദൈവവും കർത്താധികർത്താവും, ഉണ്ടായതും ഉള്ളതും ഉണ്ടാകുവാനുള്ളതുമായ സകല സൃഷ്ടികളാലും ആരാധിക്കപ്പെടുന്നവനുമായ കർത്താവിനു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

ഞങ്ങൾക്കുവേണ്ടി അറുക്കപ്പെടുകയും തൻെറ മരണംമൂലം ഞങ്ങളുടെ മൃതാവസ്ഥ ജീവൻ പ്രാപിക്കയും ചെയ്ത ഉത്തമ ഇടയനായ കർത്താവേശുമിശിഹാ! നിൻെറ ഇടവക നിന്നെ ആരാധിച്ച് സ്തുതിക്കുന്നു. കർത്താവേ! മൂകജന്തുക്കളുടെ ബലികളിൽ നിന്നും ദഹനയാഗങ്ങളിൽ നിന്നും ഞങ്ങളെ നിരോധിച്ച് ആയുഷ്കാലം മുഴുവനും വെടിപ്പുള്ള സ്തോത്രബലി നിനക്കണയ്ക്കുവാൻ ഞങ്ങൾക്കിടയാകത്തക്കവിധം നിനക്കു തിരുവിഷ്ടമുണ്ടായതിനാൽ ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. കർത്താവേ! വിലയേറിയ നിൻെറ രക്തത്താൽ നീ സമ്പാദിച്ചതായ നിൻെറ വിശുദ്ധ സഭയിൽ സമാധാനം വർദ്ധിക്കണമെ. ഈ അന്ധകാര

[illegible] ❖

◆ ܣܕܪܐ

[illegible]

ലോകാധികാരം വഹിച്ചിരിക്കുന്ന കഠിനന്മാരായ ശത്രുരാജാക്കന്മാരെ അതിന്റെ വാതിൽക്കൽ നീ കീഴ്പ്പെടുത്തണമെ. സത്യവും നിർവ്യാജവുമായ നിന്റെ വാഗ്ദാനത്തെ പരിപാലിച്ചുകൊണ്ട് നിന്റെ ആചാര്യന്മാരുടെ പ്രാർത്ഥനകളിൽ നീ പ്രീതിപ്പെടുകയും ദയാപൂർവം അവരുടെ ഇടവകകൾക്ക് പാപപരിഹാരം നൽകുകയും ചെയ്യണമെ. നിന്റെ സ്ലീബായെ അഭയം പ്രാപിച്ചിരിക്കുന്ന വിശ്വാസിയായ ഭരണാധികാരിയുടെ കിരീടത്തെ കാത്തുകൊള്ളുകയും നിന്റെ ശക്തിമത്തായ വലത്തുകൈയാൽ അവന്റെ ശത്രുക്കളെ അവന്റെ മുമ്പിൽ മുട്ടുകുത്തിക്കുകയും ചെയ്യണമെ. സംവത്സരത്തെ മുഴുവനായി കൃപയോടെ അനുഗ്രഹിക്കയും ഭൂമിയിലെ കായ്കനികളെ എല്ലാവിധ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിച്ചുകൊള്ളുകയും ചെയ്യണമെ. പ്രയാസത്തിലിരിക്കുന്നവർക്ക് സഹായിയും ദുഃഖിതർക്ക് സങ്കേതവും പീഡിതർക്ക് ആശ്വാസകനും നീ ആയിത്തീർന്ന് അവരുടെ സമാശ്വാസനം മൂലം തിരുനാമം മഹത്വീകരിക്കപ്പെടുമാറാകണമെ. ആക്രമിക്കപ്പെടുന്നവരുടെ സങ്കടം തിരുസന്നിധിയിൽ പ്രവേശിക്കണമെ. അടിമകളുടെ ഞെരുക്കത്തിൽ നിന്ന് നിന്റെ ദയയെ നിരോധിക്കരുതെ. സമുദ്രക്ഷോഭത്താൽ ഹൃദയ ദുഃഖമനുഭവിക്കുന്നവരുടെ നിലവിളിയെ ശ്രദ്ധിച്ച് അവരുടെ പ്രതീക്ഷാ തുറമുഖത്തേക്ക് അവരെ നയിച്ചുകൊള്ളണമേ. ഞങ്ങളുടെ പിതാക്കന്മാരുടെയും സഹോദരങ്ങളുടെയും ഗുരുക്കന്മാരുടെയും ആത്മാക്കളെ നീ ഓർത്ത് നീ മൂലം നിന്റെ രക്ഷാ സങ്കേതത്തിലെ ആശ്വാസസ്ഥാനത്ത് അവർ വന്നു കൂടുവാൻ ഇടയാക്കണമേ. വാളാലൊ അടിമയാലൊ ക്ഷാമപീഡയാലൊ മരിച്ചു പോയിട്ടുള്ള ഏവർക്കും അവിടെ നീ പ്രതിഫലം

കൊടുക്കുകയും അവരുടെ ആത്മാക്കളെ നിൻെറ രക്ഷാ തുറമുഖത്ത് അഴിവില്ലാത്തതായ നിത്യ രാജ്യത്തിൽ എത്തിക്കുകയും ചെയ്യണമേ. കർത്താവേ! ജീവനുള്ളവരുടെയും മരിച്ചുപോയവരുടെയും വായിൽ നിന്ന് നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതി കരേറുകയും ചെയ്യുമാറാകണമേ.

വേറൊരു പ്രുമിയോൻ

കാലത്തികവിൽ മറിയാമിൽ നിന്ന് ഞങ്ങൾക്കായി വെളിപ്പെടുകയും ബേത്‌ലഹേം ഓഫർത്തായിൽ ഞങ്ങൾക്കു പ്രത്യക്ഷപ്പെടുകയും, യോർദാൻ നദിയിൽ വച്ച് പിതാവിനാൽ സാക്ഷീകരിക്കപ്പെടുകയും യോഹന്നാനാൽ ഏററുപറയപ്പെടുകയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഗാഗുൽത്തായിൽ തൂക്കപ്പെടുകയും പാതാളത്തിലേക്കിറങ്ങി ഞങ്ങളെ കയററുകയും തന്മൂലം മരണത്തിൻെറ അധികാരം അഴിക്കുകയും രക്ഷാകരമായ ഈ രഹസ്യം ഞങ്ങൾക്ക് ഭരമേല്പിക്കുകയും സ്വാജാതികളും വിജാതികളും ക്ഷണിക്കപ്പെട്ട് വിളിക്കപ്പെട്ട ഈ ആത്മീയ വിരുന്ന് ഞങ്ങൾക്കായി തയ്യാറാക്കുകയും ചെയ്ത ജീവൻെറ അപ്പമായ കർത്താവിനു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും...

സെദ്റോ

സത്യത്തിൻെറ പ്രധാനാചാര്യനും പാപപരിഹാര ബലിയും ആത്മീയ മേശയും ഗാഗുൽത്തായിൽ സ്വയം അർപ്പിച്ച് ഞങ്ങളുടെ മനുഷ്യവർഗത്തോടു കോപിച്ചിരുന്ന പിതാവിനെ പ്രീതിപ്പെടുത്തി സ്വന്തരക്തം മൂലം മേലുള്ളവരെയും താഴെയുള്ളവരെയും രമ്യപ്പെടുത്തിയവനും ആയ മിശിഹാ

ܒܫܘܒܚܐ ܘܒܫܠܡܐ : ܐܡܝܢ ܠܗܘܢ ܢܬܠ
ܘܢܥܠ ܢܦܫܬܗܘܢ ܠܠܡܐܢܐ ܕܦܘܪܩܢܐ
ܘܠܡܠܟܘܬܟ ܕܠܐ ܡܬܚܪܒܐ ܐܒܕܐ ܘܡܢ
ܦܘܡ ܚܝ̈ܐ ܘܡܝ̈ܬܐ ܬܫܒܘܚܬܐ ܢܣܩ
ܠܟ ܘܠܐܒܘܟ ܘܠܪܘܚܟ ܩܕܝܫܐ .
ܗܫܐ ❖

◆ ܦܪܘܡܝܘܢ ܐܚܪܢܐ

ܠܗܘ ܕܒܫܘܠܡܐ ܕܙܒܢܐ ܡܢ ܡܪܝܡ
ܠܢ ܐܬܓܠܝ . ܘܒܒܝܬܠܚܡ
ܐܦܪܬܐ ܠܢ ܐܬܚܙܝ . ܘܒܢܗܪܐ ܕܝܘܪ
ܕܢܢ ܡܢ ܐܒܐ ܐܣܗܕ . ܘܡܢ ܝܘܚܢܢ
ܐܬܘܕܝ . ܘܒܓܓܘܠܬܐ ܡܛܠ ܦܘܪܩܢܢ
ܐܙܕܩܦ . ܘܠܫܝܘܠ ܢܚܬ ܘܐܣܩ ܠܢ .
ܘܫܘܠܛܢܗ ܕܡܘܬܐ ܗܘ ܐܒܛܠ . ܘܐܪܙܐ
ܗܢܐ ܦܪܘܩܝܐ ܐܫܠܡ ܠܢ . ܘܥܡ̈ܡܐ
ܘܥܡ̈ܡܐ ܡܙܡܢܝܢ ܠܗ . ܘܠܗ ܚܫܡܝܬܐ
ܪܘܚܢܝܬܐ ܐܛܝܒ ܠܢ . ܘܠܗ
ܢܗܘܐ ❖

◆ ܣܕܪܐ

ܡܫܝܚܐ ܐܠܗܐ ܕܫܪܪܐ ܗܘ ܪܒ
ܟܘܡܪ̈ܐ ܘܚܘܣܝܐ . ܗܘ ܕܒܚܐ ܡܚܣܝܢܐ .
ܗܘ ܦܬܘܪܐ ܪܘܚܢܝܐ . ܗܘ ܕܩܪܒ
ܢܦܫܗ ܥܠ ܓܓܘܠܬܐ . ܘܐܪܥܝ ܠܐܒܘܗܝ

തമ്പുരാനേ! ഭ്രമജനകമായ ഈ ഭയങ്കര സമയത്ത് തിരുമുമ്പാകെ നിലകൊള്ളുന്ന എന്നിൽ കരുണയോടും ദയയോടും കൂടി തൃക്കൺപാർക്കണമെ. സംഭ്രമം നിറഞ്ഞതായ ഈ സമയത്ത് മാലാഖമാർ വിറയ്ക്കുന്നു; റീശൈ മാലാഖമാർ ഭ്രമിക്കുന്നു, റീശനുവോസെന്മാർ അത്ഭുതപ്പെടുന്നു, മൗത്ത്ബേന്മാർ ഹാലേലുയ്യാ പാടുന്നു, ക്രൂബേന്മാർ വാഴ്ത്തുന്നു, സ്രോപ്പേന്മാർ കാദീശ് പാടുന്നു. പരിശുദ്ധാത്മാവ് അതിവേഗത്തിൽ അദൃശ്യമായി പറന്നുവന്ന് ഈ കുർബാനമേൽ ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്നത്, തങ്ങളുടെ അഗ്നിക്കടുത്ത, അശരീര, സൂക്ഷ്മനയനങ്ങളാൽ അവർ ശ്രദ്ധിച്ചു നോക്കുകയും ചെയ്യുന്നു. കർത്താവെ! ഞാൻ ചെയ്തുപോയിട്ടുള്ള വഷളത്വങ്ങളെ നീ ശ്രദ്ധിച്ചിട്ട് നിന്റെ ഇടവകയിലെ വിവേകികളായ ആടുകളിൽ നിന്ന് വിശുദ്ധ ആത്മാവിനെ നീ തടയരുതെ. തിരുരക്തത്താൽ വിലയ്ക്കു വാങ്ങിയിട്ടുള്ളതായ നിന്റെ ഇടവകയിൽ നിന്ന്, എന്റെ പ്രവൃത്തികളുടെ അശുദ്ധിമൂലം നിന്റെ കരുണകളെ നീ തടയരുതേ. പിന്നെയോ, കർത്താവേ! മാലാഖമാർ പോലും നോക്കുവാൻ ആഗ്രഹിക്കുന്നതായ നിന്റെ മഹാ വിശുദ്ധസ്ഥലത്ത് പ്രവേശിക്കുവാൻ എന്നെ അർഹനാക്കിത്തീർത്ത നിന്റെ കൃപയാലും മഹാ കരുണയാലും നിന്റെ ജനത്തിന്റെ പാപത്തെ നീ മോചിക്കയും നിന്റെ ഇടവകയുടെ ഭോഷത്വങ്ങൾ ക്ഷമിക്കയും ചെയ്യണമേ. പാപകരങ്ങളായ എന്റെ കൈകളാൽ നിനക്കർപ്പിക്കപ്പെടുന്ന ഈ ബലിയെ അംഗീകരിച്ച് ഇതു മൂലം പാപികൾക്കു പാപപരിഹാരം നൽകണമേ. ഇതിനാൽ കടക്കാരോട് നിരപ്പാകണമേ. ഇതിനാൽ അനുതാപികളെ

കൈക്കൊള്ളണമേ. കുററക്കാരോടു ക്ഷമിക്കണമേ. ഇതിനാൽ കോപിച്ചിരിക്കുന്നവരെ ശാന്തതപ്പെടുത്തണമേ. ഭിന്നിച്ചിരിക്കുന്നവരെ സംയോജിപ്പിക്കണമേ. അനൈക്യത്തിലിരിക്കുന്നവരെ രമ്യപ്പെടുത്തണമേ. കലഹങ്ങളെ മായിച്ചുകളയണമേ. ശിക്ഷകളെ നീക്കിക്കളയണമേ. അശുദ്ധരെ വിശുദ്ധീകരിക്കണമേ. അപക്വമതികളെ പരിപാകതയുള്ളവരാക്കണമേ. ആചാര്യന്മാരെ ഇതിനാൽ പ്രശോഭിതരാക്കണമേ. ശെമ്മാശ്ശന്മാരെ വെണ്മയുള്ളവരാക്കണമേ. കോറൂയെന്മാരെ വിവേകികളാക്കിത്തീർക്കണമേ. ദയറാക്കാർക്ക് ശക്തിനല്കണമേ. ഈഹീദായക്കാരെ കാത്തുകൊള്ളണമേ. ഇതിനാൽ പള്ളികളെ സ്ഥിരപ്പെടുത്തണമേ. ദയറാകളെ നിലനിറുത്തണമേ. കന്യാവ്രതക്കാരെ ഇതിനാൽ കാത്തുകൊള്ളണമേ. വിവാഹിതരെ അനുഗ്രഹിക്കണമേ. ദൂരസ്ഥരെ ഇതിനാൽ തിരികെ വരുത്തണമേ. സമീപസ്ഥരെ മറച്ചുകൊള്ളണമേ. ജീവിച്ചിരിക്കുന്നവർക്ക് പാപപരിഹാരം നല്കണമേ. വിശ്വാസികളായ മരിച്ചുപോയവരെ ആശ്വസിപ്പിക്കണമേ. ഞങ്ങളെല്ലാവരുടെയും വായ്കളിൽ നിന്ന് നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും നിത്യസ്തുതി കരേററുകയും ചെയ്യുമാറാകണമേ.

വേറൊരു പ്രുമിയോൻ

ഇസഹാക്കിന്റെ കുഞ്ഞാടിനാൽ സൂചിപ്പിക്കപ്പെട്ട സ്വർഗീയ കുഞ്ഞാടും, അബ്രഹാം അർപ്പിച്ച ബലിയാൽ ദൃഷ്ടാന്തീകരിക്കപ്പെട്ട നിരപ്പിൻ ബലിയും, നോഹിന്റെ

ܘܡܩܒܠ ܠܚܝܒܐ ܗܘܝ ܘܫܒܘܩ ܐܢܘܢ
ܘܠܪܓܝܙܐ ܢܝܚܘܬܐ ܒܗ ܦܝܣܝܢ . ܒܗ
ܦܪܝܫܐ ܢܩܦܐ ܠܡܬܦܠܓܐ . ܒܗ ܫܝܢܐ
ܠܡܫܚܠܦܐ . ܒܗ ܒܛܠ ܠܚܪܝܢܐ . ܒܗ
ܐܥܒܪ ܠܡܚܘܬܐ . ܒܗ ܚܣܝ ܠܛܢܦܐ .
ܒܗ ܗܒ ܠܚܣܝܪܐ . ܒܗ ܐܘܐ ܠܚܣܝܪܘܬܐ.
ܒܗ ܨܒܬ ܠܟܗܢܐ . ܒܗ ܐܚܘܪ
ܠܡܫܡܫܢܐ . ܒܗ ܚܟܡ ܠܩܪܘܝܐ . ܒܗ
ܥܫܢ ܠܕܝܪܝܐ . ܒܗ ܢܛܘܪ ܠܥܢܘܝܐ . ܒܗ
ܐܘܐ ܠܡܣܟܢܐ . ܒܗ ܫܪܪ ܠܥܕܬܐ .
ܒܗ ܩܝܡ ܠܕܝܪܬܐ . ܒܗ ܢܛܘܪ
ܠܒܬܘܠܬܐ . ܒܗ ܒܪܟ ܠܙܘܓܐ . ܒܗ
ܩܪܒ ܠܪܚܝܩܐ . ܒܗ ܛܠܠ ܠܩܪܝܒܐ :
ܒܗ ܚܘܣ ܠܚܝܐ . ܒܗ ܐܢܝܚ
ܠܡܝܬܐ . ܒܗ ܫܪܝ ܠܡܗܝܡܢܐ . ܒܗ
ܢܦܫܐ ܠܟܠܢ . ܒܗ ܐܢܝܚ ܠܥܢܝܕܐ
ܡܗܝܡܢܐ . ܘܡܢ ܦܘܡ ܟܠܢ ܬܫܒܘܚܬܐ
ܐܡܝܢܐܝܬ ܠܟ ܘܠܐܒܘܟ ܘܠܪܘܚܟ
ܘܠܥܠܡ ܥܠܡܝܢ . ܐܡܝܢ ❖

ܦܪܘܡܝܘܢ ܐܚܪܢܐ ◆

ܠܡܫܝܚܐ ܕܒܐܡܪܐ ܡܨܝܪܐ
ܘܐܡܪܗ ܕܐܝܣܚܩ ܕܒܗ ܪܙܐ ܗܘܐ . ܕܒܗ
ܘܕܒܚܐ ܡܬܪܥܝܢܐ ܘܕܒܚܐ ܘܩܘܪܒܢ ܐܒܪܗܡ

കാഴ്ചയാൽ സൂചിപ്പിക്കപ്പെട്ട സ്വീകാര്യകാഴ്ചയും, ഞങ്ങളുടെ പാപങ്ങൾക്കു വേണ്ടി അർപ്പിക്കപ്പെട്ട് മനുഷ്യരുടെ സകലപാപങ്ങളേയും ഏതൊന്നിനാൽ മായിച്ചുകളഞ്ഞുവോ, ആ സമാധാന യാഗവും ആയ കർത്താവേ! നിനക്കു സ്തുതി. നിനക്കു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

മണ്മയർക്കു ഭക്ഷണമായിത്തീരുവാൻ വേണ്ടി രഹസ്യം വഴിയായി വെളിപ്പെട്ട വചനമായ ദൈവവും, തന്റെ ശ്രേഷ്ഠപ്രകൃതി അപ്പത്തിലും വീഞ്ഞിലും കലർത്തിയ ബലവാനും ഞങ്ങൾക്കുവേണ്ടി സ്വയം നൽകിയിട്ട് ഉള്ളംകൈയിൽ വഹിക്കപ്പെടാവുന്ന ദഹിപ്പിക്കുന്ന തീക്കട്ടയായി ജഡീക ഹസ്തങ്ങളിൽ സ്വീകരിക്കപ്പെട്ട മഹാസമുദ്രവും, വായ്കളാൽ ഭക്ഷിക്കപ്പെടുന്ന ജീവനുള്ള അഗ്നിയും, കൈകളിൽ ആഘോഷിക്കപ്പെടുന്ന ജ്വലിക്കുന്ന തീജ്വാലയും വീഞ്ഞായി പാനം ചെയ്യപ്പെടുന്ന ഉഗ്രതയേറിയ വിശുദ്ധിയും കണ്ണുകൾക്കു മറഞ്ഞിരിക്കുന്ന ദൈവികാഗ്നിയും, കാഴ്ചകളെ കൈക്കൊള്ളുന്നവനായിരിക്കെ പാപികൾക്കു വേണ്ടി സ്വയം ബലിയായി സമർപ്പിച്ചവനും ബലഹീനരാൽ വഹിക്കപ്പെട്ട ലോക പരാക്രമിയും താഴെയുള്ളവരാൽ ആലിംഗനം ചെയ്യപ്പെട്ട ഉന്നത നാഥനും തന്റെ ചററുമുള്ളവർക്കു ഭയങ്കരനായിരിക്കെ സ്നേഹിതന്മാരാൽ പിടിക്കപ്പെട്ടവനും സ്രോപ്പേന്മാരെ ശുദ്ധീകരിക്കുന്നവനായിരിക്കെ അശുദ്ധന്മാർക്കു നൽകപ്പെടുന്നവനും അഗ്നിമയന്മാർക്ക് അദൃശ്യനായിരിക്കെ മണ്മയർക്ക് കാണപ്പെട്ടവനും ക്രൂബെന്മാരിൽ നിന്ന് വിദൂരനായിരിക്കെ ആചാര്യന്മാർക്കു സമീപസ്ഥനുമായ കരുണാപൂർണനായ വചനമാം ദൈവമേ!

ܠܟ ܡܫܬܒܚ ܗܘܐ . ܠܟ ܩܘܪܒܢܐ
ܡܩܒܠܐ ܘܩܘܪܒܢܗ ܘܢܦܫ ܠܟ ܕܒܚܐ
ܗܘܐ . ܠܟ ܢܟܣܐ ܫܠܡܐ ܘܕܟܠܗ ܚܛܗܝܢ
ܐܬܦܪܥ ܒܐܝܕܘܗܝ ܕܚܛܗܐ ܘܕܒܢܝܢܫܐ
ܟܠ ܐܬܪܘܬܗ : ܘܠܟ ܕܐܦ ܗܫܐ ❖

ܣܕܪܐ ◆

ܐܠܗܐ ܡܠܬܐ ܕܐܬܓܠܝ ܒܪܐܙܐ ܘܕܗܘܐ
ܡܐܟܘܠܬܐ ܠܥܦܪܢܐ . ܓܒܪܐ ܘܡܪܝܐ
ܚܝܠܐ ܕܩܢܘܡܗ ܒܠܚܡܐ ܘܒܚܡܪܐ .
ܢܘܪܐ ܕܝܗܒ ܢܦܫܗ ܚܠܦܝܢ
ܓܡܘܪܬܐ ܕܡܬܩܪܒܐ ܒܐܝܕܝ ܦܓܪܢܐ
ܘܝܡܐ ܪܒܐ ܕܡܬܩܒܠ ܒܐܝܕܝܐ . ܢܘܪܐ ܚܝܬܐ
ܘܡܬܐܟܠܐ ܒܦܘܡܐ . ܫܠܗܒܝܬܐ ܡܬܓܫܫܐ
ܘܡܪܘܚܐ ܩܕܝܫܬܐ . ܘܡܫܬܬܝܐ ܒܚܡܪܐ
ܘܢܘܪܐ ܕܐܠܗܘܬܐ ܕܟܣܝܐ ܠܥܝܢܐ .
ܘܡܩܒܠ ܩܘܪܒܢܐ ܡܩܪܒ ܗܘ ܠܗ ܢܦܫܗ ܚܠܦ ܚܛܝܐ .
ܓܢܒܪܐ ܕܥܠܡܐ ܕܡܬܛܥܝܢ ܡܢ ܡܚܝܠܐ .
ܡܪܝܐ ܪܡܐ ܕܡܬܥܦܩ ܡܢ ܬܚܬܝܐ . ܘܕܚܝܠܐ
ܠܟܠܗܘܢ ܕܚܕܪܘܗܝ ܘܡܬܐܚܕ ܡܢ ܪܚܡܘܗܝ .
ܡܕܟܐ ܠܣܪܦܐ . ܘܡܬܝܗܒ ܠܛܡܐܐ
ܘܡܬܚܙܐ ܠܥܦܪܢܐ ܘܠܐ ܡܬܚܙܐ ܠܢܘܪܢܐ .
ܘܡܬܩܪܒ ܠܟܗܢܐ . ܘܪܚܝܩ ܡܢ ܟܪܘܒܐ
ܘܡܪܚܡܢܐ ܐܠܗܐ ܡܠܬܐ

സ്നേഹപൂർവം നിനക്കു തിരുവിഷ്ടം തോന്നിയിട്ട് നിന്റെ അദൃശ്യാവസ്ഥയെ ശരീരമാകുന്ന തീക്കട്ടയിൽ സംയോജിപ്പിക്കയും, നിന്റെ ദയ കലർത്തപ്പെട്ട വീഞ്ഞിൽക്കൂടി പാനം ചെയ്യപ്പെടുകയും ചെയ്തു. ഈ സുഗന്ധധൂപം വഴിയായി നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു. രഹസ്യത്തിൽ ഞങ്ങൾ നിനക്കു വെടിപ്പുള്ള ആലയങ്ങളായിത്തീർന്നിട്ട് നീ വന്ന് പ്രത്യക്ഷമായി ഞങ്ങളിൽ വസിക്കണമെ. ലോകാതീതമായ വിസ്മയവികാരങ്ങളോടുകൂടെ നിന്നെ കൈക്കൊള്ളുവാനും ഞങ്ങനെ ദൈവമായ നീ അപ്പത്തിലും വീഞ്ഞിലും കലർത്തപ്പെട്ടിരിക്കുന്ന സ്ഥിതിയിൽ പരസ്യമായി നിന്നെ സ്പർശിക്കുവാനും ഞങ്ങൾക്കു കൃപ നൽകണമേ. അപ്പത്തിൽ ഉൾക്കൊണ്ടിരിക്കുന്ന നിലയിൽ വിശുദ്ധിയോടെ നിന്നെ രുചിക്കുവാനും, വീഞ്ഞിൽ കലർത്തപ്പെട്ട നിലയിൽ വെടിപ്പോടെ നിന്നെ പാനം ചെയ്വാനും ഞങ്ങൾക്കു കൃപ നൽകണമേ. നിന്റെ വിശുദ്ധതകളെ സ്പർശിക്കത്തക്കവണ്ണം ഞങ്ങളെ ശുദ്ധീകരിക്കണമേ. നിന്റെ കരുണയുടെ തളിപ്പ് കൈക്കൊള്ളുവാൻ തക്കവണ്ണം ഞങ്ങളെ വെടിപ്പാക്കണമേ. വിശുദ്ധങ്ങളും ജീവദായകങ്ങളുമായ നിന്റെ രഹസ്യങ്ങൾ ഞങ്ങൾ അനുഭവിക്കാൻ വേണ്ടി നീ അടുത്തുവന്ന് ഞങ്ങളുടെ ബലഹീന കൈകളിൽ നിന്ന് ഇവയെ അംഗീകരിക്കണമേ. പ്രത്യക്ഷമായി നിന്റെ രക്തം പാനം ചെയ്യുവാൻ ഞങ്ങളെ പ്രാപ്തരാക്കി രഹസ്യമായി നിന്റെ സ്നേഹത്താൽ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. വെടിപ്പോടും വിശുദ്ധിയോടും കൂടെ നിന്റെ പരിശുദ്ധ ശരീരം അനുഭവിക്കുവാൻതക്കവണ്ണം ഞങ്ങളുടെ ചിന്തകളുടെ വിശുദ്ധ സ്ഥലത്തെ നിന്റെ സ്നേഹത്താൽ നീ ഇമ്പപ്പെടുത്തണമേ.

കർത്താവെ! നിന്റെ രഹസ്യാവസ്ഥയെ അപ്പത്തിലും നിന്റെ അദൃശ്യാവസ്ഥയെ വീഞ്ഞിലും നീ വെളിപ്പെടുത്തിയ പോലെ നിന്റെ സ്നേഹം ഞങ്ങളിൽ വെളിപ്പെടുത്തി വസിപ്പിക്കണമേ. ഞങ്ങൾ സ്നേഹപൂർവം നിന്റെ ശരീരം ഭക്ഷിക്കയും പ്രീതിയോടെ നിന്റെ രക്തം പാനം ചെയ്കയും നിന്റെ രാജ്യത്തിൽ അവകാശികളും നിന്റെ വിരുന്നിൽ ക്ഷണിക്കപ്പെട്ടവരും ആയിത്തീരുകയും ചെയ്യുമാറ് നിന്റെ സ്നേഹം ഞങ്ങളിൽ വസിപ്പിക്കണമേ. സത്യവിശ്വാസത്തോടെ നിന്റെ പ്രത്യാശയിൽ മുൻകൂട്ടി നിദ്ര പ്രാപിച്ചവരും സ്വർഗത്തിൽ നിന്നുള്ള നിന്റെ പ്രത്യക്ഷതയ്ക്കായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവരുമായ ഞങ്ങളുടെ മാതാപിതാക്കൾക്കും സഹോദരീസഹോദരങ്ങൾക്കും ഗുരുക്കന്മാർക്കും ആശ്വാസവും നല്ല ഓർമയും നല്കണമേ. ഞങ്ങളും അവരും ഏക ശ്വാസത്തിൽ നിന്റെ കർതൃത്വത്തെ സ്തുതിക്കയും നിന്റെ ദൈവത്വത്തെ വന്ദിക്കയും നിന്റെയും പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും മനുഷ്യ സ്നേഹത്തെ ഇപ്പോഴും എപ്പോഴും എന്നേക്കും സ്തോത്രം ചെയ്യുകയും, ചെയ്യുമാറാകണമേ

മോർ കൂറീലോസിന്റെ പ്രുമിയോൻ

തന്റെ തിരുമേനിയാൽ ഞങ്ങളുടെ പാപങ്ങൾക്ക് വെടിപ്പു വരുത്തുകയും തന്റെ ബലിമൂലം ഭൂതലത്തിനു പാപപരിഹാരം നൽകുകയും ചെയ്ത പരിശുദ്ധ പാപപരിഹാര ബലിയും ഞങ്ങളുടെ പ്രധാന പുരോഹിതനുമായ കർത്താവേശുമിശിഹാ! നിനക്കു സുകൃത പ്രവൃത്തികളും വിശുദ്ധമായ നിർമല ചിന്തകളും സത്യവിശ്വാസത്തിന്റെ സുഗന്ധ പരിമളവും മരണമില്ലായ്മ ക്കടുത്ത ശ്രേഷ്ഠനടപടികളാകുന്ന സ്വീകാര്യമായ ആദ്യഫലങ്ങളും സമർപ്പിക്കുവാൻ

[illegible] ❖

[illegible] ❖

[illegible] ❖

ഞങ്ങൾ യോഗ്യരായിത്തീരണമേ. തനിക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

ശ്രേഷ്ഠനും അനാദ്യന്തനും രഹസ്യങ്ങളെ അറിയുന്നവനുമായ ദൈവമേ! സംഭവിക്കുന്നതിനു മുമ്പുതന്നെ സകലവും നീ ഗ്രഹിക്കുന്നു. ഞങ്ങളുടെ അടുക്കലുള്ള യാതൊന്നും നിന്നിൽ നിന്ന് മറഞ്ഞിരിക്കുന്നില്ല. സകല രഹസ്യ പരസ്യങ്ങളും നിൻെറ ദൃഷ്ടിക്കു മുമ്പിൽ പരസ്യമായിരിക്കുന്നു. കർത്താവേ! നിൻെറ വിശുദ്ധ കൂദാശകളെ ഞങ്ങൾ സമീപിക്കയും സമർപ്പിതമായിരിക്കുന്ന ഈ ബലിയ്ക്കായി ഞങ്ങൾ തുനിയുകയും ചെയ്യുന്നത്, നിൻെറ കരുണാപ്രവാഹത്തിലുള്ള ഞങ്ങളുടെ പ്രത്യാശകൊണ്ടത്രേ അല്ലാതെ, ഞങ്ങളുടെ സ്വന്ത നീതിയെ അവലംബിച്ചുകൊണ്ടല്ല എന്ന് നീ അറിയുന്നുവല്ലോ. കർത്താവേ! നീ വിളിച്ചു വരുത്തിയിട്ട് ഞങ്ങളെ തള്ളിക്കളയരുതേ. നീ പരിശോധിച്ചിട്ടുള്ളവരായ നിൻെറ ദാസരെ നീ നിരസിക്കരുതേ. നിൻെറ പരിശുദ്ധാത്മാവിനെ ഞങ്ങളിൽ നിന്നെടുത്തുകളയാതെ നിൻെറ ദിവ്യ കൂദാശകളിലേക്ക് പ്രവേശിക്കുവാൻ ഞങ്ങൾക്കു ധൈര്യം നല്കണമേ. ഇത് നിൻെറ ഏക പുത്രൻ ശത്രുതയുടെ വേലി പൊളിച്ചുകളഞ്ഞ് ഭൂമിയെയും സ്വർഗത്തെയും സംയോജിപ്പിക്കയും രണ്ടിനെയും ഒന്നാക്കിത്തീർക്കുകയും ചെയ്തുകൊണ്ട് ജീവദായകമായ പുതിയ മാർഗമായി ഞങ്ങൾക്കു നവീകരിച്ചു തന്നിട്ടുള്ളതാകുന്നുവല്ലോ. മനുഷ്യ സ്നേഹമുള്ളവനായ കർത്താവേ! ഇപ്പോൾ കൃപയോടെ ഈ ധൂപത്തെ അംഗീകരിച്ചുകൊണ്ട് നിൻെറ ദൈവിക വ്യാപാരത്താൽ

◆ ܣܕܪܐ

ഞങ്ങളുടെ മധ്യത്തിൽ സന്നിഹിതനാകണമേ. ഞങ്ങളുടെ രഹസ്യങ്ങളെ സ്പർശിക്കയും ഞങ്ങളുടെ അറിവില്ലായ്മയെ പരിശോധിക്കയും ഞങ്ങളുടെ മനസ്സുകളിലേക്കു പ്രവേശിച്ച് ഞങ്ങളുടെ ചിന്തകളെ ശോധന ചെയ്യുകയും ചെയ്യണമേ കർത്താവേ! വഞ്ചന, അസൂയ, നിഗളം, മുഖപക്ഷം, ശത്രുത, ആക്ഷേപം. വൈരാഗ്യബുദ്ധി, കളവ് , വ്യാജം, വൃഥാവാക്ക് , അശുദ്ധമായ നോട്ടം, ദൃഷ്ടിചാഞ്ചല്യം മുതലായ സകല അശുദ്ധമോഹങ്ങളെയും നിന്ദ്യവിചാരങ്ങളെയും, നിനക്കിഷ്ടമില്ലാത്ത സകല ചിന്തകളെയും ഞങ്ങളിൽ നിന്ന് നീക്കിക്കളഞ്ഞ് ഇവയ്ക്കു പകരം വിനയം, പരിപാകത, വെടിപ്പ് , നീതി, സമാധാനം, ദയ, സ്നേഹം മുതലായവയെ നീ പ്രവേശിപ്പിക്കയും തന്മൂലം ഞങ്ങൾക്കു കുററമോ ശങ്കയോ കൂടാതെ നിൻെറ പരിശുദ്ധ മദ്ബഹായുടെ മുമ്പാകെ നിൽക്കുവാൻ അർഹരായി ഭവിക്കയും ചെയ്യണമേ. നിന്നോടു പാപം ചെയ്തിട്ടുള്ളവരുടെ മോചനത്തിനും ആത്മ ശരീരങ്ങളുടെ സൂക്ഷ്മതയ്ക്കും ഞങ്ങളുടെ മാതാപിതാക്കളും സഹോദരീസഹോദരങ്ങളും ഗുരുക്കളുമായി സത്യവിശ്വാസത്തിൽ മുൻകൂട്ടി നിദ്രപ്രാപിച്ചിട്ടുള്ളവരുടെ ആശ്വാസത്തിനും വാഴ്ത്തപ്പെട്ടതും അനുഗൃഹീതവുമായ നിൻെറ തിരുനാമ മഹത്ത്വത്തിനും വേണ്ടി കാഴ്ചകളും ഫലവഴിപാടുകളും നിനക്കു ഞങ്ങൾ അണയ്ക്കുമാറാകണമേ. നിനക്കും നിൻെറ പിതാവിനും സകലത്തിലും വിശുദ്ധനും ഉത്തമനും വന്ദ്യനും ജീവൻ നൽകുന്നവനും സാരാംശത്തിൽ നിന്നോടൊന്നായിരിക്കുന്നവനുമായ നിൻെറ ആത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു.

ܒܝܢܬܢ. ܐܪܓܫ ܪ̈ܙܝܢ ܐܘ ܡܪܝܐ ܠܟܠ
ܗܿ ܠܐ ܝܕܥܬܢ ܘܥܘܠ ܠܡܕܥ̈ܢ ܘܥܘܠ
ܡܚܫܒܬܢ ܐܝܟ ܕܐܝܬ ܠܟ ܒܨܝܪܐ: ܢܟܠܐ
ܣܢܐܬܐ: ܚܣܡܐ: ܫܘܒܗܪܐ: ܡܣܒ ܒܐܦ̈ܐ
ܕܒܒܐ: ܒܝܫܘܬܐ: ܡܚܫܒܬܐ ܕܒܝܫܬܐ: ܓܢܒܘܬܐ: ܕܓܠܘܬܐ:
ܡܠܐ ܣܪܝܩܐ: ܚܙܘܐ ܛܢܦܐ. ܐܝܟ ܗܠܝܢ ܘܫ̈ܪܟܐ ܕܪ̈ܓܝܓܬܐ ܛܢ̈ܦܬܐ.
ܡܚܫܒ̈ܬܐ ܢܟ̈ܦܬܐ: ܘܟܠܗܝܢ ܡܚܫ̈ܒܬܐ ܕܠܐ ܫܦܪ ܩܕܡܝܟ.
ܥܒܪ ܐܢܘܢ ܡܢܢ. ܘܥܠ ܗܠܝܢ ܡܟܝܟܘܬܐ: ܘܡܠܝܘܬܐ:
ܘܕܟܝܘܬܐ: ܘܟܐܢܘܬܐ: ܘܫܝܢܐ: ܚܘܣܝܐ ܘܚܘܒܐ
ܥܠ ܒܢ ܕܢܩܘܡ ܩܕܡ ܡܕܒܚܟ ܩܕܝܫܐ ܕܠܐ ܡܘܡ
ܘܠܐ ܦܬܓܡܐ. ܘܕܢܩܪܒ ܠܟ ܩܘܪ̈ܒܢܐ ܘܢܟܣܬܐ
ܠܫܘܒܩܢ ܚܛܗ̈ܐ ܕܐܝܠܝܢ ܕܚܛܘ ܠܟ. ܘܠܢܛܘܪܘܬܐ
ܕܢܦܫܐ ܘܦܓܪܐ. ܘܠܢܝܚܐ ܕܐܒܗ̈ܝܢ ܘܕܐܚ̈ܝܢ ܘܕܐܚܘܬܢ
ܘܕܡܠܦ̈ܢܝܢ ܕܩܕܡ ܫܟܒܘ ܒܗܝܡܢܘܬܐ ܬܪܝܨܬܐ.
ܘܠܫܘܒܚܐ ܕܫܡܟ ܒܪܝܟܐ ܘܡܒܪܟܐ: ܘܕܝܠܟ
ܘܕܐܒܘܟ ܘܕܪܘܚܟ ܕܒܟܠ ܩܕܝܫܐ ܘܛܒܐ
ܘܡܣܓܕܐ ܘܡܚܝܢܐ ܘܡܫܘܬܦܐ ܥܡܟ ܒܐܘܣܝܐ: ܠܗ
ܫܘܒܚܐ ܘܐܝܩܪܐ ܘܫܘܠܛܢܐ ܫܘܝܢ ܗܫܐ
ܘܒܟܠܙܒܢ ܘܠܥܠܡ ܥܠܡܝܢ ܐܡܝܢ ❖

വേറൊരു പ്രുമിയോൻ

ദൈവമായ കർത്താവേ! നീ നിന്റെ സ്തുതികളാൽ പ്രകൃത്യാ സ്തുതിക്കപ്പെടുന്നവനും നിന്റെ ശ്രേഷ്ഠസ്വഭാവം സൃഷ്ടിവർഗങ്ങളാൽ സ്തുതിക്കപ്പെടേണ്ട ആവശ്യമില്ലാത്തവനുമായ മഹനീയനും ശ്രേഷ്ഠനും ആകുന്നു. നിന്നാൽ ശുദ്ധീകരിക്കപ്പെടുവാൻ വേണ്ടി സ്രോപ്പെന്മാർ നിന്നെ സ്തുതിക്കയും നിന്നാൽ അനുഗ്രഹിക്കപ്പെടുവാൻ വേണ്ടി ക്രൂബെന്മാർ നിന്നെ വാഴ്ത്തുകയും നിന്നാൽ നിർമലീകരിക്കപ്പെടുവാൻ വേണ്ടി മാലാഖമാർ നിന്നെ പുകഴ്ത്തുകയും നിന്നാൽ മഹത്ത്വീകരിക്കപ്പെടുവാൻ വേണ്ടി സ്തുതിഗായകന്മാർ നിന്നെ മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. നീ പരിശുദ്ധനും മനുഷ്യർക്ക് പാപപരിഹാരം നൽകുവാൻ വേണ്ടി അവരുടെ കാഴ്ചകളെയും സ്തുതികളെയും കൃപയോടെ കൈക്കൊ ള്ളുന്നവനുമാകുന്നു. നിനക്ക് , ദൈവിക മായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

കർത്താവേ! നിന്റെ സൗഭാഗ്യാവസ്ഥയിൽ നിന്ന് സ്വയം അകലുകയും നിന്റെ ഭവനാവകാശത്തിൽ നിന്ന് വിദൂരരായിത്തീരുകയും നിന്റെ കൂടെയുള്ള ദൈവികാനന്ദത്തിൽ നിന്ന് അന്യരായി ഭവിക്കയും ദുഷ്ടനു വാസസ്ഥാനമായി പരിണമിക്കയും ചെയ്തു പോയിരുന്ന ഞങ്ങളുടെ അടുക്കലേക്ക് , നിന്റെ കരുണയെ നീ താഴ്ത്തി നിന്റെ മഹനീയത ഞങ്ങളുടെ അടുക്കൽ ഇറങ്ങിവരികയും പാപമൊഴികെ ഞങ്ങളെപ്പോലെ നീ മനുഷ്യനായിത്തീരുകയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി മനുഷ്യാവതാരം നിർവഹിക്കയും കഷ്ടതകളും കുരിശും അനുഭവിച്ച് ഞങ്ങൾക്കു സ്വാതന്ത്ര്യം നൽകുകയും നിന്റെ കൃപാദാനങ്ങൾ

ܦܪܘܡܝܘܢ ܐܚܪܢܐ ◆

ܠܬܫܒܘܚܬܐ ܠܗܘ ܡܫܒܚܐ ܘܡܫܒܚܢܐ
ܘܡܫܬܒܚ ܒܟܝܢܐܝܬ ܒܬܫܒܘܚܬܐ ܕܝܠܗ
ܘܠܐ ܣܢܝܩ ܕܢܫܬܒܚ ܡܢ ܒܪܝܬܐ
ܟܝܢܐ ܕܝܠܗ. ܡܪܝܡܐ ܘܡܥܠܝܐ ܗܘ
ܕܡܫܬܩܠܣ ܡܢܗ ܣܪ̈ܦܐ ܡܩܕܫܝܢ ܠܗ:
ܘܡܬܒܪܟܝܢ ܡܢܗ ܟܪ̈ܘܒܐ ܡܒܪܟܝܢ
ܠܗ: ܘܡܬܕܟܝܢ ܡܢܗ ܡܠܐܟ̈ܐ ܡܗܕܪܝܢ
ܠܗ. ܘܡܫܬܒܚܝܢ ܡܢܗ ܡܫܒܚ̈ܢܐ
ܡܫܒܚܝܢ ܠܗ: ܘܗܘ ܠܒܢܝ̈ܢܫܐ
ܚܣܝܐ ܘܡܩܒܠ ܩܘܪ̈ܒܢܝܗܘܢ ܒܚܢܢܐ
ܘܬܫܒ̈ܘܚܬܗܘܢ ܠܚܘܣܝܐ ܕܚ̈ܛܗܝܗܘܢ
ܠܗ ܕܝܢ ܗܕܐ ܥܕܢܐ ܕܩܘܪܒܢܐ ◆

ܣܕܪܐ ◆

ܨܒܝܢ ܠܡܦܩܬܟ ܐܘ ܡܪܝܐ :
ܡܛܘܠ ܠܡܬܝܪܘܬܟ . ܘܡܫܬܢܝܢ
ܠܥܘܠܝ. ܡܢ ܡܪܘܡܝܢ ܠܬܚܬ̈ܝ ܐܬܬܝܢ.
ܡܬܟܢܫܝܢ ܠܡܫܪܝܟ . ܡܬܥܒܕ
ܠܒܝܬܘܬܐ ܘܡܬܬܘܬ ܐܢܫ ܘܠܒܫܬ
ܠܟ : ܘܐܝܟ ܐܢܬܘܢ ܘܡܢ ܚܛܝܬܐ
ܘܐܝܟ ܚܕ ܡܢ ܐܢܫܐ . ܡܢ ܒܝܬܢܬܐ
ܐܬܒܪܝܬ . ܩܡ ܚܫܐ ܘܨܠܝܒܐ
ܣܒܠܬ. ܘܝܗܒܬ ܡܘܗܒܬܐ ܠܒܢܝܢܫܐ

കൊണ്ട് ഞങ്ങളെ നിറയ്ക്കുകയും നിന്റെ ശ്രീഭണ്ഡാരത്തിന്റെ താക്കോൽ ഞങ്ങൾക്കു തരികയും നിന്റെ ദൈവിക നൽവരങ്ങളുടെമേൽ ഞങ്ങൾക്കധികാരം നൽകുകയും തിരുശരീരത്താൽ ഞങ്ങളെ പോഷിപ്പിക്കയും നിന്റെ ശ്രേഷ്ഠ രക്തത്താൽ ഞങ്ങളെ ലഹരിപ്പിക്കയും നിന്റെ കൂദാശകളാൽ ഞങ്ങളെ പുഷ്ടിപ്പെടുത്തുകയും നിന്റെ പ്രകാശത്താൽ ഞങ്ങളെ ആനന്ദിപ്പിക്കയും ചെയ്തതിനാൽ നിന്റെ കൃപയെ ഞങ്ങൾ വന്ദിക്കുന്നു; നിന്റെ കരുണയെ ഞങ്ങൾ സ്തുതിക്കുന്നു; നിന്റെ ദയവിനെ ഞങ്ങൾ കീർത്തിക്കുന്നു; നിന്റെ മനുഷ്യ സ്നേഹത്തെ ഞങ്ങൾ പുകഴ്ത്തുന്നു; നിന്റെ നന്മയെ ഞങ്ങൾ വർണിക്കുന്നു; ഞങ്ങളുടെ ഇടയിൽ നീ പ്രവർത്തിച്ചിട്ടുള്ള അത്ഭുത പ്രവൃത്തികളെ ഞങ്ങൾ ഉദ്ഘോഷിക്കയും ചെയ്യുന്നു. നിന്റെ മദ്ബഹാ മുമ്പാകെ നിന്നുകൊണ്ട് ഈ വിശുദ്ധ കുർബാനയെ നിന്റെ ശ്രേഷ്ഠതയ്ക്കു ഞങ്ങൾ സമർപ്പിക്കുന്ന ഈ സമയത്ത് നിന്നോടു ഞങ്ങൾ അപേക്ഷിക്കയും പ്രാർഥിക്കയും ചെയ്യുന്നു; കരുണയോടെ ഞങ്ങളെ വീക്ഷിക്കുമാറാകണമേ. ദയാപൂർവം ഞങ്ങളെ വെടിപ്പാക്കണമേ. നിന്റെ വിശുദ്ധതകളാൽ ഞങ്ങളെ ശുദ്ധീകരിക്കണമേ. നിന്റെ ആത്മാവിനാൽ ഞങ്ങളെ വെണ്മയുള്ളവരാക്കണമേ. നിന്റെ തളിപ്പാൽ ഞങ്ങളെ നിർമ്മലരാക്കണമേ. നിന്റെ സോപ്പായാൽ ഞങ്ങളെ തുടയ്ക്കണമേ. അങ്ങനെ സകല ദുഷ്ടതകളിൽ നിന്നും ഞങ്ങളെ സ്വതന്ത്രരാക്കുകയും സകല സുകൃതങ്ങളാലും ഞങ്ങളെ അലങ്കരിക്കയും ചെയ്തുകൊണ്ട് നിനക്കു വെടിപ്പും വിശുദ്ധിയുമുള്ള ആലയങ്ങളായി ഭവിക്കുവാൻ ഞങ്ങൾ അർഹരായിത്തീരുമാറാകണമേ. നിന്റെ

ദൈവത്വം ഞങ്ങളിൽ കുടികൊള്ളുകയും നിൻെറ മഹനീയത ഞങ്ങളിൽ ആവസിക്കയും നിൻെറ വിശുദ്ധത ഞങ്ങളിൽ വസിക്കയും ചെയ്യണമേ. ഞങ്ങളുടെ ബലികൾ നിൻെറ സ്നേഹം മൂലം പൂർത്തീകരിക്കപ്പെടുകയും ഞങ്ങളുടെ കാഴ്ചകൾ നിൻെറ സ്നേഹം മൂലം അംഗീകരിക്കപ്പെടുകയും ഞങ്ങളുടെ പ്രാർത്ഥനകൾ നിൻെറ ശാന്തതയിൽ കലർത്തപ്പെടുകയും ചെയ്യണമേ. രോഗികൾക്ക് സൗഖ്യവും പീഡിതർക്ക് സ്വാസ്ഥ്യതയും ക്ലേശിച്ചിരിക്കുന്നവർക്ക് ആശ്വാസവും മലിനർക്കു നിർമലതയും പാപികൾക്കു പാപമോചനവും തെററുകാർക്കു മോചനവും അശുദ്ധർക്കു വിശുദ്ധിയും സത്യവിശ്വാസപൂർവം നിൻെറ പ്രത്യാശയിൽ മുൻകൂട്ടി നിദ്രപ്രാപിച്ച ഞങ്ങളുടെ പിതാക്കന്മാരും സഹോദരങ്ങളും ഗുരുക്കന്മാരുമായ വിശ്വാസികളായ സകല മരിച്ചുപോയവർക്കും നല്ല ഓർമയും തിരുസന്നിധിയിൽ നിന്ന് ഞങ്ങൾക്കയച്ചുതരണമേ. ജീവിച്ചിരിക്കുന്നവരിൽനിന്നും മരിച്ചുപോയവരിൽ നിന്നും നിനക്കും വാഴ്ത്തപ്പെട്ടവനും ഭാഗ്യവാനും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നിന്നെ അയച്ചവനുമായ നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും പുകഴ്ചയും കരേറുകയും ചെയ്യണമേ.

വേറൊരു പ്രുമിയോൻ

സ്വർഗസേനകളാൽ അദൃശ്യമായി സ്തുതിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യുന്നവനും, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി മനുഷ്യാവതാരത്തിൽ യഥാർത്ഥമായി വ്യത്യാസം കൂടാതെ ഭൂമിയിൽ പെരുമാറിയവനും, ഗോഗുൽത്തായുടെ മുകളിൽ ബലിയർപ്പിക്കപ്പെട്ടിട്ട് തൻെറ വിലാവിൽനി

[illegible]

◆ ܦܪܘܡܝܘܢ ܐܚܪܢܐ

[illegible]

ന്നൊഴുകിയ പാപപരിഹാരപ്രദവും വിശുദ്ധവുമായ രക്തത്തെ ലോകത്തിന് പാപപരിഹാരമായി നൽകിയവനും ആയ അദൃശ്യനും അജ്ഞേയനുമായ കർത്താവിനു സ്തുതി. ഇതാ, വിശുദ്ധ സഭയിൽ പട്ടക്കാരുടെ കൈകളാൽ തൻെറ ശരീരവും രക്തവും വിഭാഗിക്കപ്പെടുന്നു. തൻെറ ശരീരം ഭക്ഷിക്കപ്പെട്ടിട്ടും അതു കുറഞ്ഞുപോകുന്നില്ല. തൻെറ രക്തം കുടിക്കപ്പെട്ടിട്ടും അത് അവസാനിച്ചു പോകുന്നില്ല. ഇതാ, സ്വർഗീയർ തന്നെ സ്തുതിക്കയും ഭൗമികർ തന്നിൽ ആനന്ദിക്കയും ചെയ്യുന്നു. തനിക്കു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും...

സെദ്റോ

വലിയവനും മഹാകാരുണ്യവാനും സകലത്തെയും പൂർത്തീകരിക്കുന്നവനും സകലതും തൻെറ മുമ്പിൽ വെളിവായിരിക്കുന്നതിനാൽ, മനുഷ്യരുടെ മാത്രമല്ല മാലാഖമാരുടെയും പ്രധാന മാലാഖമാരുടെയും കൂട്ടങ്ങളുടെപോലും ഹൃദയങ്ങളെ ശോധന ചെയ്ത് സകല രഹസ്യങ്ങളെയും പരസ്യമാക്കുന്നവനുമായ ദൈവമായ കർത്താവേ, ഈ സമയത്ത് കരുണയോടും ദയയോടും കൂടെ എന്നെ വീക്ഷിക്കണമേ. നിൻെറ തിരുമുഖം എന്നിൽ നിന്ന് തിരിച്ചുകളയരുതേ. നിൻെറ പരിശുദ്ധ ബലിപീഠത്തെയും ജീവനുള്ളതും രക്തരഹിതവുമായ ഈ ബലിയെയും അയോഗ്യതയോടെയെങ്കിലും ഞാൻ സമീപിക്കുന്ന ഈ സമയത്ത് എൻെറ ബലഹീനതയിൽ നിന്ന് നിൻെറ ദൈവത്വം പിൻതിരിയരുതേ. ഞങ്ങൾ മാനസാന്തരപ്പെട്ട് തിരുമുമ്പാകെ ജീവിക്കുവാൻ തക്കവണ്ണം അനുതാപത്തിനു വേണ്ടി നീ നോക്കിപ്പാർത്തിരിക്കുന്നവനാണല്ലോ. കാഴ്ചകളെ കൈക്കൊള്ളുന്നവനായ നീ നിൻെറ പിതാ

വിനു സ്വയം കാഴ്ചയായിത്തീരുകയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നിന്നെ അയച്ച പിതാവിനോടു നിന്റെ കാഴ്ചമൂലം ഞങ്ങളെ അടുപ്പിക്കയും ചെയ്തുവല്ലോ. ഈ സമയത്ത് തിരുസന്നിധിയിലേക്ക് ദൃഷ്ടിയുയർത്തിക്കൊണ്ട് നിന്നോടു ഞാൻ അപേക്ഷിക്കുന്ന, ജീവദായകമായ, നിന്റെ കൂദാശകളെ വിശുദ്ധിയോടെ കൈക്കൊള്ളുവാൻ തക്കവണ്ണം കൃപയോടെ ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും ശുദ്ധീകരിക്കുമാറാകണമേ. നിന്റെ ശരീരം കൈക്കൊള്ളുവാൻ വെടിപ്പോടെ എന്റെ കൈകൾ ഞാൻ നീട്ടുവാൻ തക്കവണ്ണം എന്റെ മനസ്സാക്ഷിയെ വെടിപ്പാക്കണമേ. നിന്റെ രഹസ്യങ്ങളെ കാണുവാൻ—നിന്റെ ശരീരത്തെ എന്നെപ്പോലെയല്ല, നിന്നെപ്പോലെ വീക്ഷിക്കുവാൻ — എന്നിൽ വിശ്വാസം ഉളവാക്കണമേ. നിന്റെ ബലിയെ എന്റെ സ്വന്തകണ്ണുകൾ കൊണ്ടല്ല, ആത്മീയ നയനങ്ങൾകൊണ്ട് ഞാൻ വീക്ഷിക്കുകയെന്നതിനുവേണ്ടി, എന്നിൽ കണ്ണുകളെ സൃഷ്ടിക്കണമേ. ഞാൻ എന്റെ സ്വയത്തെ വിസ്മരിച്ച് നിന്നെ ഓർക്കുകയും എന്റെ ആന്തരീയ നയനങ്ങൾക്കു മുമ്പിൽ നീ മാത്രം ചിത്രീകരിക്കപ്പെടുകയും ചെയ്യണമേ. മഹോന്നതത്തിൽനിന്ന് പരിശുദ്ധ റൂഹാ ഈ രഹസ്യങ്ങളുടെ മേൽ ഇറങ്ങി വരുന്നതായ ഈ സമയത്ത് ഞാൻ ആത്മാവിൽ, ഭൂമിയിൽ നിന്ന് സ്വർഗത്തിലേക്ക് ഉയരുമാറാകണമേ. നിന്റെ ശക്തി അപ്പത്തിൽ കലർത്തപ്പെടുന്നതായ ഈ സമയത്ത് എന്റെ ജീവൻ നിന്റെ ജീവനിൽ കലർത്തപ്പെടണമേ. ഈ വീഞ്ഞ് രൂപാന്തരം പ്രാപിച്ച് രക്തമായി പരിണമിക്കുന്ന ഈ സമയത്ത് എന്റെ ജീവൻ നിന്റെ ജീവനിൽ കലർത്തപ്പെടണമേ. എന്റെ എല്ലാ അവയവങ്ങളിൽ

നിന്നും പാപം മായിക്കപ്പെടണമേ. എന്റെ ആത്മാവിന്റെയും ശരീരത്തിന്റെയും രഹസ്യവും പരസ്യവുമായ മാലിന്യങ്ങൾ ഈ സമയത്ത് എന്നിൽ നിന്നു കഴുകി ക്കളയണമേ. ദയവാനും മഹാകാരുണ്യ വാനുമായ ദൈവമായ കർത്താവേ! ദരിദ്രൻ ഈ സമയത്ത് ലജ്ജയോടെ തിരിച്ചുപോകുവാൻ ഇടയാകരുതേ. “അവന്റെ കൈകാലുകൾ കെട്ടി പുറത്തെ അന്ധകാരത്തിലേക്ക് കൊണ്ടുപോവുക” എന്നു പറയുന്ന കഠിന ശബ്ദം നിന്നിൽ നിന്നു കേൾക്കുവാൻ എനിക്കിടയാകരുതേ. പിന്നെയോ ദൈവമേ! നീ എനിക്കു കൃപയോടെ പാപപരിഹാരവും പാപ പരിഹാരകനും വിശുദ്ധിയും വിശുദ്ധീ കാരകനും ആയിരിക്കണമേ. എന്റെ ബലഹീനതയ്ക്ക് നീ കൈ നീട്ടിത്തന്ന് ഭയങ്കരവും ബഹുമാന്യവുമായ ഈ ബലി തിരുമുമ്പാകെ ഞങ്ങളുടെ രക്ഷയ്ക്കും നിന്റെ ശരണത്തിൽ മുൻകൂട്ടി നിദ്രപ്രാപി ച്ചിരിക്കുന്ന ഞങ്ങളുടെ മാതാപിതാ ക്കളുടെയും ഗുരുക്കന്മാരുടെയും സഹോ ദരീസഹോദരന്മാരുടെയും വീണ്ടെടുപ്പിനും നിന്നോടും വാഴ്ത്തപ്പെട്ടവനും ഭാഗ്യവാനും ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച വനുമായ നിന്റെ പിതാവിനോടും പരിശുദ്ധ റൂഹായോടും ഇപ്പോഴും എപ്പോഴും എന്നേക്കുമുള്ള കൃതജ്ഞതാ പ്രകടനത്തിനും പര്യാപ്തമായിത്തീരുവാൻ നിനക്കു തിരുവിഷ്ടമുണ്ടാകണമേ.

പന്ത്രണ്ട് ശ്ലീഹന്മാരുടെ പ്രുമിയോൻ

സ്വർഗീയ നൽവരങ്ങൾ നൽകുന്ന വനും മനുഷ്യസ്നേഹത്തിന്റെ അള വില്ലാത്ത സമുദ്രവും ദരിദ്രരും ആവശ്യക്കാരും താൻ മൂലം സമൃദ്ധ രാക്കപ്പെടുവാൻ വേണ്ടി തന്റെ സമൃ ദ്ധിയെ ഒഴുക്കിക്കൊടുത്തവനായി ദൈ

ܒܥܕܢܐ ܗܢܐ ܡܪܝܐ ܠܐܠܗܐ ܗܘ ܕܐܬܢܝܚ ܢܦܫܬܐ
ܘܫܘܒܩܢ ܚܛܗ̈ܐ . ܠܐ ܢܬܦܢܐ ܡܣܟܢܐ
ܟܕ ܒܗܬ . ܠܐ ܡܪܝ ܐܫܡܥ ܩܠܐ ܗܘ
ܡܢܟ ܩܫܝܐ ܡܬܐܡܪܢܐ ܕܐܣܘܪܘ
ܐܝܕܘܗܝ ܘܪܓܠܘܗܝ ܘܐܦܩܘܗܝ ܠܚܫܘܟܐ
ܒܪܝܐ . ܐܠܐ ܗܘܝ ܠܝ ܐܠܗܐ ܒܛܝܒܘܬܟ
ܚܘܣܝܐ ܘܡܚܣܝܢܐ ܘܩܘܕܫܐ ܘܡܩܕܫܢܐ.
ܘܠܡܚܝܠܘܬܝ ܐܘܫܛ ܐܝܕܟ ܘܟܠܢ ܘܩܒܠ
ܘܗܕܐ ܕܒܚܬܐ ܡܝܩܪܬܐ ܘܕܚܝܠܬܐ
ܩܕܡܝܟ ܥܠ ܦܘܪܩܢܐ ܕܝܠܢ ܘܥܠ
ܡܥܕܪܢܘܬܐ ܕܐܒܗ̈ܬܢ ܘܪ̈ܒܢ ܘܕܝܠܢ ܕܥܠ
ܣܒܪܟ ܐܬܬܢܝܚܘ ܘܕܐܚ̈ܝܢ ܘܕܐܚܘ̈ܬܢ
ܕܢܗܘܐ ܠܟ ܘܠܐܒܘܟ ܒܪܝܟܐ ܘܫܒܝܚܐ ܕܫܕܪܟ ܠܦܘܪܩܢܢ
ܘܪܘܚܐ ܕܝܠܗ ܩܕܝܫܐ . ܗܫܐ ❖

ܦܪܘܡܝܘܢ ܐܚܪܢܐ ܕܬܪܥܣܪ ܫܠܝ̈ܚܐ ܩܕܝ̈ܫܐ ◆

ܠܗܘ ܝܗܒܐ ܕܡܘ̈ܗܒܬܐ ܡܥ̈ܠܝܬܐ .
ܝܡܐ ܕܠܐ ܡܬܡܫܚܢܐ ܕܪܚܡܬ ܐܢܫܘܬܐ .
ܗܘ ܕܒܡܘܬܪܬܐ ܠܡܣ̈ܟܢܐ ܘܠܣ̈ܢܝܩܐ
ܕܢܬܥܬܪܘܢ ܒܗ ܫܦܥ ܥܘܬܪܗ
ܕܝܠܗ . ܠܡܪܝܐ ܕܝܗܒ ܘܡܦܪܢܣ ܠܟܠܢܫ
ܒܡܘܗܒܬܐ ܘܒܛܝܒܘܬܗ ܒܚܣܝܘܬܗ .

പികദാനങ്ങളിൽ സമൃദ്ധനും ദൂരസ്ഥരും സമീപസ്ഥരും തന്റെ മണിയറയിൽ ആനന്ദം പ്രാപിക്കുമാറ് അവരെ ആകർഷിച്ച ജീവന്റെ തുറമുഖവും നിഷ്കപടമായി തന്നെ അനുഭവിക്കുന്ന നിന് സ്വജാതീയരെയും വിജാതീയരെയും പ്രരിപ്പിക്കുന്ന അനശ്വര ധനവും ആയവനു സ്തുതി. കർത്താവേ! ഈ സമയത്തു ഞങ്ങളുടെ ബലഹീനതയിൽ തൃക്കൺ പാർത്ത് വെടിപ്പോടെ നിന്നെ സമീപിക്കുവാനും വിശുദ്ധവും ജീവദായകവുമായ നിന്റെ രഹസ്യങ്ങളെ കുററം കൂടാതെ സ്പർശിച്ച് തന്മൂലം ഞങ്ങളുടെ ദഹികൾ ശുദ്ധീകരിക്കപ്പെടുകയും ഞങ്ങളുടെ ആത്മാക്കൾ വെടിപ്പാക്കപ്പെടുകയും ഞങ്ങളുടെ മനം നിർമലമാക്കപ്പെടുകയും പാപത്തിന്റെ സകല അഴുക്കിൽ നിന്നും കളങ്കത്തിൽനിന്നും ഞങ്ങൾ ശുദ്ധമാക്കപ്പെടുകയും ചെയ്യുവാൻ കൃപയോടെ ഞങ്ങളെ ഒരുക്കണമേ. നിനക്കു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

തിരുവിഷ്ടത്തോടെ സ്വയം യാഗമായി സമർപ്പിക്കയും ഞങ്ങളുടെ മനുഷ്യവർഗത്തോട് കോപിച്ചിരുന്ന പിതാവാം ദൈവത്തെ തന്റെ ബലിമൂലം പ്രീതിപ്പെടുത്തുകയും മേലുള്ളവരെയും താഴെയുള്ളവരെയും സംയോജിപ്പിക്കയും തന്റെ വിലയേറിയ രക്തം മൂലം സകലത്തേയും സമാധാനപ്പെടുത്തുകയും ചെയ്ത ആചാര്യനും പ്രധാനാചാര്യനുമായ മിശിഹാതമ്പുരാനേ, സർവാധിപതിയായ നീ ഈ സമയത്ത് തിരുമുമ്പാകെ നിലകൊള്ളുന്ന എന്റെ ബലഹീനതയെ കരുണയോടും ദയയോടും കൈക്കൊള്ളുമാറാകണമേ. എന്റെ സ്വന്തമായ മാലിന്യത്തെ നീ ശ്രദ്ധിച്ചുകൊണ്ട്

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
ܘܣܓܕܬܐ ܘܠܥܠܡ ܐܡܝܢ ❖

ܣܕܪܐ

ܟܘܡܪܐ ܘܪܒ ܟܘܡܪ̈ܐ ܡܫܝܚܐ ܐܠܗܐ.
ܗܘ ܕܗܘ ܠܗ ܩܪܒ ܩܘܪܒܢܐ ܕܒܚܬܐ
ܒܦܓܪܗ ܘܕܡܗ ܘܒܨܠܝܒܗ ܦܝܣ ܠܐܠܗܐ
ܐܒܐ ܕܠܐܢܫܘܬܢ ܪܓܝܙ ܗܘܐ. ܘܐܫܝܢ
ܠܥܠܝܐ ܥܡ ܬܚܬܝܐ ܘܥܒܕ ܫܝܢܐ ܒܕܡܗ
ܝܩܝܪܐ. ܐܢܬ ܟܘܡܪܐ ܘܪܒ ܟܘܡܪ̈ܐ ܘܫܠܝܛ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

നിൻെറ പരിശുദ്ധാത്മകൃപയിൽ നിന്ന് നിൻെറ ജനത്തെ നിരോധിക്കരുതേ. എൻെറ വിചാരങ്ങളുടെ അശുദ്ധിയെ നീ ശ്രദ്ധിച്ചുകൊണ്ട്, എൻെറ സ്വന്തമായ കളങ്കങ്ങളും കറകളും നിമിത്തം നിൻെറ ഇടവകയിൽനിന്ന് തിരുമുഖത്തെ തിരിച്ചുകളയരുതേ. എൻെറ മനസ്സിൻെറ മ്ലേച്ഛതയെ നീ പരിഗണിച്ചുകൊണ്ട് നിൻെറ ആടുകളുടെ സങ്കടത്തിൽ അലസത കാണിക്കരുതേ. കർത്താവേ! ഞാൻ ചെയ്തുപോയിട്ടുള്ള നിയമലംഘനങ്ങളെ നീ വീക്ഷിച്ചുകൊണ്ട് നിൻെറ ഭവനാവകാശികളിൽ നിന്ന് നിൻെറ കരുണയെ നീ വിദൂരമാക്കിക്കളയരുതേ. കർത്താവേ! എൻെറ കൈകൾ ചെയ്തുപോയിട്ടുള്ള അനീതികളും പാപങ്ങളും നിമിത്തം നിൻെറ തിരുനാമവാഹികളുടെ കുർബാനകളിൽ നിനക്കു വെറുപ്പു തോന്നരുതേ. കർത്താവേ! തിരുമുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഈ കുർബാനകളിൽ, എൻെറ ശരീരത്തിൻെറ മാലിന്യവും ആത്മാവിൻെറ അശുദ്ധിയും കാരണം, നിനക്ക് അലസത തോന്നുവാനിടയാകരുതേ. കർത്താവേ! പാപിയും കൊള്ളരുതാത്തവനും എന്ന നിലയിൽ എന്നെ വീക്ഷിച്ചിട്ട് , ഞാൻ നിമിത്തം നിൻെറ ജനത്തോട് നീ കോപിക്കുവാനിടയാകരുതേ. കർത്താവേ! എൻെറ വായിൽ നിന്നു വന്നുപോയിട്ടുള്ള നിന്ദ്യമായ സംസാരങ്ങളെ നീ ഓർത്തിട്ട് എൻെറ പ്രാർത്ഥനകളും യാചനകളും നിഷ്ഫലങ്ങളായിത്തീരുവാൻ ഇടയാകരുതേ. ഇതാ, ഈ സമയത്ത് തിരുമുമ്പാകെ വന്നു കൂടിയിരിക്കുന്ന നിൻെറ സഭയ്ക്കുവേണ്ടി കരുണയും കടങ്ങളുടെ ക്ഷമയും പാപമോചനവും നിന്നോടു ഞാൻ അപേക്ഷിക്കുന്നു. കർത്താവേ! എൻെറ സ്വന്തമായ ദുഷ്ടതയെ നീ ശ്രദ്ധിച്ചിട്ട് നിന്നാൽ രക്ഷി

...പ്പെട്ടവരും നിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടിട്ടുള്ളവരുമായ ഇവരിൽ നിന്ന് നിന്റെ കരുണാദാനത്തെ നീ തടുക്കാതെ, എന്റെ അപേക്ഷ ശ്രദ്ധിച്ചു കേട്ട് എന്റെ കളങ്കങ്ങൾ പരിഹരിക്കയും എന്റെ മാലിന്യങ്ങൾ കഴുകിക്കളയുകയും എന്റെ ഹൃദയാശുദ്ധതയെ തുടച്ചു കളയുകയും നിന്റെ കരുണയിൻസോപ്പായാൽ എന്റെ കറകളെ ധവളമാക്കുകയും പാപത്തിന്റെ സകല മ്ലേച്ഛതകളിൽ നിന്നും എന്റെ മനസ്സിനെ വെടിപ്പാക്കുകയും ചെയ്യണമേ. കർത്താവേ! കളിയായോ നിന്ദാപരമായോ ആക്ഷേപകരമായോ ഉള്ള സംസാരങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എന്റെ അധരങ്ങൾക്കും, ഉണർവിലും ഉറക്കത്തിലും എന്നെ ബന്ധിക്കുന്ന നിന്ദ്യങ്ങളും മലിനങ്ങളുമായ ചിന്തകളാൽ കളങ്കപ്പെടാതിരിക്കുന്നതിന് എന്റെ മനസ്സിനും, നീ കാവൽക്കാരനെ നിയമിക്കണമേ. വ്യർഥ ചിന്തകളിലും ദുഷ്ട വ്യാമോഹങ്ങളിലും ഉൾപ്പെടാതിരിക്കുമാറ് എന്റെ ബോധത്തെ നിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചുള്ള ഭീതിയാൽ നീ ബന്ധിക്കണമേ. കർത്താവേ! എനിക്കു വേണ്ടിയും ഈ വിശുദ്ധ കുർബാന നിനക്കണയ്ക്കപ്പെടുന്ന ഈ സമയത്ത് തിരുമുമ്പാകെ നിലകൊള്ളുന്ന നിന്റെ ഇടവക മുഴുവനും വേണ്ടിയും, ആത്മീയവും ശാരീരികവുമായ വെടിപ്പോടെ നിന്നെ വിളിച്ച് മറുപടി ലഭിക്കുവാനും നിന്നോടപേക്ഷിച്ച് കരുണയും ദയയും പാപമോചനവും പ്രാപിക്കുവാനും എനിക്കു കൃപ നല്കണമേ. നീ നല്ലവനും മനുഷ്യസ്നേഹമുള്ളവനുമാകുന്നുവല്ലോ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു.

ܘܢܬܕܟܐ ܡܢ ܟܠܗ ܛܘܠܫܬܐ ܘܕܘܝܘܬܐ .
ܐܦܣ ܡܪܝܐ ܢܛܘܪܐ ܠܦܘܡܝ
ܘܠܣܦܘܬܝ ܘܠܐ ܢܡܠܠܢ ܫܥܝܢܝܬܐ
ܡܣܟܠܠܐ ܘܨܥܪܐ ܘܓܘܕܦܐ .
ܘܠܐ ܢܬܛܠܫܘܢ ܪܥܝܢܝ ܡܢ ܚܘܫܒܐ
ܛܢܦܐ ܘܡܣܝܒܐ ܕܐܣܪܝܢ ܘܡܬܦܪܣܝܢ
ܠܝ ܒܥܝܪܘܬܐ ܘܒܡܕܡܟܘܬܐ . ܐܦܩܘܕ
ܠܗܘܢܐ ܕܝܠܝ ܢܛܘܪܘܬܐ ܘܫܥܒܕܬܐ ܕܝܠܝ
ܠܪܥܝܢܝ ܘܠܐ ܢܬܟܢܫܘܢ ܒܚܘܫܒܐ ܣܪܝܩܐ
ܘܒܪܓܝܓܬܐ ܒܝܫܬܐ . ܫܥܒܕ ܡܪܝܐ
ܘܡܕܥܝ ܒܕܚܠܬܐ ܕܡܐܬܝܬܟ ܬܢܝܢܝܬܐ
ܘܚܘܣܝܐ ܘܪܚܡ ܐܢܫܐ : ܠܟ ܘܠܐܒܘܟ
ܩܕܝܫܐ ܘܠܪܘܚܟ ܩܕܝܫܐ ܫܘܒܚܐ ܘܐܝܩܪܐ
ܗܫܐ ܘܒܟܠܙܒܢ ܘܠܥܠܡ ܥܠܡܝܢ .
ܡܪܝܐ ܐܠܗܐ ܕܝܠܢ ܕܐܬܐ ܠܫܘܪܝܐ . ܘܠܟ
ܐܦ ܡܢܝܢ ܘܐܦ ܐܚܪܢܐ ܘܠܐܦ ܢܦܫܢ
ܨܠܘܬܐ ܗܕܐ ❖

◆ ܩܘܪܒܐ ܐܚܪܢܐ ◆

ܠܗܘ ܕܒܪܐ ܢܫܐ ܘܩܕܫܗ . ܠܗܘ
ܐܡܪܐ ܠܕܒܚܐ ܘܒܥܝܪܐ ܘܡܩܒܠܢܘܬܗ
ܟܠܗܘܢ ܠܟܠܗܘܢ ܕܚܝܐ ܘܡܥܕܪܢܘܬ ܢܦܫܬܐ .

വേറൊരു പ്രുമിയോൻ

തൻെറ ബലിയർപ്പണത്താൽ മൂക ജന്തുക്കളുടെ സകല ബലിയർപ്പണങ്ങളെയും നിറുത്തലാക്കിയ ജീവനുള്ളതും കൊല്ലപ്പെട്ടതുമായ ബലിയും, അറുത്ത് ബലിയർപ്പിക്കപ്പെട്ട കുഞ്ഞാടും, ജീവപ്രദമായ തൻെറ മരണത്താൽ സകല പരേതരെയും ജീവിപ്പിക്കയും സകല മരിച്ചവർക്കും പ്രത്യാശയും ധൈര്യവും നേടിക്കൊടുക്കയും ചെയ്ത ജീവനുള്ള മൃതനും കബറടക്കപ്പെട്ടവനുമായ കർത്താവിന് ഈ ദൈവികമായ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

സ്വർഗത്തിൽ വലിയവനും, ദൈവിക ബലികളെ കൈക്കൊള്ളുന്നവനും, അദൃശ്യനായ തൻെറ പിതാവിന് അംഗീകാരബലിയായി തിരുവിഷ്ടത്തോടെ സ്വയം സമർപ്പിച്ചവനും, ലോകരക്ഷയ്ക്കുവേണ്ടി ഗോഗുൽത്തായുടെ മുകളിൽ സ്വയം യാഗമായി അർപ്പിച്ചവനും, തൻെറ പരിശുദ്ധമായ ബലിപീഠത്തിന്മേൽ തന്നെ ബലിയായി അർപ്പിക്കുന്നതിന് മൺമയർക്ക് അധികാരം നല്കിയവനുമായ മിശിഹാ തമ്പുരാനേ! ഭയങ്കരവും ഭ്രമജനകവുമായ ഈ സമയത്ത് എൻെറ അരിഷ്ടാവസ്ഥയിൽ നീ തൃക്കൺ പാർക്കുമാറാകണമേ. മാലാഖമാർ വിറയ്ക്കുകയും, റാബേമാലാഖമാർ ചൂളുകയും, റീശനുവോസെന്മാർ ഭ്രമിക്കയും മോറാവോസെന്മാർ വിസ്മയിക്കയും, ഹൈലാവോസെന്മാർ ഭയന്നു നിൽക്കുകയും, ശുൽത്തോനെന്മാർ പരിഭ്രമിക്കയും, ക്രൂബെന്മാർ മഹത്വപ്പെടുത്തുകയും, മൗത്ത്ബേന്മാർ ഹാലേലുയ്യാ പാടുകയും, സ്രോപ്പെന്മാർ ചിറകടിച്ചുകൊണ്ട് കാദീൽ പാടുകയും, അദൃശ്യ

ܠܗܘ ܩܛܝܠܐ ܚܝܐ ܘܡܩܒܪܐ ܘܕܬܫܒܘܚܬܗ
ܚܝܐ ܐܝܟ ܠܟܠܗܘܢ ܡܝܬܐ . ܘܣܒܪܐ
ܛܒܐ ܘܬܘܟܠܢܐ ܠܟܠܗܘܢ ܥܢܝܕܐ .
ܘܠܗ ܫܒܚܐ ❖

ܣܕܪܐ

ܡܫܝܚܐ ܐܠܗܐ ܕܝܠܢ . ܗܘ ܪܒܐ
ܕܒܫܡܝܐ . ܗܘ ܡܩܒܠܢܐ ܕܕܒܚܐ
ܐܠܗܝܐ . ܗܘ ܕܠܐܒܘܗܝ ܟܣܝܐ ܩܪܒ ܢܦܫܗ
ܩܘܪܒܢܐ ܡܩܒܠܐ ܠܐܒܐ ܘܒܪܝܚܐ . ܗܘ
ܘܥܠ ܚܝܘܗܝ ܕܥܠܡܐ ܥܠ ܪ̈ܫܝ ܓܓܘܠܬܐ ܩܪܒ
ܦܘܪܩܢܗ ܕܥܠܡܐ . ܐܦ ܝܗܒ ܠܒܪ̈ܢܫܐ
ܘܠܡܩܪܒܘܬܗ ܕܒܚܐ ܥܠ ܡܕܒܚܗ
ܩܕܝܫܐ . ܐܢܬ ܡܪܝ ܒܫܥܬܐ ܕܚܝܠܬܐ ܘܡܬܕܡܪܢܝܬܐ

ായ സ്വർഗീയ മഹോന്നതത്തിൽ നിന്ന് പരിശുദ്ധ റൂഹാ അതിവേഗത്തിൽ—അപ്രത്യക്ഷമായി—ഈ കുർബാനമേൽ പറന്നിറങ്ങിവന്ന് ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്നത്, അഗ്നിക്കടുത്തതും അശരീരങ്ങളുമായ അവരുടെ സൂക്ഷ്മ നയനങ്ങളാൽ അവർ ശ്രദ്ധിച്ചുനോക്കുകയും ചെയ്യുന്ന പരിഭ്രമജനകമായ ഈ സമയത്ത് എന്റെ ബലഹീനതയോട് നീ കരുണചെയ്യണമേ. ദൈവമായ കർത്താവേ! നിന്റെ പരിശുദ്ധ ശരീരത്തെയും രക്തത്തെയും പരിചരിക്കുവാൻ ഞാൻ അയോഗ്യനായിത്തീരത്തക്കവണ്ണം എന്റെ ബലഹീനതയ്ക്ക് ആന്തരീയ കൈകളെ നീ നൽകണമേ. എന്റെ മാലിന്യങ്ങളിൽ നിന്ന് നിന്റെ ദൃഷ്ടിയെ നീ തിരിച്ചുകൊള്ളണമേ. നിന്റെ നീതി എന്റെ പാപ ബാഹുല്യത്തെ ശ്രദ്ധിച്ചു നോക്കരുതേ. നിന്ദ്യമായ എന്റെ വ്യക്തിത്വത്തിന്റെ ബലഹീനതയ്ക്ക് തക്കപോലെയല്ല, നിന്റെ മഹാകരുണയ്ക്കു തക്കപോലെ; എന്റെ പ്രവൃത്തികൾക്കു തക്കപോലെയല്ല, നിന്റെ കരുണയ്ക്കു തക്കവണ്ണം; എന്റെ നടപടികൾക്കനുസരണമായിട്ടല്ല, നിന്റെ ദയയ്ക്കനുസരണമായി; എന്റെ കുററങ്ങൾക്കനുസൃതമായിട്ടല്ല, നിന്റെ കൃപയ്ക്കനുസൃതമായി; എന്റെ മ്ലേച്ഛതയുടെ സംഖ്യാതീതമായ വിവിധത്വത്തിന്നനുസരണമായിട്ടല്ല, നിന്റെ കൃപാപ്രവാഹത്തിന്നനുസരണമായി എന്നോടു നീ പ്രവർത്തിക്കണമേ. ദൈവമായ കർത്താവേ! എന്റെ നിയമലംഘനങ്ങൾ ഹേതുവായി നിന്റെ ജനത്തിൽ നിന്ന് നീ മുഖം തിരിച്ചുകളയരുതേ. എന്റെ വ്യക്തിപരമായ ഭോഷത്വങ്ങൾ നിമിത്തം നിന്റെ പരിശുദ്ധ സഭയെ നിന്റെ ദൈവിക കൃപയിൽനിന്ന് നീ നിരോധിക്കരുതേ. ഞാൻ ചെയ്തുപോയ മ്ലേച്ഛതകൾ ഹേതുവായി നിന്റെ വിശുദ്ധ ആട്ടിൻ

ܘܡܪܚܦܐ ܘܫܪܐ ܥܠܝܗ̇ ܡܩܕܫܢܝܬ ܘܠܐ
ܡܬܚܙܝܢܘܬܐ ܡܢ ܡܪ̈ܘܡܐ ܫܡܝܢܝܐ ܘܠܟܠܗܝܢ :
ܘܢܚܬ ܘܫܪܐ ܥܠ ܩܘܪܒܢܐ ܗܢܐ ܘܡܩܕܫ
ܘܡܩܕܫ ܠܗ̇ . ܥܝ̈ܢܝ ܩܛܝܢܬܐ ܕܗܠܝܢ
ܕܢܘܪܢܝܢ ܐܢܘܢ ܘܠܐ ܦܓܪܢܝܬܐ ܘܚܝܪܝܢ
ܒܫܥܬܐ ܕܪܗܒܬܐ ܗܕܐ ܚܘܣ ܥܠ ܡܚܝܠܘܬܝ .
ܐܠܗܝ ܡܪܝܐ ܡܢ ܬܫܡܫܬܟ . ܠܐ ܬܫܘܝܢܝ
ܕܐܗܘܐ ܠܐ ܫܘܐ ܠܐܝܕܝܟ ܪܘܚܢܝ̈ܬܐ .
ܢܦܫܝ ܟܬܝܒܬ ܐܝܟ ܚܛܗ̈ܝ ܘܡܚܝܠܘܬܝ : ܘܠܐ ܐܝܟ
ܡܚܝܠܘܬܐ ܕܢܦܫܝ ܘܒܨܝܪܘܬܐ . ܐܝܟ ܪܒܘܬ
ܠܪ̈ܚܡܝܟ ܘܠܐ ܐܝܟ ܥܒ̈ܕܝ . ܐܝܟ
ܡܪܚܡܢܘܬܟ ܘܠܐ ܐܝܟ ܗܘܦܟ̈ܝ . ܐܝܟ
ܛܝܒܘܬܟ ܘܠܐ ܐܝܟ ܣܟܠ̈ܘܬܝ . ܐܝܟ
ܚܢܢܘܬܐ ܘܛܝܒܘܬܟ ܘܠܐ ܐܝܟ ܐܣܓܝܐܘܬ ܠܐ
ܡܬܡܢܝܢܘܬܐ ܕܛܘܫܝܐ . ܠܐ ܬܗܦܘܟ ܐܦܝܟ
ܡܢ ܥܡܐ ܕܝܠܟ . ܘܠܐ ܡܛܠ ܣܟܠܘܬܐ
ܘܡܥܡܕ ܠܗܝ ܠܕܝܠܟ ܥܕܬܐ ܡܢ
ܡܥܕܪܢܘܬܐ ܐܠܗܝܬܐ . ܘܠܐ ܡܛܠ ܫܛܝܘܬܐ
ܘܫܘܪܝ ܐܟܠܐ ܕܢܦܫܝ ܚܛܗܐ ܡܢ ܥܕܬܐ
ܡܠܝܢܐ ܘܐܘܪܚ ܚܛܗܐ . ܐܝ ܕܡܢ ܐܢܐ
ܢܦܫܬ ܐܘܠܨܢܐ ܕܟܠܗܘܢ ܐܢܫܐ ܡܥܕܪܢܘܬܐ
ܡܢ ܠܢܦܫܝ . ܐܘ ܘܟܠܐ ܠܟܠܢܫܐ ܐܦ ܗܘ :

കൂട്ടത്തിലെ വിവേക ബുദ്ധിയുള്ളവരായ ആടുകളിൽ നിന്ന് നിന്റെ പരിശുദ്ധ റൂഹായെ നീ നിരോധിക്കരുതേ. എന്തെന്നാൽ ഞാൻ പാപവും തെററും ചെയ്തിട്ടുണ്ടെങ്കിൽ പരമാർഥികളായ ഈ കുഞ്ഞാടുകൾ എന്തു പിഴച്ചു ? മടിയനായ ഇടയൻ തെററുചെയ്തെങ്കിൽ പരമാർഥികളും നിർമലരുമായ അവന്റെ ആടുകൾ എന്തു പിഴച്ചു? നിന്റെ ദൈവിക രൂപത്തിൽ ഇവരെ നീ സൃഷ്ടിച്ചുവല്ലൊ; എന്റെ പാപങ്ങൾ കാരണം ഇവരെ നീ നശിപ്പിക്കരുതേ. നിന്റെ സുന്ദരമായ ഛായയിൽ ഇവരെ നീ നിർമിച്ചുവല്ലൊ; എന്റെ മാലിന്യങ്ങൾ കാരണം ഇവരെ നീ തള്ളിക്കളയരുതേ. വിലയേറിയ നിന്റെ രക്തത്താൽ ഇവരെ നീ വിലയ്ക്കു വാങ്ങിയിരിക്കുന്നുവല്ലോ; എന്റെ കളങ്കങ്ങൾ ഹേതുവായി നിന്റെ കരുണാ വാതുക്കൽ നിന്ന് ഇവരെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധ സ്ലീബായാൽ ഇവരെ നീ രക്ഷിച്ചുവല്ലോ; എന്റെ പ്രവൃത്തികളുടെ അശുദ്ധി കാരണം നിന്റെ നൽവരത്തിൽ നിന്ന് ഇവരെ അകററിക്കളയരുതേ: നിന്റെ ബഹുമാന്യമായ കഷ്ടാനുഭവങ്ങൾ മൂലം ഇവരെ നീ രക്ഷിച്ചുവല്ലോ; എന്റെ നിയമലംഘനങ്ങൾ കാരണം നിന്റെ ദിവ്യദാനങ്ങളിൽ നിന്ന് ഈ സമയത്ത് ഇവരെ തള്ളിക്കളയരുതേ. എന്നാലോ നിന്റെ കരുണാബാഹുല്യത്താലും നിന്റെ കൃപയുടെ പൂർണസഹായത്താലും എന്റെ ആത്മാവിനെയും ഇവരുടെ ആത്മാക്കളെയും നീ ശുദ്ധീകരിച്ചു കൊള്ളണമേ. എന്റെ ആന്തരീയ അവയവങ്ങളെയും ഇവരുടെ അവയവങ്ങളെയും വെടിപ്പാക്കണമേ. എന്റെ ഹീന മനസ്സാക്ഷിയെയും ഇവരുടെ മനസ്സാക്ഷികളെയും തുടച്ചു നന്നാക്കണമേ. നിന്റെ വിശുദ്ധ രഹസ്യങ്ങളെ സ്പർശിക്കു

വാൻ എന്റെ ബലഹീനതയെയും അവ ഗിൽ സംബന്ധിക്കുവാൻ ഇവരെയും നീ അർഹരാക്കിത്തീർക്കണമേ. ദൈവികമായ നിന്റെ ശരീരത്തെയും രക്തത്തെയും തൊടുവാൻ എന്റെ കൈകളെയും അവയെ അനുഭവിക്കുവാൻ ഇവരുടെ വായ്കളെയും നീ വെടിപ്പാക്കുമാറാകണമേ. കർത്താവേ! ഞങ്ങളെല്ലാവരുടെയും വായ്കളിൽ നിന്ന് കൂട്ടമായും, ഞങ്ങളെല്ലാവരുടെയും നാവുകളിൽ നിന്ന് യോഗ്യമായും നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും പുതിയ സ്തുതി കരേറുകയും ചെയ്യുമാറാകണമേ.

ܦܘܡܐ ܕܟܠܢ ܟܢܫܐܝܬ ܘܠܫܢܐ ܕܟܠܢ
ܐܘܡܬܢܝܬ ܬܫܒܘܚܬܐ ܚܕܬܐ ܢܣܩ ܠܟ
ܘܠܐܒܘܟ ܘܠܪܘܚܟ ܩܕܝܫܐ . ܗܫܐ ❖

പെസഹായുടെ പ്രുമിയോൻ

ܦܪܘܡܝܘܢ ܐܚܪܢܐ ◆

വിശുദ്ധീകരണം നൽകുന്ന കൂദാശകളെ ശുദ്ധീകരിക്കുന്നവനും, വെടിപ്പു നൽകുന്ന കാഴ്ചകളെ അംഗീകരിക്കുന്നവനും, ഒരു പ്രാവശ്യമായി ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി പ്രാണാർപ്പണം ചെയ്ത് തന്റെ രക്തം മൂലം ഞങ്ങളുടെ തെററുകൾക്ക് വെടിപ്പു വരുത്തുകയും തന്റെ യാഗാർപ്പണം മൂലം ഭൂതലത്തിനു പാപപരിഹാരം നൽകുകയും ചെയ്ത മഹാ പ്രധാനാചാര്യനും ആയ കർത്താവിനു ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

ܠܗܘ ܡܩܕܫܢܐ ܕܩܘܕ̈ܫܐ ܡܩܕ̈ܫܢܐ .
ܠܗܘ ܡܩܒܠܢܐ ܕܩܘܪ̈ܒܢܐ ܡܕܟ̈ܝܢܐ .
ܠܗܘ ܡܢܝܚܢܐ ܕܚܘ̈ܣܝܐ ܐܠܨܝܐ . ܠܗܘ
ܕܢܦܫܗ ܩܘܪܒܢܐ ܩܪܒ ܚܕܐ ܙܒܢ ܚܠܦ
ܚܘܒܝ̈ܢ ܘܒܕܡܗ ܡܕܟܐ ܠܣܘܪ̈ܚܢܝܢ : ܘܒܕܒܚܬܗ
ܚܘܣܝܐ ܠܬܒܝܠ . ܘܠܗ ܪܒܐ ܕܟܘܡܪ̈ܐ
ܕܒܚܬܗ . ܠܡܠܟܐ ܘܠܗ ܐܠܗܐ ܡܫܝܚܐ ❖

സെദ്റോ

ܣܕܪܐ ◆

പ്രകൃത്യാ ഉത്തമനും വിശുദ്ധർക്കു കൃപയോടെ വിശുദ്ധത നൽകുന്നവനും രഹസ്യപൂർണമായ മാളികയിൽവച്ച് നിന്റെ പാപപരിഹാരപ്രദമായ ശരീരം വിശുദ്ധ ശിഷ്യർക്ക് മുറിച്ചു കൊടുക്കുകയും, സകല വിശ്വാസികൾക്കും പാപപരിഹാരത്തിനുവേണ്ടി തന്റെ വിലയേറിയ

ܡܫܝܚܐ ܐܠܗܐ ܕܐܝܬ ܗܘ ܛܒܐ
ܒܟܝܢܗ ܡܢܗ ܩܘܕܫܐ ܠܩܕܝ̈ܫܐ
ܒܛܝܒܘܬܗ . ܗܘ ܕܒܥܠܝܬܐ ܪܐܙܢܝܬܐ
ܡܚܣܝܢܐ ܠܬܠܡܝ̈ܕܘܗܝ ܩܕܝ̈ܫܐ ܦܓܪܗ
ܩܨܐ . ܘܕܡܗ ܝܩܝܪܐ ܠܟܠܗܘܢ ܡܗܝܡܢ̈ܐ
ܚܘܣܝܐ ܠܟܠܗܘܢ ܡܚܣܝܢܐ ܠܡܘܚܣܢܐ
ܘܫܒܩܢܐ ܕܚܘ̈ܒܝܢ . ܘܟܕ ܐܢܘܢ ܘܐܦ ܚܢܢ
ܠܗܘܢ ܘܕܝܠܢ ܐܠܗܐ ܢܩܪܒ
ܠܬܪܥܝܬܢ . ܗܫܐ ܡܪܢ ܒܪܚܡܐ

രക്തം പകർന്നുകൊടുക്കുകയും, “എൻെറ ഓർമയ്ക്കു വേണ്ടി ഇപ്രകാരം ചെയ്തുകൊൾവിൻ” എന്ന് അവരോടു കല്പിക്കയും ചെയ്തവനുമായ മിശിഹാതമ്പുരാനേ! ഇപ്പോൾ അയോഗ്യനായ എന്നെ പരിശുദ്ധാത്മാവാൽ ആചാര്യശുശ്രൂഷയനുഷ്ഠിക്കുന്നതിനുവേണ്ടി, നിൻെറ മഹാകരുണയാൽ നീ വിളിച്ചുവരുത്തിയിരിക്കുന്നുവല്ലോ. തന്മൂലം ദൈവികവും ആത്മീയവുമായ ഈ ബലിയെ നിരീക്ഷണം ചെയ്തുകൊണ്ട് ആത്മീയ സന്തോഷത്തോടുകൂടി ഞങ്ങൾ കീർത്തിച്ചുപറയുന്നു: രക്ഷയ്ക്കുവേണ്ടി ഞങ്ങൾക്കു നല്കപ്പെട്ടിരിക്കുന്ന ദൈവികബലി ഇതാകുന്നു. ഞങ്ങളുടെ കളങ്കങ്ങൾ വെടിപ്പാക്കപ്പെടുകയും പാപങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന ദൈവികബലി ഇതാകുന്നു. പൂർണന്മാർ തന്മൂലം സ്വർഗത്തിലേക്കുയരുന്ന ദൈവികബലി ഇതാകുന്നു. ലോകത്തിൻെറ ജീവനുവേണ്ടി രക്തം കൂടാതെ അർപ്പിക്കപ്പെടുന്ന ദൈവികബലി ഇതാകുന്നു. ഹാബേൽ തൻെറ അംഗീകാരബലിമൂലം ഏതൊരു നിഷ്കളങ്കബലിയെ സൂചിപ്പിച്ചുവോ ആ ദൈവിക ബലി ഇതാകുന്നു. വിശ്വാസികളും രക്ഷിതരുമായ ഞങ്ങൾക്ക് സ്വർഗീയ വാഗ്ദാനങ്ങളുടെ സങ്കേതസ്ഥാനം നിർദേശിച്ചുതന്ന ദൈവികബലി ഇതാകുന്നു. ഞങ്ങളുടെ ആത്മാക്കൾക്കും ശരീരങ്ങൾക്കും രക്ഷയുടെ ആയുധം പ്രദാനം ചെയ്ത ദൈവികബലി ഇതാകുന്നു. പാപികളുടെ കുററങ്ങളും പാപങ്ങളും തന്മൂലം ക്ഷമിക്കപ്പെടുന്നതായ ദൈവിക ബലി ഇതാകുന്നു. “കർത്താവ് നല്ലവനാകുന്നു എന്ന് രുചിച്ചറിവിൻ” എന്നു പറഞ്ഞുകൊണ്ട് ദിവ്യാത്മദീർഘദർശിയായ ദാവീദു സൂചിപ്പിച്ച ദൈവിക ബലി ഇതാകുന്നു.

ܘܠܬܠܡܝܕܘܗܝ [illegible]
[illegible] ܠܥܘܗܕܢܝ
[illegible] ܡܫܝܚܐ [illegible]
[illegible]
[illegible] . ܘܗܕܐ ܗܝ ܕܒܚܬܐ
ܐܠܗܝܬܐ [illegible] .
ܗܕܐ ܗܝ ܕܒܚܬܐ ܐܠܗܝܬܐ [illegible]
[illegible] .
ܗܕܐ ܗܝ ܕܒܚܬܐ ܐܠܗܝܬܐ [illegible]
[illegible] . ܗܕܐ ܗܝ
ܕܒܚܬܐ ܐܠܗܝܬܐ [illegible]
[illegible] . ܗܕܐ ܗܝ
ܕܒܚܬܐ ܐܠܗܝܬܐ [illegible]
[illegible]
[illegible] . ܗܕܐ ܗܝ ܕܒܚܬܐ ܐܠܗܝܬܐ
[illegible]
[illegible] . ܗܕܐ ܗܝ ܕܒܚܬܐ
ܐܠܗܝܬܐ [illegible]
[illegible] . ܗܕܐ ܗܝ ܕܒܚܬܐ
ܐܠܗܝܬܐ [illegible]
[illegible] . ܗܕܐ ܗܝ
ܕܒܚܬܐ ܐܠܗܝܬܐ [illegible]
[illegible]

മഹാപുരോഹിതനായ യൂസോദോക്കിന്റെ പുത്രൻ യോശുവാ, യാതൊന്നിനാൽ തന്റെ മലിനവസ്ത്രങ്ങൾ ഊരിഞ്ഞുകളഞ്ഞുവോ ആ ദൈവിക ബലി ഇതാകുന്നു. ഏശായാ ദീർഘദർശിക്ക് ഒരു നിക്ഷേപമായി അഗ്നിക്കൊടിലുകൊണ്ട് നല്കപ്പെട്ട ദൈവികബലി ഇതാകുന്നു. മഹാപ്രധാനാചാര്യനായ മല്ക്കിസദേക്ക് , താൻ സമർപ്പിച്ച അപ്പവും വീഞ്ഞും മൂലം ഏതൊരു നിർമല ബലിയെ സൂചിപ്പിച്ചുവോ ആ ദൈവിക ബലി ഇതാകുന്നു. സന്ധ്യാസമയത്ത് അറുക്കപ്പെട്ട കുഞ്ഞാടുമൂലം കർത്താവിന്റെ ദീർഘദർശി യാതൊന്നിന്റെ ദൃഷ്ടാന്തം കാണിച്ചിരുന്നുവോ ആ ദൈവിക ബലി ഇതാകുന്നു. സകല നീതിമാന്മാരും പുണ്യവാന്മാരും പ്രത്യക്ഷമായി കാണുവാൻ കാത്തിരിക്കയും എന്നാൽ കാണാൻ കഴിയാതിരിക്കയും ചെയ്ത ദൈവിക ബലി ഇതാകുന്നു. വീണ്ടും ജനനം പ്രാപിച്ച വിജാതീയരുടെ കടങ്ങൾ യാതൊന്നിനാൽ പരിഹരിക്കപ്പെടുകയും കുററങ്ങൾ ക്ഷമിക്കപ്പെടുകയും ചെയ്യുന്നുവോ ആ ദൈവികബലി ഇതാകുന്നു. പരിശുദ്ധമായ ശരീരത്തെയും പാപപരിഹാരപ്രദമായ രക്തത്തെയും വിശ്വാസികൾക്കു പ്രദാനം ചെയ്യുന്ന ദൈവിക ബലി ഇതാകുന്നു. ദീർഘദർശിമാരിൽ തലവനായ മോശ, പീഠത്തിന്മേൽ സൂക്ഷിച്ചുവന്ന കാഴ്ചയപ്പം മൂലം സൂചിപ്പിച്ചതായ ദൈവികബലി ഇതാകുന്നു. അഗ്നിമയന്മാരും ആത്മീയരുമായ ക്രോബേന്മാരും സ്രോപ്പേന്മാരും യാതൊന്നിന്റെ മുമ്പാകെ വിറച്ചുകൊണ്ട് നിൽക്കുന്നുവോ ആ ദൈവികബലി ഇതാകുന്നു. പിതാവിനോടും ഏകപുത്രനോടും ഒന്നായിരിക്കുന്ന പരിശുദ്ധ റൂഹാ യാതൊന്നിന്മേൽ ആവസിച്ച് ശുദ്ധീകരിക്കുന്നുവോ ആ ദൈവികബലി

ഇതാകുന്നു. അനാദ്യന്തനായ പിതാവ് പൂർത്തിയാക്കുകയും, വാത്സല്യപുത്രൻ അനുഷ്ഠിക്കയും, പരിശുദ്ധറൂഹാ ശുദ്ധീകരിക്കയും ചെയ്തിട്ടുള്ള ദൈവിക ബലി ഇതാകുന്നു . ദൈവികത്രിത്വത്തിൽ മദ്ധ്യവർത്തിയായവൻ തന്റെ തിരുമേനിയുടെ കഷ്ടാനുഭവങ്ങൾ മൂലം നിർവഹിച്ചതായ ആ ദൈവിക ബലി ഇതാകുന്നു. നാമും വിശ്വാസികളായ നമ്മുടെ മരിച്ചുപോയവരും തന്റെയും തന്റെ പിതാവിന്റെയും പരിശുദ്ധ റൂഹായുടെയും ശ്രേഷ്ഠതയുടെ മഹിമയ്ക്കും നൽവര സമൃദ്ധിക്കും അർഹരായിത്തീരുവാൻ വേണ്ടി, ബലഹീനരും പാപികളുമായ നാം തിരുസന്നിധിയിൽ സമർപ്പിക്കുന്നതായ ഈ ധൂപത്തോടുകൂടി ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ നമുക്ക് ഓർത്ത് മഹത്ത്വപ്പെടുത്താം.

മാർ യോഹന്നാൻ ശ്ലീഹായുടെ പ്രുമിയോൻ

കരുണയോടെ ഞങ്ങളുടെ അടുക്കലേക്കു സ്വയം ഇറങ്ങിവന്ന് ബലഹീനരായ ഞങ്ങളെ ദയാപുരസ്സരം തിരുസന്നിധിയിലേക്കുയർത്തിയ ദൈവത്വത്തിന്റെ ശ്രേഷ്ഠവും അദൃശ്യവുമായ സ്വഭാവവും, തന്റെ സേവനത്തിനു ഞങ്ങളെ ശുദ്ധീകരിക്കുവാനായി ഞങ്ങൾക്കുവേണ്ടി സ്വയം പ്രതിഷ്ഠിച്ച വിശുദ്ധീകരണം നൽകുന്നവനും, സ്തുതിക്കപ്പെടുന്നവനും സ്തുതിഗായകന്മാരുടെ സ്തുതികളെ സദാ അംഗീകരിക്കുന്നവനും, തന്റെ ദിവ്യരഹസ്യങ്ങളുടെ പുരോഹിതന്മാരും അനുഷ്ഠാനകന്മാരുമായി ഞങ്ങളെ നിയമിക്കയും തന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും ഓർമ

യെ അപ്പവും വീഞ്ഞും കൊണ്ട് അവിസ്മരണീയമായി നിർവഹിച്ചു കൊള്ളുവാൻ ഞങ്ങൾക്കു നിർദ്ദേശം നൽകുകയും ചെയ്ത ഉത്തമ നാഥനും ആയ കർത്താവിന് ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും....

സെദ്റോ

അപ്രമേയവും അചിന്ത്യവുമായ സ്വയം ഭൂവിൽനിന്ന് അനാദ്യന്തമായും കാലാതീതമായും ജാതം ചെയ്യുകയും കാലത്തികവിൽ ഞങ്ങളുടെ രക്ഷയെപ്രതി ദൈവമാതാവിൽ നിന്ന് വ്യാഖ്യാനാതീതമായ നിലയിൽ ജഡം ധരിക്കയും ചെയ്ത അപ്രമേയ സ്വയംഭൂവായവനേ! നിനക്കു സ്തുതി. നീ കാഴ്ചകളെ കൈക്കൊള്ളുന്നവനായിരിക്കെ ഞങ്ങൾക്കുവേണ്ടി ഗോഗുൽത്തായുടെ മുകളിൽ വച്ച് തിരുവിഷ്ടത്തോടെ സ്വയം യാഗമായി അർപ്പിച്ചു. ദരിദ്രരും അരിഷ്ടരും നിന്ദ്യമാം വണ്ണം പാപത്താൽ മലിനപ്പെട്ടിരിക്കുന്നവരുമായ ഞങ്ങളെ നിൻെറ കൂദാശകളുടെ അനുഷ്ഠാനം നീ കരുണയോടെ വിശ്വാസപൂർവം ഭരമേല്പിച്ചു. നിൻെറ മാനുഷിക ജനനത്തിൻെറ ഓർമയെ എപ്പോഴും അനുഷ്ഠിക്കുവാനും ശ്രേഷ്ഠമായ നിൻെറ ത്രോണോസിന്മേൽ നിൻെറ ദൈവിക ജനനത്തെ അവർണ്ണ്യമായ നിലയിൽ പ്രകീർത്തിക്കുവാനുംവേണ്ടി, നിൻെറ പരിശുദ്ധ ബലിപീഠത്തിൻ മുമ്പാകെ ഞങ്ങളെ പ്രതിഷ്ഠിക്കയും ചെയ്തിരിക്കുന്നു. ആകയാൽ കർത്താവേ! ഹൃദയവേദനയോടെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു: ഈ ധൂപത്തെ ദയാപൂർവം ഞങ്ങളിൽ നിന്നംഗീകരിച്ച് ഇതുമൂലം ഞങ്ങൾക്കു നിൻെറ കരുണയും കൃപയും പ്രീതിയോടെ അയച്ചുതരുമാറാകണമേ. സങ്കടപൂർവം നിന്നോടു പ്രാർഥിക്കയും നിഷ്കളങ്ക

[illegible]
[illegible]
[illegible] ܘܠܗ ܝܐܐ ❖

ܣܕܪܐ ◆

ܫܘܒܚܐ ܠܟ ܐܝܬܝܐ ܠܐ ܡܬܡܫܚܢܐ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

തയോടെ നിന്നെ സമീപിച്ച് ശുശ്രൂഷിക്കയും പാപപരിഹാരപ്രദമായ നിൻെറ ശരീര രക്തങ്ങളെ അനുഭവിക്കയും ചെയ്യുവാൻ ഞങ്ങൾക്കിടയാകുമാറ് നിർമലഹൃദയത്തിനനുയോജ്യമായ വായും, വിവേക മനസ്സിന്നനുയോജ്യമായ നിർമല നാവും ഞങ്ങൾക്കു നൽകണമേ. കർത്താവേ! പരിശുദ്ധാത്മാവു പറന്നു വന്ന് നിൻെറ രഹസ്യങ്ങളുടെ മേൽ ആവസിക്കുന്നതായ ഈ സമയത്ത് ഞാനും അദൃശ്യമായി ആത്മീയ ചിറകുകളാൽ നിൻെറ വിശിഷ്ടമായ നിവാസ സ്ഥാനത്തേക്കു പറന്നെത്തുമാറാകണമേ. കർത്താവേ! നിൻെറ പരിശുദ്ധ റൂഹാ ഈ അപ്പത്തിൻെറയും വീഞ്ഞിൻെറയും മേൽ പറന്നുവന്ന് ഇവയെ ദൈവമാതാവായ കന്യകമറിയാമിൽ നിന്നുള്ള യഥാർഥ ശരീരരക്തങ്ങളാക്കിത്തീർക്കുന്ന ഈ സമയത്ത്, ഞാനും നിൻെറ ശ്രേഷ്ഠമായ സിംഹാസന സന്നിധിയിലേക്ക് ആന്തരീയമായി—മനഃചിന്തയിൽ—പറന്നുയരുമാറാകണമേ. കർത്താവേ! സ്വർഗീയ സേനകൾ ഭയത്തോടെ നിന്നുകൊണ്ട് വിസ്മയപൂർവം ഞങ്ങളെ ശ്രദ്ധിച്ചുനോക്കിക്കൊണ്ടിരിക്കുന്ന ഈ സമയത്ത് സകല നിന്ദ്യതയിൽ നിന്നും പരിപൂർണം സ്വതന്ത്രമായ ഹൃദയത്തോടെ ഞങ്ങളെ നിറുത്തിക്കൊള്ളണമേ. കർത്താവേ! മാലാഖമാരുടെ ഗണങ്ങളും ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും വിശുദ്ധന്മാരുടെയും ആത്മാക്കളും വിസ്മയനീയമാം വിധം ഇറങ്ങിവന്ന് ഈ ബലിപീഠത്തിനു ചുററും നിന്നുകൊണ്ട് ഈ ബലിയിൽ ആത്മീയമായി സംബന്ധിക്കുന്ന ഈ സമയത്ത് ക്രിസ്ത്യാനിക്കുചിതമായ നിലയിൽ ശുശ്രൂഷ നടത്തുവാൻ ഞങ്ങൾക്കിട

യാക്കണമേ. നിന്റെ പരിശുദ്ധറൂഹായാൽ ഉചിതമായി ഞങ്ങളെ ശുദ്ധീകരിച്ചു കൊള്ളണമേ. നിന്റെ പുരോഹിതനായ മൽക്കിസദേക്കിന്റെയും നിന്റെ സ്നേഹിതനായ അബ്രഹാമിന്റെയും കാഴ്ചകൾ പോലെ ഈ കുർബാനയെ സ്നേഹപൂർവം ഞങ്ങളിൽ നിന്നു കൈക്കൊള്ളണമേ. നിന്റെ പുരോഹിതന്മാരായ മോശയുടെയും അഹറോന്റെയും ബലികളിൽ എന്നപോലെ ഇതിൽ സമാധാനപൂർവം നീ പ്രീതി പ്പെടണമേ. നിന്റെ പരിശുദ്ധ ശ്ലീഹന്മാരുടെ പൗരോഹിത്യ സേവനത്തിൽ നീ പ്രീതിപ്പെട്ടതുപോലെ ഇതിലും നിന്റെ കർതൃത്വം സന്തുഷ്ടിപ്പെടുമാറാകണമേ. കർത്താവേ! ഇതിലുള്ള ഞങ്ങളുടെ സംബന്ധം പുതിയ ലോകത്തിൽ നിന്റെ കൂടെയുള്ള ആനന്ദാനുഭവത്തിനും കടങ്ങളുടെ പരിഹാരത്തിനും, ഉത്തമ യാചനകളുടെ മറുപടിക്കും രോഗികളുടെ ആശ്വാസത്തിനും പിശാചുബാധിതരുടെ മോചനത്തിനും മാർഗഭ്രംശം ഭവിച്ചവരുടെ മാനസാന്തരത്തിനും കോപിച്ചിരിക്കുന്നവരുടെ സ്നേഹത്തിനും രാജ്യങ്ങളുടെ ശാന്തതയ്ക്കും കുററക്കാരുടെയും പാപികളുടെയും അംഗീകരണത്തിനും ലോകം മുഴുവന്റെയും സംരക്ഷയ്ക്കും സംവത്സരങ്ങളുടെ അനുഗ്രഹ വർദ്ധനവിനും പര്യാപ്തമാക്കിത്തീർക്കണമേ. കർത്താവേ! നിന്റെ ഭൃത്യരും പുരോഹിതന്മാരുമായ ഞങ്ങൾക്കു നിന്റെ മദ്ധ്യസ്ഥ മൂലം ഞങ്ങളുടെ താലന്തുകൾ കുറവുകൂടാതെ നിന്നെ ഏല്പിക്കുവാൻ ഇടയാക്കണമേ. "പ്രയോജനമില്ലാത്തവനും മടിയനുമായ ഭൃത്യനെ പുറത്തെ അന്ധകാരത്തിലേക്കു കൊണ്ടുപോവുക" എന്നു പറയുന്ന കഠിനശബ്ദം നിന്നിൽ നിന്ന്

കേൾക്കുവാൻ ഞങ്ങൾക്കിടയാകരുതേ. പിന്നെയോ,"എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! അകത്തു വരുവിൻ, സകല തിരഞ്ഞെടുക്കപ്പെട്ടവരോടും കൂടെ ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യം അനുഭവിച്ചു കൊൾവിൻ" എന്നു സമാധാനപൂർവം അരുളുന്ന സന്തോഷപ്രദമായ ശബ്ദം നിന്നിൽ നിന്ന് ഞങ്ങൾ കേൾക്കുവാൻ ഇടയാക്കണമേ. അവരോടൊരുമിച്ച് ഇപ്പോഴും എപ്പോഴും എന്നേക്കും പരിശുദ്ധ ത്രിത്വത്തിനു ഞങ്ങൾ സ്തുതി കരേററുകയും ചെയ്യുന്നു.

മോർ ഇഗ്നാത്തിയോസിൻെറ പ്രുമിയോൻ

വിശുദ്ധന്മാരാൽ വിശുദ്ധമായി ശുദ്ധീകരിക്കപ്പെടുന്നവനും ത്രിത്വമായി കാദീൾ പാടപ്പെടുന്നവനും ദൈവമെന്ന നിലയിൽ മഹോന്നതനും ഭൗമികരാൽ മനുഷ്യനും ദൈവവുമെന്നവണ്ണം സ്തുതിക്കപ്പെടുന്നവനുമായ പരിശുദ്ധനായ കർത്താവിന് സ്തുതി. തനിക്ക് ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ നേരത്തും....

സെദ്റോ

നല്ലവനും ദയാലുവും ലോകത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ച് ക്രമപ്പെടുത്തുന്നവനുമായുള്ളോവേ! ഞങ്ങളോടുള്ള നിൻെറ അനേക കൃപകളിൽ ഒന്നിനെക്കുറിച്ചുപോലും സ്തുതി അർപ്പിക്കുവാൻ സകല സൃഷ്ടികളുടെയും വായ്കളും നാവുകളും കൂടിയാലും മതിയാകുന്നതല്ല. ദൂരസ്ഥരും നിഷിദ്ധരും പാപാന്ധകാരത്തിൽ ഇരുന്നവരും നിൻെറ തിരുനാമത്താൽ രക്ഷിതരുമായ ഞങ്ങൾക്കു മാത്രമാണല്ലോ ഈ ദാനം നീ ഭരമേല്പിച്ചിട്ടുള്ളത് . മാലാഖമാർക്കാകട്ടെ, ആദിമ പിതാക്കന്മാർക്കാകട്ടെ, അവർക്കു ശേഷമുള്ള പ്രവാചകന്മാർക്കാകട്ടെ ഇത് നൽകപ്പെട്ടിട്ടില്ലല്ലോ. അയോഗ്യരായ ഞങ്ങൾക്കുവേണ്ടി അറുക്കപ്പെടുവാനായി നീ എഴുന്നള്ളിവന്നു. അപരിമിതനായ നീ നിൻെറ സ്നേഹം മൂലം ഞങ്ങൾക്ക് ഭക്ഷിക്കാവുന്നവനും പാനം ചെയ്യാവുന്നവനുമായിത്തീർന്നു. നിൻെറ തിരുശരീരരക്തങ്ങളാകുന്ന അക്ഷയപോഷണത്താൽ നീ എപ്പോഴും ഞങ്ങളെ തൃപ്തിപ്പെടുത്തുന്നു. ഒരിക്കലും ഞങ്ങളുടെ ആത്മാക്കളിൽ നിന്ന് മാഞ്ഞുപോകാത്ത ആനന്ദം നീ തരുന്നു. ആകയാൽ നാഥാ ഞങ്ങൾക്കായുള്ള നിൻെറ ഈ ദാനത്തിനു പ്രതിഫലമായി ഞങ്ങൾ എന്തു സമർപ്പിക്കേണ്ടു? അഗ്നിമയന്മാർക്കു പോലും പുകഴ്ത്തുവാൻ സാദ്ധ്യമല്ലാത്തവനായ നിന്നെ പുകഴ്ത്തുവാൻ മതിയാകത്തക്ക നാവ് ഞങ്ങൾക്ക് എവിടെ നിന്ന് . അവർണനീയനും ബോധനീയനുമല്ലാത്തവനായ നീ പ്രതിദിനം ഭക്ഷിക്കപ്പെട്ടിട്ടും കുറയുന്നില്ല; ദിനംപ്രതി പാനം ചെയ്തിട്ടും തീർന്നു പോകുന്നില്ല. സംക്ഷേപിക്കാവതല്ലാത്ത ഈ അത്ഭുതത്തിൽ ഞങ്ങൾ ദൃഷ്ടി പതിച്ചുകൊണ്ട് ഹൃദയപൂർവമായി പ്രാർഥിക്കുന്നു. ഈ രഹസ്യങ്ങൾ ഞങ്ങൾക്ക് ശിക്ഷാവിധിക്കും പ്രതികാരത്തിനുമായി തീരരുതേ; ലജ്ജയ്ക്കും അപമാനത്തിനുമായി ഭവിക്കരുതേ; എന്നാലോ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും കരുണയ്ക്കും ദയയ്ക്കും തിന്മകളിൽ നിന്നുള്ള വിടുതലിനും പാപത്തിൽനിന്നുള്ള വീണ്ടെടുപ്പിനും ജഡീക അശുദ്ധിയിൽ നിന്നും ഓടി അകലുന്നതിനും ഇടുങ്ങിയ വഴിയിൽകൂടി അപകടം കൂടാതെ കടക്കുന്നതിനും നിൻെറ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെയുള്ള

ാധര്യത്തിനും പര്യാപ്തമായി
വിക്കുമാറാകണമേ. കർത്താവേ!
ദാശപരമായ ഈ പൗരോഹിത്യ
ശ്രൂഷയ്ക്ക് ഞങ്ങൾ അടുത്തിരിക്കുന്നു.
ജ്ജാകരമായ യാതൊന്നും ഞങ്ങളിൽ
ാണപ്പെടുകയോ നിന്റെ ആത്മീയ പെരു
ാളിൽ നിന്ന് ഞങ്ങൾ ബഹിഷ്കരി
ാപ്പെടുകയോ അരുതേ. രണ്ടാമത്തെ
ാണം ഞങ്ങൾ അനുഭവിപ്പാൻ ഇടയാക
തേ; ഞങ്ങളിൽ കലർന്നിരിക്കുന്ന നിന്റെ
ിരുശരീര രക്തങ്ങളുടെ പുളിപ്പ് ഞങ്ങ
ൽ നിന്ന് മാഞ്ഞു പോകരുതേ. ജീവദായ
മായ നിന്റെ രഹസ്യങ്ങൾ സ്പർശിച്ചിട്ടു
ള്ളതായ ഞങ്ങളുടെ ചുണ്ടുകൾ അഗ്നി
ാലയിൽ ദഹിച്ചുപോകുവാൻ ഇടയാ
രുതേ; നിന്റെ ജീവവചനങ്ങൾ കേൾക്കു
വാൻ ആഗ്രഹിച്ചിട്ടുള്ള ചെവികൾ
യ്പ്പേറിയ ശബ്ദം കേൾക്കുമാ
ാകരുതേ; വിശ്വാസ പ്രകാശത്താൽ
പ്രശോഭിതങ്ങളായ കണ്ണുകൾ അഗ്നി
രകത്തിലെ ചൂടുകൊണ്ട് അന്ധകാര
പ്പെടരുതേ. ഉള്ളംകൈയിൽ നിന്നെ
ടുത്ത് ആഘോഷിച്ചിട്ടുള്ള കൈകൾ
അഗ്നിജ്വാലയിൽ ബന്ധിക്കപ്പെടരുതേ;
നിന്റെ പരിശുദ്ധ ആലയത്തിൽ ചവിട്ടിയി
ട്ടുള്ളതായ കാലുകൾ അനിഷ്ടമായി
ടറുവാൻ ഇടയാകരുതേ. നിന്റെ കരുണ
ബഹുലമാകുന്നു. നാഥാ! ഞങ്ങൾ
പുഴുവിനു ഭക്ഷണമായി തീരരുതേ.
ഞങ്ങൾ ഒരു ദിവസമല്ല, എന്നും
നിന്നിൽനിന്ന് ആനന്ദം അനുഭവി
ക്കുമാറാകണമേ. ആത്മീയ രാഗങ്ങൾ
പാടിയിട്ടുള്ള ഞങ്ങളുടെ നാവ്
ദാഹംകൊണ്ട് അതിവേദനപ്പെടരുതേ.
ശപിക്കപ്പെട്ടവരോടുകൂടി നീ ഞങ്ങളെ
അഗ്നിയിലേക്ക് തള്ളരുതേ! വേലിപ്പുറ
ങ്ങളിൽ നിന്നും തെരുക്കോണുകളിൽ
നിന്നുമായി ഈ വിരുന്നിലേക്ക് ഞങ്ങളെ
നീ ക്ഷണിച്ചുവല്ലോ. ജീവന്റെ ഉറവയായ
നിന്നിൽ നിന്നും ഇവിടെയും അവിടെയും
ഞങ്ങൾ ആനന്ദിക്കുമാറാകണമേ. ഈ
ലോകത്തിൽവച്ച് നിന്റെ തിരുശരീര
രക്തങ്ങളുടെ രുചിയിൽ സംബന്ധിച്ച
വരായ എല്ലാ വിശ്വാസികളും അവിടെ
നിന്റെ വിശുദ്ധന്മാരോടുകൂടെ പ്രകാശ
കാന്തികൊണ്ട് ശോഭിക്കുമാറാകണമേ.
ഞങ്ങൾ നിന്റെ ബഹുമാനത്തിന് വാസ
സ്ഥലങ്ങളായി കാണപ്പെടണമേ. നിന്റെ
വലതുഭാഗത്തുള്ള നിലയ്ക്ക് ഞങ്ങൾ
അർഹരായി ഭവിക്കണമേ. നീ അവരെ
സ്നേഹിക്കുകയും അവർ നിന്നെ സ്നേഹി
ക്കുകയും ചെയ്ത് വിശുദ്ധന്മാരോടൊരു
മിച്ച് നിന്നെയും നിന്റെ പിതാവിനെയും
പരിശുദ്ധ റൂഹായെയും ഞങ്ങൾ സ്തുതി
ക്കുമാറാകണമേ—ഹോശോ....

സകല മരിച്ചുപോയവരുടെയും (ആനീദേ) ഞായറാഴ്ചത്തെ പ്രുമിയോൻ

തന്റെ പരിശുദ്ധ ശരീരത്താൽ തന്റെ
ഇടവകയെ പുലർത്തുകയും തന്റെ
വിലയേറിയ രക്തത്താൽ തന്റെ
സഭയുടെ ദാഹം ശമിപ്പിക്കുകയും ചെയ്യുന്ന
യാഥാർഥ ഇടയനാകുന്ന തനിക്ക് അടക്കം
കൂടാത്ത സ്തുതിയും മാഞ്ഞുപോകാത്ത
സ്തോത്രവും അവസാനമില്ലാത്ത
പുകഴ്ചയും പ്രഭയുള്ളതും ശ്രേഷ്ഠത
യുള്ളതുമായ സ്തുതികളും മാധുര്യ
മുള്ളവയും സന്തോഷമുള്ളവയുമായ
കിന്നരങ്ങളാൽ അണയ്ക്കുവാൻ ഞങ്ങൾ
യോഗ്യരായിത്തീരണമേ. ദയാലുവായ
തന്റെ ശരീരത്താൽ എല്ലാ മക്കളും
ശുദ്ധീകരിക്കപ്പെടുന്നു. എല്ലാ കൂട്ടങ്ങളും
തന്റെ രക്തത്താൽ ഇമ്പപ്പെടുന്നു. എല്ലാ
കിരീടങ്ങളും തന്റെ ശ്രേഷ്ഠതയെ
ആരാധിക്കുന്നു. സർവജാതികളും തനിക്കു
മഹത്ത്വം പാടുന്നു. ഈ വിശുദ്ധ ബലി

അർപ്പിക്കുന്ന ഈ നേരത്തിലും സകല നാവുകളിൽ നിന്നും വന്ദനവും കടപ്പെട്ടിരിക്കുന്നു. ബ്കുൽഹുൻ.....

സെദ്റോ

കരുണയും മനോഗുണവും നിറഞ്ഞിരിക്കുന്നവനെ നിന്നെ ഞങ്ങൾ വന്ദിക്കുകയും സ്തുതിച്ചു സ്തോത്രം ചെയ്തു പുകഴ്ത്തുകയും ചെയ്തു കൊണ്ട് നിന്റെ കൃപയോടു യാചിക്കുന്നു. പഴയ ലോകം അതിനാൽ പുതുതാക്കപ്പെടുന്നു എന്ന കിഴക്കു ഭാഗത്തുദിക്കുന്ന സ്ലീബായുടെ വലിയ അടയാളത്തെ ആഘോഷിക്കുന്ന മാലാഖമാരുടെ സൈന്യത്തോടും ജ്വലിച്ചു കൊണ്ടിരിക്കുന്ന അഗ്നിമയന്മാരുടെ കൂട്ടത്തോടും സ്വർഗമേഘങ്ങളിൽ വരുന്നവനായ നിന്റെ ദൈവത്വത്തിന്റെ മഹത്ത്വമുള്ള പ്രഭ പ്രത്യക്ഷപ്പെടുന്നതായ ഈ വലിയ ദിവസത്തിൽ ഞങ്ങളുടെ മനുഷ്യത്ത്വത്തിന്റെ മനച്ചിലിനോടുകരുണ തോന്നി അനുഗ്രഹം ചെയ്യണമേ.(അന്നു) മരിച്ചവർ പാതാളത്തിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കും. ന്യായവും നീതിയും പ്രവർത്തിക്കേണ്ടതിനായി മഹത്ത്വത്തോടെ വരുന്ന ആ ശ്രേഷ്ഠതയുടെ എതിരേല്പിനായി അവർ പുറപ്പെടും. ആ ശ്രേഷ്ഠതയ്ക്കുമുമ്പായി മഹത്ത്വമുള്ള ശബ്ദം വരുന്നു. (ആ ശബ്ദം) ഭൂമിയെ കുലുക്കുകയും പർവതങ്ങളെ ഇളക്കിമറിക്കുകയും ചെയ്യുന്നു. അതു കര ഭൂമിയെ നശിപ്പിക്കുകയും സമുദ്രത്തെ ഉണക്കുകയും ചെയ്യുന്നു. ആകാശവിരിവിനെ ചുരുട്ടുന്നു. സൂര്യനെ അന്ധകാരപ്പെടുത്തുന്നു. ചന്ദ്രനെ മായിക്കുന്നു. നക്ഷത്രങ്ങളെ അവയുടെ നിരകളിൽ നിന്ന് വീഴിക്കുന്നു. തന്റെ ആശ്രിതന്മാരുടെയും വിശുദ്ധ കൂട്ടങ്ങളുടെയും വായ്കളാൽ കൊമ്പിന്റെയും കാഹളത്തിന്റെയും വിളിയുടെ ഭയങ്കര ശബ്ദം അട്ടഹസിക്കുന്നു. എരിതീയിൻ കൂട്ടങ്ങളുടെ വായ്കളിൽ നിന്നു മുഴക്കത്തിന്റെ ശബ്ദങ്ങളാൽ പാറകൾ പിളരുന്നു. മറഞ്ഞുകിടക്കുന്നതായ മരിച്ചവരെ കബറുകളുടെ ഉള്ളിൽ നിന്ന് പുറത്തു കൊണ്ടുവരുവാനായി വിളങ്ങുന്ന പാതാളത്തിന്റെ വാതിൽ തുറക്കപ്പെടുന്നു. ജീവനോടിരിക്കുന്നവരും മരിച്ചു പോയവരുമായ ആദാമിന്റെ വർഗം ഒരുമിച്ചു പുറപ്പെടുന്നു. കണ്ണിമയ്ക്കുന്ന തിനിടയിൽ മണ്ണിൽനിന്നും പൊടിയിൽ നിന്നും അവരെ ഉയർപ്പിക്കുവാനായിട്ട് തന്റെ പിതാവിന്റെ മഹത്ത്വത്തോടെ വരുന്നവനായ ദൈവപുത്രനെ സ്വീകരിപ്പാൻ പോകുന്നു. മുഖസ്തുതി ഇല്ലാത്തതായ നീതിയോടു കൂടിയ ഭയങ്കര ന്യായവിധിക്കായി സകല മനുഷ്യരെയും ഒരുമിച്ചു കൂട്ടുവാൻ അഗ്നിമയന്മാരും ആത്മമയന്മാരുമായ ഈറേന്മാരും, എരിതീയുടെ കൂട്ടങ്ങളും ലോകമൊക്കെ യിലും പറന്നു നടക്കുന്നു. ആദാമും ഹവ്വായും അവരോടുകൂടെ ശത്രുവും പ്രവേശിക്കുന്നു. ഒന്നാമതായി കൊല്ലപ്പെട്ടിട്ടുള്ളവനായ ഹാബേൽ അവന്റെ മുറിവുകളോടും അവനെ എറിഞ്ഞിട്ടുള്ള കല്ലുകളോടും കൂടെ പ്രവേശിക്കുന്നു. ശേത്തിന്റെ മക്കളുടെ എല്ലാ തലമുറകളും, അവനോടുകൂടെ ശപിക്കപ്പെട്ടവനും കൊല്ലപ്പെട്ടവനുമായ കായേന്റെ മക്കളുടെ അശുദ്ധ തലമുറയും വരുന്നു. നീതിമാനും സത്യവാനും ജനങ്ങളെ പെട്ടകത്തിൽ ഇരുത്തിയവനുമായ നോഹ വരുന്നു. ജാതികളുടെ പിതാവായ അബ്രഹാം വിശ്വാസത്തോടും ദുഷ്ടനായ ഫറവോൻ അബീമേലേക്കിനോടും കൂടെ അടുത്തു വരുന്നു. നീതിമാനായ ഇയ്യോബും അവന്റെ മക്കളും ധീരതയുടെ വലിയ ഭംഗിയോടെ വരുന്നു. അവരോടുകൂടെ സകല വഞ്ചനയുടെയും തലവനും അവന്റെ സൈന്യങ്ങളും പ്രവേശിക്കുന്നു. പിച്ചാത്തിയുടെ മുമ്പാകെ മുഖം മറയ്ക്കാതെ കെട്ടപ്പെട്ടി

ന്നവനും അവൻെറ പിതാവ് അവനു ലി കഴിച്ച കുഞ്ഞാടിനാൽ രക്ഷപ്രാ ിച്ചവനുമായ പരിപാകതയുള്ള ഇസ ാക്കു വരുന്നു. നീതിമാനായ യാക്കോ ും അവൻെറ കൂടെ അവനെ പീഡി ിച്ചിരുന്ന അവൻെറ സഹോദരൻ ഏശാ ും വരുന്നു. പരിപാകതയും വിനയ ുള്ളവനുമായ യൗസേപ്പും അവൻെറ ൂടെ അവനെ വിററുകളഞ്ഞ സഹോദര ാരും അവൻെറ സൗന്ദര്യത്തെ ആക്രമി ുകയും ആ വിശുദ്ധിയെ അപമാനി ുവാൻ ആഗ്രഹിക്കുകയും ചെയ്തവ ായ മെസ്രേൻകാരിയും വരുന്നു. പ്രധാനാ ാര്യന്മാരും മഹാപുരോഹിതന്മാരുമായ ൂശയും അഹറോനും അവരോടുകൂടി അഹങ്കാരിയായ ഫറവോനും വരുന്നു. സൂര്യനെയും ചന്ദ്രനെയും ആകാശവിരി ിൽ തടഞ്ഞു നിർത്തിയ യേശുബർനൂനും അവൻെറ കൂടെ തിന്മപ്പെട്ടതും മത്സര ുള്ളതുമായ തലമുറയും വരുന്നു. ദീർഘ ർശിയായ ശമുവേലും അവനോടുകൂടെ ഏലിയുടെ മക്കളും വരുന്നു. ദാവീദു ാജാവും അവൻെറ പുത്രനായ അബ്ശാലോമും അവൻെറ കൂടെ ത്സരക്കാരനായ ശൗലും വരുന്നു. വി. ആചാര്യന്മാരായ ഫിനഹാസും, ഏലയാ സറും പ്രവാചകനായ ഏലിയായും അവ ാടുകൂടെ നീതികെട്ട രാജാവായ ആഹാബും നിന്ദിക്കപ്പെട്ടവളായ ഇസ ബെലും വരുന്നു. ഏലീശാ പ്രവാചകനും അവനോടുകൂടെ കൊതിയനും ദ്രവ്യാ ഗഹിയുമായ ഗേഹാസിയും വരുന്നു. യിരമ്യാ പ്രവാചകനും അവനെ ചെളിയിൽ തള്ളിയിട്ട സെദക്യാരാജാവും വരുന്നു. ഹസ്കിയേൽ പ്രവാചകൻ അവൻെറ വെളിപാടുകളോടും അവൻെറ ജനങ്ങൾ അവരുടെ പാപങ്ങളോടും കൂടെ വരുന്നു. സുന്ദര പുരുഷനായ ദാനിയേലും അവ ൻെറ കൂടെ കുരള പറഞ്ഞ ബാബേൽകാരും വരുന്നു. ഏശായാ പ്രവാചകനും അവൻെറകൂടെ അവനെ വെട്ടിയ രാജാവും വരുന്നു. ഹാനനിയാ മുതലായ പൈതങ്ങളും അവരോടുകൂടെ വിഗ്രഹാ രാധനക്കാരും വരുന്നു. ശ്മൂനിയുടെ മക്കളും അവരുടെ ഗുരുവായ എലയാസറും അവരോടുകൂടെ അന്തോക്കലീസ് മുതലായവരുടെ സകല വഞ്ചനയും വരുന്നു. പതിവ്രതയായ ശൂശാനും അവളോടുകൂടെ നീതികെട്ട ആചാ ര്യന്മാരായ ആഹാബും സെദക്യായും വരുന്നു. യോഹന്നാൻ മാംദാനായും അവനോടുകൂടെ കാമാതുരയായ ഹേരോദ്യയും വരുന്നു. പത്രോസും പൗലോസും അവരോടു കൂടെ നീറോയും ക്ഷുദ്രക്കാരനായ ശീമോനും വരുന്നു. പരിശുദ്ധ ശ്ലീഹന്മാരും അവരുടെ ന്യായാധിപന്മാരും വരുന്നു. പോരാട്ട ക്കാരും ധീരന്മാരും അവരെ കല്ലെറിഞ്ഞ വരും വരുന്നു. കൊല്ലപ്പെട്ടവരും അവരെ കൊന്നവരും ആക്രമിക്കപ്പെട്ടവരും അവരെ അക്രമം ചെയ്തവരും വരുന്നു. മുഖപക്ഷമില്ലാത്ത നീതിയോടുകൂടിയ ഭയങ്കര ന്യായവിധിക്കായട്ട് ആദാമിൻെറ മക്കൾ എല്ലാവരും ഒരുമിച്ചു വരുന്നു. നിൻെറ ശ്രേഷ്ഠത രഥത്തിന്മേൽ പുറപ്പെടുന്നതായ പരിഭ്രമത്തിൻെറ ആ നേരത്ത് ഭയ ത്തിൻെറ ആ ദിവസത്തിൽ, വിറയലിൻെറ ആ നാഴികയിൽ വണ്ടിച്ചക്രങ്ങളുടെ ഇടയിൽ നിന്ന് പരിഭ്രമകരമായ ആ ശബ്ദം കേൾക്കപ്പെടുന്നു. സ്വർഗീയർ ഓടുന്നു. അഗ്നിമയന്മാർ ഇളകുന്നു. എരിതീ ധരിച്ചവർ ഭ്രമിക്കുന്നു. നിൻെറ നീതിയെ കോപിപ്പിച്ചിട്ടുള്ള എല്ലാവരെയും അവരുടെ ജ്വാലകൾ കൊണ്ട് അവർ ദഹിപ്പിക്കുന്നു. അഗ്നിസമുദ്രം തുറക്ക പ്പെടുന്നു. എരിതീയുടെ ഉറവുകൾ എല്ലാ മത്സരക്കാരെയും വഴി തെററിയവരെയും ആതിവേദനപ്പെടുത്തുവാൻ ഓടുന്നു. വലതുഭാഗം തുറക്കപ്പെടുന്നു. മഹത്ത്വ ത്തിൻെറ സമുദ്രം ഉദിക്കുന്നു. പ്രകാശ ത്തിൻെറ കതിരു മിന്നുന്നു. രാജ്യത്തിൻെറ ഭാഗ്യം വെളിപ്പെടുന്നു. നീതിമാന്മാരുടെ

മണവറയും ശുദ്ധിമാന്മാരുടെ അറകളും കന്യാവ്രതക്കാരുടെ പന്തിയും നോമ്പുകാരുടെ ഭാഗ്യതരമേശയും കാണപ്പെടുന്നു. കൃപ വലത്തുഭാഗത്തുള്ളവരിൽ സന്തോഷിക്കുന്നു. ഇടത്തു ഭാഗത്തുള്ളവരെ പുറത്തെ അന്ധകാരത്തിലേക്കു തള്ളുവാൻ നീതി ഇടി മുഴക്കുന്നു. ദുഷ്ടന്മാർ തല കുനിച്ചു നിൽക്കുന്നു. കുരിശിൽ തറപ്പുകാരുടെ മുഖങ്ങൾ ലജ്ജിക്കുന്നു. അവിശ്വാസികളിൽ നിന്ന് സത്യമായ സ്തോത്ര ശബ്ദം ഉയരുന്നു. കന്യാവ്രതക്കാർ ആനന്ദിക്കുന്നു. ശുദ്ധിമാന്മാർ സന്തോഷിക്കുന്നു. നീതിമാന്മാർ ഉല്ലസിക്കുന്നു. പുണ്യവാന്മാർ ആഹ്ലാദിക്കുന്നു. മണവറ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മേശ ഒരുക്കിയിരിക്കുന്നു. ക്ഷണിക്കപ്പെട്ട അതിഥികൾ നിത്യമായ ജീവിതത്തിൽ സന്തോഷിച്ചുല്ലസിക്കുന്നു. ബുദ്ധിയുള്ള കന്യകമാർ തങ്ങളുടെ ദീപയിഷ്ടികളോടുകൂടി സന്തോഷിക്കുന്നു. നരകം ജ്വലിക്കുന്നു. രാജ്യം പ്രകാശിക്കുന്നു. ശ്ലീഹന്മാർ ന്യായം വിധിക്കുന്നു. ഇസ്രായേൽ ഗോത്രങ്ങൾ വിധിക്കപ്പെടുന്നു. പാറകൾ പിളർക്കപ്പെടുന്നു. കബറുകൾ തുറക്കപ്പെടുന്നു. ജീവനുള്ളവർ പറക്കുന്നു. മരിച്ചവർ വീഴുന്നു. നല്ലവർ ഉയരത്തിലേക്കു കയറുന്നു. ദുഷ്ടന്മാർ അഗാധത്തിലേക്ക് ഇറങ്ങുന്നു. കാണപ്പെടുന്നവ കടന്നുപോകുന്നു. കാണപ്പെടാത്തവ നിലനില്ക്കുന്നു. ഇവിടെയുള്ളവ മാഞ്ഞഴിഞ്ഞുപോകുന്നു. അവിടെയുള്ളവ അവസാനമില്ലാതെ നില്ക്കുന്നു. ആഗ്രഹങ്ങൾക്ക് തികവുവരുന്നില്ല. അതിവേദനകൾ അവസാനിക്കുന്നില്ല. ഭാഗ്യങ്ങൾ നിലനിൽക്കുന്നു. ജീവൻ വാഴുന്നു. പ്രകാശം അന്ധകാരപ്പെടുന്നില്ല. മഹത്ത്വം അഴിയുന്നില്ല. നീതി എന്നേക്കുമായിരിക്കുന്നു. ജീവൻ തലമുറകളോളം ഇരിക്കുന്നു. ഞങ്ങളുടെ കർത്താവേ! നിന്റെ ആംഗ്യം ഇവയൊക്കെയും കല്പിക്കുകയും നിന്റെ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നതായ ആ നാളിൽ സ്വന്ത പാപങ്ങളിൽ വഷളായിപ്പോയ ഞങ്ങളുടെ സൃഷ്ടിയേയും രൂപത്തേയും കുറിച്ചു ദയ തോന്നണമേ. എന്റെ കർത്താവേ! ഞങ്ങളോടും നിന്റെ കല്പനകൾ ആചരിച്ചിട്ടുള്ളവരുമായ നിന്റെ വാത്സല്യവാന്മാരോടും ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന് നീ പറയരുതേ. എന്നാലോ എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവനും ന്യായവിധിയിലേക്കു പ്രവേശിക്കുകയില്ല. എന്നാലോ മരണത്തിൽ നിന്ന് ജീവനിലേക്കു മാറിയിരിക്കുന്നു എന്ന് നിന്റെ പരിശുദ്ധ തിരുവായ് അരുളിച്ചെയ്ത വചനം ഞങ്ങളുടെ അടുക്കലും അവരുടെ അടുക്കലും നിവർത്തിക്കേണമേ. അവ്ിട ആ നാളിൽ ഞങ്ങളും ഞങ്ങളുടെ മരിച്ചവരും വിശ്വാസികളായ സകല മരിച്ചവരും നിന്റെ പ്രത്യക്ഷതയ്ക്കു സ്തുതിയും നിന്റെ ദൈവത്വത്തിന് സ്തോത്രവും പാടുമാറാകണമേ. ഹോശോ.......

പട്ടക്കാരൻ കുന്തുരുക്കം ഇട്ടശേഷം ധൂപക്കുററി മേൽ മൂന്നു പ്രാവശ്യം കുരിശടയാളം വരച്ചുകൊണ്ടു ചൊല്ലുന്നത്

പട്ടക്കാരൻ—ബലഹീനനും പാപിയുമായ ദാസനാകുന്ന ഞാൻ കീർത്തിച്ചു ചൊല്ലുന്നു പരിശുദ്ധനായ പിതാവു പരിശുദ്ധൻ

ജനം—ആമ്മീൻ.

പട്ടക്കാരൻ—പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ.

ജനം—ആമ്മീൻ.

പട്ടക്കാരൻ—ജീവനുള്ളവനും പരിശുദ്ധനുമായ റൂഹാ പരിശുദ്ധൻ. താൻ നമ്മുടെ ആത്മാക്കളുടെമേലും നമ്മുടെ പിതാക്കന്മാരുടെയും സഹോദരങ്ങളുടെയും ഗുരുക്കന്മാരുടെയും മരിച്ചുപോയവരുടെയും വിശുദ്ധ സഭയുടെ മക്കളായ സകല വിശ്വാസികളായ മരിച്ചുപോയവരുടെയും ആത്മാക്കളിന്മേലും രണ്ടു ലോകങ്ങളിലും എന്നന്നേക്കും മനസ്സലിവു തോന്നി കരുണചെയ്തുകൊണ്ട് പാപിയായ തന്റെ ദാസന്റെ ധൂപത്തെ ശുദ്ധീകരിക്കുന്നു.

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—ബാറെക് മോർ, ദിവ്യജ്ഞാനത്തിലേക്കു ഹൃദയം പതിച്ചുകൊണ്ട് ... ഇത്യാദി...

പട്ടക്കാരൻ—സർവശക്തിയുള്ള പിതാവായി..... ഇത്യാദി.

ശുശ്രൂഷക്കാരൻ—കാണപ്പെടുന്നവയും കാണപ്പെടാത്ത....ഇത്യാദി.

പട്ടക്കാരൻ കൈവിരലുകളുടെ അഗ്രം വെള്ളത്തിൽ കഴുകിക്കൊണ്ട് രഹസ്യ പ്രാർഥന.

ദൈവമായ കർത്താവേ! പരിശുദ്ധവും ശുദ്ധീകരിക്കുന്നതുമായ നിന്റെ മഹാ

ܟܗܢܐ ܣܐܡ ܒܣ̈ܡܐ ܘܚܬܡ ܬܠܬܐ ܨܠܝ̈ܒܐ
ܥܠ ܦܝܪܡܐ ܘܐܡܪ ◆

ܟܗܢܐ ◆ ܐܢܐ ܥܒܕܐ ܡܚܝܠܐ ܘܚܛܝܐ
ܐܡܪܢܐ ܘܐܡܪ: ܩܕܝܫ ܐܒܐ ܩܕܝܫܐ. ܥܡܐ ◆
ܐܡܝܢ ❖ ܟܗܢܐ ◆ ܩܕܝܫ ܒܪܐ ܩܕܝܫܐ.
ܥܡܐ ◆ ܐܡܝܢ ❖ ܟܗܢܐ ◆ ܩܕܝܫ ܘܪܘܚܐ
ܚܝܐ ܘܩܕܝܫܐ. ܘܡܩܕܫܢܐ ܠܦܓܪ̈ܐ
ܘܡܗܝܡ̈ܢܐ ܥܒܕܗ ܡܢ ܢܚܘܣ ܘܢܪܚܡ ܥܠ
ܢܦܫܬܗ: ܘܥܠ ܢܦ̈ܫܬܐ ܕܐܒܗ̈ܝܢ ܘܕܐܚ̈ܝܢ
ܘܕܪ̈ܒܢܝܢ ܘܕܡܠܦ̈ܢܝܢ ܘܕܥܢܝ̈ܕܝܢ
ܘܕܟܠܗܘܢ ܒܢ̈ܝܐ ܡܗܝܡ̈ܢܐ ܕܥܢܝ̈ܕܐ
ܕܥܕܬܐ ܩܕܝܫܬܐ ܒܬܪ̈ܝܗܘܢ ܥܠܡ̈ܐ ܠܥܠܡ
ܥܠܡܝܢ ❖ ܥܡܐ ◆ ܐܡܝܢ ❖

ܡܫܡܫܢܐ ◆ ܫܘܒܚܐ ܠܗ ܘܥܠ ܒܪܚܡܘܗܝ
ܟܗܢܐ ܡܫܝܐ ܦܪܝܫ ܥܡܐ ◆ ܡܫܘܫܠܠܝܢ ܒܟܠ
ܠܐܠܗܐ ܐܚܝܕܐ ❖

ܘܡܫܝܓ ܟܗܢܐ ܪ̈ܫܝ ܨܒ̈ܥܬܗ ܒܡ̈ܝܐ ܘܐܡܪ ◆

ܐܠܗܝܢ ܡܪܝܐ ܐܠܗܐ ܕܩܕܝܫܐ
ܡܩܕܫܢܘܬܐ ܕܢܦܫ ܘܕܓܘܫ ܦܪܘܫܝܢ
ܘܕܐܢܐ. ܐܒܕܐ ܘܕܡܝܢ ܕܡܕܡܐ ܘܡܚܝܠܘܬܐ
ܐܠܗܐ ܠܟܠ ܡܩܕܫܢܘܬܟ ܘܕܟܠܢ
ܡܚܝܠܘܬܐ ܡܩܕܫܢܘܬܐ ܘܡܢ ܚܘܒܐ ܐ ܒܚܘܒ

വിശുദ്ധസ്ഥലത്ത് പ്രവേശിച്ച് വന്ദ്യങ്ങളും ദിവ്യങ്ങളുമായ നിന്റെ രഹസ്യങ്ങളെ കളങ്കം കൂടാതെ സ്പർശിക്കുവാൻ വേണ്ടി എന്റെ ആത്മാവിന്റെ മലിനകരമായ അഴുക്കിനെ നീ കഴുകിക്കളഞ്ഞ് ജീവപ്രദമായ നിന്റെ തളിപ്പുമൂലം എന്നെ വെടിപ്പാക്കണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ! നിനക്കു പ്രീതികരവും മഹനീയമായ നിന്റെ ബലിയുടെ ദൃഷ്ടാന്തവുമായ ജീവനുള്ള ബലി നിർമ്മല മനസ്സാക്ഷിയോടുകൂടി ഞാൻ എന്നേക്കും നിനക്കർപ്പിക്കുവാൻ ഇടയാക്കുകയും ചെയ്യണമേ.

ܕܐܥܘܠ ܠܒܝܬ ܩܘܕܫܐ . ܐܪ̈ܙܐ
ܘܣܓܝ̈ܕܬܐ ܘܐܠܗܝ̈ܬܐ ܐܩܪܒ ܠܗܝܢ ܒܕܟܝܘܬܐ
ܢܚܠܠ ܘܢܣܚܐ ܠܗ ܠܛܘܠܫܐ ܕܢܦܫܝ
ܒܪܣܤܐ ܚܝܐ ܕܝܠܟ ܡܪܢ ܘܐܠܗܢ
ܠܐܠܡܝܢ ❖

മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ അദ്ദേഹത്തിന്റെ കൈ മുത്തിക്കൊണ്ട്

പിതാവേ! മോചനം നല്കി എന്നെ അനുഗ്രഹിക്കേണമേ.

ܒܪܟܢܝ ܡܪܝ ܒܫܘܒܩܢܐ .

തുടർന്ന് മററു പട്ടക്കാരുണ്ടെങ്കിൽ അവർക്കു സമാധാനം നൽകിയശേഷം ജനത്തിന്റെ നേരെ തിരിഞ്ഞ് കൈ മലർത്തി സമാധാനം ചോദിച്ചുകൊണ്ട്

സഹോദരന്മാരേ ! ഗുരുക്കന്മാരേ! എന്റെ കുർബാന അംഗീകരിക്കപ്പെടുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

ܐܚܝ ܘܪܒܘܬܝ ܨܠܘ ܥܠܝ ܕܢܬܩܒܠ ܩܘܪܒܢܝ ❖

അനന്തരം ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട് രഹസ്യപ്രാർഥന

പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ! എന്നോടു കരുണ ചെയ്യണമേ. പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ! പാപിയായ എന്റെ മേൽ കരുണ തേന്നേണമോ. പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ ബലഹീനവും പാപകരങ്ങളുമായിഎന്റെ കൈകളിൽ നിന്ന് ഈ കുർബാന അംഗീകരിക്കണമേ; ദൈവമേ! നിന്റെ

ܬܠܝܬܝܘܬܐ ܩܕܝܫܬܐ ܘܡܫܒܚܬܐ
ܐܬܪܚܡ ܥܠܝ . ܬܠܝܬܝܘܬܐ ܩܕܝܫܬܐ
ܘܡܫܒܚܬܐ ܚܘܣ ܥܠ ܚܛܝܐ ܥܒܕܟ :
ܬܠܝܬܝܘܬܐ ܩܕܝܫܬܐ ܘܡܫܒܚܬܐ
ܩܒܠܝܗ ܠܩܘܪܒܢܐ ܗܢܐ ܡܢ ܐܝ̈ܕܝܐ
ܕܝܠܝ ܡܚܝ̈ܠܬܐ ܘܚ̈ܛܝܬܐ . ܐܠܗܐ

ജനനിക്കും സകല പരിശുദ്ധന്മാർക്കും വിശ്വാസികളായ സകല മരിച്ചുപോയവർക്കും നിന്റെ പരിശുദ്ധമായ സ്വർഗീയ ബലിപീഠത്തിങ്കൽ ആശ്വാസവും നല്ല ഓർമയും കരുണയോടെ നല്കണമേ. ദൈവമേ! ഈ സമയത്ത് നിന്റെ ദാസനും പാപിയുമായ എന്റെ പാപങ്ങൾ മോചിച്ച് ക്ഷമിക്കയും, സദാ നിന്നെ വിളിച്ചു കൊണ്ടിരിക്കുന്ന എന്റെ ബലഹീനതയ്ക്ക് . നിന്റെ മാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർഥനകളാൽ സഹായം നൽകുകയും ചെയ്യണമേ. ദൈവമേ! ഞങ്ങളുടെ പിതാക്കന്മാരും സഹോദരങ്ങളും ഗുരുക്കന്മാരുമായി ഞങ്ങളോട് രക്തബന്ധമുള്ളവരുടേയും, പ്രത്യേകിച്ച് ഈ കുർബാന ആർക്കുവേണ്ടി അർപ്പിക്കപ്പെടുന്നുവോ അവരുടെയും പാപങ്ങൾ കരുണയോടെ പരിഹരിച്ച് ക്ഷമിച്ചുകൊള്ളണമേ.

ഇവിടെ ആവശ്യമുള്ള എല്ലാവരുടെയും പേരുകൾ ഓർക്കുന്നു. അനന്തരം എഴുന്നേറ്റ് ത്രോണോസ് മുത്തി ദർഗായിൽ കയറിനിന്നുകൊണ്ട് കുർബാന ആരംഭിക്കുന്നു

———✦ ✦———

സമാധാനത്തിനു മുൻപുള്ള മാർ യാക്കോബ് മൽപ്പാന്റെ പ്രാർഥന

(ജനനപ്പെരുന്നാളിനു പ്രത്യേകം)

അതിർത്തിയില്ലാത്ത സമാധാനവും, അനന്തമായ ശാന്തിയും, അഭേദ്യമായ സ്നേഹവുമായ ദൈവമേ! നിന്റെ കരുണാസമൃദ്ധിയാൽ മനുഷ്യനെ നീ അനശ്വരനായി

[illegible]

[illegible]

[illegible]

[illegible]

[illegible]

സൃഷ്ടിച്ചു. ആകെൽക്കറുസായുടെ അസൂയമൂലം അവൻ കല്പന ലംഘിച്ച് മരണത്തിനു ശിക്ഷിക്കപ്പെട്ടതു കാരണം ഞങ്ങളുടെ കർത്താവും ദൈവവുമായ നിൻെറ ഏകപുത്രൻെറ ജീവദായകമായ ആഗമനംമൂലം നീ ഭൂമിയെ സ്വർഗീയ സമാധാനംകൊണ്ട് നിറച്ചു. ഉയരത്തിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം, മനുഷ്യരിൽ സംപ്രീതി എന്നു പറഞ്ഞുകൊണ്ട് മാലാഖമാരുടെ ഗണങ്ങൾ സ്തുതി പാടുകയും ചെയ്തു. കർത്താവേ! നിൻെറ സംപ്രീതി ഞങ്ങളുടെ ഹൃദയങ്ങളിൽ നിറയ്ക്കണമേ. ഇപ്പോൾ സകല കളങ്കത്തിൽനിന്നും വഞ്ചനയിൽ നിന്നും മരണകരമായ സകല പാപത്തിൽ നിന്നും എല്ലാവിധ ദുഷ്ടതയിൽ നിന്നും കാപട്യത്തിൽനിന്നും ഞങ്ങളെ വെടിപ്പാക്കി, വിശുദ്ധമായ ആലിംഗനംമൂലം പരസ്പരം നിർമല സമാധാനം നൽകുവാനും, ഞങ്ങളുടെ കർത്താവായ മിശിഹാതമ്പുരാൻെറ സ്വർഗീയവും അനശ്വരവുമായ ദാനത്തിൽ സംബന്ധിക്കുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. അവൻ മൂലവും അവനോടൊരുമിച്ചും നിനക്കും, സകലത്തിലും പരിശുദ്ധനും ഉത്തമനും വന്ദ്യനും ജീവദായകനുമായ നിൻെറ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു.

ജനം—ആമ്മീൻ.

തൽസ്ഥാനത്ത് പെസഹാ വ്യാഴാഴ്ച ചൊല്ലേണ്ടതായ പ്രാർഥന. അന്നു സമാധാനം കൊടുക്കൽ ഇല്ല.

രഹസ്യപൂർണമായ ആ അത്താഴ മയത്ത് സൂചനാപരമായിരുന്ന പുരാതന ശുശ്രൂഷയെ പര്യവസാനിപ്പിച്ച് തന്റെ കൃപയുടെ പുതിയ കൂദാശ ഞങ്ങളെ ഭരമേല്പിച്ചവനായ മശിഹാതമ്പുരാനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. വിശുദ്ധവും കൂദാശാപരവുമായ നിന്റെ അത്താഴത്തിൽ ഞങ്ങളെ നിന്നോടുകൂടെ സംബന്ധമുള്ളവരും പങ്കാളികളുമാക്കി തീർക്കണമെ. നിർമലമായും ശിക്ഷാർഹരാ കാതെയും അതിൽ നിന്ന് ഞങ്ങൾ അനു ഭവിക്കുമാറാകണമെ. സകല പാപാന്ധ കാരത്തിൽ നിന്നും തന്മൂലം ഞങ്ങൾ സംരക്ഷിക്കപ്പെട്ട് ഇവിടെവച്ചും അനശ്വര മായ ജീവിതത്തിൽവച്ചും, രഹസ്യകാര്യ ങ്ങളിലും പരസ്യകാര്യങ്ങളിലും ഞങ്ങൾ നിന്നെ പ്രീതിപ്പെടുത്തുമാറാകണമേ. നിന്റെ രാജ്യത്തിലെ സൗഭാഗ്യങ്ങളാൽ നിന്റെ സ്വർഗീയ മണവറയിൽ ഞങ്ങളെ ആനന്ദിപ്പിക്കണമെ. ഞങ്ങളോടുള്ള നിന്റെ സകല കാരുണ്യങ്ങളേയും പ്രതി നിനക്കും നിന്റെ പിതാവിനും സകലത്തിലും പരിശുദ്ധനും....നിന്റെ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കൃതജ്ഞതയും ഞങ്ങൾ അർപ്പിക്കുന്നു.

ജനം—ആമ്മീൻ

തൽസ്ഥാനത്ത് അറിയിപ്പിൻെറ ശനിയാഴ്ച ഉപയോഗിക്കേണ്ടത് . അന്നും സമാധാനം കൊടുക്കൽ ഇല്ല.

മിശിഹാ തമ്പുരാനേ! ഞങ്ങൾക്കു വേണ്ടിയുള്ള ജഡിക വ്യാപാരം നീ നിർവഹിച്ച് കഷ്ടതയും കുരിശും അനുഭവിക്കയും പരേതർക്കു പ്രത്യാശയും മനോധൈര്യവും നൽകുവാനായി മൃതലോകത്തേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്തശേഷം നിന്നിൽ വിശ്വസിക്കുന്ന ഏവനേയും പാപമാലിന്യത്തിൽ നിന്ന് വെടിപ്പാക്കി തുടച്ചെടുക്കുവാനായി ഈ കൂദാശയെ നിൻെറ ക്നൂമായാൽ നീ കാണിച്ചുതന്നു. അവനു നിൻെറ കൂടെ, നിൻെറ രാജ്യത്തിൽ ആനന്ദിക്കാമെന്ന് പുതിയതായി നീ വാഗ്ദാനവും ചെയ്തു. രഹസ്യപരവും സ്വർഗീയവുമായ ഈ ആനന്ദത്തിൽ ഭാഗഭാക്കുകളായിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. വെടിപ്പോടെ കുററം കൂടാതെ ഇതിൽ സംബന്ധിക്കുവാൻ ഞങ്ങൾക്കു കൃപ നല്കണമേ. ഇതിൽ സംബന്ധിക്കുന്നതു മൂലം യഥാർഥവും അവിഭാജ്യവുമായ ജീവിതത്തിൽ ഞങ്ങൾ നിന്നോടു സംയോജിപ്പിക്കപ്പെടുകയും നീമൂലം അനശ്വരതയും നിത്യാനന്ദവും ഞങ്ങൾ പ്രാപിക്കയും ചെയ്യുമാറാകണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും സകലത്തിലും പരിശുദ്ധനും....

[illegible]

...ന്റെ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും ...ന്നേക്കും സ്തുതിയും സ്തോത്രവും ...മർപ്പിക്കയും ചെയ്യുമാറാകണമേ.

...ം—ആമ്മീൻ.

വിശുദ്ധ കുർബാനയിലെ പ്രാർഥന കൾ എല്ലാംതന്നെ പിതാവിനോടുള്ള പ്രാർഥനകളാകുന്നു. അവസാനത്തെ കൃതജ്ഞതാപ്രകടന പ്രാർഥന മാത്രം പുത്രനോടുള്ളതാകുന്നു.

ܥܡܐ . ܦܘܪܩܢܐ ❖ ܐܡܝܢ . ܩ
❖ ܘܫܠܡ ܩܘܪܒܢܐ

ܕ̈ܝ ܠܐ ܥܡܐ ܐܡܝܢ ܕܫܠܡܗ ܩܘܪܒܢܐ ܩܕܝܫܐ ܠܡܫܝܚܐ

ܕܐܒܐ ܘܒܪܐ ܘܪܘܚܐ ܡܢ ܫܡܝܐ ܐܚܝܕܐ ܕܟܠܐ

ܠܟܘܢ ܕܐܝܬܝܗ ܕܩܘܕܫܐ ܬܫܒܘܚܬܐ ܘܝܩܪܐ ❖

ܐܢܐܦܘܪܐ ܕܡܪܝ ܝܥܩܘܒ

ܐܚܘܗܝ ܕܡܪܢ ܗܘ ܕܗܘܐ ܐܦܝܣܩܘܦܐ ܩܕܡܝܐ ܕܐܘܪܫܠܡ ܘܫܠܝܚܐ ܘܣܗܕܐ . ܕܗܢܐ ܝܠܦ ܡܢ ܦܘܡܗ ܕܡܪܢ ❖

ܗܕܐ ܕܝܢ ܡܬܬܣܝܡܐ ܒܥܐܕܐ ܡܪܢܝܐ ܘܒܣܝܡ ܐܝܕܐ ܘܒܩܘܕܫ
ܘܒܩܘܕܫ ܡܕܒܚܐ ܚܕܬܐ ܘܒܫܘܠܡܐ ◆

നമ്മുടെ കർത്താവിൻെറ സഹോദരനും ശ്ലീഹായും സഹദായും ഊർശ്ലേമിലെ ഒന്നാമത്തെ റീശ് എപ്പിസ്ക്കോപ്പായുമായ

മാർ യാക്കോബിൻെറ തക്സാ

(ഇത് കർത്താവിൽ നിന്ന് നേരിട്ട് പഠിച്ചതനുസരിച്ചുള്ളതാകുന്നു. മോറാനായപ്പെരുന്നാളുകൾ, പട്ടാഭിഷേകം നവപൂജാർപ്പണം ആദിയായ സന്ദർഭങ്ങളിൽ ഇത് ഉപയോഗിക്കേണ്ടതാകുന്നു.)

പട്ടക്കാരൻ—സമാധാനത്തിനു മുമ്പുള്ള പ്രാർത്ഥന

സകലത്തിൻെറയും ദൈവവും നാഥനുമായുള്ളോവെ! ഞങ്ങൾ അയോഗ്യരായിരിക്കെനിഷ്കപടമായ സ്നേഹബന്ധത്താൽ സംയോജിച്ചു കൊണ്ട് പരിശുദ്ധമായ ദിവ്യാലിംഗനത്താൽ പരസ്പരം സമാധാനം നൽകുവാൻ തക്കവണ്ണം ഈ രക്ഷയ്ക്കു നീ യോഗ്യരാക്കിത്തീർക്കണമേ. ഞങ്ങൾ നിനക്കും നിൻെറ ഏകപുത്രനും സകലത്തിലും പരിശുദ്ധനും ഉത്തമനും വന്ദ്യനും ജീവൻ നൽകുന്നവനും സാരാംശത്തിൽ നിന്നോട് ഒന്നായിരിക്കുന്നവനുമായ നിൻെറ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകണമെ.

ജനം—ആമ്മീൻ.

ܨܠܘܬܐ ܕܩܕܡ ܫܠܡܐ ◆

ܐܠܗܐ ܕܟܠ ܘܡܪܐ . ܠܢ ܗܢܘܢ ܕܠܐ
ܫܘܝܢ ܐܫܘܐ ܠܦܘܪܩܢܐ ܗܢܐ ܐܝܟܢܐ ܕܠܐ
ܢܟܠܐ ܘܡܚܝܕܝܢ ܒܐܣܘܪܐ ܕܚܘܒܐ ܢܬܠ
ܠܚܒܪܐ ܒܢܘܫܩܬܐ ܩܕܝܫܬܐ ܘܐܠܗܝܬܐ
ܘܢܫܩܘܢ ܚܕ ܠܚܕ ܫܠܡܐ ܘܠܡܫܒܚܘܬܐ
ܠܟ . ܘܠܝܚܝܕܝܐ ܒܪܟ ܘܠܪܘܚܟ ܟܠ
ܩܕܝܫܐ ܘܛܒܐ ܘܣܓܝܕܐ ܘܡܚܝܢܐ ܘܫܘܐ ܠܟ
ܒܐܘܣܝܐ . ܗܫܐ ܘܒܟܠܙܒܢ ܠܥܠܡ ܥܠܡܝܢ ❖
ܥܡܐ ◆ ܐܡܝܢ ❖ ܟܗܢܐ ◆ ܫܠܡܐ

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും സമാധാന മുണ്ടായിരിക്കട്ടെ.

ജനം—അവിടുത്തെ ആത്മാവിനും...

ശുശ്രൂഷകൻ—ദൈവമായ കർത്താവിൻെറ സ്നേഹം മൂലം....

ജനം—ദൈവമായ കർത്താവേ!...

ശുശ്രൂഷകൻ—നൽകപ്പെട്ടിരിക്കുന്ന...

ജനം—ഞങ്ങളുടെ കർത്താവും ദൈവവുമേ!...

ܠܟܠܟܘܢ ❖ ܥܡܐ ܥܡ ܪܘܚܐ ܕܝܠܟ ❖
ܡܫܡܫ ◆ ܚܘܒܐ ܕܡܪܝܐ ❖ ܥܡܐ ◆ ܐܠܗܐ
ܡܪܝܐ ❖ ܡܫܡܫ ◆ ܡܢ ܒܠܘܬ ❖ ܥܡܐ ◆
ܡܪܢ ܘܐܠܗܢ ❖

പട്ടക്കാരൻ

ഉയരത്തിൽ വസിക്കയും എളിയ കാര്യങ്ങളിൽ പോലും ശ്രദ്ധിക്കുകയും ചെയ്യുന്നവനും താൻ മാത്രം കാരുണ്യവാനും ആയിരിക്കുന്ന കർത്താവെ! തിരുമുമ്പാകെ തലകുനിച്ചിരിക്കുന്നവർക്ക് നിൻെറ അനുഗ്രഹങ്ങൾ അയച്ചു കൊടുത്ത് നിൻെറ ഏകപുത്രൻെറ കൃപയാൽ അവരെ അനുഗ്രഹിക്കേണമേ. അവനോടു കൂടെയും സകലത്തിലും വിശുദ്ധനും ഉത്തമനും ജീവൻ നൽകുന്നവനും സാരാംശത്തിൽ നിന്നോടൊന്നായിരിക്കുന്നവനുമായ നിൻെറ റൂഹായോടു കൂടെയും നിനക്ക് ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു.

ܟܗܢܐ ◆ ܗܘ ܕܒܠܚܘܕܘܗܝ ܡܪܚܡܢܐ
ܡܪܝܐ ܕܒܡܪܘܡܐ ܥܡܪ .
ܘܒܡܟܝܟܬܐ ܚܐܪ : ܫܕܪ ܒܘܪܟܬܐ
ܠܗܠܝܢ ܕܐܪܟܢܘ ܩܕܡܝܟ ܪܝܫܝܗܘܢ ܒܡܫܝܚܐ
ܘܒܪܟ ܐܢܘܢ ܒܛܝܒܘܬܗ ܕܝܚܝܕܝܐ ܒܪܟ .
ܕܥܡܗ ܠܟ ܫܘܐ ܫܘܒܚܐ ܘܐܝܩܪܐ ܘܐܚܝܕܘܬܐ
ܥܡ ܪܘܚܐ ܕܝܠܟ ܩܕܝܫܐ ܛܒܐ ܘܡܚܝܢܐ
ܘܫܘܝܬ ܐܘܣܝܐ ❖ ܥܡܐ ◆ ܐܡܝܢ ❖

ജനം—ആമ്മീൻ

പട്ടക്കാരൻ

വഴി തെററിപ്പോയ ആടുകളെ തിരിച്ചു കൊണ്ടുവരുവാനായി മഹത്തായ തൻെറ മനുഷ്യ സ്നേഹത്താൽ സ്വപുത്രനെ ലോകത്തിലേക്കയച്ച പിതാവാം ദൈവമെ! രക്തരഹിതമായ ഈ ബലിയനുഷ്ഠാനത്തെ നീ നിരസിക്കരുതെ. എന്തെന്നാൽ നിൻെറ കരുണയിലാകുന്നു, ഞങ്ങളുടെ നീതിയിലല്ല, ഞങ്ങളുടെ ശരണപ്പെടുന്നത് .

ܟܗܢܐ ◆ ܐܠܗܐ ܐܒܐ ܗܘ ܕܒܪܚܡܬܗ
ܐܢܫܝܬܐ ܪܒܬܐ ܫܕܪ ܒܪܗ ܠܥܠܡܐ
ܠܡܦܢܝܘ ܠܥܪܒܐ ܕܛܥܐ : ܠܐ ܬܣܠܐ ܠܟ
ܠܬܫܡܫܬܐ ܕܕܒܚܬܐ ܗܕܐ ܕܠܐ ܕܡܐ :
ܡܛܠ ܕܠܐ ܥܠ ܙܕܝܩܘܬܢ ܬܟܝܠܝܢ ܚܢܢ
ܐܠܐ ܥܠ ܪܚܡܝܟ . ܠܐ ܢܗܘܐ ܠܢ ܗܢܐ ܐܪܙܐ
ܕܐܬܝܗܒ ܠܦܘܪܩܢܢ . ܐܠܐ ܠܚܘܝܒܐ
ܠܫܘܒܩܢ ܚܛܗܝܢ ܘܠܢܘܚܡܐ ܘܚܘܣܝܐ

ഞങ്ങളുടെ രക്ഷക്കുവേണ്ടി നിർവഹിക്കപ്പെട്ട ഈ രഹസ്യം ഞങ്ങൾക്കു ശിക്ഷാവിധിക്കിടയാകാതെ; ഞങ്ങളുടെ പാപപരിഹാരത്തിനും നിന്നോടും നിൻെറ ഏകപുത്രനോടും സകലത്തിലും പരിശുദ്ധനും ഉത്തമനും ജീവൻ നൽകുന്നവനും സാരാംശത്തിൽ നിന്നോട് ഒന്നായിരിക്കുന്നവനുമായ നിൻെറ റൂഹായോടും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങളുടെ നന്ദിപ്രകടനത്തിനും പര്യാപ്തമായിത്തീരുമാറാകണമെ.

ജനം—ആമ്മീൻ.

ശുശ്രൂഷകരൻ—ബാറെക്മോർ, സഹോദര...

ജനം—ഈ കുർബാന അനുഗ്രഹങ്ങളും...

പട്ടക്കാരൻ ശോശപ്പാ മൂന്നു പ്രാവശ്യം മേലോട്ടും കീഴോട്ടും ആഘോഷിച്ചു കൊണ്ട് രഹസ്യപ്രാർഥന

ഇസ്രായേലിൻെറ പന്ത്രണ്ട് ഗോത്രങ്ങൾക്കുവേണ്ടി പന്ത്രണ്ട് നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽപാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകൻെറ കബറിങ്കൽ നിക്ഷേപിക്കപ്പെട്ട ആ തീക്കൽപാറയും നീ തന്നെയാകുന്നു.

പട്ടക്കാരൻ വലതുകൈ തബ്ലൈത്താമേൽ വച്ച് രഹസ്യങ്ങളിൽനിന്നു ശക്തി പ്രാപിച്ചുകൊണ്ട് ആദ്യം സ്വയം കുരിശു വരച്ചശേഷം വടക്കുവശത്തും തെക്കുവശത്തും ഉള്ളവരുടെ നേരെ കുരിശടയാളം വരയ്ക്കുന്നു. വശങ്ങളിൽ ആരുമില്ലെങ്കിൽ ഇതാവശ്യമില്ല. അനന്തരം പടിഞ്ഞാറോട്ട് തിരിഞ്ഞ് ജനങ്ങളുടെ നേരെ മൂന്നു പ്രാവശ്യം കുരിശടയാളം വരച്ചുകൊണ്ട്

പിതാവാം ദൈവത്തിൻെറ സ്നേഹവും +ഏകപുത്രൻെറ കൃപയും+പരിശുദ്ധറൂഹായുടെ സംബന്ധവും+ ആവാസവും എൻെറ സഹോദരങ്ങളേ! നിങ്ങളെല്ലാവരിലും എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജനം—ആമ്മീൻ. അവിടുത്തെ ആത്മാവോടു...

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

പട്ടക്കാരൻ കൈകൾ ഉയർത്തിക്കൊണ്ട്

ഈ സമയത്ത് നാമെല്ലാവരുടെയും മനസ്സുകളും ചിന്തകളും ഹൃദയങ്ങളും ഉയരങ്ങളിൽ പിതാവായ ദൈവത്തിൻെറ വലതുഭാഗത്ത് "മിശിഹാതമ്പുരാൻ ഇരിക്കുന്ന സ്ഥാനത്തായിരിക്കണം.

ജനം—ഞങ്ങളുടെ ബോധങ്ങളും....

പട്ടക്കാരൻ—ഭയഭക്തിയോടെ നമുക്കു കർത്താവിനെ സ്തോത്രം ചെയ്യാം.

ജനം—ഭയത്തോടെ കർത്താവിനെ....

പട്ടക്കാരൻ—രഹസ്യപ്രാർഥന

പട്ടക്കാരൻ—രഹസ്യപ്രാർഥന

സകല സൃഷ്ടികളുടെയും നിർമിതാവായവനെ സ്തോത്രം ചെയ്യുകയും വന്ദിക്കയും സ്തുതിക്കയും ചെയ്യേണ്ടതു വാസ്തവത്തിൽ യുക്തവും ന്യായവും ആകുന്നു.

പട്ടക്കാരൻ

സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഭൂമി, സമുദ്രങ്ങൾ, സ്വർഗീയ ഊർശ്ലേമിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാർ, മാലാഖമാർ, പ്രധാന മാലാഖമാർ, റീശൻവോസന്മാർ, ശുൽത്തോനേന്മാർ, മൗത്ത്ബേന്മാർ, മോറാവോസേന്മാർ, ഹൈലേന്മാർ, അനേകം കണ്ണുകളുള്ള ക്രൂബേന്മാർ, കാലുകളും മുഖവും മൂടിക്കൊണ്ട് പരസ്പരം പറന്നുചെന്ന് കാദീശ് പാടുന്നവരായ ആറാറു ചിറകു കളുള്ള സ്രോപ്പേന്മാർ തുടങ്ങിയ ശരീരികളും അശരീരികളുമായ സ്വർഗീയസേനകൾ മഹത്ത്വപ്പെടുത്തുന്നവനെ നമുക്കും മഹത്ത്വപ്പെടുത്താം

ജനം—തൻെറ സ്തുതികളാൽ.

പട്ടക്കാരൻ—രഹസ്യപ്രാർഥന

ലോകങ്ങളുടെ രാജാവേ! നീ യഥാർഥമായി പരിശുദ്ധനും ശുദ്ധീകരിക്കുന്നവനുമാകുന്നു. ഞങ്ങളുടെ കർത്താവായ നിൻെറ പുത്രൻ യേശുമിശിഹാ! പരിശുദ്ധനാകുന്നു. നിൻെറ നിഗൂഢകാര്യങ്ങൾ അന്വേഷി

[illegible]

ക്കുന്നവനായ നിൻെറ പരിശുദ്ധ റൂഹായും പരിശുദ്ധനാകുന്നു. മണ്ണുകൊണ്ട് നീ മനുഷ്യനെ സൃഷ്ടിച്ച് അവനെ പറുദീസായിൽ ആക്കി. അവൻ നിൻെറ കൽപ്പനയെ ലംഘിച്ചെങ്കിലും വഴിതെററിൽ അവനെ ഉപേക്ഷിക്കാതെ ദീർഘദർശിമാർ മുഖാന്തിരം നീ അവനു മാർഗദർശനം നൽകി. അവസാനം നിൻെറ ഏകപുത്രനെ ത്തന്നെ ലോകത്തിലേക്കു നീ അയയ്ക്കുകയും അവൻ പരിശുദ്ധ റൂഹായിൽ നിന്നും കന്യകമറിയാമിൽനിന്നും ശരീരം ധരിച്ചുകൊണ്ട് ക്ഷയിച്ചുപോയിരുന്ന നിൻെറ ആ പ്രതിരൂപത്തെ നവീകരിക്കുകയും ചെയ്തു.

പട്ടക്കാരൻ

പാപമില്ലാത്തവൻ, പാപികളായ നമുക്കുവേണ്ടി മനസ്സോടെ മരണമനുഭവിക്കുവാൻ തയ്യാറായപ്പോൾ, തൻെറ വിശുദ്ധ കൈകളിൽ അപ്പമെടുത്ത് സ്തോത്രം ചെയ്തു വാഴ്ത്തി + + ശുദ്ധീകരിച്ച് + മുറിച്ച് || തൻെറ വിശുദ്ധ ശ്ലീഹന്മർക്ക് നൽകിക്കൊണ്ട് അവരോട് അരുളിചെയ്തു. "നിങ്ങൾ ഇതു വാങ്ങി ഭക്ഷിപ്പീൻ. ഇത് നിങ്ങൾക്കു വേണ്ടിയും അനേകർക്കു വേണ്ടിയും മുറിക്കപ്പെടുകയും || പാപമോചനത്തിനും നിത്യജീവനുമായി നൽകപ്പെടുകയും ചെയ്യുന്ന എൻെറ ശരീരമാകുന്നു".

ജനം—ആമ്മീൻ.

പട്ടക്കാരൻ

അപ്രകാരം തന്നെ കാസായും എടുത്ത് സ്തോത്രം ചെയ്തു വാഴ്ത്തി + + വിശുദ്ധീകരിച്ച് + തൻെറ പരിശുദ്ധ ശ്ലീഹന്മാർക്ക് നൽകിക്കൊണ്ട് അവരോട് അരുളിച്ചെയ്തു. "ഇതു നിങ്ങളെല്ലാവരും വാങ്ങി പാനം ചെയ്യുവിൻ. ഇത് നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും ചൊരിയപ്പെടുക യും പാപമോചനത്തിനും നിത്യജീവനുമായി നൽകപ്പെടുകയും ചെയ്യുന്ന എൻെറ രക്തമാകുന്നു."

ജനം—ആമ്മീൻ

[Syriac text]

പട്ടക്കാരൻ

ഈ രഹസ്യത്തിൽ നിങ്ങൾ ംബന്ധിക്കുമ്പോൾ ഇതനുഷ്ഠിച്ചു കാണ്ട്, ഞാൻ വരുന്നതുവരെ എന്റെ ണത്തെയും പുനരുത്ഥാനത്തെയും മരിച്ചുകൊൾവിൻ.

(പട്ടക്കാരൻ വടക്കുവശത്തു നിന്ന് ഗ്മുർത്തൊ എടുത്തു കൈ തുടച്ച് അതു മുത്തിയശേഷം തർവോദോയോടുകൂടി അതു തെക്കുവശത്തു വയ്ക്കുന്നു)

നം—ഞങ്ങളുടെ കർത്താവേ! നിന്റെ....

പട്ടക്കാരൻ

കർത്താവേ! നിന്റെ മരണത്തേയും ന്നാം ദിവസമുള്ള നിന്റെ പുനരുത്ഥാ ത്തെയും നിന്റെ സ്വർഗാരോഹണ ത്തയും പിതാവായ ദൈവത്തിന്റെ ലത്തുഭാഗത്തുള്ള നിന്റെ ഇരിപ്പിനെയും ീണ്ടും ഭൂലോകത്തെ നീതിയോടെ ന്യായം ിധിച്ച് ഓരോരുത്തർക്കും അവനവന്റെ പവൃത്തികൾക്കനുസരണമായി പ്രതി ലം കൊടുക്കുന്നതിനുവേണ്ടിയുള്ള നി ന്റ രണ്ടാമത്തെ വരവിനേയും ഞങ്ങൾ ർക്കുന്നു. തന്മൂലം രക്തരഹിതമായ ൗ ബലിയെ ഞങ്ങൾ നിനക്കണയ്ക്കു യും ചെയ്യുന്നു. ഞങ്ങളുടെ കുററങ്ങൾ ു തക്കവണ്ണം ഞങ്ങളോടു നീ പ്രവർ ത്തിക്കുകയോ, ഞങ്ങളുടെ പാപങ്ങൾ നുസരണമായി ഞങ്ങൾക്കു നീ പ്രതി ലം നൽകുകയോ ചെയ്യാതെ, നിന്റെ ഹാകരുണയ്ക്കനുയോജ്യമായ വിധ ത്തിൽ നിന്റെ ദാസരായ ഞങ്ങളുടെ ാപങ്ങളെ നീ മായിച്ചു കളയണമെ. ന്തെന്നാൽ നിന്റെ ജനവും നിന്റെ അവകാശവുമായ ഞങ്ങൾ നിന്നോടും, നീ ുഖാന്തിരം നിന്റെ പിതാവിനോടും, സർവശക്തിയുള്ള പിതാവെ ഞങ്ങളോടു രുണ ചെയ്യണമേ എന്ന് അപേ ഷിക്കുന്നു.

ജനം—സർവശക്തിയുള്ള പിതാവായ....

പട്ടക്കാരൻ

കർത്താവേ! ബലഹീനരും പാപിക ുമായി നിന്റെ ദാസരായ ഞങ്ങളും നിന

ܟܗܢܐ. ܗܳܕܶܐ ܟܰܕ ܥܳܒ݂ܕܺܝܢ ܐܢܬܘܢ ܟܰܕ
ܡܶܫܬܰܘܬ݁ܦܺܝܢ ܒܐܪ̈ܙܐ ܗܳܢܳܐ ܠܡܰܘܬܝ
ܘܠܩܝܳܡܬܝ ܗ̱ܘܰܘ ܡܥܰܗܕܺܝܢ ܥܕܰܡܳܐ ܕܐܳܬܶܐ ܐܢܐ ❖

ܗܟܢܐ ܢܣܒ ܠܓܡܘܪܬܐ ܡܢ ܓܒܐ ܕܓܪܒܝܐ

ܘܡܫܘܐ ܒܐܝܕܗ ܘܢܫܩ ܠܗ ܘܝܗܒ ܠܗ ܥܡ ܬܪܘܕܐ

ܠܓܒܐ ܕܬܝܡܢܐ ◆

ܥܡܐ ◆ ܠܡܰܘܬܳܟ݂ ܡܳܪܰܢ ❖

ܟܗܢܐ ◆ ܟܰܕ ܡܥܰܗܕܺܝܢܰܢ ܡܳܪܝܳܐ ܠܡܰܘܬܳܟ݂
ܘܠܰܩܝܳܡܬܳܟ݂ ܕܰܠܬ݂ܠܳܬ݂ܐ ܝܰܘܡܺܝܢ ܘܠܰܡܣܰܩܬ݂ܳܟ݂ .
ܠܰܫܡܰܝܳܐ ܘܠܡܰܘܬ݂ܒ݂ܳܟ݂ . ܕܰܡܢ ܝܰܡܺܝܢܳܐ
ܕܰܐܠܳܗܳܐ ܐܰܒ݂ܳܐ . ܘܠܡܶܐܬ݂ܝܳܟ݂ ܕܬ݂ܶܢܝܳܢܳܐ
ܕܰܒ݂ܫܽܘܒ݂ܚܳܐ ܕܥܬ݂ܝܕ ܐܢܬ ܠܡܶܐܬܳܐ ܒܶܗ
ܠܡܶܕܰܢ ܥܳܠܡܳܐ ܒܟ݂ܺܐܢܽܘܬ݂ܳܐ : ܘܰܠܡܶܦܪܰܥ ܠܟ݂ܽܠ ܐܢܫ
ܐܰܝܟ݂ ܥܒ݂ܳܕܰܘܗܝ . ܗܳܕܶܐ ܕܶܝܢ ܩܽܘܪܒܳܢܳܐ
ܗܳܢܳܐ ܕܠܳܐ ܕܡܳܐ ܡܩܰܪܒܺܝܢܰܢ ܠܳܟ݂ . ܕܰܐܝܟ
ܕܠܳܐ ܐܰܝܟ݂ ܣܰܟ݂ܠܘ̈ܬܰܢ ܬܰܣܥܰܪ ܥܰܡܰܢ
ܘܠܳܐ ܐܰܝܟ݂ ܚܛܗ̈ܝܢ ܬܦܪܘܥ ܠܢ . ܐܠܳܐ ܐܰܝܟ݂
ܣܽܘܓܳܐ ܕܰܚܢܳܢܳܟ݂ . ܐܰܝܟ݂ ܣܰܓܺܝܐܘܬ݂ ܪ̈ܰܚܡܰܝܟ݂
ܫܒܘܩ ܚܛܗ̈ܝܢ ܠܥܰܒ݂ܕܰܝܟ݂ . ܥܰܡܳܟ݂ ܓܶܝܪ
ܘܝܳܪܬ݂ܽܘܬ݂ܳܟ݂ ܡܶܬ݂ܟܰܫܦܺܝܢ ܠܳܟ݂ ܘܒ݂ܳܟ݂
ܠܘܳܬ݂ ܐܰܒ݂ܘܟ݂ ܟܰܕ ܐܳܡܪܺܝܢ ❖

ܗܟܢܐ ܡܬܦܢܐ ܠܘܬ ܥܡܐ . ܘܟܕ ܡܬܦܢܐ ܡܢܗ

ܕܝܢ ܐܡܪ ܗܠܝܢ ܒܥܘ̈ܬܐ ◆

ܥܡܐ ◆ ܘܥܰܠ ܥܰܡܳܟ݂ ❖ ܟܗܢܐ . ܐ̱ܦ ܚܢܰܢ
ܡܶܬܟܰܫܦܺܝܢܰܢ ܠܳܟ݂ ܗܳܟܰܢ ܥܰܒ݂ܕܰܝܟ݂ . ܡܳܪܝ

ക്കു നന്ദി പറഞ്ഞുകൊണ്ട് സകലത്തെക്കുറിച്ചും സകലത്തിനുവേണ്ടിയുമുള്ള നിൻെറ ദയവിനെ സ്തോത്രം ചെയ്യുന്നു.

ജനം—ദൈവമായ കർത്താവേ!.....

ശുശ്രൂഷകൻ— ബാറെക് മോർ, എൻെറ വാത്സല്യമുള്ളവരെ.

പട്ടക്കാരൻ പരിശുദ്ധാത്മാവിനെ ആഹ്വാനം ചെയ്തുകൊണ്ടുള്ള രഹസ്യ പ്രാർഥന

പിതാവായ ദൈവമേ! ഞങ്ങളോടു കരുണചെയ്യണമേ. സിംഹാസനത്തിലും രാജത്വത്തിലും അനാദ്യന്തമായ സാരാംശത്തിലും നിന്നോട് ഒന്നായിരിക്കുന്നവനും, നിൻെറ പഴയ നിയമവും പുതിയ നിയമവും വഴിയായി സംസാരിച്ചവനും, യോർദ്ദാൻ നദിയിൽവച്ചു പ്രാവിൻെറ രൂപത്തിൽ കർത്താവേശുമിശിഹായുടെ മേലും, മാളികയിൽ വച്ച് അഗ്നിനാവുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെമേലും ഇറങ്ങിയവനുമായ നിൻെറ പരിശുദ്ധ റൂഹായെ, ഈ കുർബാനമേൽ നീ അയച്ചുതരികയും ചെയ്യണമേ.

ജനം —ഞങ്ങളെല്ലാവരോടും കൂടെ.....

പട്ടക്കാരൻ

കർത്താവേ! എന്നോടുത്തരമരുളണമെ. കർത്താവെ! എന്നോടുത്തരമരുളണമേ കർത്താവേ! എന്നോടുത്തരമരുളി, ദയ തോന്നി എന്നോടു കരുണചെയ്യണമെ.

ജനം— കുറിയേ...കുറിയേ...കുറിയേ...

പട്ടക്കാരൻ

(പരിശുദ്ധ റൂഹാ) ആവസിച്ച് ഈ അപ്പത്തെ ജീവൻ നൽകുന്ന ശരീരവും + രക്ഷാകരമായ ശരീരവും+ ഞങ്ങളുടെ ദൈവമായ മിശിഹാതമ്പുരാൻെറ ശരീരവും+ ആക്കിത്തീർക്കുമാറാകണമേ.

ജനം—ആമ്മീൻ.

പട്ടക്കാരൻ

ഈ കാസായെ പുതിയ നിയമത്തിൻെറ രക്തവും+ രക്ഷാകരമായ രക്തവും+ ഞങ്ങളുടെ ദൈവമായ മിശിഹാതമ്പുരാൻെറ രക്തവും + ആക്കിത്തീർക്കുമാറാകണമെ.

ܡܘܕܝܢܢ ܠܚܢܢܟ݂ . ܡܘܕܝܢܢ
ܠܡܫܒܚܘܬܟ݂ ܥܠ ܐܦܝ ܟܠܗܝܢ ܘܡܛܠ
ܟܠܗܝܢ ❖ ܥܡܐ . ܠܟ ܗܘ ܡܫܒܚܝܢܢ ❖
ܡܫܡܫܢܐ . ܡܪܝ ܘܚܒܝܒܝ ❖

ܟܗܢܐ ܡܩܪܐ ܠܪܘܚܐ ܩܕܝܫܐ ܒܐܪܙܐ ❖

ܘܬܚܢܢܝܢ ܐܠܗܐ ܐܒܐ ܘܫܕܪ ܥܠ
ܡܘܬܒܐ ܕܡܠܟܘܬܐ ܘܫܘܝܢ ܥܡܟ ܒܐܘܣܝܐ . ܗܘ
ܕܡܠܠ ܒܢܡܘܣܐ ܘܒܢܒܝܐ ܘܒܕܝܬܝܩܐ
ܘܡܠܠ ܥܠ ܝܘܪܕܢܢ ܒܕܡܘܬ ܝܘܢܐ . ܗܘ
ܘܢܚܬ ܥܠ ܐܝܟ ܠܫܢܐ ܕܢܘܪܐ ܥܠ ܫܠܝܚܐ
ܒܥܠܝܬܐ ܕܨܗܝܘܢ : ܘܐܝܟ ܠܫܢܐ
ܘܢܘܪܐ ܥܠ ܫܠܝܚܐ ܕܒܥܠܝܬܐ ❖

ܐܦ ܥܡܐ ❖

ܥܢܝܢܝ ܡܪܝܐ . ܥܢܝܢܝ ܡܪܝܐ .
ܥܢܝܢܝ ܡܪܝܐ . ܘܚܘܣ ܘܐܬܪܚܡ ܥܠܝ ❖

ܥܡܐ . ܩܘܪܝܠܝܣܘܢ . ܩܘܪܝܠܝܣܘܢ . ܩܘܪܝܠܝܣܘܢ ❖

ܟܗܢܐ . ܐܝܟܢܐ ܕܟܕ ܫܪܐ ܢܥܒܕ
ܠܠܚܡܐ ܗܢܐ ܦܓܪܐ ܡܚܝܢܐ ܚܝܐ . ܦܓܪܐ
ܦܪܘܩܝܐ . ܦܓܪܐ ܕܡܫܝܚܐ ܐܠܗܐ
ܘܠܢ ❖ ܥܡܐ . ܐܡܝܢ ❖

ܟܗܢܐ . ܘܠܟܣܐ ܗܢܐ ܕܡܙܓܐ ܕܡܐ
ܕܕܝܐܬܝܩܐ ܚܕܬܐ . ܕܡܐ ܦܪܘܩܝܐ . ܕܡܐ
ܕܡܫܝܚܐ ܐܠܗܐ ܘܦܪܘܩܢ ❖

ܥܡܐ . ܐܡܝܢ ❖

ܟܗܢܐ ܓܠܝܐܝܬ •

ܐܪ̈ܙܐ ܢܗܘܘܢ ܠܡܩܒ̈ܠܢܝܗܘܢ ܠܕܘܟܝܘܬܐ
ܕܢ̈ܦܫܬܐ ܘܦ̈ܓܪܐ ܘܒܗܘܢ ܢܦܩܘܢ ܦܐܪ̈ܐ
ܕܥܒ̈ܕܐ ܛܒ̈ܐ ܠܫܘܥܐ ܕܗܝܡܢܘܬܐ ܘܕܢܝܬܝܐ
ܠܫܘܪܪܐ : ܗܝ ܕܬܪ̈ܥܐ ܕܫܝܘܠ ܠܐ
ܡܫܟܚܝܢ ܠܗ̇ . ܥܕܡܐ ܠܫܘܠܡܐ ܕܥܠܡܐ
ܠܐ ܡܫܟܚܝܢ . ܘܡܢ ܦܘܪ̈ܫܢܐ ܕܡܪ̈ܝܢܐ
ܢܦܨܝܗ̇ . ܘܢܬܠ ܬܫܒܘܚܬܐ ܠܟ ܘܠܒܪܟ
ܝܚܝܕܝܐ ܘܠܪܘܚܟ ܟܠܗ̇ ܩܕܝܫܐ ܛܒܬܐ
ܘܣܓܝܕܬܐ ܘܡܚܝܢܝܬܐ ܘܫܘܝܬ ܐܘܣܝܐ ܠܟ
ܗܫܐ : ܘܒܟܠܙܒܢ ܘܠܥܠܡ ܥܠܡܝܢ ❖

ܥܡܐ . ܐܡܝܢ ❖ ܡܫܡܫܢܐ . ܒܪܟܡܪܝ ❖

ܟܗܢܐ ܒܚܫܐܝܬ •

ܡܩܪܒܝܢܢ ܠܟ ܡܪܝܐ ܕܒܚܬܐ ܗܕܐ
ܕܠܐ ܕܡܐ ܥܠ ܥܕ̈ܬܐ ܩܕܝ̈ܫܬܐ ܡܘܗ̈ܒܬܐ
ܘܥܠ ܥܕܬܟ ܩܕܝܫܬܐ ܕܒܟܠ ܕܘܟܐ ܘܥܠ
ܕܒܪܐ ܠܗ̇ : ܘܥܠ ܐܒܗ̈ܬܐ ܦܛܪܝܪܟܐ
ܘܩܕܝܫܐ ܡܪܝ . ܘܥܠ ܡܪܝ ܐܓܢܐܛܝܘܣ
ܘܡܪܝ ܐܘܣܛܐܬܝܘܣ ܘܡܪܝ ܓܪܝܓܘܪܝܘܣ
ܘܐܦ ܥܠ ܐܦܣܩܘܦܐ ܕܝܠܢ ܘܥܠ ܩܫܝܫܐ
ܘܡܫܡܫܢܐ ܘܥܠ ܟܠܗ ܛܓܡܐ ܕܟܗܢܘܬܐ
ܘܥܠܝ ܡܚܝܠܐ . ܘܥܠ ܚܛܗ̈ܐ ܕܛܠܝܘܬܝ

ജനം— ആമ്മീൻ.

പട്ടക്കാരൻ

കർത്താവെ! ഈ തിരുശരീര രക്ത ങ്ങൾ അനുഭവിക്കുന്നവരുടെ ആത്മശരീ ങ്ങളെ ഇവ ശുദ്ധീകരിക്കണമെ. ഇവയാൽ സൽപ്രവൃത്തികളാകുന്ന ഫലങ്ങൾ അവർ പുറപ്പെടുവിക്കണമെ. ഇവ വിശ്വാസമാകുന്ന പാറമേൽ സ്ഥാപിതവും, അധോലോക ശക്തികൾ അജയ്യവുമായ സഭയുടെ ഉറപ്പിനുമായി ത്തീരണമെ. അവസാനംവരെ വേദവിപ രീതങ്ങളാകുന്ന വിരുദ്ധതകളിൽ നിന്ന് സഭയെ നീ രക്ഷിക്കണമെ. നിൻെറ സഭ യ്ക്കും നിനക്കും നിൻെറ ഏകപുത്രനും സകല ത്തിലും പരിശുദ്ധനും ഉത്തമനും വന്ദ്യനും ജീവദായകനും സാരാംശത്തിൽ നിന്നോ ടൊന്നായിരിക്കുന്നവനുമായ നിൻെറ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കയും ചെയ്യുമാറാകണമെ.

ശുശ്രൂഷകൻ— ബാറെക്മോർ, ഇന്നും.....

പട്ടക്കാരൻ—രഹസ്യ പ്രാർഥന

കർത്താവേ! സകല സഭകളുടെയും മാതാവായ സെഹിയോനുവേണ്ടിയും ഭൂതലമെങ്ങുമുളള നിൻെറ വിശുദ്ധ സഭയ്ക്കു പരിശുദ്ധാത്മ നൽവരങ്ങൾ ലഭിക്കുന്നതിനു വേണ്ടിയും, രക്ത രഹിതമായ ഈ ബലി നിനക്കു ഞങ്ങൾ അർപ്പണയ്ക്കുന്നു. കർത്താവേ! നീതിമാന്മാ രും സത്യവാന്മാരും ഞങ്ങളുടെ പിതാക്ക ന്മാരുമായ ഞങ്ങളുടെ പാത്രിയർക്കീസ് മാർ ഇഗ്നാത്തിയോസിനേയും മാർ ബസ്സേലിയോസ്സിനേയും മാർ ഗ്രീഗോറി യോസ്സിനേയും ഞങ്ങളുടെ മേൽപ്പട്ടക്കാരൻ മാർ....യും, കശ്ശീശന്മാരെയും ശെമ്മാശ്ശന്മാ രെയും വൈദികഗണം മുഴുവനേയും, ബലഹീനനായ എന്നേയും ഓർത്തുകൊ ള്ളണമേ. എൻെറ ചെറുപ്പകാലത്തെ പാപങ്ങൾ ഓർക്കാതെ, നിൻെറ കരുണയാൽ എനിക്കു ജീവൻ നൽകണമെ.

ബന്ധിതരും രോഗികളും പീഡിതരും ആരോഗ്യഹീനരും അശുദ്ധാത്മ ബാധിതരുമായി ഞങ്ങളുടെ സഹോദര ങ്ങളെ ഓർക്കുമാറാകണമെ. വായു മണ്ഡലത്തെയും സംവത്സരത്തിൻെറ കിരീടത്തെയും അനുഗ്രഹിക്കണമെ. ജീവിച്ചിരിക്കുന്ന സകലരുടെയും നല്ല ആഗ്രഹങ്ങളെ നീ നിറവേററി കൊടു ക്കുകയും ചെയ്യണമേ.

പട്ടക്കാരൻ

ദൈവമായ കർത്താവെ! ദുഷ്ട മനുഷ്യരുടെ എല്ലാവിധ എതിർപ്പുകളിൽ നിന്നും പിശാചുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും പീഡനത്തിൽ നിന്നും, ഞങ്ങളുടെ പാപങ്ങൾ മൂലം ഞങ്ങളിൽ വന്നുചേരുന്ന എല്ലാ ശിക്ഷകളിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. നിൻെറ വിശുദ്ധ കൽപ്പനകളുടെ ആചരണത്തിൽ നീ ഞങ്ങ ളെ കാത്തുകൊള്ളുകയും ചെയ്യണമെ. എന്തെന്നാൽ ദൈവമേ! നീ കാരുണ്യ വാനാകുന്നുവല്ലൊ. നിനക്കും നിൻെറ ഏകപുത്രനും സകലത്തിലും പരിശുദ്ധ നും....നിൻെറ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കുന്നു.

ജനം—ആമ്മീൻ.

ശുശ്രൂഷകൻ— സർവശക്തിയുള്ള ദൈവമായ....

പട്ടക്കാരൻ—രഹസ്യപ്രാർഥന

കർത്താവേ! ഞങ്ങളുടെ കൂട്ടത്തിൽ നിന്നുകൊണ്ട് പ്രാർഥിക്കുന്നവരായ ഞങ്ങളുടെ പിതാക്കൻമാരേയും സഹോദര ങ്ങളേയും ഞങ്ങളിൽ നിന്നു വേർപിരിഞ്ഞ് പോയിട്ടുള്ളവരെയും, ഇന്ന് കുർബാ നയർപ്പിക്കുവാൻ ആഗ്രഹിച്ചിട്ട് സാദ്ധ്യ മാകാതെ വന്നിട്ടുള്ളവരെയും നീ ഓർത്ത് , ഓരോ രുത്തരുടേയും നല്ല യാചനകളെ നീ നിറവേററുമാറാകണമേ.

പട്ടക്കാരൻ

കർത്താവേ! ഞങ്ങൾ ഓർത്തിട്ടുള്ളവരും ഓർക്കാതിരുന്നിട്ടുള്ളവരുമായി എല്ലാവരേയും നീ ഓർത്തുകൊള്ളണമേ. നിന്റെ സ്വർഗീയ വിശാലതയിൽ അവരുടെ ബലികളെ നീ സ്വീകരിക്കണമേ. രക്ഷയുടെ ആനന്ദം അവർക്കു നീ പ്രതിഫലമായി നൽകി നിന്റെ സഹായത്തിന് അവരെ അർഹരാക്കിത്തീർക്കുകയും നിന്റെ ശക്തികൊണ്ട് അവരെ ബലപ്പെടുത്തുകയും നിന്റെ സംരക്ഷണം അവരെ ആയുധമായി അണിയിക്കുകയും ചെയ്യണമെ. എന്തെന്നാൽ നീ കാരുണ്യവാനാകുന്നുവല്ലൊ. നിനക്കും നിന്റെ ഏകപുത്രനും സകലത്തിലും പരിശുദ്ധനും....നിന്റെ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കുന്നു.

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—നാലു ഭാഗങ്ങളിലുള്ള....

പട്ടക്കാരൻ—രഹസ്യപ്രാർത്ഥന

കർത്താവേ! നല്ല ഭക്തിയുള്ളവരായ രാജാക്കന്മാരേയും രാജ്ഞികളേയും നീ ഓർത്ത്, ഞങ്ങൾക്കു ശാന്തമായ ജീവിതം നയിക്കുവാൻ ഇടയാകുമാറ് ആത്മീയായുധത്താൽ അവർക്കു സഹായം നൽകുകയും അവരുടെ സകല ശത്രുക്കളെയും അവർക്കു കീഴ്പ്പെടുത്തുകയും ചെയ്യണമെ.

പട്ടക്കാരൻ

കർത്താവേ! നിന്നിൽ ശരണം പ്രാപിക്കുന്ന എല്ലാവർക്കും നീ രക്ഷിതാവും സഹായിയും ജയം നൽകുന്നവനും ആകുന്നുവല്ലോ. നിനക്കും നിന്റെ ഏകപുത്രനും സകലത്തിലും പരിശുദ്ധനും ....നിന്റെ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കുന്നു.

ജനം— ആമ്മീൻ.

ശുശ്രൂഷകൻ—ഭൂമിയിലെ സകല വംശ....

പട്ടക്കാരൻ—രഹസ്യ പ്രാർത്ഥന

കർത്താവേ! നീ ജീവന്മേലും മരണത്തിന്മേലും അധികാരമുള്ളവനാണല്ലോ.

ܟܗܢܐ ܥܠܝܬܐ ◆

ܐܬܕܟܪ ܡܪܝܐ ܠܟܠܗܘܢ ܐܝܠܝܢ
ܕܐܬܕܟܪܘ ܘܕܠܐ ܐܬܕܟܪܘ. ܘܩܒܠ
ܕܒܚܬܗܘܢ ܠܘܬ ܦܬܝܐ ܕܫܡܝܟ. ܦܪܘܥ
ܐܢܘܢ ܚܕܘܬܐ ܕܦܘܪܩܢܐ ܘܐܫܘܐ ܐܢܘܢ
ܠܥܘܕܪܢܟ. ܚܝܠ ܐܢܘܢ ܒܚܝܠܟ
ܘܙܪܙ ܐܢܘܢ ܒܚܘܣܝܢܟ. ܡܛܠ
ܕܡܪܚܡܢܐ ܐܝܬܝܟ ܘܠܟ ܫܘܒܚܐ
ܘܬܘܕܝܬܐ ܡܫܩܠܝܢ. ܘܠܝܚܝܕܝܐ ܒܪܟ
ܘܠܪܘܚܟ ܟܠܗ ܩܕܝܫܐ ܛܒܐ ❖

ܥܡܐ. ܐܡܝܢ ❖ ܟܗܢܐ ܓܗܢܝܬܐ ◆

ܐܬܕܟܪ ܡܪܝܐ ܠܡܠܟܐ ܡܗܝܡܢܐ ܘܠܡܠܟܬܐ
ܡܗܝܡܢܬܐ. ܕܒܫܝܢܐ ܘܫܠܝܐ ܢܕܒܪ
ܐܢܘܢ. ܘܥܒܕ ܫܘܥܒܕܗܘܢ ܥܒܕ ܠܗܘܢ.
ܐܝܟܢܐ ܕܢܚܐ ܚܝܐ ܫܝܢܝܐ ܘܫܠܝܐ ❖

ܟܗܢܐ ܥܠܝܬܐ ◆

ܡܛܠ ܕܐܢܬ ܗܘ ܦܪܘܩܐ ܘܡܥܕܪܢܐ
ܘܝܗܘܒ ܙܟܘܬܐ ܠܟܠܗܘܢ ܐܝܠܝܢ
ܕܡܣܬܟܝܢ ܠܟ ܡܪܝܐ. ܘܠܟ ܫܘܒܚܐ
ܘܬܘܕܝܬܐ ܡܫܩܠܝܢ ܘܠܝܚܝܕܝܐ ܒܪܟ
ܘܠܪܘܚܟ ܟܠܗ ܩܕܝܫܐ ܛܒܐ ❖

ܓܗܢܝܬܐ ◆

ܡܛܠ ܕܠܟ ܐܝܬ ܫܘܠܛܢܐ ܕܥܠ ܚܝܐ ܘܥܠ
ܡܘܬܐ. ܐܬܕܟܪ ܠܐܒܗܬܐ ܩܕܝܫܐ. ܢܒܝܐ.

വിശുദ്ധ പിതാക്കന്മാരേയും ദീർഘദർശിമാരേയും ശ്ലീഹന്മാരേയും ദൈവമാതാവായ കന്യകമറിയാമിനേയും മാർ യോഹന്നാൻ മാംദാനായേയും സ്തേപ്പാനോസ് സഹദായേയും സകല പുണ്യവാന്മാരേയും ഓർത്തു കൊള്ളണമേ.

പട്ടക്കാരൻ

അസാദ്ധ്യകാര്യങ്ങൾക്ക് കഴിവുള്ളവനായ കർത്താവെ! സ്വർഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ സംഘങ്ങളോട് ഞങ്ങളെ നീ ചേർക്കണമെ എന്ന് നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. തിരുമുമ്പാകെ അവർ ഞങ്ങളെ ഓർക്കുന്നതിനും, ഈ ആത്മിക ബലിയിൽ ഞങ്ങളോടു കൂടെ അവർ സംബന്ധിക്കുന്നതിനും വേണ്ടി ഞങ്ങൾ അവരെ ഓർക്കുന്നു. അതുമൂലം ജീവനുള്ളവരുടെ സംരക്ഷണവും, അരിഷ്ടരായ ഞങ്ങളുടെ മനോധൈര്യവും ഞങ്ങളുടെ പിതാക്കന്മാരും, സഹോദരന്മാരും ഗുരുക്കന്മാരുമായ വിശ്വാസികളായി നിദ്ര പ്രാപിച്ചവരുടെ ആശ്വാസവും ഉണ്ടാകണമെ. ആയത് നിൻെറയും, നിൻെറ ഏകജാതൻെറയും.....നിൻെറ റൂഹായുടെയും കൃപയാലും കരുണയാലും സാധിക്കണമെ.

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—ശ്ലീഹായ്ക്കടുത്തതും കുററമില്ലാത്തതുമായ....

പട്ടക്കാരൻ—രഹസ്യ പ്രാർഥന

കർത്താവേ! എപ്പിസ്ക്കോപ്പന്മാരുടെ തലവനായ യാക്കോബുമുതൽ ഇന്നയോളം നിൻെറ സഭയിൽ സത്യവിശ്വാസം ഉറപ്പിച്ചിട്ടുള്ള ഞങ്ങളുടെ സത്യവാന്മാരായ മേലദ്ധ്യക്ഷന്മാരെ നീ ഓർത്തു കൊള്ളണമെ.

പട്ടക്കാരൻ

വിജാതീയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽ മക്കളുടെയും മുമ്പാകെ, നിൻെറ പരിശുദ്ധ നാമം വഹിച്ചവരായ വിജ്ഞാനികളുടെയും, ഗുരുക്കന്മാരുടെയും ഉപദേശത്തെ ഞങ്ങളുടെ ആത്മാക്കളിൽ

[illegible]

നീ സ്ഥിരപ്പെടുത്തണമെ. ഞങ്ങളെ അലട്ടുന്ന വേദവിപരീതങ്ങളെ നീ മായിച്ചു കളയണമെ. നിൻെറ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ കുററം കൂടാതെ നിൽക്കുവാൻ ഞങ്ങളെ അർഹരാക്കിത്തീർക്കണമെ. എന്തെന്നാൽ നീ വിശുദ്ധനും പരിശുദ്ധന്മാർക്കു പരിശുദ്ധത നൽകുന്നവനും ആകുന്നുവല്ലൊ. നിനക്കും നിൻെറ ഏകപുത്രനും സകലത്തിലും പരിശുദ്ധനും....നിൻെറ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ സമർപ്പിക്കുന്നു.

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—അരൂപികളുടെയും സകല.....

പട്ടക്കാരൻ—രഹസ്യ പ്രാർഥന

കർത്താവേ! സത്യ വിശ്വാസത്തിൽ മുൻകൂട്ടി നിദ്ര പ്രാപിച്ച് ശാന്തിയടഞ്ഞിട്ടുള്ളവരായ സകല വൈദിക ഗണങ്ങളെയും, അവർ ആർക്കെല്ലാം വേണ്ടി കുർബാനയണച്ചിട്ടുണ്ടോ ആയവരേയും, ഇപ്പോൾ ഇവിടെ പേരു പറയപ്പെടുന്നവരെയും നീ ഓർത്തുകൊള്ളണമെ.

(ഇവിടെ കാസായിലും പീലാസായിലും തബ്ലൈത്തായിലും പുസ്തകത്തിലും കുരിശടയാളം വരച്ച് കുർബാന അണയ്ക്കപ്പെടുന്ന പരേതരുടെ പേരുകൾ ഓർക്കുന്നു.)

പട്ടക്കാരൻ

ആത്മാക്കളുടെയും സകല ശരീരങ്ങളുടെയും നാഥനായ ദൈവമായ കർത്താവെ! സത്യവിശ്വാസപൂർവം ഞങ്ങളിൽ നിന്ന് വേർപിരിഞ്ഞുപോയിട്ടുള്ള എല്ലാവരേയും നീ ഓർത്തുകൊള്ളണമെ. അവരുടെ ശരീരങ്ങളെയും ദേഹികളെയും ആത്മാക്കളേയും ആശ്വസിപ്പിക്കണമെ. അനന്തമായ ശിക്ഷാവിധിയിൽ നിന്ന് അവരെ രക്ഷിച്ചുകൊള്ളണമെ. നിൻെറ മുഖപ്രകാശം പരിലസിക്കുന്നിടത്ത് അവരെ നീ ആശ്വസിപ്പിക്കണമെ. അവരുടെ തെററുകൾ മായിക്കണമെ. അവരുടെ ശിക്ഷാവിധിക്ക് നീ തുനിയരുതേ. എന്തെന്നാൽ

[illegible]

നിൻെറ ഏകപുത്രൻ മാത്രമല്ലാതെ തിരുസന്നിധിയിൽ കുററം തീർന്നവൻ ആരുമില്ലല്ലൊ. അവൻ മൂലമുള്ള കരുണയും പാപമോചനവും പ്രാപിക്കുവാൻവേണ്ടി ഞങ്ങളും അവരും അവനിൽതന്നെ ശരണപ്പെടുന്നു.

ജനം—ദൈവമേ! സത്യ വിശ്വാസ....

പട്ടക്കാരൻ—രഹസ്യ പ്രാർഥന

ദൈവമേ! മനസ്സുകൊണ്ടും വചനം കൊണ്ടും പ്രവൃത്തികൊണ്ടുമുള്ള ഞങ്ങളുടെ തെററുകളെ നീ പരിഹരിച്ച് ക്ഷമിക്കണമെ. പരസ്യവും രഹസ്യവുമായ കാര്യങ്ങൾ നിനക്കു പ്രത്യക്ഷമാകുന്നുവല്ലൊ.

പട്ടക്കാരൻ

കർത്താവെ! അവസാനംവരെ പാപം കൂടാതെ ഞങ്ങളെ നീ കാത്തു കൊള്ളണമേ. എപ്പോഴൊ, എവിടെയൊ, തിരുമനസ്സാകുന്ന പോലെ, ഞങ്ങളുടെ പിഴകളെക്കുറിച്ചുള്ള ലജ്ജകൂടാതെ നിൻെറ തിരഞ്ഞെടുക്കപ്പെട്ടവരുടെ പാർശ്വങ്ങളിൽ ഞങ്ങളെ നീ കൂട്ടിച്ചേർക്കണമെ. തന്മൂലം സകലത്താലും എന്നപോലെ ഇതിനാലും സകലത്തിലും ബഹുമാന്യവും വാഴ്ത്തപ്പെട്ടതുമായ തിരുനാമം ഞങ്ങളുടെ കർത്താവായ യേശുമിശിഹായുടെയും... റൂഹായുടെയും നാമങ്ങളോടുകൂടെ സ്തുതിക്കപ്പെട്ട് പുകഴ്ത്തപ്പെടുമാറാകണമേ.

ജനം—ആമ്മീൻ, തൻെറ നാമം....

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം—അവിടുത്തെ ആത്മാവിനും....

പട്ടക്കാരൻ വലതുകൈ പീലാസാമേൽ വച്ചിട്ട് തന്നെത്താനും ഇരുവശങ്ങളിലേക്കും കുരിശുവരച്ച ശേഷം ജനത്തിൻെറ നേരെ തിരിഞ്ഞ് മൂന്ന് കുരിശടയാളങ്ങൾ വരച്ചുകൊണ്ട്

+ + + വലിയവനും നമ്മുടെ രക്ഷകനുമായ യേശുമിശിഹായാകുന്ന ദൈവത്തിൻെറ കരുണ എൻെറ സഹോദരരേ! നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

[illegible]

തിരശ്ശീല ഇട്ടശേഷം ജനം ഗീതം ചൊല്ലുന്നു. പട്ടക്കാരൻ അപ്പം മുറിക്കുന്നു. തൽസമയത്ത് ഉപയോഗിപ്പാനുള്ള ബർസ്ലീബിയുടെ പ്രാർത്ഥന

വചനമായ ദൈവം ഇപ്രകാരം
ത്യമായും ജഡത്തിൽ കഷ്ടതയനുഭവി
യും ബലിയർപ്പിക്കപ്പെടുകയും
ിശിൽ വച്ച് ഖണ്ഡിക്കപ്പെടുകയും
ചയ്തു:|| തന്റെ ആത്മാവ് ശരീരത്തിൽ
ന്ന് വേർപെട്ടു.V എന്നാൽ തന്റെ
ത്മാവിൽനിന്നൊ ശരീരത്തിൽ നിന്നൊ
ന്റെ ദൈവത്വം വേർപെട്ടില്ല. /\ തന്റെ
ലാവിൽ + കുന്തംകൊണ്ട് കുത്തുക
ം+ ലോകം മുഴുവനും പാപപരി
ാരപ്രദമായ രക്തവും വെള്ളവും
തിൽ നിന്ന് + ഒഴുകി തന്റെ ശരീരം
ുവനും അതിൽ മുങ്ങുകയും ചെയ്തു+.
ാകം മുഴുവന്റെയും പാപത്തിനു
ണ്ടി പുത്രൻ കുരിശിൽ മരിച്ചു +. വീണ്ടും
ന്റെ ആത്മാവു വന്ന് തന്റെ
ീരത്തോടു ചേരുകയും→← ഇടത്തേ
നടുത്ത ജീവിത രീതിയിൽ നിന്ന്
ലത്തേതിന്നടുത്തതിലേക്കു ഞങ്ങളെ
ിക്കയും ചെയ്തു. ꝸ തന്റെ രക്തം
ം സമാധാനം സ്ഥാപിക്കയും സ്വർഗീയ
യും ഭൗമികരെയും ⊥ സ്വജാതീയരെയും
ജാതീയരെയും ആത്മാവിനെയും
ീരത്തെയും തമ്മിൽ യോജിപ്പിക്കയും
ചയ്തിട്ട് മൂന്നാം ദിവസം കബറിൽ നിന്ന്
ത്ഥാനം ചെയ്തു. ↑ അവിഭാജ്യമായ ആ
ംയോജനത്തിനുശേഷം അമ്മാനുവേൽ
കൻ മാത്രമാകുന്നു; രണ്ടു സ്വഭാവ
ളായി വിവച്ഛേദിക്കപ്പെട്ടുകൂടാ. ഇപ്ര
ാരം ഞങ്ങൾ വിശ്വസിക്കുന്നു. ഇങ്ങനെ
ങ്ങൾ ഏററുപറയുന്നു. ഇങ്ങനെ ഞങ്ങൾ
ാപ്പിച്ചു പറയുകയും ചെയ്യുന്നു.∠ ഈ
ീരം ഈ രക്തത്തിന്റേതാകുന്നു. ×ഈ
ക്തം ഈ ശരീരത്തിന്റേതാകുന്നു.×

ܒܬܪܗ ܩܨܐ ܘܐܡܪ . ܬܘܕܝܬܐ ܕܡܪܝ ܕܡܪ ܝܥܩܘܒ ◆
ܗܟܢܐ ܫܪܝܪܐܝܬ ܚܫ ܡܠܬܐ ܐܠܗܐ
ܒܒܣܪ ܘܐܬܢܟܣ ܘܐܬܩܨܝ ܒܨܠܝܒܐ .
ܘܐܬܦܪܫܬ· ܢܦܫܗ ܡܢ ܦܓܪܗ ܟܕ
ܐܠܗܘܬܗ ܠܐ ܐܬܦܪܫܬ· ܠܐ ܡܢ ܢܦܫܗ
ܘܠܐ ܡܢ ܦܓܪܗ ↑ ܘܐܬܕܩܪ ܒܪܘܡܚܐ ܒܓܒܗ
ܒܠܘܟܝܬܐ ※ ܘܢܒܥܘ ܡܢܗ ܕܡܐ ܘܡܝܐ .
ܚܘܣܝܐ ܠܟܠܗ ܥܠܡܐ ↑ ܘܐܬܨܒܥ
ܒܗܘܢ ܦܓܪܗ ※ ܘܥܠ ܚܛܗܐ
ܕܟܠܗ ܥܠܡܐ ↑ ܡܝܬ ܒܪܐ ܒܨܠܝܒܐ ※
ܘܗܦܟܬ· ܢܦܫܗ ܘܐܬܚܝܕܬ· ܥܡ ܦܓܪܗ.
ܘܐܗܦܟܢ ܠܢ ܡܢ ܕܘܒܪܐ ܦܓܪܢܝܐ
ܠܕܘܒܪܐ ܪܘܚܢܝܐ . ܘܒܕܡܗ ܫܝܢ ܘܫܝܢܗ .
ܘܫܝܢ ܘܐܫܠܡ ܫܡܝܢܐ ܥܡ ܐܪܥܢܝܐ ⊥ .
ܘܥܡܡܐ ܥܡ ܥܡܡܐ . ܘܢܦܫܐ ܥܡ ܦ
ܓܪܐ . ܘܒܝܘܡܐ ܕܬܠܬܐ ܩܡ ܡܢ
ܩܒܪܐ . ܘܚܕ ܗܘ ܥܡܢܘܐܝܠ . ܘܠܐ
ܡܬܦܠܓ ܡܢ ܒܬܪ ܚܘܝܕܐ ܕܠܐ
ܡܬܦܠܓܢܘܬܐ ܠܬܪܝܢ ܟܝܢܝܢ . ܗܟܢܐ
ܡܗܝܡܢܝܢ ܘܗܟܢܐ ܡܘܕܝܢ ܘܗܟܢܐ
ܡܫܪܪܝܢ · + ܕܗܢܐ ܦܓܪܐ ܕܗܢܐ ܕܡܐ
ܐܝܬܘܗܝ . ܘܗܢܐ ܕܡܐ ܕܗܢܐ ܦܓܪܐ
ܐܝܬܘܗܝ ❖

(പീലാസായിൽ സമർപ്പിച്ചുകൊണ്ട്)

സത്യപിതാവേ! കാണുക തിരുഹിത ബലിയാം സുതനെ
എൻ പേർക്കായ് മൃതിയേററോനേയേററേകുക പുണ്യം
എൻ കൈകളിൽനിന്നീ ബലികൈക്കൊണ്ടുൾത്തെളിവാലെ
മായിക്കണമേ ഞാൻ തിരുമുമ്പിൽ ചെയ്തൊരു പാപം
ഗോഗുൽത്തായിൽ ദോഷികൾ ചിന്തിയ തിരുസുതരക്തം
യാചിക്കുന്നെൻപേർക്കതിനാലെൻ പ്രാർത്ഥന കേൾക്ക
തുലനം ചെയ്താൽ നിന്നുടെ കനിവെങ്ങെങ്ങെൻ പാപം
മലയേക്കാൾ നിൻ കനിവിനു തൂക്കം കൂടുതലേററം◆
പാപങ്ങളെയും ബലികളെയും നീ പാർക്കുക സൂക്ഷ്മം
ബലികാഴ്ചകളപ്പാപത്തെക്കാൾപാരം ശ്രേഷ്ഠം
കുന്തവുമാണിയുമേററാൻ നിൻപ്രിയനെൻ പാപത്താൽ
ആ യാതനയാൽ നീ തെളിയും; ഞാൻ രക്ഷിതനാകും◆
സ്തുതി തിരുമകനെ ഞങ്ങടെ രക്ഷയ്ക്കേകിയ താതാ!
നതികുരിശതിലെ മൃതിയാൽ ജീവൻ നല്കിയ സൂനോ!
സ്തോത്രം രക്ഷാമർമ്മംപൂർണമതാക്കിയ റൂഹാ!
കൃപചെയ്യണമേ പരമോന്നതനാം പിതൃസുതറൂഹാ!◆

പ്രാർത്ഥന

ഊർശ്ലേമിൽ ഗോഗുൽത്തായുടെ മുകളിൽ വച്ച് ഞങ്ങൾക്കു വേണ്ടി, വിലാവിൽ കുത്തുകൊണ്ട ദൈവമായ മിശിഹാ നീയാകുന്നു.ഽ

ലോകത്തിൻെറ പാപത്തെ വഹിക്കുന്ന ദൈവത്തിൻെറ കുഞ്ഞാട് നീയാകുന്നു.ഽ

നീ ഞങ്ങളുടെ കടങ്ങൾ പരിഹരിക്കയും ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കയും ചെയ്ത് നിൻെറ വലത്തുഭാഗത്ത് ഞങ്ങളെ നിർത്തുമാറാകണമെ. ഽ

ܘܣܐܡ ܒܦܝܢܟܐ ܘܐܡܪ ܒܥܘܬܐ ◆

ܐܒܐ ܕܩܘܫܬܐ ܗܐ ܒܪܟ ܕܒܝܚܐ
ܕܪ̈ܥܝܐ ܠܟ . ܠܗܢܐ ܩܒܠ ܕܡܝܬ
ܚܠܦܝ ܘܐܢܫܐ ܒܗ . ܗܘ ܩܘܪܒܢܐ ܩܒܠ
ܡܢ ܐܝ̈ܕܝ ܘܐܬܪܥܐ ܠܝ . ܘܠܐ ܬܬܕܟܪ ܠܝ
ܣܟܠܘ̈ܬܐ ܕܥܒܕܬ ܩܕܡ ܪܒܘܬܟ ❖ ܗܐ
ܘܕܡܗ ܐܫܝܕ ܥܠ ܓܓܘܠܬܐ ܡܢ ܪ̈ܫܝܥܐ .
ܘܒܥܐ ܡܛܠܬܝ ܘܡܛܠܬܗ ܩܒܠ ܒܥܘܬܝ .
ܐܢ ܬܠܐ . ܡܬܩܠܝܢ ܚܘܒܟ ܐܦ ܡܢ ܛܘܪ̈ܐ
ܘܪ̈ܚܡܝܟ ܠܟ ❖ ܚܙܝ ܚܛܗ̈ܐ ܘܚܙܝ
ܕܒܚܬܐ ܕܥܠܝܗܘܢ . ܘܩܘܪܒܢܐ ܪܒ
ܕܒܚܬܐ ܘܩܘܪܒܢܐ ܣܓܝ ܡܢ ܚܛܗ̈ܐ . ܡܛܠ
ܕܚܛܝܬ ܣܒܠ ܚܒܝܒܟ ܡܣ̈ܡܪܐ ܘܠܘܓܟܝܐ .
ܚܫ̈ܘܗܝ ܣܦܩܝܢ ܘܠܢ̈ܦܫܝ ܦܪܩܘܗ̇
ܐܢܐ ❖ ܫܘܒܚܐ ܠܐܒܐ ܕܠܒܪܗ ܐܫܠܡ
ܚܠܦ ܦܘܪܩܢܢ . ܘܫܘܒܚܐ ܠܒܪܐ ܕܒܡܘܬܗ
ܒܨܠܝܒܐ ܐܚܝ ܠܟܠܢ . ܫܘܒܚܐ ܠܪܘܚܐ
ܘܡܫܠܡ ܥܒܕ ܐܪ̈ܙܐ ܕܦܘܪܩܢܢ . ܠܡܫܠܡܢܘܬܐ
ܘܬܠܬܐ ܡܥܠܝܐ ܚܘܣ ܥܠ ܟܠܢ ❖

ܨܠܘܬܐ . ܐܢܬ ܗܘ ܡܫܝܚܐ ܐܠܗܐ ܗܘ
ܕܐܬܕܩܪ ܒܪܘܡܗ ܕܓܓܘܠܬܐ ܒܐܘܪܫܠܡ
ܣܛܪܗ ܡܛܠܬܢ ❖ ܐܢܬ ܗܘ ܐܡܪܗ
ܕܐܠܗܐ ܗܘ ܕܫܩܠ ܚܛܝܬܗ ܕܥܠܡܐ ❖
ܐܢܬ ܕܫܪܐ ܚܘ̈ܒܝܢ ܘܫܒܘܩ ܚܛܗ̈ܝܢ
ܘܐܩܝܡܝܢ ܡܢ ܝܡܝܢܐ ܕܝܠܟ ܘܠܥܠܡܝܢ ❖

തിരശ്ശീല നീക്കിയശേഷം

പട്ടക്കാരൻ പ്രാർഥന

ക്രൂബേന്മാരാൽ വാഴ്ത്തപ്പെടുന്ന
ും സ്രോപ്പേന്മാരാൽ കാദീശ് പാട
ടുന്നവനും ആയിരങ്ങളും പതിനായിര
ളുമായ വിശേഷ ബുദ്ധിയുള്ള
സന്യങ്ങളാൽ പുകഴ്ത്തപ്പെടുന്നവനും
ഗന്ധ വാസനയായി സമർപ്പിക്കപ്പെടുന്ന
ഴ്ചകളെയും ഫല വഴിപാടുകളെയും
ദ്ധീകരിച്ച് പരിപൂർണമാക്കുന്നവനുമായ
ങ്ങളുടെ കർത്താവേശുമ്ശീഹായുടെ
താവായ ദൈവമെ! സ്വർഗസ്ഥ
താവായ ദൈവമാകുന്ന നിന്നെ നിർമല
ൃദയത്തോടും ലജ്ജാരഹിതമായ
ഖത്തോടും കൂടെ "സ്വർഗസ്ഥനായ
ങ്ങളുടെ പിതാവെ!" എന്ന് വിളിച്ച്
ാർഥിക്കുവാൻ ഞങ്ങളെല്ലാവരുടെയും
ീരാത്മ ദേഹികളെ ശുദ്ധീകരിക്കണമെ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാ
!....

ം— നിന്റെ തിരുനാമം പരിശുദ്ധ
ക്കപ്പെടണമേ...

പട്ടക്കാരൻ

ദൈവമായ കർത്താവേ! അസഹ
യമായ പരീക്ഷയിലേക്ക് ഞങ്ങളെ നീ
വേശിപ്പിക്കരുതെ. എന്നാലൊ പരീക്ഷ
ക്ക് നിവാരണമുണ്ടാക്കിക്കൊണ്ട്
ഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ.
ങ്ങൾ നിനക്കും നിന്റെ ഏകപുത്രനും
കലത്തിലും പരിശുദ്ധനും....നിന്റെ
ഹാക്കും ഇപ്പോഴും എപ്പോഴും
ന്നേയ്ക്കും സ്തുതിയും സ്തോത്രവും
മർപ്പിക്കയും ചെയ്യുമാറാകണമേ.

ം—ആമ്മീൻ.

ക്കാരൻ—നിങ്ങൾക്കെല്ലാവർക്കും
മാധാനമുണ്ടായിരിക്കട്ടെ.

ം—അവിടുത്തെ ആത്മാവോടു കൂടെയും
ണ്ടായിരിക്കട്ടെ.

ശുഷകൻ—അണയ്ക്കപ്പെട്ട ഈ വിശുദ്ധ....

ܟܗܢܐ ܕܝܢ ܐܡܪ . ܨܠܘܬܐ ܕܐܒܘܢ ܕܒܫܡܝܐ ❖

ܐܠܗܐ ܘܐܒܘܗܝ ܕܡܪܢ ܝܫܘܥ
ܡܫܝܚܐ . ܗܘ ܕܡܢ ܟܪܘ̈ܒܐ ܡܬܒܪܟ .
ܘܡܢ ܣܪ̈ܦܐ ܡܬܩܕܫ . ܘܡܢ ܐܠܦ̈ܝܢ
ܐܠܦ̈ܝܢ ܘܪ̈ܒܘ ܪ̈ܒܘܢ ܕܚܝ̈ܠܘܬܐ
ܡܠܝ̈ܠܬܐ ܡܬܗܕܪ . ܗܘ ܕܠܩܘܪ̈ܒܢܐ
ܘܡܫܡܠܐ ܩܐܪ̈ܐ ܘܠܪܝܚܐ ܒܣܝܡܐ
ܐܬܩܪܒܘ ܠܟ ܡܩܪ̈ܒܝܢ ܐܢܬ ܘܡܬܩܒܠܢܐ .
ܩܪܝܢ ܐܦ ܠܢ ܕܒܠܒܐ ܘܢܟܦܘܬܐ ܘܕܟܝܘܬܐ
ܘܬܠܢ . ܐܢܫܐ ܕܠܒܐ ܕܟܝܐ ܘܒܦܪܨܘܦܐ
ܘܠܐ ܒܗܬܬܐ : ܢܩܪܝܟ ܐܠܗܐ ܐܒܐ ܫܡܝܢܐ
ܩܕܝܫܐ ܘܢܐܡܪ : ܐܒܘܢ ܕܒܫܡܝܐ
ܥܡܐ . ܢܬܩܕܫ ❖

ܟܗܢܐ . ܐܝܢ ܡܪܝܐ ܐܠܗܐ ܠܐ ܬܥܠܝܢ
ܠܢܣܝܘܢܐ ܠܐ ܡܫܬܡܫܢܐ . ܐܠܐ ܦܨܝ ܡܢ
ܒܝܫܐ ܟܕ ܡܥܒܪܬ ܠܢܣܝܘܢܐ ܡܦܩ
ܐܦ ܠܗ . ܘܢܫܘܐ ܠܢ ܡܫܒܚܐ ܘܬܘܕܝܬܐ
ܘܠܝܚܝܕܝܐ ܒܪܟ ܘܠܪܘܚܐ ܕܝܠܟ ܩܕܝܫܐ
ܗܫܐ ❖ ܥܡܐ . ܐܡܝܢ ❖ ܟܗܢܐ .
ܫܠܡܐ ❖ ܥܡܐ . ܘܠܪܘܚܟ ❖ ܡܫܡܫܢܐ .
ܪܝܫܝܢ ❖ ܥܡܐ . ܩܕܡܝܟ ❖

ജനം—ഞങ്ങളുടെ കർത്താവും ദൈവവും.....

പട്ടക്കാരൻ

കർത്താവെ! നിൻെറ ദാസർ സമ്പന്നമായ നിൻെറ കരുണയ്ക്കായി പ്രതീക്ഷിച്ചുകൊണ്ട് തിരുമുമ്പാകെ തലകുനിച്ചു നിൽക്കുന്നു. നിൻെറ വാഴ്വുകൾ അയച്ചുതന്ന് ഞങ്ങളെല്ലാവരുടെയും ശരീരാത്മാക്കളെ ശുദ്ധീകരിക്കണമെ. ഞങ്ങളുടെ രക്ഷിതാവായ മിശിഹാതമ്പുരാൻെറ ജീവൻ നൽകുന്ന രഹസ്യങ്ങളിൽ സംബന്ധിക്കുവാൻ യോഗ്യരാക്കുകയും ചെയ്യണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും സകലത്തിലും പരിശുദ്ധനും.....നിൻെറ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കയും ചെയ്യുമാറാകണമെ.

ജനം—ആമ്മീൻ.

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം—അവിടുത്തെ ആത്മാവിനും.....

പട്ടക്കാരൻ വലതുകൈ കാസാമേൽ വച്ച് സ്വയം കുരിശു വരച്ച് ഇരുവശ ങ്ങളിലേക്കും കുരിശടയാളം വരച്ചശേഷം ജനത്തിൻെറ നേരെ തിരിഞ്ഞു മൂന്നു കുരിശടയാളങ്ങൾ വരച്ചുകൊണ്ട്

പരിശുദ്ധവും മഹനീയവും + സൃഷ്ടിയല്ലാത്ത സ്വയംഭുവും അനാദ്യന്തവും + വന്ദ്യവും സാരാംശത്തിൽ ഒന്നായിരിക്കുന്നതുമായ ത്രിത്വത്തിൻെറ + കൃപയും കരുണയും എൻെറ സഹോദരങ്ങളെ നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—ഭയത്തോടും വിറയലോടും കൂടി....

ജനം—കർത്താവേ! കരുണ തോന്നി.....

ܥܡܐ.

ܥܡܐ. ܐܡܝܢ ❖ ܟܗܢܐ. ܫܠܡܐ ◆ ܥܡ ܪܘܚܟ ❖

ܥܡܐ. ܐܡܝܢ ❖

ܥܡܐ. ܡܪܝܐ ܐܬܪܚܡ ܥܠܝܢ ❖

പട്ടക്കാരൻ പീലാസാ ഉയർത്തി ആഘോഷിച്ചുകൊണ്ട്

ഈ വിശുദ്ധതകൾ, വിശുദ്ധന്മാർക്കും വെടിപ്പുള്ളവർക്കും നൽകപ്പെടുന്നു.

ജനം—പരിശുദ്ധനായ ഏക പിതാവും.....

പട്ടക്കാരൻ—കാസാ ഉയർത്തി ആഘോഷിക്കുന്നു.

ജനം—ഒന്നായിരിക്കുന്ന പിതാവിനും....

പട്ടക്കാരൻ പീലാസാ വലതു കൈയിലും കാസാ ഇടതുകൈയിലും—വലതുകൈ ഇടത്തു കൈയുടെ മുകളിലായി കുരിശാകൃതിയിൽ പിടിച്ചുകൊണ്ട്

കരുണയോടെ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏകപിതാവ് നമ്മോടു കൂടെ.

ജനം—ആമ്മീൻ.

പട്ടക്കാരൻ— തൻെറ വിലയേറിയ കഷ്ടാനുഭവങ്ങൾ മൂലം ലോകത്തെ രക്ഷിച്ച പരിശുദ്ധനായ ഏകപുത്രൻ നമ്മോടുകൂടെ.

ജനം—ആമ്മീൻ.

പട്ടക്കാരൻ— ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാനുള്ളതുമായ സകലത്തേയും പൂർണമാക്കുന്ന ജീവനുള്ള ഏക പരിശുദ്ധ റൂഹായും നമ്മോടുകൂടെ. കർത്താവിൻെറ തിരുനാമം ആദിമുതൽ എന്നന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

ജനം—ആമ്മീൻ. നാം ദൈവസുത.........

പട്ടക്കാരൻ തർവാദാ പീലാസായിൽ എടുത്തുവച്ച് രഹസ്യങ്ങൾ മൂടിയശേഷം ദർഗായിൽ നിന്നിറങ്ങി ത്രോണോസിൻെറ മുമ്പിൽ നിന്നുകൊണ്ട് ധൂപംവച്ചു കുക്കിലിയോൻ ചൊല്ലുന്നു. അനന്തരം ജനത്തിൻെറ നേരെ തിരിഞ്ഞ് ശുബ്ക്കോനൊ ചോദിച്ചു കൊണ്ട്

സഹോദരരേ വത്സലരേ! എനിക്കുവേണ്ടി പ്രാർഥിപ്പിൻ.

അനന്തരം ത്രോണോസിൻെറ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട് രഹസ്യ പ്രാർഥന

എൻെറ കർത്താവേ! വിശുദ്ധിയോടെ നിന്നെ ഭക്ഷിക്കുവാൻ എന്നെ യോഗ്യനാക്കണമെ. നിൻെറ വിശുദ്ധ ശരീരം

ܟܗܢܐ ܡܪܝܡ ܠܩܘܕܫܐ ♦

ܩܘܕܫܐ ܠܩܕܝܫܐ ܘܠܕܟܝܐ

[illegible]

ഭക്ഷിക്കുന്നതു മൂലം എൻെറ ദുർമോഹങ്ങൾ മാഞ്ഞുപോകണമേ. ജീവപ്രദമായ നിൻെറ കാസാ പാനം ചെയ്യുന്നതുമൂലം എൻെറ ദുർവികാരങ്ങൾ കെട്ടുപോകണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ! നീ മൂലം കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനും എന്നേക്കും ഞാൻ അർഹനായി ഭവിക്കയും ചെയ്യണമേ.

വേറൊന്ന്

ദൈവമായ കർത്താവേ! നിൻെറ വിശുദ്ധ ശരീരം മൂലം ഞങ്ങളുടെ ശരീരങ്ങൾ പരിശുദ്ധമായിത്തീരുകയും പാപപരിഹാരപ്രദമായ നിൻെറ രക്തം മൂലം ഞങ്ങളുടെ ആത്മാക്കൾ നിർമലമായിത്തീരുകയും ചെയ്യുവാൻ ഞങ്ങളെ നീ യോഗ്യരാക്കിത്തീർക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ...! ഇത് എന്നേക്കും ഞങ്ങൾക്കു കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും പര്യാപ്തമായി ഭവിക്കയും ചെയ്യണമെ.

വേറൊന്ന്

ദൈവമായ കർത്താവേ! നിൻെറ പരിശുദ്ധ ശരീരം ഭക്ഷിക്കുവാനും പാപപരിഹാരപ്രദമായ നിൻെറ രക്തം പാനം ചെയ്യുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ! നിൻെറ നല്ല ഇഷ്ടം അനുവർത്തിച്ചിട്ടുള്ള സകലരോടും കൂടെ നിൻെറ സ്വർഗ രാജ്യത്തിൽ ഞങ്ങൾ എന്നേക്കും അവകാശികളായിത്തീരുകയും ചെയ്യുമാറാകണമേ.

ദർഗായിൽ കയറിനിന്ന് തർവാദാ കൊണ്ട്
കാസായിൽ നിന്നു ശരീരം എടുത്തുകൊണ്ട്

അതിർത്തികളെ വഹിച്ചിരിക്കുന്നവനേ! നിന്നെ ഞാൻ എടുക്കുന്നു. ആഴങ്ങളെ ഭരിക്കുന്നവനേ! നിന്നെ ഞാൻ വഹി

ܚ̈ܫܐ ܬܬܕܥܟܘܢ ܒܝ ܚܡܝ̈ܡܐ . ܘܡܪܝ ܐܠܗܐ
ܠܫܘܒܩܢܐ ܕܚܘ̈ܒܐ ܘܠܚܘܣܝܐ ܕܣܟܠܘ̈ܬܐ
ܡܪܝ ܘܐܠܗܝ ܠܥܠܡܝܢ ❖

ܐܚܪܬܐ . ܐܠܗܐ ܠܝ ܡܪܝܐ ܠܐ ܗܘܐ
ܘܢܬܩܕܫܘܢ ܦܓܪ̈ܝܢ ܒܦܓܪܟ ܩܕܝܫܐ
ܘܢܬܕܟܘܢ ܢܦܫ̈ܬܢ ܒܕܡܟ ܡܚܣܝܢܐ .
ܘܢܗܘܐ ܠܫܘܒܩܢܐ ܕܚܘ̈ܒܝܢ ܘܠܚܘܣܝܐ
ܕܣܟܠܘ̈ܬܢ ܡܪܝ ܘܐܠܗܝ ܠܥܠܡܝܢ ❖

ܐܚܪܬܐ . ܐܠܗܐ ܠܝ ܡܪܝܐ ܠܐ ܗܘܐ
ܘܢܐܟܘܠ ܦܓܪܟ ܩܕܝܫܐ ܘܢܫܬܐ ܠܕܡܟ
ܡܚܣܝܢܐ . ܘܢܗܘܐ ܫܘܝܢ ܒܡܠܟܘܬܟ
ܫܡܝܢܝܬܐ ܥܡ ܟܠܗܘܢ ܕܫܦܪܘ ܠܪܥܝܢܟ
ܛܒܐ ܡܪܝ ܘܐܠܗܝ ܠܥܠܡܝܢ ❖

ܣܠܩ ܠܕܪܓܐ ܘܐܡܪ

ܘܫܩܠ ܠܦܓܪܐ ܡܢ ܟܣܐ ܒܐܝܕܘܗܝ ܐܡܪ ❖

ܠܟ ܐܚܝܕ ܐܢܐ ܐܚܝܕ ܣܘܦܐ . ܘܠܟ
ܠܟ ܐܢܐ ܡܟܒܫ ܬܗܘܡܐ . ܘܠܟ ܐܠܗܐ
ܒܦܘܡܝ ܣܐܡ ܐܢܐ . ܘܡܪܝ ܐܬܪܐ ܩܡ
ܬܘܪܐ ܘܠܐ ܘܕܟܐ . ܘܐܠܗܐ ܠܫܘܒܩܢ
ܚܘ̈ܒܐ ܐܝܟ ܕܥܒܕܬ ܪ̈ܚܡܐ ܡܪܝ
ܘܐܠܗܝ ܠܥܠܡܝܢ ❖

ܘܟܕ ܡܫܠܘܬ ܐܡܪ ❖

ܬܫܒܘܚܬܐ ܡܚܣܝܢܘܬܐ ܘܦܓܪܐ ܘܕܡܐ

...ുന്നു. ദൈവമേ! എൻെറ വായിൽ തന്നെ ഞാൻ വയ്ക്കുന്നു. ഞങ്ങളുടെ കർത്താവും ദൈവവുമേ! കെട്ടുപോകാത്ത അഗ്നിയിൽ നിന്ന് നീ മൂലം ഞാൻ രക്ഷ പ്രാപിക്കയും ആ പാപിനിയേയും കള്ളനേയും പോലെ പാപമോചനത്തിന് എന്നേക്കും അർഹനായി തീരുകയും ചെയ്യുമാറാകണമേ.

അനുഭവിച്ചുകൊണ്ട്

നമ്മുടെ ദൈവമായ മിശിഹായുടെ ശരീര രക്തങ്ങളാകുന്ന, പാപപരിഹാരപദമായ തീക്കട്ട, രണ്ടു ലോകങ്ങളിലും നിത്യമായി, കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനും വേണ്ടി, ബലഹീനനും പാപിയുമായ ദാസനായ എനിക്കു നല്കപ്പെടുന്നു.

കാസായിൽ നിന്ന് അനുഭവിച്ചുകൊണ്ട്

ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടിവന്ന വചനമാം ദൈവമാകുന്ന യേശുവേ! കുരിശിൽ ഒഴുക്കിയ ജീവനുള്ളതും ജീവൻ നൽകുന്നതുമായ നിൻെറ രക്തത്താൽ എന്നന്നേക്കും എൻെറ കടങ്ങൾ മോചിക്കപ്പെടുകയും എൻെറ പാപങ്ങൾ ക്ഷമിക്കപ്പെടുകയും ചെയ്യുമാറാകണമെ.

തർവാദാകൊണ്ട് പട്ടക്കാർക്കു കുർബാന
കൊടുക്കുമ്പോൾ

നമ്മുടെ ദൈവമായ മിശിഹായുടെ ശരീരർകതങ്ങളാകുന്ന പാപപരിഹാരപദമായ തീക്കട്ട രണ്ടു ലോകങ്ങളിലും നിത്യമായി, കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനുംവേണ്ടി, ശ്രേഷ്ഠനായ പട്ടക്കാരന് (ദൈവഭവന വിചാരകനായ അന്തോനിയോസ് ദയറാക്കാരന് —സദ്‌വൃത്തനായ ശെമ്മാശ്ശന് —സത്യവിശ്വാസിക്ക് —സത്യവിശ്വാസിനിക്ക്) നൽകപ്പെടുന്നു.

പട്ടക്കാരൻ വലതുകൈയിൽ പീലാസായും ഇടതുകൈയിൽ കാസായും എടുത്തുകൊണ്ട് വടക്കുവശത്തുകൂടി തിരിഞ്ഞ് പടിഞ്ഞാറോട്ടു മുഖമായി ദർഗായിൽ നിന്നുകൊണ്ട്

ܘܡܚܣܝܢܐ ܐܠܗܐ ܘܕܝܠܝ ܦܬܢܘܟܐ ܠܟ
ܓܡܘܪܐ ܡܚܣܝܢܐ ܘܚܝܐ ܠܫܘܒܩܢܐ ܕܚܘܒ̈ܐ
ܘܠܚܘܣܝܐ ܕܚܛܗ̈ܐ ܒܬܪ̈ܝܗܘܢ ܥܠܡ̈ܐ
ܠܥܠܡ ܥܠܡܝܢ ❖

ܘܟܕ ܫܩܠ ܡܢ ܟܣܐ ܐܡܪ ◆

ܓܡܘܪܬܐ ܚܝܐ ܘܡܚܣܝܢܐ ܘܐܠܗܝܬܐ
ܕܦܓܪܐ ܘܕܡܐ ܕܡܫܝܚܐ ܘܚܛܗ̈ܝ
ܡܬܝܗܒ ܠܡܚܝܠܐ ܐܠܗܐ ܘܐܦ ܚܛܝܐ
ܦܘܪܩܢܝ . ܠܥܠܡ ܥܠܡܝܢ ܐܡܝܢ ❖

ܟܕ ܗܘ ܡܫܬܘܬܦ ܠܟܗܢܐ ܒܬܘܪܐ ܐܡܪ ◆

ܦܪܘܩܢ ܡܫܝܚܝܬܐ ܘܦܪܘܩܐ ܘܡܠܬܐ
ܘܡܚܣܝܢܐ ܐܠܗܐ ܘܕܝܠܝ ܦܬܢܘܟܐ ܠܟܘܢܐ
ܐܚܐ (ܐܘ ܟܗܢܐ ܪܒܐ) ܠܕܝܪܝܐ ܐܢܛܘܢܝܘܣ
ܘܪܒ ܒܝܬܐ ܕܐܠܗܐ . ܐܘ ܠܫܡܫܐ ܠܡܫܡܫܢܐ
ܢܟܦܐ . ܐܘ ܠܡܗܝܡܢܐ ܠܡܗܝܡܢܐ ܫܪܝܪܐ .
ܐܘ ܠܐܢܬܬܐ ܠܡܗܝܡܢܬܐ ܫܪܝܪܬܐ) ܠܚܘܣܝܐ
ܕܚܘܒ̈ܐ ܘܠܚܘܣܝܐ ܕܚܛܗ̈ܐ ܒܬܪ̈ܝܗܘܢ
ܥܠܡ̈ܐ ܠܥܠܡ ܥܠܡܝܢ ܐܡܝܢ ❖

ܟܕ ܫܩܝܠ ܟܗܢܐ ܦܝܠܣܐ ܒܐܝܕܗ ܝܡܝܢܝܬܐ ܘܟܣܐ
ܒܐܝܕܗ ܣܡܠܝܬܐ ܘܗܦܟ ܡܢ ܣܛܪܐ ܓܪܒܝܝܐ ܘܩܐܡ
ܒܬܪܥܐ ܕܡܕܒܚܐ . ܗܘ ܕܦܩܕ ܕܢܐܡܪ ܥܠ ܗܠܝܢ
ܕܡܫܬܘܬܦܝܢ ܘܩܐܡ ܥܠ ܬܪܥܐ . ܗܘ ܕܦܩܕ
ܘܐܡܪ ܟܕ ܗܘ ܦܬܝܚ ܬܪܥܐ ܕܥܠ ܥܡܐ ◆

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനും ഞങ്ങളുടെ വർഗത്തിൻെറ നിത്യമായ പുതുക്കത്തിനും വേണ്ടി വരുവാനിരിക്കുന്നവനുമായ ദൈവപുത്രാ! പാപപരിഹാരം നൽകുന്ന നിൻെറ ബലിപീഠത്തിൽ നിന്ന് നിൻെറ ദാസർക്കായി പാപപരി ഹാരം ഇറങ്ങുമാറാകണമേ.

ജനം—ആമ്മീൻ.

പട്ടക്കാരൻ—ദൈവമായ കർത്താവേ! കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും, ഞങ്ങളുടെ കർത്താവും ദൈവവുമേ! തിരുമുമ്പാകെയുളള മുഖപ്രസന്നതയ്ക്കും വേണ്ടി, വിലയേറിയതായ നിൻെറ ശരീരരക്തങ്ങൾ അനുഭവിക്കുന്ന ഈ നിൻെറ ആരാധകരുടെ സംഘത്തെ അദൃശ്യമായ നിൻെറ വലത്തു കൈനീട്ടി വാഴ്ത്തുമാറാകണമേ.

ജനം—ആമ്മീൻ.

പട്ടക്കാരൻ ദർഗായിൽ നിന്നിറങ്ങി പടിഞ്ഞാറോട്ടു നടന്നുകൊണ്ട്

വലിയവനും നമ്മുടെ രക്ഷിതാവുമായ യേശുമിശിഹായാകുന്ന ദൈവത്തിൻെറ കരുണ, ഈ വിശുദ്ധതകൾ വഹിച്ചിരിക്കുന്നവരുടെ മേലും, ഇവ നൽകുന്നവരുടെ മേലും, അനുഭവിക്കുന്നവരുടെമേലും, പരിശ്രമിച്ച് ഇവയിൽ സംബന്ധിച്ചുള്ളവരും സംബന്ധിക്കുന്നവരുമായ എല്ലാവരുടെമേലും ഉണ്ടാകണമെ. ദൈവത്തിൻെറ കരുണ നമ്മുടെ മേലും അവരുടെമേലും രണ്ടു ലോകങ്ങളിലും എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജനം—ആമ്മീൻ; നാഥാ! കൃപ ചെയ്യണ....

അനന്തരം പട്ടക്കാരൻ നമ്മുടെ ദൈവമായ മിശിഹാതമ്പുരാൻെറ.... എന്നാദിയായ പ്രാർത്ഥന ചൊല്ലിക്കൊണ്ട് അൽമായക്കാർക്കു കുർബാന കൊടുത്തശേഷം.

ܡܢ ܡܕܒܚܟ ܡܚܣܝܢܐ ܢܚܘܬ
ܚܘܣܝܐ ܠܥܒܕܝܟ ܒܪ ܐܠܗܐ ܕܐܬܐ
ܠܦܘܪܩܢܢ ܘܥܬܝܕ ܕܢܐܬܐ ܡܛܠ ܢܘܚܡܢ
ܘܚܘܕܬܗ ܕܓܢܣܢ ܠܥܠܡܝܢ ❖

ܥܢܝܢ. ܐܡܝܢ ❖

ܟܗܢܐ ◆ ܦܘܫܩ ܡܪܝܐ ܐܠܗܐ ܢܬܟܫܦܟ
ܗܘ ܠܐ ܡܬܚܙܝܢܘܬܐ ܘܡܢܗܘܢ ܠܚܘܒܐ
ܗܘܐ ܘܫܘܒܩܢܐ ܘܥܘܠܝܢ ܠܓܠܝܢܐ
ܘܩܘܡ ܢܦܫܐ ܠܡܫܝܚܐ ܘܢܘܒܠܐ
ܘܠܫܘܒܚܐ ܘܢܗܘܐ ܘܠܝܠܘܬܢ ܐܦܐ
ܘܥܒܕܝܢ ܡܢܢ ܘܠܗܘܢ ܠܥܠܡܝܢ ❖

ܥܢܝܢ. ܐܡܝܢ ❖

ܟܗܢܐ ܟܕ ܢܚܬ ܡܢ ܕܪܓܐ ܐܡܪ ◆
ܛܝܒܘܬܗ ܕܡܫܝܚܐ ܐܠܗܐ ܪܒܐ
ܘܦܪܘܩܢ ܕܝܢ ܬܗܘܐ ܥܠ ܡܫܬܠ ܟܠ
ܢܫܝܢ ܩܘܕܫܐ ܗܠܝܢ ܘܥܠ
ܝܗܘܒܝܗܘܢ ܘܥܠ ܢܣܘܒܝܗܘܢ ܘܥܠ
ܟܠ ܘܠܗ ܐܫܬܘܬܦܘ ܘܡܫܬܘܬܦܝܢ
ܒܗܘܢ ܛܝܒܘܬܗ ܕܐܠܗܐ ܬܗܘܐ ܥܠܝܢ
ܘܥܠܝܗܘܢ ܒܬܪܝܗܘܢ ܥܠܡܐ ܠܥܠܡ
ܠܥܠܡܝܢ ❖ ܥܢܝܢ ◆ ܐܡܝܢ ❖ ܡܪܢ
ܐܬܪܚܡܥܠܝܢ ❖ ܡܪܝܐ ܚܘܣ ❖

ܟܕ ܡܫܠܡ ܠܥܠܡܐ ܐܡܪ

ܒܬܘܕܝܬܐ ܡܫܒܚܬܐ ܘܡܪܒܐ ❖

ഞങ്ങളുടെ കർത്താവും ദൈവ ുമെ! നിനക്കു സ്തുതി. നിനക്കു സ്തുതി. നിനക്കു സ്തുതി. ഞങ്ങളുടെ കർത്താ വശു മിശിഹാ! ഞങ്ങൾ ഭക്ഷിച്ച നിൻെറ വിശുദ്ധശരീരവും, ഞങ്ങൾ പാനം ചെയ്ത ാപപരിഹാര പ്രദമായ നിൻെറ രക്തവും ഞങ്ങൾക്കു ശിക്ഷയ്ക്കും പ്രതികാര ത്തിനും കാരണമായിത്തീരരുതേ. എന്നാ ല്ലാ ഞങ്ങളെല്ലാവരുടെയും ജീവനും രക്ഷ യ്ക്കുമായി ഭവിക്കണമെ. ഞങ്ങളെല്ലാ വരെയും അനുഗ്രഹിക്കുകയും ചെയ്യ ണമെ.

പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞ് രഹസ്യങ്ങൾ ത്രോണോസിന്മേൽ വച്ചശേഷം

ജനം—മരിച്ചോർക്കുയിരേകുന്നോ നേ....

കൃതജ്ഞതാ പ്രാർഥന

കർത്താവേ! നിൻെറ സ്വർഗീയ വിരുന്നിൽ സംബന്ധിക്കുവാൻ ഞങ്ങളെ അർഹരാക്കിത്തീർത്ത നിൻെറ മഹാ കരു ണയെ പ്രതി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. കർത്താവേ! നിൻെറ വിശുദ്ധ രഹസ്യങ്ങളുടെ അനുഭവം മൂലം ഞങ്ങൾ ശിക്ഷാർഹരായിത്തീരാതെ നിൻെറ പരി ശുദ്ധ റൂഹായോടുള്ള സംബന്ധത്തിന് അർഹരായി ഭവിക്കണമെ. ആദിമുതലുള്ള സകല പുണ്യവാന്മാരുടെയും കൂട്ടത്തിൽ ഓഹരിയും അവകാശവും ഞങ്ങൾ പ്രാപിക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും സകലത്തിലും പരിശുദ്ധനും ....നിൻെറ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോ ത്രവും സമർപ്പിക്കയും ചെയ്യുമാറാകണമേ.

ജനം—ആമ്മീൻ.

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം—അവിടുത്തെ ആത്മാവിനും....

ശുശ്രൂഷകൻ—നൽകപ്പെട്ടിരിക്കുന്ന....

ജനം—ഞങ്ങളുടെ കർത്താവും....

ܗܘ ܕܡܫܠܡܘܬܐ ܐܡܪ ܐܡܝܢ ❖

ܬܘܒ ܥܡܐ ܐܡܪ ◆

ܫܘܒܚܐ ܠܟ ܫܘܒܚܐ ܠܟ ܫܘܒܚܐ
ܠܟ ܡܪܢ ܘܐܠܗܢ ܠܥܠܡܝܢ .
ܡܪܢ ܝܫܘܥ ܡܫܝܚܐ ܦܓܪܟ ܩܕܝܫܐ
ܕܐܟܠܢ . ܘܕܡܟ ܡܚܣܝܢܐ ܕܐܫܬܝܢ :
ܠܐ ܠܕܝܢܐ ܘܠܐ ܠܬܫܢܝܩܐ ܢܗܘܐ ܠܢ : ܐܠܐ
ܠܚܝܐ ܘܠܦܘܪܩܢܐ ܕܟܠܢ ܘܪܚܡܥܠܝܢ❖

ܘܗܘ ܕܝܢ ܟܕ ܡܬܦܢܐ ܠܡܥܪܒܐ ܘܣܐܡ ܠܐܪܙܐ ܥܠ ܛܪܘܢܘܣ ◆

ܥܡܐ ܐܡܪ . ܠܟ ܡܚܝܢܐ

ܟܗܢܐ ܩܘܠܐ ܬܘܕܝܬܐ

ܡܘܕܝܢܢ ܠܟ ܡܪܝܐ ܥܠ ܣܘܓܐܐ ܕܛܝܒܘܬܟ
ܕܫܘܝܬܢ : ܕܒܗܘܢ ܐܫܬܘܬܦܢ ܠܡܘܗܒܬܐ
ܕܦܬܘܪܟ ܫܡܝܢܝܐ . ܠܐ ܡܪܝ ܬܫܠܡܢ
ܠܬܫܢܝܩܐ ܕܐܝܟ ܚܘܒܝܢ . ܐܠܐ ܟܕ
ܚܝܝܢ ܘܢܫܬܘܬܦ ܠܪܘܚܐ ܕܩܘܕܫܐ ܘܢܗܘܐ ܡܬܚܫܒܐ
ܥܡ ܟܠܗܘܢ ܙܕܝܩܐ ܘܟܐܢܐ ܕܡܢ ܥܠܡ ܢܗܘܐ
ܡܢܬܐ ܘܝܪܬܘܬܐ : ܘܢܣܩ ܠܟ ܫܘܒܚܐ
ܘܬܘܕܝܬܐ ܘܠܝܚܝܕܝܐ ܒܪܟ ܘܠܪܘܚܐ
ܘܚܝܐ ܩܕܝܫܐ ܟܠܗ ❖ ܥܡܐ . ܐܡܝܢ ❖
ܟܗܢܐ . ܫܠܡܐ ❖ ܥܡܐ . ܘܠܪܘܚܟ ❖
ܡܫܡܫ . ܩܕܡ ܡܪܝܐ ❖ ܥܡܐ . ܩܕܡܝܟ
ܡܪܢ ܘܐܠܗܢ ❖

പട്ടക്കാരൻ

ഞങ്ങളുടെ മനുഷ്യവർഗത്തിൻെറ രക്ഷയ്ക്കുവേണ്ടി സ്വർഗത്തിൽ നിന്നിറങ്ങി വന്ന വലിയവനും വിസ്മയനീയനുമായ ദൈവമേ! ദയ തോന്നി ഞങ്ങളിൽ കരുണ ചെയ്യണമേ. ഞങ്ങൾ നിത്യവും നിന്നേയും നിൻെറ ജനകനായ പിതാവാം ദൈവത്തേയും സകലത്തിലും പരിശുദ്ധനും.... നിൻെറ റൂഹായേയും സ്തുതിക്കയും ചെയ്യുമാറാകണമേ.

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—ബാറെക്മോർ...

പട്ടക്കാരൻ ഹൂത്തോമൊ

(മാർ യാക്കോബിൻെറ രാഗത്തിൽ)

പരമോന്നതമാം പദമതിലമരും പരനാം ദേവാ!
കൃപനിറയും നിൻ തിരുനയനത്താൽ
സൂക്ഷിക്കണമേ;
ചേർത്തീടണമേ ഞങ്ങളെ
ദിവ്യസ്ലീബാത്തണലിൽ,
താവക കൃപയീ പൂജകനിവഹേ
വർഷിക്കണമേ✣

സ്തോത്രം സർവം വായ്കളശേഷം നൽകും
ഞങ്ങൾ,
നിൻ താതന്നും വിമലാത്മന്നും സ്തുതി പാടീടും
എൻ കർത്താവേ! നിന്തിരുഗാത്രം
ഭക്ഷിച്ചോരാ—
മിപ്പാപികൾ തൻ ദുഷ്കൃതമഖിലം
മോചിക്കണമേ✣

കഴുകീടണമേ കറകളെയെല്ലാം
തിരുസോപ്പായാൽ;
ഓർത്തീടരുതേ കർത്താവേ! നീ ഞങ്ങടെ
പിഴകൾ;
ശോകം നിറയും ലോകനിവാസം
വിട്ടുപിരിഞ്ഞോ—
ർക്കേകുക മോദം ശോഭനമാകും ശാശ്വത
ഗേഹേ✣

ܟܗܢܐ ♦ ܐܠܗܐ ܗܘ ܪܒܐ ܘܬܡܝܗܐ:
ܕܡܛܠ ܦܘܪܩܢܐ ܕܓܢܣܢ ܐܢܫܝܐ ܐܬܪܟܢܬ
ܡܢ ܫܡܝܐ ܘܐܬܚܢܢ: ܚܘܢܝܢ ܘܪܚܡ ܥܠܝܢ.
ܐܝܟܢܐ ܕܐܡܝܢܐܝܬ ܢܫܒܚܝܟ ܘܠܐܒܘܟ ܐܒܐ
ܝܠܘܕܟ ܘܠܐܠܗܐ ܘܕܟܠ ܡܩܕܫ ܒܟܠ ✤
ܥܡܐ. ܐܡܝܢ ✤ ܡܫܡܫܢܐ ♦ ܒܪܟܡܪܝ ✤

ܚܘܬܡܐ ܒܩܠܐ ܕܡܪܝ ܝܥܩܘܒ ♦

ܐܝܠܐ ܐܠܗܐ ܗܘ ܕܒܡܪܘܡܐ ܫܪܐ
ܡܪܢ. ܒܥܝܢܐ ܕܪܚܡܝ ܚܙܝܬܟ. ܘܢܩܦܬܐ
ܠܟܠܢ ܢܗܘܐ. ܠܨܠܝܒܟ ܕܠܠܗ ܘܚܝܠܐ
ܢܦܘܫ ܠܟܠܢ ܪܚܡܐ. ܘܦܘܪܩܢܐ ܘܥܡܝܪ ܠܟ
ܗܝ ܒܥܝܢܐ ܕܪܚܡܐ ܐܡܪܢ ✤ ܚܠܦ ܦܘܡܐ
ܟܠܢ ܟܠܐ ܫܘܒܚܐ ܠܟ ܗܘ ܢܩܪܒ.
ܘܠܐܒܘܟ ܟܡܐ ܘܠܪܘܚܘܢܐ ܕܩܘܕܫܐ
ܢܫܒܚ. ܡܪܝ ܦܓܪܟ ܘܐܟܠܘܗܝ ܒܗ
ܚܛܝܐ ܡܪܢ. ܢܫܒܘܩ ܚܛܗܝܢ ܕܝܢ
ܘܚܘܒܝܢ ܘܥܘܠܝܢ ܐܫܬܪܐ ✤ ܚܛܗܝܢ
ܘܐܦ ܚܘܒܝܢ ܒܪܘܚܟ ܡܚܘ. ܘܠܚܛܗܝܢ
ܘܟܠܢ ܘܕܟܠ ܡܪܢ ܠܐ ܬܬܕܟܪ. ܘܠܫܒܝܢܐ
ܘܥܡ ܗܘ ܠܟܠܢ ܘܢܦܩܬܐ ܦܘܪܩܢ. ܒܫܡܝܐ
ܐܝܟ ܕܢܬܒܣܡ ܢܦܫܢ ܒܗ ܘܠܐ ܢܟܪܐ ✤
ܠܟܠܝܢ ܡܫܒܚ ܟܠ ܚܝ ܫܘܒܚܐ ܐܦܝܢ ܡܪܢ.

ഭയുടെ ഭിത്തിയെ ബലവത്താക്കുക
ശിലമേൽ നിർത്തി;
ായകരായോരിടയന്മാരെക്കാക്കുക ശക്ത്യാ
ആചാര്യന്മാർ ശെമ്മാശ്ശന്മാർ യൗപ്പെദുയ
കിനേർ
കാറൂയന്മാരെന്നിവരേ നീ ശോഭിപ്പിക്ക ❖

റാങ്ങുക വൃദ്ധരെ, നിർമലരാക്കുക
പുരുഷന്മാരെ,
ക്തി യുവാക്കൾക്കേകീടണമേ വീര്യം നൽകി,
സൗമ്യതയുള്ളോരാക്കിത്തീർക്കുക നാരികളേ
നീ
ിശു ബാലകരെപ്പോഷണമേകിപ്പാലി
ക്കണമേ❖

രോഗാർത്തന്മാർക്കേകുകസൗഖ്യം, ക്ഷീണ
ന്മാർക്കായ്
ക്ഷമം നൽകിബ്ബലമററവരെത്താങ്ങീടണമേ,
ക്ഷുത്തുള്ളോരിൽ തൃപ്തിവരുത്തുക,
തിരുസമ്പത്താൽ
ദീനന്മാർക്കും ഗതിയററോർക്കും
ശ്രീയരുളണമേ❖
ജീവപ്രദമാം തിരുനാമത്തെയോർക്കുന്ന
തിനാൽ
ഇവിടെയുമെങ്ങും നിന്നുടെ കോപം
നീക്കീടണമേ
അടിമയുമടരും പശിയും മൃതിയും മായിച്ചിവിടം
മതിലെന്നോണം വലയംചെയ്യുക
താവകശാന്ത്യാ❖
നിർമലമാതാ കന്യകമറിയാം നിന്നവതാരം
മന്നിതിലെങ്ങും മുന്നറിയിച്ചോരു
നിബിയന്മാരും,
നീതിയതാം രവി തന്നുടെ നികടെ
മദ്ധ്യാഹ്നത്തിൽ
മിന്നും താരകയോഹന്നാനും പ്രാർഥിക്കുന്നു ❖
"മോറാനീശോയിപ്പിഴയോർക്ക" ല്ലിങ്ങനെ
തന്മേൽ

കല്ലേറിവോർക്കായ് പ്രാർഥിച്ചോനാം സ്തേപ്പാനോസ്സും
പന്തീരറുവർ, പന്തിരുശിഷ്യർ, മൂന്നൊരു നൂറും
പത്തോടെട്ടും താതന്മാരും പ്രാർഥിക്കുന്നു ❖
വ്യഥയേറേറാരാം നീതിപ്രിയരൊത്താ ചാര്യന്മാർ,
സഹദേന്മാരും മർദ്ദനമേറേറാർ മൗദ്യാ നന്മാർ
സത്യനിദേശം സഭയിൽ പോററിപ്പാഷാണ്ഡ തയെ
മായിച്ചോരാം മൽപ്പാന്മാരും പ്രാർഥിക്കുന്നു❖
നോമ്പാലീറേർക്കതിശയ മേററിയൊരിഗ്നാ ത്തിയോസ്,
പാരനേ സുകൃതാൽ പ്രീണിപ്പിച്ചോൻ ദീയ സ്ക്കോറോസ്,
മുഴുപകൽ മുന്തിരിവിളയെ നനച്ചു കിളച്ചിഹകളയേ
നീക്കിയ ബാസേൽ, ഗ്രീഗോറിയോസ് പ്രാർഥിക്കുന്നു❖
സംഗീതത്താൽ സഭയെയുയർത്തിയ സേവേറിയോസ്
പരിഭാഷകളാലുണർവുണ്ടാക്കിയൊരീവാ നിയോസ്
മെമ്രാ പാടിയ, മാറപ്രേമും മാർ യാക്കോബും
വ്രതതൽപ്പരനാം ബർ സൗമായും പ്രാർഥിക്കുന്നു
നീരിനെ മുന്തിരിരസമായ് മാററിയ യൂഹാനോനും
നിജധൂപത്താൽ മൃതിയെവിലക്കി യൊരാഹൂദീമും
ഗുഹകളിൽ മേവിയ മത്തായ് സക്കായ് തൽസ്നേഹിതരാം
അബ്രാഹാമും ദാനിയേലും പ്രാർഥിക്കുന്നു. ❖
മഹിയെ വെറുത്തോൻ മാർബഹനാമും സോദരി സാറാ
മകുടം മോറാൻ നൽകിയ നാല്പതു സഹദേന്മാരും
ആഴിയിലെ ഹിമമേറെറാരു സഹദേർ; സർഗീസ് ബാക്കോസ്
ശ്മൂനിസുതന്മാരെലിയാസാറും പ്രാർഥി ക്കുന്നു❖

ർവഹപീഡയെ ലഘുവായ് കരുതിയ മാർ ഗീവറുഗീസ്
ാഷണ്ഡതയെ ദ്വേഷിച്ചവനാം തേവോദോറോസ്
ാത്താനെത്തൻ പോരാട്ടത്താൽ പാറിച്ചോനാം
ുറിയാക്കോസും യുലിത്തീയും പ്രാർത്ഥിക്കുന്നു ❖
നകനിൽനിന്നും മൃതി സംതൃപ്ത്യാ ഭരമേറേറാരായ്
ിതിമ തകർത്തോൻ ശിൽപ്പിതനൂജൻ സോദരിശൂശാൻ
ാശ്വതലോകേ വാസം ചെയ്വാൻ മൃതിയേററിടുമെ—
ന്നാതിയ സൈനോ, സോദരി സാറാ, പ്രാർത്ഥിക്കുന്നു❖

ുപ്രിയമൊടു നിൻ കൽപ്പനകാത്തോരേവരുടേയും
ിനതതിയിതിനെബഭരണം ചെയ്യും താതന്മേറയും
ഹജരുടേയും നിബികളുടേയും പ്രാർത്ഥനയാലെ—
ാർദ്രത തോന്നി കൃപചെയ്യണമെ തുണ ചെയ്യണമെ❖

മാർ യാക്കോബിൻെറ രാഗം

(വേറൊന്ന്)

ൻ ദേവേശാ! എൻ ദേവേശാ! നീയൊരുവൻ താൻ
രണ വിഹീനൻ സ്ഫടികരഥസ്ഥാ! പരമോന്നതനേ!
യാബുസുഗിരിമേൽ ദാവീദരചൻ തൻയാഗം പോൽ
കൈക്കൊള്ളണമേ യേശുക്രിസ്താമിക്കുർബാന❖

യിരുള്ളോർക്കും മൃതരായോർക്കും ഗതിയാകുന്നോൻ

[illegible]

[illegible]

മാളികതന്നിൽ ശിഷ്യ സമേതം പെസഹ ഭുജിച്ചു
കുരിശിന്മീതെ തീർത്തുസിന്നായ് താക്കോലേകി,
മൃതരുടെ മദ്ധ്യേ മൂന്നു ദിനം വാണ തിഥിക്കൊപ്പം
മർക്കോസിൻെറ ഗൃഹമതിലെല്ലാ പ്പഴമകളേയും,
നിറവേററിത്താൻമൃഗബലിയേയാ രാത്രിയിൽ നീക്കി
നൂതനനിയമം നിഖിലവുമെഴുതിത്തൻ നിലയത്തിൽ,
കൈതവമേറും പാഷണ്ഡതയെപ്പാടെ പോക്കി
മശിഹാമന്നൻ ജാതംചെയ്തൊരു ഗുഹതൻ ദ്വാരേ,
മൃതിമശിഹായിൽ പ്രാപിച്ചോരെപ്രതി പൊതുവായി,
പൊടിയൊടുസമനും നിന്ദിതമണ്ണം ഹീനനുമാം ഞാൻ,
പരിമളമിയലും പ്രശമനബലിയെയർപ്പിച്ചല്ലോ❖

[illegible]

മാർ അപ്രേമിൻെറ രാഗം

(ഊർശ്ലേമിലെ മാർ ഗ്രീഗോറിയോസ് പാത്രിയർക്കീസിൻെറ ഹൂത്തോമൊ)

കരളലിവേറീടും താതാ!
നിരുപമകരുണാ സാഗരമേ!
ദിനമിതിലങ്ങേയ്ക്കർപ്പിച്ചോ—
രിത്തിരുബലിയെകൈക്കൊൾക.

പരിപീഡാനിഹതൻ ഹാബേൽ—
നൗകയിൽ നീതിപരൻ നോഹ
കർമ്മേൽമലമേലേലീയാ—
യെന്നിവർതൻസ്വീകൃതബലിപോൽ❖

[illegible]

സുതതനുരക്തം രഹസ്യമതാ—
മപ്പം വീഞ്ഞിവയർപ്പിച്ച
പൗരോഹിത്യ പദസ്ഥിതനാം—
മല്ക്കിസദേക്കിൻ ബലിപോലെ❖

ഭാഗ്യമഹാനിധിയബറാഹാം
വാഗ്ദത്താത്മജനിസഹാക്ക്
ധന്യ ശിരോമണി യാക്കോബെ—
ന്നിവരർപ്പിച്ചൊരു ബലിപോലെ❖

യബുസായൻെറ കളത്തറയിൽ
കർത്താവേ! തിരുഹിതമാർന്ന
ക്ഷിതിപാലക നിബിദാവീദിൻ—
പരിപാവനമാം ബലിപോലെ ❖

നിർദ്ധനയാമാവിധവയുടെ
ചില്ലിക്കാശിനുതുല്യമതായ്
നിന്തിരുസഭയുടെ സുതരിൽനി—
ന്നീത്തിരുബലിയെകൈക്കൊൾക ❖

വൈദിക താതരുമതിധന്യ—
ശ്ലീഹരുമർപ്പിച്ചതുപോലെ
അഗതികളടിയാരർപ്പിച്ച
ബലികാഴ്ചകളിൽ തെളിയണമേ. ❖

തൽകാഴ്ചകളിൽ പ്രീതിയൊടെ
മോചിക്കുക കടഭാരങ്ങൾ
വേദനയാററിസ്സുഖമേററി—
ക്കറകളെയെല്ലാം മായിക്ക ❖

നേർച്ചദശാംശം റീശീസാ—
യെന്നിവയിൽ തിരുവുളമാക
ആൺപെൺമക്കളെ സംരക്ഷി—
ച്ചാർദ്രത തോന്നണമേ മൃതരിൽ ❖

മഹിമാനായകനീശോയാം
സത്യപരൻതൻ മാതാവായ്
നിർമ്മലകന്യക ധന്യവതി
മറിയാമിൻ പ്രാർത്ഥനയാലെ ❖

[illegible]

നീതീകരണം തന്നരുളി ദു—
ഷ്ടൻ മൃതിയിവകളിൽ നിന്നും
രക്ഷിച്ചാദ്യഫലം ചേർത്ത—
മിശിഹാതൻ സ്ലീബായാലെ ❖

റൂഹാതൻനിശ്വസനമെഴും
നിബിയന്മാർ ശ്ലീഹന്മാരും
ബലിയായൊരു സഹദേന്മാരും
നീതിപ്രിയരും പ്രാർത്ഥിപ്പൂ ❖

വിശ്വാസത്തിനു ബഹുമഹിമാ—
വേകിയ താതർ വിശുദ്ധന്മാർ
പരിശുദ്ധാംഗനമാർ സത്യ—
സുന്നഹദോസുകളർത്ഥിപ്പൂ ❖

വൈദികസജ്ജന സംഘമതാ—
മീയുള്ളൊരഖിലരിൽ നിന്നും
താതസുതാമലറൂഹായ്ക്കു—
സ്തുതിയും പുകഴും കാദീശും ❖

വാഴ്ത്തുക ഞങ്ങളെ ദേവേശാ!
കാത്തരുളുക നിർമാതാവെ!
കർത്താവെ! തുണയായവനെ!
കാണിക്കണമെ ജീവവഴി ❖

ܘܐܠܗܐ ܒܟܐܢܘܬܐ . ܢܦܩܠ ܦܨܝܗ
ܘܐܬܒܣܝܡܬܐ ❖ ܘܒܚܝܠ ܕܒܪܟܬܗ
ܘܦܪܘܩܢ . ܡܫܝܚܐ ܕܗܘ ܡܪܢܐ ܐܘܦ .
ܘܦܩ ܒܝܬܐ ܘܡܠܬܐ ܦܪܘܩܢ . ܘܢܬܒܪ
ܡܫܝܚܐ ܐܦܩ ❖ ܘܒܝܬܗ ܕܢܒ̈ܝܐ
ܘܫܠܝ̈ܚܐ . ܘܦܩܘܗ̈ܝ ܕܟܐ̈ܢܐ ܘܣܗ̈ܕܐ .
ܘܗܝܡܢܘܬܐ ܡܬܝ̈ܒܢܐ . ܘܩܕܝܫܐ ܘܡܬܟܝܢܐ
ܢܫ̈ܐ ❖ ܘܡܟܘܬܗܘܢ ܘܐܡܗ̈ܬܐ .
ܡܪ̈ܝܐ ܘܡܝܬܡܢܘܬܐ . ܘܫܒܢ̈ܝܘܗ ܚܪܝ̈ܬܐ .
ܡܠܝܫܐ ܘܕܡܫܡܫܢܘܬܐ ❖ ܘܩܡ ܩܠܝ ܐܚܝ
ܣܢ ܩܠܡܐ . ܟܗܢܐ ܘܥܡܐ ܡܫܝܚܝܐ .
ܬܘܒ ܫܘܒܚܐ ܘܩܘܠܣܐ . ܠܐܒܐ ܘܒܪܐ
ܘܪܘܚܩܘܕܫܐ ❖

ܚܣܢ ܠܒܪܟ ܠܢ . ܢܛܪ ܠܟܠܢ
ܟܪܘܒ . ܐܠܗܐ ܕܚܝܐ ܢܗܘܐ ܠܢ . ܡܥܕܪܢܐ
ܘܡܦܢܐ ܕܟܠܢ ❖

ܚܘܬܡܐ

ܚܘܬܡܐ ܕܟܢ ܩܪܝܢ

ഗദ്യത്തിലുള്ള ഹൂത്തോമൊ

താഴ്‌വരയിൽവച്ച് ഹാബേലിൻെറയും പെട്ടകത്തിൽവച്ച് നീതിമാനായ നോഹിൻെറയും വെടിപ്പുള്ള ആചാര്യനായ മല്ക്കിസദേക്കിൻെറയും നീതിമാന്മാരും വാഗ്ദത്തസന്താനങ്ങളുമായ അബ്രഹാമിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും

ܐܠܗܐ ܕܩܒܠ ܩܘܪܒܢܗ ܕܗܒܝܠ
ܒܦܩܥܬܐ ܘܕܢܘܚ ܒܩܒܘܬܐ ܘܕܡܠ
ܘܡܠܟܝܙܕܩ ܟܗܢܐ ܘܕܐܒܪܗܡ
ܘܕܐܝܣܚܩ ܘܕܝܥܩܘܒ ܐܒܗ̈ܬܐ ܟܐܢ̈ܐ
ܩܒܠ ܩܘܪܒܢܝܢ ܘܡܩܒܠ ܩܘܪܒܢܐ

ിദ്ഓൻ ബാറാക്ക് , നപ്താഹ, മനോഹ് , മുവേൽ എന്നിവരുടേയും, യോബൂസ്കാൻ ഓറോൻെറ കളത്തിൽവച്ച് ദാവീദിൻെറയും കർമേൽ പർവതത്തിൽ വച്ച് തീക്ഷ്ണബുദ്ധിയായ ഏലിയാദീർഘദർശിയുടെയും കാഴ്ചകളെ അംഗീകരിച്ചവനായ ദൈവമെ! ഇന്നു ഞങ്ങൾ നിനക്കണച്ചിരിക്കുന്ന ഈ കുർബാനയെ, ആ വിധവയുടെ ചില്ലിക്കാശുപോലെ നീ അംഗീകരിക്കുമാറാകണമെ. ഇതു ഞങ്ങൾക്കും ഞങ്ങളുടെ രിച്ചുപോയവർക്കും കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും രോഗികളുടെ സ്വാസ്ഥ്യത്തക്കും ആശ്വാസത്തിനും പര്യാപ്തമായി ഭവിക്കണമെ. കർത്താവെ! ഈ ബലിമൂലം ശിക്ഷകളെയും കോപപടികളെയും ഞങ്ങളിൽ നിന്ന് നീക്കികളെയണമെ. ഭൂമിയിലെ ഉൽപ്പന്നങ്ങളേയും വയലുകളേയും വിത്തുകളേയും ഫലങ്ങളെയും അനുഗ്രഹിക്കണമെ. കർത്താവെ! ഈ കുർബാന മൂലം ലോകമെങ്ങും നിൻെറ കൃപയും അനുഗ്രഹങ്ങളും ദയയും വർഷിക്കുമാറാകണമെ. കർത്താവെ! സകലർക്കും, പ്രത്യേകിച്ച് വഴിപാടുകൾ ആദ്യഫലങ്ങൾ ദശാംശങ്ങൾ മുതലായവമൂലം നിൻെറ പള്ളികളെ സഹായിക്കുന്നവർക്ക് സമൃദ്ധമായ നിൻെറ ശ്രീഭണ്ഡാരത്തിൽ നിന്ന് അനുഗ്രഹങ്ങളും നന്മകളും പകരം കൊടുക്കേണമേ. ഞങ്ങളെല്ലാവരേയും കൂട്ടമായും പൊതുവായും ദയാപൂർവം അനുഗ്രഹിക്കുമാറാകണമെ. ഞങ്ങളുടെ കടങ്ങൾ പരിഹരിക്കയും പാപങ്ങൾ ക്ഷമിക്കയും തെററുകളും നിയമ ലംഘനങ്ങളും അകൃത്യങ്ങളും മായിച്ചുകളയുകയും ചെയ്യണമെ. ജയം ധരിച്ചവളും പരിശുദ്ധയുമായ കന്യകമറിയാമിൻെറയും ദീർഘദർശിമാരുടെയും ശ്ലീഹന്മാ

ܘܡܢܘܚ ܘܫܡܘܐܝܠ ܘܕܘܝܕ ܒܐܕܪܗ
ܕܐܘܪܢ ܝܒܘܣܝܐ ܘܐܠܝܐ ܢܒܝܐ ܚܪܝܦܐ
ܒܛܘܪܐ ܕܟܪܡܠܐ : ܐܝܟ ܡܫܡܠܝܐ
ܘܐܬܪܥܝܬ : ܗܟܢܐ ܡܪܝܐ ܩܒܠ
ܠܩܘܪܒܢܐ ܗܢܐ ܕܡܩܪܒܝܢ ܠܟ ܥܒܕܝܟ .
ܘܢܗܘܐ ܠܟ ܡܩܒܠܢܝܢ ܠܫܡܫܐ ܘܢܩܒܠ
ܘܠܡܩܒܠܢܐ ܘܢܙܝܚܗ ܐܝܟ ܡܐ ܕܫܦܝܪܬܐ
ܘܠܚܘܠܡܢܐ ܕܟܪ̈ܝܗܐ . ܘܠܒܘܝܐܐ ܡܪܝܐ
ܘܒܛܠ ܡܢܢ ܒܝܕ ܩܘܪܒܢܐ ܗܢܐ ܡܚ̈ܘܬܐ
ܡܪ̈ܕܘܬܐ ܘܪ̈ܘܓܙܐ . ܘܒܪܟ ܠܥܠ̈ܠܬܐ
ܘܠܝ̈ܠܕܬܐ ܕܐܪܥܐ ܘܚܩ̈ܠܐ ܘܙܪ̈ܥܐ. ܘܦܐܪ̈ܐ
ܡܪܝܐ ܒܝܕ ܩܘܪܒܢܐ ܗܢܐ ܢܬܒܣܡܘܢ
ܘܪ̈ܚܡܝܟ ܘܚܢܢܟ ܟܠ ܒܟܠܗ ܥܠܡܐ .
ܘܠܟܠܗܘܢ ܐܢܫܐ ܕܝܗܒܝܢ ܘܦܩܕܝܢ ܠܗ
ܗܒ ܠܗܘܢ ܐܘ ܡܪܝܐ . ܘܠܪܝܫܝܬܐ
ܠܐܡ̈ܠܝܢ ܘܡܥܣܪ̈ܬܐ ܒܩܘܪܒܢܐ ܘܕܥܒܕܝܢ
ܒܥܘܕܪܢܐ ܘܚܫ̈ܚܬܐ ܘܡܥܕܪܝܢ : ܦܪܘܥ ܐܢܘܢ
ܡܪܝܐ ܛܒ̈ܬܐ ܘܒܘܪ̈ܟܬܐ ܡܢ ܒܝܬ ܓܙܝܟ
ܥܬܝܪܐ . ܘܠܟܠܢ ܒܟܢܘܫܝܐ ܘܒܦܪ̈ܨܘܦܐ ܒܪܟ
ܒܚܢܢܟ . ܘܚܘܒ̈ܝܢ ܫܒܘܩ ܘܚܛܗ̈ܝܢ
ܫܪܝ ܘܠܣܟܠܘ̈ܬܢ ܘܥܒܪ̈ܬܢ
ܘܠܐ ܢܡܘܣܝܘ̈ܬܢ . ܘܥܒܕ ܥܡܗܘܢ
ܘܥܡ ܕܝܠܢ ܒܩܘܒܠܗ ܘܫܡܐ. ܥܡ ܙܟܝܬܐ

രുടേയും അറിയിപ്പുകാരുടെയും സഹദേന്മാരുടെയും മൗദ്യാനന്മാരുടെയും നീതിമാന്മാരുടെയും ആചാര്യന്മാരുടെയും പരിശുദ്ധ പിതാക്കന്മാരുടെയും സത്യവാന്മാരായ ഇടയന്മാരുടെയും സത്യവിശ്വാസികളായ ഗുരുക്കന്മാരുടെയും ഭാഗ്യവാനായ അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസിൻെറയും ഞങ്ങളുടെ മേല്പട്ടക്കാരൻ മാർ......ൻെറയും പ്രാർഥനകളാൽ ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും പേരുകൾ ജീവഗ്രന്ഥത്തിൽ എഴുതുകയും ചെയ്യുമാറാകണമെ.

വേറൊന്ന്

അവർണ്ണ്യങ്ങളായ സ്വർഗീയ രഹസ്യങ്ങളിൽ സംബന്ധിക്കുവാൻ നമ്മെ അർഹരാക്കിത്തീർത്തവനായ ദൈവം അനന്തമായ തൻെറ രാജ്യത്തിനും അലംഘ്യമായ സന്തോഷമണവറയ്ക്കും നമ്മെ അർഹരാക്കിത്തീർക്കട്ടെ. വചനം കൊണ്ടോ പ്രവൃത്തികൊണ്ടോ ഈ കുർബാനയിൽ സംബന്ധിച്ചിട്ടുള്ള എല്ലാവർക്കും കരുണയും കടങ്ങളുടെ പരിഹാരവും പാപമോചനവും താൻ നൽകുമാറാകട്ടെ. ഇന്നേദിവസം ആർക്കെല്ലാം വേണ്ടി ഈ കുർബാന അണയ്ക്കപ്പെട്ടിരിക്കുന്നുവോ, ആയവർക്കു കരുണയുള്ള മാതാവും ജയം ധരിച്ചവളും രണ്ടാമത്തെ സ്വർഗവും നിർമല കന്യകയും പരിശുദ്ധയുമായ ദൈവമാതാവായ മറിയാമിൻെറയും ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും സുവിശേഷകന്മാരുടെയും സഹദേന്മാരുടെയും മൗദ്യാനന്മാരുടെയും നീതിമാന്മാരുടെയും ആചാര്യന്മാരുടെയും പരിശുദ്ധ പിതാക്കന്മാരുടെയും സത്യവാന്മാരായ

ടയന്മാരുടെയും സത്യവിശ്വാസികളായ ുരുക്കന്മാരുടെയും ഭാഗ്യവാനായ അന്തോഖ്യാ പാത്രിയർക്കീസ് മോറാൻ മാർ ഇഗ്നാത്തിയോസിൻെറയും നമ്മുടെ മൽപ്പട്ടക്കാരൻ മാർ....ൻെറയും പ്രാർഥന ളാൽ, ദൈവം പാപപരിഹാരവും മാചനവും നൽകുകയും ചെയ്യുമാറാകട്ടെ.

[illegible]

നം—മാതാവു യാചിക്കും.....

പട്ടക്കാരൻ വലത്തുകൈ ത്രോണോസിന്മേൽ വച്ച് ശക്തിപ്രാപിച്ചശേഷം ജനത്തിൻെറ നേരെ തിരിഞ്ഞ് മൂന്നു കുരിശടയാളങ്ങൾ വരച്ചുകൊണ്ട്

[illegible]

വത്സല സഹോദരങ്ങളെ! കർത്താവിൻെറ പാപപരിഹാരം നൽകുന്ന ബലിപീഠത്തിൽ നിന്ന് നിങ്ങൾ പ്രാപിച്ചിരിക്കുന്ന യാത്രാഭക്ഷണത്തോടും അനുഗ്രഹങ്ങളോടും കൂടെ പരിശുദ്ധവും ഹനീയവുമായ ത്രിത്വത്തിൻെറ കൃപയ്ക്കും കരുണയ്ക്കും നിങ്ങളെ ഞങ്ങൾ ഭരമേല്പിക്കുന്ന ഈ സമയത്ത് നിങ്ങൾ സമാധാനത്തോടെ പോകുവിൻ + ദൂരസ്ഥരും സമീപസ്ഥരും ജീവനുള്ളവരും മരിച്ചുപോയവരും, കർത്താവിൻെറ വിജയസ്ലീബായാൽ + രക്ഷിക്കപ്പെട്ടവരും പരിശുദ്ധ മാമോദീസായുടെ റുശ്മായാൽ മുദ്രയിടപ്പെട്ടവരുമേ! ഈ ത്രിത്വം നിങ്ങളുടെ കടങ്ങൾക്കു പരിഹാരം നൽകും. നിങ്ങളുടെ തെററുകൾ ക്ഷമിക്കും. നിങ്ങളുടെ മരിച്ചുപോയവരുടെ ആത്മാക്കൾക്ക് ആശ്വാസം നൽകുകയും ചെയ്യും. ബലഹീനനും പാപിയുമായ ദാസനാകുന്ന ഞാൻ, നിങ്ങളുടെ പ്രാർഥനകളാൽ കരു

[illegible]

ണയും സഹായവും പ്രാപിക്കുവാൻ ഇടയാകട്ടെ. നിങ്ങൾ സന്തോഷിച്ച് ആനന്ദിച്ചുകൊണ്ട് സമാധാനത്തോടെ പോകുവിൻ + എന്നും എനിക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്‌വിൻ.

ജനം—കർത്താവ് അവിടുത്തെ കുർബാന......

പട്ടക്കാരൻ ത്രോണോസിൻെറ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട് രഹസ്യപ്രാർത്ഥന

ഇന്നു ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ കുർബാനയിൽ ദൈവമായ കർത്താവും തൻെറ തിരഞ്ഞെടുക്കപ്പെട്ട മാലാഖമാരും പരിശുദ്ധന്മാരും പ്രീതിപ്പെട്ട് ഇതുമൂലം തൻെറ ജനനിക്കും പരിശുദ്ധന്മാർക്കും സകല വിശ്വാസികളായ മരിച്ചുപോയവർക്കും, പ്രത്യേകിച്ച് ആർക്കെല്ലാം വേണ്ടി ഈ കുർബാന അണയ്ക്കപ്പെട്ടിരിക്കുന്നുവൊ ആയവർക്കും ആശ്വാസവും നല്ല ഓർമയും ലഭിക്കുവാൻ ഇടയാകണമെ!

വേറൊന്ന്

"കർത്താവെ! എൻെറ ശരീരം ഭക്ഷിക്കയും എൻെറ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കയും ചെയ്യുന്ന ഏവനും എന്നിലും ഞാൻ അവനിലും വസിക്കുന്നു, അവസാന ദിവസത്തിൽ ഞാൻ അവനെ എഴുന്നേല്പിക്കും" എന്ന് പുണ്യകരമായ നിൻെറ പരിശുദ്ധ വായാൽ നീ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലൊ കർത്താവെ! ഞങ്ങൾ നിൻെറ വിശുദ്ധ ശരീരം ഭക്ഷിക്കയും പാപപരിഹാരപ്രദമായ നിൻെറ രക്തം പാനം ചെയ്യുകയും ചെയ്തിരിക്കുന്നു. എനിക്കും വിശ്വാസികളായ നിൻെറ ജനത്തിനും ഇതു ന്യായ വിധിക്കൊ പ്രതികാരത്തിനൊ ശിക്ഷയ്ക്കൊ കുററാരോപണത്തിനൊ കാരണമായിത്തീരാതെ ഞങ്ങളുടെ കർത്താവും ദൈവവുമെ! കടങ്ങളുടെ

ܐܙܠܘ ܒܫܠܡܐ ܟܕ ܚܕܝܢ ܐܢܬܘܢ ܘܪܘܙܝܢ
ܐܢܬܘܢ ܘܨܠܘ ܥܠܝ ܒܟܠܥܕܢ ❖

ܥܡܐ. ܡܪܝܐ ܢܩܒܠ ܩܘܪܒܢܟ ❖

ܟܗܢܐ ܟܕ ܒܪܟ ܩܕܡ ܡܕܒܚܐ ܡܨܠܐ ܗܕܐ ❖

ܩܘܪܒܢܐ ܕܩܪܒܢ ܝܘܡܢܐ ܢܬܪܥܐ
ܒܗ ܡܪܝܐ ܐܠܗܐ ܘܡܠܐܟܘܗܝ ܓܒܝܐ
ܘܩܕܝܫܐ. ܘܢܗܘܐ ܒܗ ܢܝܚܐ ܘܕܘܟܪܢܐ
ܛܒܐ ܠܝܠܕܬܗ ܘܠܩܕܝܫܘܗܝ ܘܠܟܠܗܘܢ
ܥܢܝܕܐ ܡܗܝܡܢܐ. ܘܠܐܝܠܝܢ ܕܠܗܘܢ
ܘܢܗܘܐ ܠܗܘܢ ܘܠܡܢܬܗܘܢ (ܐܘ ܠܚܝ̈ܐ
ܘܢܗܘܐ ܠܗܘܢ ܘܠܡܢܬܗܘܢ) ܐܬܩܪܒ
ܩܘܪܒܢܐ ܗܢܐ ܢܗܘܐ ❖

ܐܚܪܬ. ܫܪܪܬ ܡܪܝ ܡܠܬܟ
ܘܐܡܪܬ ܐܢܬ ܒܦܘܡܟ ܩܕܝܫܐ: ܕܟܠ
ܕܐܟܠ ܦܓܪܝ ܘܫܬܐ ܕܡܝ ܘܡܗܝܡܢ
ܒܝ. ܗܘ ܒܝ ܡܩܘܐ ܘܐܢܐ ܒܗ ܘܐܢܐ
ܐܩܝܡܝܘܗܝ ܒܝܘܡܐ ܐܚܪܝܐ ܘܗܫܐ ܡܪܝ
ܘܐܟܠܝܢ ܦܓܪܟ ܩܕܝܫܐ ܘܫܬܝܢ ܕܡܟ
ܡܚܣܝܢܐ. ܠܐ ܠܕܝܢܐ ܘܠܐ ܠܬܒܥܬܐ ܘܠܐ
ܠܫܘܕܥܐ ܘܠܐ ܠܦܘܪܥܢܐ ܢܗܘܐ ܠܢ
ܘܠܟܠܗ ܥܡܟ ܡܗܝܡܢܐ. ܐܠܐ ܠܚܘܣܝܐ
ܕܚܘܒܐ ܘܠܫܘܒܩܢܐ ܕܚܛܗ̈ܐ ܘܠܡܫܘܒܩܢܘܬܐ

ബരിഹാരത്തിനും പാപമോചനത്തിനും രിച്ചവരുടെ ഇടയിൽ നിന്നുള്ള അനുഗൃ ഹീതമായ പുനരുത്ഥാനത്തിനും, ഭയങ്കര ായ നിൻെറ സിംഹാസനത്തിൻ മുമ്പാകെ ുഖ പ്രസന്നതയ്ക്കും പര്യാപ്തമായി ത്തീരണമെ.

ܒܪܝܟܬܐ ܕܡܢ ܒܝܬ ܡܝ̈ܬܐ ܘܠܡܦܩ ܐܦ̈ܐ
ܘܦܨܝܚܘܬ ܦܪ̈ܨܘܦܐ ܘܩܕܡ ܘܕܚܝܠܬܐ ܡܪܢ
ܘܠܥܠܡ ܥܠܡܝ̈ܢ ❖

പീലാസായിൽ നിന്ന് അനുഭവിച്ചുകൊണ്ട്

(23—ാം സങ്കീർത്തനം)

കർത്താവ് എന്നെ മേയിക്കും. എനിക്കു യാതൊന്നിനും കുറവുണ്ടാകയില്ല. പുഷ്ടിയുള്ള മേച്ചിൽസ്ഥലങ്ങളിൽ അവൻ എന്നെ കിടത്തുയയ്ക്കും. ശാന്തമായ ജലാശയങ്ങളിലേക്ക് അവൻ എന്നെ നയിക്കുകയും ചെയ്യും. അവൻ എൻെറ ആത്മാവിനെ തിരിച്ച് , സത്യമാർഗങ്ങളിൽ എന്നെ നയിച്ചു. മരണനിഴൽതാഴ്വരകളിൽ കൂടി നടന്നാലും, നിൻെറ നാമംമൂലം, നീ എൻെറ കൂടെ ഉള്ളതുകൊണ്ട് എനിക്കു തിന്മയെ ഭയപ്പെടേണ്ടി വരികയില്ല. നിൻെറ വടിയും ദണ്ഡും എന്നെ ആശ്വസിപ്പിച്ചു. എൻെറ ശത്രുക്കളുടെ മുമ്പിൽ വച്ച് നീ എൻെറ മുമ്പാകെ മേശയൊരുക്കി, എൻെറ തലയെ തൈലം കൊണ്ട് അഭിഷേകം ചെയ്തു. എൻെറ പാനപാത്രം ജീവനുള്ളതുപോലെ ലഹരിപ്പിക്കുന്നു. കർത്താവിൻെറ ഭവനത്തിൽ ഞാൻ ദീർഘകാലം താമസിക്കുവാൻ തക്കവണ്ണം നിൻെറ കരുണയും കൃപയും ആയുഷ്ക്കാലം മുഴുവനും എന്നെ അനുഗമിച്ചു.

ܘܡܫܡܫܐ ܠܦܝܠܣܐ ܘܐܡܪ ܡܙܡܘܪܐ ܗܢܐ ◆

ܡܪܝܐ ܢܪܥܝܢܝ ܘܡܕܡ ܠܐ ܢܚܣܪ
ܠܝ܂ ܘܥܠ ܕܝܪ̈ܐ ܕܥܣܒܐ ܢܪܒܥܢܝ܂
ܘܥܠ ܡܝ̈ܐ ܢܝ̈ܚܐ ܢܕܒܪܢܝ܂ ܘܢܦܫܝ
ܐܦܢܝ ܘܕܒܪܢܝ ܒܫܒ̈ܝܠܐ ܕܟܐܢܘܬܐ
ܡܛܠ ܫܡܗ܆ ܐܦܢ ܐܗܠܟ ܒܢܚ̈ܠܐ
ܕܛܠܠܝ̈ ܡܘܬܐ܂ ܠܐ ܐܕܚܠ ܡܢ ܒܝܫܬܐ
ܡܛܠ ܕܐܢܬ ܥܡܝ܂ ܫܒܛܟ ܘܚܘܛܪܟ
ܗܢܘܢ ܒܝܐܘܢܢܝ܂ ܛܝܒܬ ܩܕܡܝ ܦܬܘܪܐ
ܠܘܩܒܠ ܒܥܠܕ̈ܒܒܝ܂ ܐܘܫܢܬ ܪܫܝ
ܒܡܫܚܐ܂ ܘܟܣܝ ܪܘܐ ܐܝܟ ܚܝܠܐ܂
ܛܝܒܘܬܟ ܘܪ̈ܚܡܝܟ ܢܪܕܦܘܢܢܝ܂ ܟܠܗܘܢ
ܝܘܡ̈ܬܐ ܕܚܝ̈ܝ܂ ܘܐܥܡܪ ܒܒܝܬܗ
ܕܡܪܝܐ ܠܐܘܪܟ ܝܘܡ̈ܬܐ ❖

ഗ്മൂർത്തോകൊണ്ട് പീലാസാ തുടയ്ക്കുന്നു

വല്ല അംശവും ശേഷിച്ചിട്ടുണ്ടെങ്കിൽ— ലോക സ്രഷ്ടാവായ നിൻെറ അറിവിൽ ശേഷിച്ചിട്ടുണ്ടെങ്കിൽ—ആ ശേഷിച്ച അംശത്തിന് കർത്താവു കാവൽക്കാരനായിരിക്കട്ടെ. എനിക്കു മോചനവും ക്ഷമയും നൽകുകയും ചെയ്യുമാറാകട്ടെ.

ܘܡܫܡܫ ܠܦܝܠܣܐ ܒܓܡܘܪܬܐ ܘܐܡܪ ◆

ܐܢ ܐܝܬ ܗܘܡܐ ܕܦܫ: ܦܫ ܠܒܪܝܬܟ
ܗܝ ܒܪܘܝܗ ܕܟܠ: ܘܐܢ ܐܝܬ ܗܘܡܐ
ܕܦܫ: ܡܪܝܐ ܢܗܘܐ ܠܗ ܢܛܘܪܐ ܘܠܢ
ܚܘܣܝܐ ܘܫܘܒܩܢܐ ❖

കാസായിൽ നിന്ന് പാനം ചെയ്തുകൊണ്ട്

ഞങ്ങളുടെ നിത്യരക്ഷയ്ക്കുവേണ്ടി വന്ന വചനമായ ദൈവമാകുന്ന യേശുവേ! കുരിശിന്മേൽ ചൊരിയപ്പെട്ട ജീവനുള്ളതും ജീവദായകവുമായ നിൻെറ രക്തത്താൽ എൻെറ കടങ്ങൾ മോചിക്കപ്പെടുകയും പാപങ്ങൾ ക്ഷമിക്കപ്പെടുകയും ചെയ്യുമാറാകണമെ.

തർവോദോ ശോധന ചെയ്തുകൊണ്ട്

ഞങ്ങളുടെ ദൈവമായ മിശിഹാ! എൻെറ അവയവങ്ങളിൽ നിന്നും, വെള്ളത്താലും ആത്മാവാലും നിന്നെ ധരിക്കയും വിലയേറിയ നിൻെറ ശരീര രക്തങ്ങൾ അനുഭവിക്കയും ചെയ്തിട്ടുള്ള വിശ്വാസികളായ മരിച്ചുപോയവരുടെ ആത്മശരീരങ്ങളിൽ നിന്നും, അഗ്നിജ്വാല യേയും ഭയങ്കരമായ കഠിന ദണ്ഡനങ്ങളേയും നിൻെറ വിലയേറിയ ശരീരരക്ത ങ്ങളാകുന്ന ജീവനുള്ള അഗ്നി ശമിപ്പിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവും ദൈവവുമെ! അവസാന ദിവസത്തിൽ നിൻെറ വലത്തുഭാഗത്ത് അവരെ വിളിച്ച് നിറുത്തുകയും ചെയ്യുമാറാകണമെ.

വലതുകൈവിരലുകൾ രണ്ടു പ്രാവശ്യവും ഇടതുകൈവിരലുകൾ ഒരു പ്രാവശ്യവും ശോധന ചെയ്യുന്നു. ആദ്യം വലതുകൈവിരലുകൾ

എൻെറ അധരങ്ങൾ നിൻെറ മഹത്ത്വങ്ങളെയും എൻെറ വായ് നിൻെറ സ്തുതികളെയും ഉച്ചരിക്കുമാറാകണമെ. ഞാൻ നിന്നോടു ചെയ്തുപോയ സകല പാപങ്ങളും നിൻെറ കൈകളിലേയും കാലുകളിലേയും ആണികളേയും നിൻെറ വിലാവ് കുത്തിത്തുറന്ന കുന്തത്തെയും പ്രതി എന്നോടു ക്ഷമിക്കണമെ.

അനന്തരം ഇടതുകൈ

ദൈവമായ കർത്താവെ! സകല ഉപദ്ര

ങ്ങളിൽ നിന്നും എന്നെ കാത്തു കൊള്ളണമെ. നിൻെറ വലതുകൈ എനിക്കു സഹായമായിരിക്കണമെ. ഇടത്തേതിനടുത്ത സകല പ്രവൃത്തികളിൽ നിന്നും ഇന്നാളും എന്നെ കാത്തുകൊള്ളുകയും ചെയ്യണമെ.

പാത്രത്തിൽ നിന്ന് കലർത്തപ്പെട്ട വീഞ്ഞ് കുടിക്കയും ശുശ്രൂഷകന് കൊടുക്കയും ചെയ്തുകൊണ്ട്

നിൻെറ ഭവനത്തിലെ കൊഴുപ്പിനാൽ അവർ ലഹരിക്കുമാറാകണമെ. ആനന്ദകരമായ നിൻെറ താഴ്‌വരയിൽ നിന്ന് അവരെ കുടിപ്പിക്കണമെ. എന്തെന്നാൽ ജീവൻെറ ഉറവ നിൻെറ കൂടെയാകുന്നു. നിൻെറ പ്രകാശത്താലാകുന്നു ഞങ്ങൾ പ്രകാശം കാണുന്നത് . നിൻെറ അടുത്തുള്ളവർക്ക് നിൻെറ കരുണകളും ഹൃദയനേരുള്ളവർക്ക് നിൻെറ നീതിയും നീ കാത്തുകൊള്ളണമെ. ബലമേറിയ പാദങ്ങൾ ഞങ്ങളുടെമേൽ വരുത്തരുതേ. ദുഷ്ടന്മാരുടെ കൈകൾ ഞങ്ങളെ ചലിപ്പിക്കുവാനും ഇടയാകരുതെ. എന്തെന്നാൽ വ്യാജം ചെയ്യുന്ന സകലരും അവിടെ വീണുപോകുന്നു. അവർ മറിച്ച് വീഴിക്കപ്പെടുന്നു. എഴുന്നേൽക്കുവാൻ സാദ്ധ്യമല്ലാതെയും വരുന്നു.

അനന്തരം കൈ കഴുകിക്കൊണ്ട്

കർത്താവേ! എന്നെ ന്യായം വിധിച്ചുകൊള്ളണമേ. എന്തെന്നാൽ ഞാൻ പരമാർത്ഥതയിൽ നടന്നിരിക്കുന്നു. കർത്താവിൽ ഞാൻ ശരണപ്പെട്ടു. എനിക്ക് ഒരിക്കലും ചഞ്ചലപ്പെടേണ്ടിവരികയില്ല. കർത്താവേ! എന്നെ ശോധന ചെയ്യണമേ. എന്നെ പരീക്ഷിച്ചു നോക്കേണമേ. എൻെറ അന്തരിന്ദ്രിയങ്ങളും ഹൃദയവും നീ

[illegible] ❖

[illegible] ◆

[illegible]

[illegible] ❖

[illegible] ◆

[illegible] ◆

[illegible]

[illegible] ❖

[illegible] ◆

[illegible]

[illegible] ❖

[illegible] ◆

[illegible]

പരിശോധിക്കണമേ. നിൻെറ കരുണ എൻെറ കണ്ണുകൾക്ക് നേരെ ഇരിക്കുന്നു. വിശ്വാസത്തിൽ ഞാൻ നടന്നു. ദുഷ്ടന്മാരുടെ കൂട്ടത്തിൽ ഞാൻ ഇരുന്നിട്ടില്ല. ഭോഷന്മാരുടെ കൂട്ടത്തിൽ ഞാൻ പോയിട്ടില്ല. ദുഷ്ടന്മാരുടെ സംഘത്തെ ഞാൻ വെറുത്തു. അധർമികളുടെ കൂട്ടത്തിൽ ഞാൻ ഇരുന്നിട്ടില്ല. എൻെറ കൈകൾ ഞാൻ വെടിപ്പായി കഴുകി. കർത്താവേ! നിൻെറ മഹത്ത്വ ശബ്ദം കേൾക്കുവാനും, നിൻെറ വിസ്മയകാര്യങ്ങൾ പ്രസ്താവിക്കുവാനും വേണ്ടി നിൻെറ ബലിപീഠത്തിനു ചുററും ഞാൻ നടന്നു. കർത്താവേ! നിൻെറ ഭവനത്തിലേയും നിൻെറ തിരുനിവാസസ്ഥലത്തെ പരിചരണത്തെയും ഞാൻ ഇഷ്ടപ്പെട്ടു. പാപികളോടും രക്തപ്രിയന്മാരായ ആളുകളോടും കൂടെ എന്നെ നശിപ്പിക്കരുതേ. അവരുടെ കൈയിൽ വഞ്ചനയുണ്ട്. അവരുടെ വലത്തുകൈ കൈക്കൂലി നിറഞ്ഞിരിക്കുന്നു. ഞാനോ, പരമാർഥതയിൽ നടന്നിരിക്കുന്നു. എന്നെ രക്ഷിച്ച് എന്നോട് കരുണചെയ്യണമേ. എൻെറ കാൽ സത്യത്തിൽതന്നെ നില കൊണ്ടു. സഭയിൽ ഞാൻ കർത്താവിനെ വാഴ്ത്തും. നിനക്കു സ്തുതി യോഗ്യമാകുന്നു.

കൈകൾ തുടച്ചുകൊണ്ട് 29—ാം സങ്കീർത്തനം

കർത്താവിനു മുട്ടാടുകളെ കൊണ്ടുവരുവിൻ. കർത്താവിനു മഹത്ത്വവും ബഹുമാനവും നൽകുവിൻ. കർത്താവിൻെറ നാമത്തിനു ബഹുമാനം കൊടുക്കുവിൻ. കർത്താവിൻെറ വിശുദ്ധ പ്രകാരത്തിൽ അവനെ വന്ദിപ്പിൻ. കർത്താവിൻെറ ശബ്ദം വെള്ളത്തിന്മേൽ വന്നു. മഹത്ത്വമുള്ളവനായ ദൈവം ഇടിമുഴക്കമുണ്ടാക്കി. പെരുവെള്ളത്തിന്മേൽ കർത്താവു വന്നു. കർത്താ

ܘܢܣܝܢܝ . ܘܨܪܘܦ ܟܘܠܝܬܝ ܘܠܒܝ
ܡܛܠ ܕܛܝܒܘܬܟ ܠܘܩܒܠ ܥܝܢܝ
ܘܗܠܟܬ ܒܗܝܡܢܘܬܟ . ܘܠܐ ܝܬܒܬ ܥܡ .
ܣܪܝܩܐ . ܘܥܡ ܥܘܠܐ ܠܐ ܥܠܬ . ܣܢܝܬ
ܟܢܘܫܬܐ ܕܒܝܫܐ . ܘܥܡ ܪܫܝܥܐ ܠܐ
ܝܬܒܬ . ܐܫܝܓ ܐܝܕܝ ܒܕܟܝܘܬܐ .
ܘܐܚܕܪ ܠܡܕܒܚܟ ܡܪܝܐ : ܕܐܫܡܥ
ܩܠܐ ܕܬܫܒܘܚܬܟ : ܘܐܫܬܥܐ ܟܠܗܝܢ
ܬܕܡܪܬܟ . ܡܪܝܐ ܪܚܡܬ ܬܫܡܫܬܐ ܕܒܝܬܟ
ܘܐܬܪܐ . ܕܡܫܟܢ ܫܘܒܚܟ .
ܠܐ ܬܘܒܕ ܥܡ ܚܛܝܐ ܢܦܫܝ . ܘܥܡ ܓܒܪܐ
ܕܕܡܐ ܚܝܝ . ܕܒܐܝܕܝܗܘܢ ܢܟܠܐ
ܘܝܡܝܢܗܘܢ ܡܠܝܐ ܫܘܚܕܐ . ܐܢܐ ܕܝܢ
ܒܬܡܝܡܘܬܝ ܗܠܟܬ . ܦܪܘܩܝܢܝ
ܘܪܚܡܝܢܝ . ܪܓܠܝ ܩܡܬ ܒܬܪܝܨܘܬܐ .
ܒܥܕܬܐ ܐܒܪܟܝܟ ܡܪܝܐ . ܠܟ ܝܐܐ ܫܘܒܚܐ ❖

ܡܙܡܘܪܐ ◆

ܐܝܬܘ ܠܡܪܝܐ ܒܢܝ ܕܟܪܐ . ܐܝܬܘ
ܠܡܪܝܐ ܫܘܒܚܐ ܘܐܝܩܪܐ . ܐܝܬܘ ܠܡܪܝܐ
ܐܝܩܪܐ ܠܫܡܗ . ܣܓܘܕܘ ܠܡܪܝܐ ܒܕܪܬܐ
ܕܩܘܕܫܗ . ܩܠܗ ܕܡܪܝܐ ܥܠ ܡܝܐ .
ܐܠܗܐ ܫܒܝܚܐ ܪܥܡ . ܡܪܝܐ ܥܠ ܡܝܐ
ܣܓܝܐܐ . ܩܠܗ ܕܡܪܝܐ ܒܚܝܠܐ ܘܩܠܗ
ܕܡܪܝܐ ܒܫܘܒܚܐ . ܩܠܗ ܕܡܪܝܐ

വിൻെറ ശബ്ദം ശക്തിയുള്ളതാകുന്നു. കർത്താവിൻെറ ശബ്ദം മഹത്താകുന്നു. കർത്താവിൻെറ ശബ്ദം ദേവദാരു വൃക്ഷങ്ങളെ തകർക്കുന്നു. കർത്താവ് ലെബാനോനിലെ ദേവദാരുക്കളെ തകർത്തു കളഞ്ഞു. അവയെ കാളക്കിടാങ്ങളെ പോലെയും, ലെബാനോനെയും സാനീറിനേയും പോത്തുകുട്ടികളെപ്പോലെയും അവൻ ചലിപ്പിച്ചു. കർത്താവിൻെറ ശബ്ദം അഗ്നി ജ്വാലയെ ഖണ്ഡിക്കുന്നു. കർത്താവിൻെറ ശബ്ദം മരുഭൂമിയെ ചലിപ്പിക്കുന്നു. കർത്താവ് കാദേശ് മരുഭൂമിയെ ഇളക്കുന്നു. കർത്താവിൻെറ ശബ്ദം മാൻ പേടകളെ ഭ്രമിപ്പിക്കയും വനങ്ങളെ നശിപ്പിക്കയും ചെയ്യുന്നു. അവൻെറ ആലയത്തിൽ എല്ലാവരും സ്തുതി പാടുകയും ചെയ്യുന്നു. കർത്താവ് ജലപ്രളയത്തെ പിന്തിരിച്ചു. കർത്താവ് എന്നേക്കും രാജാവായി സ്ഥിതി ചെയ്യുന്നു. കർത്താവ് തൻെറ ജനത്തിന് ശക്തി നൽകും. കർത്താവ് തൻെറ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

മരിച്ചുപോയവർക്കുവേണ്ടിയുള്ള പ്രുമിയോൻ

നാമെല്ലാവരും പ്രാർത്ഥിച്ച് .....

തൻെറ മരണംമൂലം നമ്മുടെ മരണത്തെ മായിച്ചുകളഞ്ഞവനും, തൻെറ ബലിയർപ്പണംമൂലം ആദാമിൻെറ സന്താനങ്ങൾക്കെല്ലാം പാപപരിഹാരം നൽകിയവനുമായ ഉത്തമനായ കർത്താവിനെ ഈ സമയത്തും....നമുക്ക് ഓർത്തു മഹത്വപ്പെടുത്താം.

സെദ്റൊ

മരിച്ചവരെ ഉയിർപ്പിക്കുന്നവനും, കബറടക്കപ്പെട്ടവരെ പുനരുത്ഥാനം ചെയ്യിക്കുന്നവനുമായ കർത്താവേ! ഇന്നു ഞങ്ങൾ ആർക്കുവേണ്ടി കുർബാന അണച്ചിരിക്കുന്നുവൊ ആ നിൻെറ ദാസരുടെ ആത്മാക്കളെ നീ സ്വീകരിക്കുമാറാകണമെ. നിൻെറ

വത്സലന്മരായ അബ്രഹാമിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും, നിൻെറ പ്രത്യാശയിൽ നിദ്രപ്രാപിച്ചിട്ടുള്ള വിശ്വാസികളായ സകല പരേതരുടെയും കൂടെ, നിൻെറ പിതൃഭവനത്തിലെ അനുഗൃഹീതാലയങ്ങളിൽ, അവരെ വസിപ്പിച്ചു കൊള്ളണമേ. അവർക്കു ജീവൻ നൽകി നിൻെറ വലത്തുഭാഗത്ത് അവരെ നിറുത്തുമാറാകണമെ. ഞങ്ങളെല്ലാവരും പരിശുദ്ധ ത്രിത്വത്തിന് ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകണമേ.

മോറാനേശുമിശിഹാ......

പട്ടക്കാരൻ—എത്രൊ

കർത്താവേ! നിൻെറ ദാസന്മാർക്കും ദാസികൾക്കും വേണ്ടി ഇന്നു ഞങ്ങൾ നിനക്കണച്ചിരിക്കുന്ന ഈ കുർബാന അവർക്കു പരിമളവാസനയായി ഭവിക്കുമാറാകണമെ. കർത്താവെ! നിൻെറ തിരുവിഷ്ടം ഇതിൽ പ്രീതിപ്പെട്ട് . കരുണയോടെ അവർക്ക് ആശ്വാസം നൽകുകയും ചെയ്യണമെ.

പട്ടക്കാരൻ സാധാരണ വസ്ത്രങ്ങൾ ധരിക്കുന്നു

പാതകനാം റൂബേലിനു.....

കുറിയേലായിസ്സോൻ, കുറിയേ.... കുറിയേ....ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ.....

സ്വർഗസ്ഥനായ ഞങ്ങളുടെ .....

ത്രോണോസിൻെറ മുമ്പാകെ വന്ദിച്ചുകൊണ്ട്

ദൈവമെ! നിൻെറ ഭവനത്തിൽ ഞാൻ പ്രവേശിച്ചു. സ്വർഗീയ രാജാവേ! നിൻെറ സിംഹാസനത്തിൻ മുമ്പാകെ ഞാൻ വന്ദിക്കയും ചെയ്തു. നിന്നോട് ഞാൻ ചെയ്തുപോയ സകല പാപങ്ങളും എന്നോട് ക്ഷമിക്കണമെ.

ത്രോണോസ് മുത്തിക്കൊണ്ട് ഹൃദയവേദനയോടെ പറയുന്നു

കർത്താവിൻെറ പരിശുദ്ധവും ദിവ്യവു

ായ ബലിപീഠമേ! സമാധാനത്തോടെ വസിക്കുക. ഇനി ഈ സന്നിധിയിലേക്കു ഞാൻ വരുമോ ഇല്ലയോ എന്ന് എനിക്കു നിശ്ചയമില്ല. സ്വർഗീയ കടിഞ്ഞൂലുകളുടെ സഭയിൽവച്ച് നിന്നെ കാണുവാൻ കർത്താവ് എന്നെ യോഗ്യനാക്കട്ടെ. ഈ പ്രത്യാശയിൽ ഞാൻ ശരണപ്പെട്ടു കൊള്ളുന്നു.

പരിശുദ്ധവും പാപപരിഹാരപ്രദവു മായ ബലിപീഠമേ! സമാധാനത്തോടെ വസിക്കുക. ഞങ്ങളുടെ കർത്താവും ദൈവവുമേ! ഇതിൽനിന്ന് ഞാൻ പ്രാപിച്ച പരിശുദ്ധ ശരീരവും പാപപരിഹാര പ്രദമായ രക്തവും, എനിക്ക് എന്നേക്കും കടങ്ങളുടെ മോചനത്തിനും പാപപരി ഹാരത്തിനും നിൻെറ ഭയങ്കര സിംഹാസന സന്നിധിയിൽ മുഖപ്രസന്നതയ്ക്കും പര്യാപ്തമായി ഭവിക്കുമാറാകണമേ.

ജീവൻെറ മേശയാകുന്ന പരിശുദ്ധ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഇനി എന്നന്നേക്കും എൻെറ സ്മരണ നിന്നിൽനിന്ന് മാഞ്ഞുപോകുവാ നിടയാകരുതേ. കർത്താവേശുമിശി ഹായോട് എനിക്കുവേണ്ടി പ്രാർഥിക്കു മാറാകണമേ. ആമ്മീൻ.

ബുർക്സാ വാഴ്വിൻെറ പ്രാർഥന

ഞങ്ങളുടെ കൈകളിൽ ഇരിക്കുന്ന ഈ അപ്പത്തെ തൻെറ കൃപയാലും നിത്യമായ മഹാകരുണയാലും തൻെറ വലതുകൈ നീട്ടി അനുഗ്രഹിക്കുന്നവനായ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി. സകല ജഡങ്ങളേയും സംരക്ഷിക്കുകയും പോഷിപ്പിക്കയും ചെയ്യുന്നവനായ കർത്താവേ! നിൻെറ ദാസർക്ക് നീ തക്കകാലത്ത് പോഷണം നൽകുന്നവ നാണല്ലോ.

[illegible]

[illegible]

ദൈവമായ കർത്താവേ! അദൃശ്യമായ നിൻെറ വലതുകൈ നീട്ടി, ഈ അപ്പത്തെ നിൻെറ പരിശുദ്ധ നാമത്തിൽ ആശീർവദിക്കേണമെ. + നിൻെറ സംതൃപ്തിയും അനുഗ്രഹവും പോഷണവും നിറവും ഇതിൽ വസിപ്പിക്കണമെ. തന്മൂലം ഞങ്ങൾക്കും ഇതനുഭവിക്കയും ഇതിൽ സംബന്ധിക്കയും ചെയ്യുന്ന എല്ലാവർക്കും ഇതു ശരീര പോഷണത്തിനും ആത്മ വിശുദ്ധിക്കും സ്വസ്ഥതയ്ക്കും നിത്യയാത്രയിലെ പാഥേയത്തിനും എന്നാളും നിൻെറ പരിശുദ്ധ നാമത്തോടുള്ള കൃതജ്ഞതാ പ്രകടനത്തിനും പര്യാപ്തമായി ഭവിക്കണമെ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധ റൂഹായുടെയും ശക്തി വന്ന് ഈ ബുർക്സായിൽ വസിച്ച് ഇതിനെ ആശീർവദിക്കുമാറാകട്ടെ. + ഇതു നൽകുകയും ഇതു വാങ്ങുകയും ചെയ്യുന്നവരിലും, പരിശ്രമിച്ച് ഇതിൽ സംബന്ധിച്ചിട്ടുള്ളവരും സംബന്ധിപ്പാനിരിക്കുന്നവരുമായ എല്ലാവരിലും ദൈവത്തിൻെറ കരുണ എന്നാളും രണ്ടു ലോകങ്ങളിലും ഉണ്ടായിരിക്കയും ചെയ്യട്ടെ.

[illegible]

വേറൊരു പ്രാർത്ഥന

സ്വർഗത്തിൽ നിന്ന് വിശുദ്ധ ത്രിത്വത്തിൻെറ കൃപ വന്ന് ഈ ബുർക്സായിൽ വസിക്കുമാറാകട്ടെ. + + + ഇതു നൽകുകയും ഇതു വാങ്ങുകയും ഇതിനെ പരിചരിക്കുകയും ചെയ്യുന്നവരിലും, പരിശ്രമിച്ച് ഇതിൽ സംബന്ധിച്ചിട്ടുള്ളവരും സംബന്ധിപ്പാനിരിക്കുന്നവരുമായ എല്ലാവരിലും ദൈവത്തിൻെറ കരുണ എന്നാളും രണ്ടു ലോകങ്ങളിലും ഉണ്ടായിരിക്കയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

[illegible]

ܛܟܣܐ ܕܩܘܪܒܐ

ܕܡܪܝ ܕܝܘܢܘܣܝܘܣ ܝܥܩܘܒ ܒܪ ܨܠܝܒܝ

◆ ܡܝܛܪܦܘܠܝܛܐ ܕܐܡܝܕ ܕܗܘܐ

ആമീദിലെ മെത്രാപ്പോലീത്തായായ
വി. മോർ ദീവന്നാസ്യോസ്
യാക്കോബ് ബർസ്ലീബിയുടെ ക്രമം

പട്ടക്കാരൻ

കർത്താവേ! ഈ സമയത്ത് സ്നേഹവും ഐക്യവും പരിപൂർണസമാധാനവും ഞങ്ങൾക്കു നൽകണമേ. നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു.

ജനം—ആമ്മീൻ.....

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം—അവിടുത്തെ ആത്മാവിനും....

ശുശ്രൂഷകൻ—ദൈവമായ കർത്താവിന്റെ.....

ജനം—ദൈവമായ കർത്താവേ!.....

ശുശ്രൂഷകൻ—കൊടുക്കപ്പെട്ടിരിക്കു.....

ജനം—ഞങ്ങളുടെ കർത്താവും......

പട്ടക്കാരൻ

കർത്താവേ! അനശ്വരമായ നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളെല്ലാവരേയും അനുഗ്രഹിക്കേണമേ. നിന്റെയും നിന്റെ ഏകജാതന്റെയും നിന്റെ പരിശുദ്ധ റൂഹായുടെയും തിരുവിഷ്ടം നിറവേററുവാൻ ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമേ.

ܟܗܢܐ ◆

ܚܘܒܐ ܘܐܘܝܘܬܐ ܘܫܝܢܐ ܡܫܡܠܝܐ
ܗܒ ܠܢ ܒܥܕܢܐ ܗܢܐ ܡܪܝܐ . ܘܢܫܩܘܠ
ܠܟ ܫܘܒܚܐ ܘܬܘܕܝܬܐ ܘܠܝܚܝܕܝܐ ܕܝܠܟ
ܘܠܪܘܚܐ ܕܝܠܟ ܩܕܝܫܐ . ܗܫܐ ❖
ܥܡܐ . ܐܡܝܢ ❖ ܟܗܢܐ . ܫܠܡܐ ❖
ܥܡܐ . ܘܥܡ ܪܘܚܟ ❖ ܡܫܡ . [illegible] ❖
ܥܡܐ . ܐܠܗܐ ❖ ܡܫܡ ◆ ܠܟ ܡܪܝ ❖
ܥܡܐ ◆ ܡܪܢ ❖

ܟܗܢܐ ◆

ܘܐܦ ܠܟܠܢ ܡܪܝ ܒܡܘܗܒܬܐ ܕܝܠܟ
ܠܐ ܡܬܚܪܒܢܝܬܐ . ܘܐܫܘܐ ܠܢ ܠܡܫܡܠܝܘ
ܨܒܝܢܟ ܘܕܒܪܟ ܝܚܝܕܝܐ ܘܕܪܘܚܐ ܕܝܠܟ
ܩܕܝܫܐ ܗܫܐ ❖ ܥܡܐ . ܐܡܝܢ ❖

ജനം—ആമ്മീൻ.

പട്ടക്കാരൻ—കർത്താവേ! നിനക്കു ഞങ്ങൾ അർപ്പിക്കുന്ന ഈ ബലി മുഖാന്തിരം, സകല അശുദ്ധ വിചാരങ്ങളേയും ഞങ്ങളിൽ നിന്ന് ദൂരീകരിക്കണമെ. ഇതിനാൽ ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കയും ഞങ്ങളുടെ ശരീരങ്ങളെ ശുദ്ധീകരിക്കയും ചെയ്യണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കയും ചെയ്യുമാറാകണമെ.

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—ബാറെക്മോർ, സഹോദര....

ജനം—ഈ കുർബാന അനുഗ്രഹങ്ങളും......

പട്ടക്കാരൻ ശോശപ്പാ ആഘോഷിച്ചുകൊണ്ട്

ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങൾക്കുവേണ്ടി പന്ത്രണ്ടു നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽപാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകൻെറകബറിങ്കൽ നിക്ഷേപിക്കപ്പെട്ട തീക്കൽപാറയും നീ തന്നെയാകുന്നു.

പട്ടക്കാരൻ—പിതാവാം ദൈവത്തിൻെറ സ്നേഹവും ഏകജാതൻെറ കൃപയും....

ജനം—ആമ്മീൻ. അവിടുത്തെ......

പട്ടക്കാരൻ കൈകൾ ഉയർത്തിക്കൊണ്ട്

ഈ സമയത്ത് നാമെല്ലാവരുടെയും മനസ്സുകളും ചിന്തകളും ഹൃദയങ്ങളും, ഉയരങ്ങളിൽ പിതാവാം ദൈവത്തിൻെറ വലത്തുഭാഗത്ത് മിശിഹാതമ്പുരാൻ ഇരിക്കുന്ന സ്ഥാനത്തായിരിക്കണം.

ജനം—ഞങ്ങളുടെ ബോധങ്ങളും.....

ܟܗܢܐ ◆

ܘܠܟܠܗܘܢ ܚܘܫܒ̈ܐ ܠܐ ܕܟ̈ܝܐ ܢܥܒܪ ܡ
ܢܢ ܒܝܕ ܩܘܪܒܢܐ ܗܢܐ ܕܡܩܪܒܝܢܢ ܠܟ
ܡܪܝܐ . ܘܐܢܗܪ ܒܗ ܠܢܦܫܬܢ ܘܩܕܫ
ܒܗ ܠܦܓܪ̈ܝܢ . ܘܢܫܒܚ ܠܟ ܫܘܒܚܐ ❖
ܥܡܐ . ܐܡܝܢ ❖ ܡܫܡܫ̄ . ܒܪܟܡܪ ❖
ܥܡܐ . ܩܘܪܒܢܐ ❖

ܟܗܢܐ ܡܪܝܡ ܫܘܫܦܐ ◆

ܐܢܬ ܗܘ ܟܐܦܐ ܬܩܝܦܬܐ ܗܝ
ܕܐܘܒܠܬ ܬܪܬܥܣܪ ܢܗܪ̈ܘܬܐ ܠܬܪܥܣܪ
ܫܒܛ̈ܐ ܕܐܝܣܪܐܝܠ . ܐܢܬ ܗܘ ܟܐܦܐ
ܬܩܝܦܬܐ ܗܝ ܕܐܬܬܣܝܡܬ ܥܠ ܩܒܪܗ
ܕܦܪܘܩܢ ❖ ܟܗܢܐ . ܚܘܒܐ ❖
ܥܡܐ . ܐܡܝܢ . ܥܡ ܪܘܚܟ ❖

ܟܗܢܐ ܦܫܛ ܐܝܕܘܗܝ ܘܡܪܝܡ ܠܥܠ ܘܐܡܪ ◆

ܠܥܠ ܐܝܟܐ ܕܡܫܝܚܐ ܝܬܒ ܠܡ
ܝܡܝܢܐ ܕܐܠܗܐ ܐܒܐ : ܢܗܘܘܢ ܗܘܢܐ
ܘܡܚܫܒܬܐ ܘܠܒܘܬܐ ܕܟܠܢ ܒܫܥܬܐ ܗܕܐ ❖
ܥܡܐ ◆ ܐܝܬܝܗܘܢ ❖ ܟܗܢܐ ◆ ܢܘܕܐ
ܠܡܪܝܐ ܒܕܚܠܬܐ ❖ ܥܡܐ . ܫܘܐ ❖

പട്ടക്കാരൻ—ഭയഭക്തിയോടെ കർത്താവിനെ നമുക്കു സ്തോത്രം ചെയ്യാം.

ജനം—ഭയത്തോടെ കർത്താവിനെ.....

പട്ടക്കാരൻ—രഹസ്യപ്രാർത്ഥന

പിതാവു പുത്രൻ, പരിശുദ്ധ റൂഹാ എന്ന സത്യേക ദൈവത്തെ സ്തുതിച്ച് സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവും ആകുന്നു.

പട്ടക്കാരൻ

തിരുമുമ്പാകെ നിന്നുകൊണ്ട് ഇടവിടാതെ നിന്നെ മഹത്ത്വപ്പെടുത്തുന്ന, ആയിരങ്ങളും പതിനായിരങ്ങളുമായ അഗ്നിമയന്മാരോടൊരുമിച്ച് ത്രിത്വ സ്തുതികളാൽ നിന്നെ പുകഴ്ത്തുവാൻ ഞങ്ങൾ യോഗ്യരായി ഭവിക്കണമെ.

ജനം— തൻെറ സ്തുതികളാൽ.....

പട്ടക്കാരൻ—രഹസ്യ പ്രാർഥന

ജനകനും ജാതം ചെയ്യാത്തവനുമായ പിതാവ് പരിശുദ്ധനാകുന്നു. ജാതം ചെയ്തവനും, ജനകനല്ലാത്തവനുമായ പുത്രൻ പരിശുദ്ധനാകുന്നു. പിതാവിൽ നിന്ന് പുറപ്പെടുന്നവനും പുത്രനിൽനിന്നെ ടുക്കുന്നവനുമായ പരിശുദ്ധ റൂഹാ പരി ശുദ്ധനാകുന്നു. കരുണയോടും ദയവോടും കൂടെ ഞങ്ങളെ രക്ഷിച്ച സത്യ ദൈവം ഏകനാകുന്നു.

പട്ടക്കാരൻ

രക്ഷാകരമായ കഷ്ടാനുഭവത്തിനു താൻ ഒരുങ്ങിയപ്പോൾ അപ്പം എടുത്ത് വാഴ്ത്തി+ + ശുദ്ധീകരിച്ച് + മുറിച്ച് അത് അനുഭവി ക്കുന്നവർക്ക് നിത്യ||ജീവനുവേണ്ടിയുള്ള തൻെറ പരിശുദ്ധ ശരീരമെന്ന് അതിനെ നാമകരണം ചെയ്തു.

ജനം—ആമ്മീൻ.

പട്ടക്കാരൻ—(അപ്രകാരം തന്നെ) വീഞ്ഞും വെള്ളവും ചേർത്തുണ്ടാക്കിയ കാസായും വാഴ്ത്തി + + ശുദ്ധീകരിച്ച് + അത് അനു

ܟܗܢܐ ܓܗܢܬܐ ◆

ܫܘܐ ܘܙܕܩ ܕܢܫܒܚ ܘܢܣܓܘܕ ܠܐܒܐ
ܘܠܒܪܐ ܘܠܪܘܚܐ ܩܕ̄ ܚܕ ܐܠܗܐ ܫܪܝܪܐ ❖

ܥܢܝܢܐ ◆ ܠܟ ܐܠܦ ܐܠܦܝܢ ܘܪܒܘ
ܪ̈ܒܘܢ ܕܢܘܪܢܐ ܡܫܒܚܝܢ ܡܩܕܫܝܢ ܘܠܝܬ
ܘܠܐ ܫܠܝܐ ܡܫܒܚܝܢ: ܐܦ ܚܢܢ ܘܢܫܬܘܫܛ
ܠܬܫܒ̈ܚܬܟ ܥܡ ܬܫ̈ܒܚܬܐ ܬܠܝܬܝܬܐ ❖

ܥܡܐ . ܩܕܝܫ ❖

ܟܗܢܐ ܓܗܢܬܐ ◆

ܩܕܝܫ ܐܒܐ ܝܠܘܕܐ ܘܠܐ ܝܠܝܕܐ .
ܩܕܝܫ ܒܪܐ ܝܠܝܕܐ ܘܠܐ ܝܠܘܕܐ . ܩܕܝܫ
ܪܘܚܐ ܩܕܝܫܐ ܕܢܦܩ ܡܢ ܐܒܐ ܘܢܣܒ
ܡܢ ܒܪܐ . ܚܕ ܐܠܗܐ ܫܪܝܪܐ ܕܦܪܩ ܠܢ
ܒܚܢܢܗ ܘܪ̈ܚܡܘܗܝ ❖

ܥܢܝܢܐ ◆ ܟܕ ܠܚܫܐ ܦܪܘܩܝܐ
ܐܬܛܝܒ ܠܡܚܫ ܗܘ ܕܢܣܒ ܒܐܝ̈ܕܘܗܝ
ܘܒܪܟ ❊ ܘܩܕܫ ❊ ܘܩܨܝܗ ܩܕܝܫܐ ܦܓܪܗ
ܠܚ̈ܝܐ ܕܠܥܠܡ ܠܟܠܗܘܢ ܕܢܣܒܝܢ ܠܗ ❖

ܥܡܐ . ܐܡܝܢ ❖

ܟܗܢܐ . ܘܗܟܢܐ ܗܘ ܕܡܙܓ ܟܣܐ
ܕܚܡܪܐ ܘܡܝܐ ܒܪܟ ❊❊ ܘܩܕܫ ❊ ܘܡܠܝܗ

ഭവിക്കുന്നവർക്ക് നിത്യ ജീവനുവേണ്ടിയുള്ള തൻെറ വിലയേറിയ രക്തമായിട്ട് അതിനെ പൂർത്തിയാക്കി.

ജനം—ആമ്മീൻ.

പട്ടക്കാരൻ—ഞാൻ വരുന്നതുവരെ എൻെറ സ്മരണയ്ക്കായി ഇപ്രകാരം നിങ്ങൾ ചെയ്‌വിൻ എന്ന് അരുളിചെയ്തുകൊണ്ട് വിശുദ്ധ ശ്ലീഹന്മാർക്ക് ഇതിനെ താൻ ഭരമേൽപ്പിച്ചു.

ജനം—ഞങ്ങളുടെ കർത്താവെ! നിൻെറ....

പട്ടക്കാരൻ—കർത്താവെ! നിൻെറ മനുഷ്യാവതാരത്തിലെ സകല രക്ഷാപ്രവർത്തനങ്ങളെയും നിൻെറ സഭ ഓർക്കുന്നു. ഓരോരുവനും അവനവൻെറ പ്രവൃത്തികൾക്കനുസരണമായി പ്രതിഫലം കൊടുക്കുന്ന ഭ്രമജനകമായ നിൻെറ പുനരാഗമനത്തേയും അനുസ്മരിക്കുന്നു. തന്മൂലം നിൻെറ സഭയും നിൻെറ ഇടവകയും നിന്നോടും നീ മുഖാന്തിരം —നിൻെറ കൂടെ—നിൻെറ പിതാവിനോടും സർവശക്തിയുള്ള പിതാവാം ദൈവമെ ഞങ്ങളോടു കരുണചെയ്യണമേ എന്നു പശ്ചാത്താപത്തോടെ പ്രാർത്ഥിക്കുന്നു.

ജനം—സർവശക്തിയുള്ള പിതാവായ......

പട്ടക്കാരൻ—കർത്താവെ! ബലഹീനരും പാപികളുമായ നിൻെറ ദാസരായ ഞങ്ങളും നിനക്കു നന്ദി പറഞ്ഞുകൊണ്ട് സകലത്തേക്കുറിച്ചും സകലത്തിനു വേണ്ടിയുമുള്ള നിൻെറ ദയവിനെ സ്തോത്രം ചെയ്യുന്നു.

ജനം—ദൈവമായ കർത്താവെ!......

ശുശ്രൂഷകൻ—എൻെറ വാത്സല്യമുള്ള.....

പട്ടക്കാരൻ—രഹസ്യപ്രാർഥന

കർത്താവെ! എന്നോട് കരുണ തോന്നി സഭയിലെ സകല കൂദാശകളെയും തൻെറ ആവസിപ്പാൽ പൂർത്തീകരിക്കുന്നവനായ നിൻെറ പരിശുദ്ധ റൂഹായെ എൻെറ മേലും സമർപ്പിതമായിരിക്കുന്ന ഈ കുർബാനയുടെമേലും നീ അയച്ചുതരണമെ.

ܝܩܝܪܐ ܒܕܡܗ ܠܚܝܐ ܕܠܥܠܡ ܠܕܗܘܝܢ
ܘܢܫܬܡܠܝܢ ܠܗ ܀ ܥܡܐ. ܐܡܝܢ ܀

ܟܗܢܐ. ܘܟܕ ܠܫܠܝܚܐ ܩܕܝܫܐ
ܐܫܠܡ ܐܢܘܢ ܦܩܕ ܐܢܘܢ ܟܕ ܐܡܪ ܕܗܟܢܐ
ܥܒܕܘ ܠܥܘܗܕܢܐ ܕܝܠܝ ܥܕܡܐ ܕܐܬܐ ܐܢܐ ܀
ܥܡܐ. ܠܡܝܬܘܬܟ ܡܪܢ ܀

ܟܗܢܐ. ܟܕ ܥܗܝܕܐ ܗܝ ܗܟܝܠ ܕܝܠܟ
ܡܪܝܐ ܠܟܠܗ̇ ܡܕܒܪܢܘܬܟ ܦܪܘܩܝܬܐ :
ܘܠܡܐܬܝܬܟ ܘܕܚܝܠܬܐ ܕܡܢ ܫܡܝܐ ܕܒܗ
ܡܬܦܪܥܢܘܬܐ ܕܟܠܢܫ ܐܝܟ ܥܒܕܘܗܝ
ܡܬܟܫܦܐ ܠܟ ܥܕܬܟ ܘܡܪܥܝܬܟ
ܡܬܟܫܦܐ ܠܟ ܘܒܝܕܟ ܠܐܒܘܟ ܟܕ
ܐܡܪܐ ܀ ܥܡܐ. ܘܢܬܪܚܡ ܥܠܝܢ ܀

ܟܗܢܐ. ܐܦ ܚܢܢ ܡܪܝܐ ܡܚܝܠܐ
ܘܚܛܝܐ ܥܒܕܝܟ ܡܘܕܝܢ ܚܢܢ ܠܟ
ܘܡܫܒܚܝܢ ܠܛܝܒܘܬܟ ܕܥܠ ܟܠ
ܟܠܗܘܢ ܘܡܛܠ ܟܠܗܘܢ ܀ ܡܫܡ. ܡܪܐ
ܘܡܠܟܐ ܗܘ ܀

ܟܗܢܐ ܡܪܝܐ ܕܪܘܚܐ ܩܕ̈ ܀

ܐܬܪܚܡ ܥܠܝ ܡܪܝܐ. ܘܫܕܪ ܠܟܠܗ̇
ܘܠܐ ܒܣܘܓܐܐ ܗܠܝܢ ܘܩܕܝܫܬܐ ܘܕܟܝܐ
ܪܘܚܐ. ܗܝ ܕܡܫܡܠܝܐ ܕܝܠܗ ܕܩܕܝܫܬܐ
ܟܠܗ ܘܩܘܪܒܢܐ ܀

പട്ടക്കാരൻ—കർത്താവേ! എന്നോടുത്തരമരുളണമെ. കർത്താവെ! എന്നോടുത്തരമരുളണമെ. കർത്താവെ! എന്നോടുത്തരമരുളി ദയ തോന്നി എന്നോടു കരുണ ചെയ്യണമെ.

ജനം—കുറിയേ.....കുറിയേ.....കുറിയേ....

പട്ടക്കാരൻ

(പരിശുദ്ധ റൂഹാ ആവസിച്ച്) ഈ അപ്പത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ ശരീരമായി + + + പൂർത്തീകരിക്കണമെ.

ജനം—ആമ്മീൻ.

പട്ടക്കാരൻ—കലർത്തപ്പെട്ട ഈ കാസായെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ രക്തമായി +++ വ്യത്യാസപ്പെടുത്തണമെ.

ജനം—ആമ്മീൻ

പട്ടക്കാരൻ—കർത്താവെ! തിരുശരീരരക്തങ്ങൾ അനുഭവിക്കുന്ന സകലർക്കും അവ കടങ്ങളുടെ പരിഹാരത്തിനായിത്തീരണമെ. തന്മൂലം അവർ നിത്യജീവന് അവകാശികളായിത്തീരണമെ. അവർ നിനക്കും നിൻെറ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കയും ചെയ്യണമേ.

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—ഇന്നും ഈ ആയുഷ്ക്കാല.....

പട്ടക്കാരൻ—രഹസ്യ പ്രാർഥന

കർത്താവേ! എല്ലാ സ്ഥലങ്ങളിലുമുള്ള നിൻെറ വിശുദ്ധ സഭയ്ക്കുവേണ്ടിയും വിശ്വാസികളായ നിൻെറ ജനങ്ങൾക്കും വൈദിക ഗണത്തിനും വേണ്ടിയും ഈ ബലി നിനക്കു ഞങ്ങൾ അണയ്ക്കുന്നു.

പട്ടക്കാരൻ—കർത്താവേ! നിൻെറ പരിശുദ്ധ സഭയ്ക്കു ശാന്തിയും സമാധാനവും, അതിലെ ഇടയന്മാർക്ക് ഉത്തമവും പ്രശാന്തവുമായ ദീർഘായുസ്സും നൽകണമെ. സത്യവചനം ശരിയായി പഠിപ്പിക്കുന്ന ഇടയന്മാരെ അതിൽ എഴുന്നേൽപ്പിക്കയും

ܟܗܢܐ . ܥܢܝܢܝ ܡܪܝܐ ❖

ܥܡܐ ♦ ܩܘܪܝ ❖ ܟܗܢܐ ♦ ܘܠܠܚܡܐ ܗܢܐ

ܢܫܡܠܝܘܗܝ ܦܓܪܐ *** ܕܡܫܝܚܐ ܐܠܗܐ ܕܝܠܢ ❖

ܥܡܐ ♦ ܐܡܝܢ ܟܗܢܐ ♦ ܘܡܙܝܓܐ

ܘܟܣܐ ܗܢܐ ܢܫܡܠܝܘܗܝ ***ܕܡܐ ܕܡܫܝܚܐ

ܐܠܗܐ ܕܝܠܢ ❖ ܥܡܐ ♦ ܐܡܝܢ ❖

ܟܗܢܐ ♦ ܐܝܟܢܐ ܕܢܗܘܘܢ ܠܟܠܗܘܢ

ܐܝܠܝܢ ܕܢܣܒܝܢ ܡܢܗܘܢ ܡܫܬܘܬܦܝܢ ܠܚܘܣܝܐ

ܕܚܛܗܝܗܘܢ . ܘܢܚܘܘܢ ܒܗܘܢ ܚܝܐ

ܕܠܥܠܡ . ܘܢܣܩܘܢ ܠܟ ܫܘܒܚܐ

ܘܬܘܕܝܬܐ ܘܠܝܚܝܕܝܐ ܒܪܟ ܘܠܪܘܚܐ ܕܝܠܟ

ܩܕܝܫܐ . ܗܫܐ ❖

ܓܗܢܬܐ ♦

ܡܩܪܒܝܢܢ ܠܟ ܡܪܝܐ ܠܕܒܚܬܐ ܗܕܐ

ܚܠܦ ܥܕܬܟ ܩܕܝܫܬܐ ܘܟܠܗ ܐܬܪ :

ܘܚܠܦ ܥܡܐ ܕܝܠܟ ܡܗܝܡܢܐ

ܘܚܠܦ ܟܗܢܘܬܐ ❖

ܬܠܬܐ . ܗܒ ܡܪܝܐ ܠܥܕܬܐ ܕܝܠܟ

ܩܕܝܫܬܐ ܫܝܢܐ ܘܫܠܡܐ . ܘܠܪܥܘܬܐ ܕܒܗ

ܚܝܘܬܐ ܫܦܝܪܬܐ ܘܢܝܚܬܐ . ܘܐܩܝܡ

ܒܗ ܪܥܘܬܐ ܘܦܫܩܝܢ ܬܪܝܨܐܝܬ ܠܡܠܬܐ

ܕܫܪܪܐ . ܘܢܣܩ ܠܟ ܫܘܒܚܐ ❖

ചെയ്യണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കയും ചെയ്യുമാറാകണമെ.

ജനം—ആമ്മീൻ.....

ശുശ്രൂഷകൻ—സർവശക്തിയുള്ള.....

പട്ടക്കാരൻ—രഹസ്യപ്രാർത്ഥന

കർത്താവെ! സൽപ്രവൃത്തികൾ ചെയ്യുന്ന എല്ലാവരേയും നീ ഓർക്കണമെ. നിന്നെ വിളിക്കുകയും ദൃഢവിശ്വാസത്തോടെ നിന്നിൽ സങ്കേതം പ്രാപിക്കയും ചെയ്യുന്ന എല്ലാവരോടും നീ കരുണ ചെയ്ത് സഹായിക്കയും ചെയ്യണമേ.

പട്ടക്കാരൻ—ഞെരുക്കത്തിലും ദാരിദ്ര്യത്തിലും ക്ലേശിക്കുന്ന എല്ലാവർക്കും നിൻെറ സഹായങ്ങൾ നൽകണമെ. അവരേയും അവർക്ക് സഹായത്തിൻെറ കൈ നീട്ടുന്നവരെയും കാത്തുകൊള്ളണമേ. ഞങ്ങൾ നിനക്കും, നിൻെറ ഏകജാതനും......

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—നാലുഭാഗങ്ങളിലുമുള്ള.....

പട്ടക്കാരൻ—രഹസ്യപ്രാർത്ഥന

കർത്താവേ! നിൻെറ വിശുദ്ധ സഭയ്ക്കു സഹായം നൽകുന്നവരായ ഭരണകർത്താക്കളെയും വിശ്വാസികളായ നിൻെറ ജനത്തിനു നന്മചെയ്യുന്നവരെയും ഓർത്തുകൊള്ളണമേ.

പട്ടക്കാരൻ—കർത്താവേ! അദൃശ്യനായ ആ ശത്രുവിനേയും അവൻെറ ക്രൂരവാഴ്ചയേയും ഞങ്ങളിൽ നിന്ന് നീക്കി കരുണയില്ലാത്ത അധിപന്മാരുടെ കൈകളിൽ നിന്ന് ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. ഞങ്ങൾ നിനക്കും, നിൻെറ ഏകജാതനും....

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—ഭൂമിയിലെ.....

◆ ܥܡܐ

[illegible] ❖

ܟܗܢܐ · [illegible] ❖

◆ ܥܡܐ

[illegible] ❖

ܟܗܢܐ · [illegible] ❖

◆ ܥܡܐ

[illegible] ❖

പട്ടക്കാരൻ —രഹസ്യപ്രാർഥന

കർത്താവേ! നിൻെറ സകല വിശുദ്ധന്മാരെയും നിൻെറ ഏകപുത്രൻെറ മാതാവിനെയും നീ ഓർക്കുകയും നിൻെറ ആ സേവകരുടെ പ്രാർഥനകളാൽ ഞങ്ങൾക്കു രക്ഷയും സഹായവും നൽകുകയും ചെയ്യണമേ.

പട്ടക്കാരൻ—നിൻെറ വിശുദ്ധന്മാരുടെ പാർശ്വങ്ങളിൽ ഞങ്ങളെ സംരക്ഷിച്ച് അവരുടെ അണികളിൽ ഞങ്ങളേയും ഉൾപ്പെടുത്തണമേ. അവരോടൊരുമിച്ച് ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും.....

ജനം—ആമ്മീൻ.

ശുശ്രൂഷക്കാരൻ—ശ്ലീഹായ് ക്കടുത്തതും....

പട്ടക്കാരൻ—രഹസ്യപ്രാർഥന

കർത്താവേ! സത്യവിശ്വാസം ഞങ്ങളോടു പ്രസംഗിച്ചിട്ടുള്ള സുശിക്ഷിതരായ പിതാക്കന്മാരും സത്യഉപദേഷ്ടാക്കളുമായ ഞങ്ങളുടെ സത്യ ഇടയന്മാരെ നീ ഓർത്തുകൊള്ളണമേ.

പട്ടക്കാരൻ—കർത്താവേ! സത്യ വിശ്വാസത്തിൽ ഞങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങളെ അതിൽ നിന്ന് വ്യതി ചലിക്കാത്തവരും കുററമില്ലാത്തവരുമാക്കി തീർക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും.....

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—അരൂപികളുടെയും.......

പട്ടക്കാരൻ — രഹസ്യപ്രാർഥന

കർത്താവേ! നിന്നിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ചിട്ടുള്ള സത്യവിശ്വാസികളായ മരിച്ചുപോയവരെ നീ ഓർത്ത് , നിൻെറ ഏകപുത്രൻെറ രക്തം മൂലം രക്ഷ പ്രാപിച്ചിട്ടുള്ള അവരെ കരുണയോടെ ആശ്വസിപ്പിക്കുമാറാകണമേ.

പട്ടക്കാരൻ—കർത്താവേ! കരുണയോടെ ഞങ്ങളുടെ പരേതരെ നീ കടാക്ഷിച്ച് അവരുടെ കടങ്ങൾ പരിഹരിക്കയും തെററുകൾ

ܟܗܢܐ ◆ [illegible]

ܥܡܐ ◆

[illegible]

ܟܗܢܐ ◆ [illegible]

ܥܡܐ ◆

[illegible]

ܟܗܢܐ ◆ [illegible]

ക്ഷമിക്കുകയും ചെയ്യണമേ. എന്തെന്നാൽ നിൻെറ ഏകപുത്രൻെറ ശരീര രക്തങ്ങൾ അവരുടെ അവയവങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു വല്ലോ. അവൻ മൂലമുള്ള കരുണയും പാപമോചനവും പ്രാപിക്കുവാൻ വേണ്ടി, ഞങ്ങളും, അവരും അവനിൽ തന്നെ ശരണപ്പെടുന്നു.

ജനം—ദൈവമെ! സത്യവിശ്വാസത്തോടു.....

പട്ടക്കാരൻ—രഹസ്യപ്രാർഥന

ദൈവമെ! മനസ്സുകൊണ്ടും വചനം കൊണ്ടും പ്രവൃത്തികൊണ്ടുമുള്ള ഞങ്ങളുടെ തെററുകളെ നീ പരിഹരിച്ച് ക്ഷമിക്കണമെ. രഹസ്യവും പരസ്യവുമായ കാര്യങ്ങൾ നിനക്കു വെളിപ്പെട്ടിരിക്കുന്നു വല്ലൊ.

പട്ടക്കാരൻ—കർത്താവേ! ഞങ്ങളുടെയും അവരുടെയും അപരാധങ്ങൾ ഓർക്കാതെ, ഞങ്ങളേയും അവരേയും ക്രിസ്തീയ അന്ത്യത്തിനു നീ അർഹരാക്കിത്തീർക്കണമെ. തന്മൂലം സകലത്തിലും ബഹുമാന്യവും വാഴ്ത്തപ്പെട്ടതുമായ നിൻെറ നാമവും ഞങ്ങളുടെ കർത്താ വേശുമിശിഹായുടെയും നിൻെറ പരിശുദ്ധ റൂഹായുടെയും നാമങ്ങളും, സകലത്തിലും എന്നപോലെ ഇതിനാലും മഹത്ത്വീകരിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യുവാനിടയാകണമെ.

ജനം—ആമ്മീൻ. തൻെറ നാമം......

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം—അവിടുത്തെ ആത്മാവിനും......

പട്ടക്കാരൻ—വലിയവനും നമ്മുടെ രക്ഷകനുമായ......

പട്ടക്കാരൻ അപ്പം മുറിക്കുന്നു

(പേജ് 113)

[Syriac text illegible]

പട്ടക്കാരൻ—പ്രാർത്ഥന

പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനും അപേക്ഷകൾക്കു മറുപടി നൽകുന്നവനുമായ ദൈവമെ! നിന്നോടു ഞങ്ങൾ യാചിക്കുന്നു. പരിശുദ്ധനായ നിൻെറ ഏകപുത്രൻ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ള ഈ കർതൃപ്രാർത്ഥന, നുറുങ്ങിയ ഹൃദയത്തോടെ "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു വിളിച്ചുകൊണ്ട് ; ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

ജനം—നിൻെറ തിരുനാമം....

പട്ടക്കാരൻ—ദൈവമായ കർത്താവെ! ദുഷ്ടനിൽ നിന്നും എല്ലാവിധ നിയമലംഘനങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങളുടെ പാപങ്ങളും കുററങ്ങളും ക്ഷമിക്കണമെ. ഏതെങ്കിലും വിധത്തിൽ ഞങ്ങളോടു കുററം ചെയ്തിട്ടുള്ള എല്ലാവർക്കും ഞങ്ങൾക്കും നീ പരിഹാരകനായിരിക്കണമേ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും....

ജനം—ആമ്മീൻ.

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം—അവിടുത്തെ ആത്മാവിനും.....

ശുശ്രൂഷകൻ—അണയ്ക്കപ്പെട്ട.....

ജനം—ഞങ്ങളുടെ കർത്താവും.....

പട്ടക്കാരൻ—കർത്താവേ! നിൻെറ ഏകജാതൻെറ തിരുശരീരരക്തങ്ങൾ അനുഭവിക്കുവാൻ പ്രതീക്ഷിച്ചു നിൽക്കുന്ന നിൻെറ ജനത്തെയും നിൻെറ ഇടവകയിലെ ആടുകളെയും നിൻെറ വലത്തുകൈ നീട്ടി അനുഗൃഹിക്കണമേ. ഞങ്ങളുടെ ആത്മശരീരങ്ങളെ ശുദ്ധീകരിക്കയും ചെയ്യണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും....

ܨܠܘܬܐ ܕܐܒܘܢ ܕܒܫܡܝܐ ◆

ܠܟ ܐܠܗܐ ܡܩܒܠܢܐ ܕܨܠܘ̈ܬܐ
[illegible]

ܥܡܐ. ܢܬܩܕܫ ❖

[illegible]

ܥܡܐ. ܐܡܝܢ ❖

ܟܗܢܐ. ܫܠܡܐ ܠܟܠܟܘܢ ❖ ܥܡܐ. ܘܥܡ ܪܘܚܟ ❖

[illegible]

ജനം—ആമ്മീൻ.

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും.....

ജനം—അവിടുത്തെ ആത്മാവിനും......

പട്ടക്കാരൻ—പരിശുദ്ധവും മഹനീയവും......

(അനന്തരം പട്ടക്കാരൻ പീലാസായും കാസായും ആഘോഷിക്കുന്നു.)

(പേജ് 118)

പട്ടക്കാരൻ—കൃതജ്ഞതാപ്രാർഥന

കർത്താവെ! നിൻെറ മനുഷ്യ സ്നേഹത്തെ ഞങ്ങൾ സ്തുതിക്കയും വന്ദിക്കുകയും ചെയ്യുന്നു. ഞങ്ങളെല്ലാവരെയും നീ ശക്തിപ്പെടുത്തി സഹായിച്ച് താങ്ങി എഴുന്നേല്പിക്കണമെ. ഈ ആത്മീയമേശയിൽ നിന്ന് ഞങ്ങൾ സന്തുഷ്ടരായിരിക്കുന്നതിനാൽ ഞങ്ങൾക്കെല്ലാവർക്കും പാപപരിഹാരവും ആശ്വാസവും നല്കണമേ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും......

ജനം—ആമ്മീൻ.

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും......

ജനം—അവിടുത്തെ ആത്മാവിനും......

ശുശ്രൂഷകൻ—നൽകപ്പെട്ടിരിക്കുന്ന......

ജനം—ഞങ്ങളുടെ കർത്താവും.....

പട്ടക്കാരൻ—സ്വർഗത്തിൽനിന്ന് ഇറങ്ങി വന്ന് ഞങ്ങൾക്ക് അനശ്വര ഭക്ഷണമായിത്തീർന്ന സത്യ അപ്പമായ മിശിഹാ! കെടാത്ത നരകത്തിൽനിന്നും ചാകാത്ത പുഴുവിൽ നിന്നും ഞങ്ങളുടെ ആത്മശരീര

ܥܡܐ . ܐܡܝܢ ✤ ܟܗܢܐ . ܫܠܡܐ ✤

ܥܡܐ . ܘܠܪܘܚܟ ✤ ܟܗܢܐ . ܢܗܘܐ

[illegible] ✤

ܟܗܢܐ [illegible] ✤

ܥܡܐ . ܚܕ ܐܒܐ ✤ ܟܗܢܐ . ܚܕ ܒܪܐ

ܚܕ ܪܘܚܐ ܩܕܝܫܐ ✤

ܬܘܕܝܬܐ ܕܒܬܪ ܩܘܪܒܐ

[illegible]

ܥܡܐ . ܐܡܝܢ ✤ ܟܗܢܐ . ܫܠܡܐ ✤

ܥܡܐ . ܘܠܪܘܚܟ ✤ ܫܡܫܐ . [illegible] ✤

ܥܡܐ . [illegible] ✤

ܟܗܢܐ . [illegible]

ങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും, ഇപ്പോഴും എപ്പോഴും എന്നേക്കും സമർപ്പിക്കയും ചെയ്യുമാറാകണമേ.

(തുടർന്ന് ഹൂത്താമൊ മുതലായവ)

(പേജ് 123)

ܫܘܒܚܐ . ܘܐܝܩܪܐ ܠܟ ܘܠܐܒܘܟ ܘܬܘܕܝܬܐ

ܘܠܪܘܚܟ ܩܕܝܫܐ ܗܫܐ . ܘܒܟܠܙܒܢ ❖

ܥܡܐ . ܐܡܝܢ ❖ ܟܗܢܐ . ܫܠܡܐ ܠܟܠܟܘܢ ❖

ܥܡܐ . ܘܥܡ ܪܘܚܟ ❖ ܟܗܢܐ . ܪܝܫܝܟܘܢ ❖

ܥܡܐ . ܩܕܡܝܟ ܡܪܝܐ ❖

ܬܘܒ ܐܢܐܦܘܪܐ

ܛܟܣܐ ܕܩܕܝܫܐ ܡܪܝ ܝܘܚܢܢ ܦܘܡ ܕܗܒܐ ❖

സ്വർണ്ണനാവുകാരനായ വിശുദ്ധ

മോർ ഈയാവാനീസിന്റെ ക്രമം

ܨܠܘܬܐ ܕܫܠܡܐ ❖

ܐܠܗܐ ܗܘ ܪܒܐ ܘܗܘ ܡܫܡܠܝܐ :

ܘܡܒܘܥܐ ܕܫܝܢܐ ܘܕܫܠܡܐ ܘܕܚܘܒܐ ܘܕܪܚܡܐ

. ܕܫܝܢܐ . ܗܒ ܫܝܢܐ ܠܥܕܬܟ ܩܕܝܫܬܐ

ܘܠܥܠܡܐ ܢܛܘܪ ܒܛܝܒܘܬܟ . ܘܠܟ ܢܣܩ

ܬܫܒܘܚܬܐ ܘܠܐܒܘܟ ܘܠܪܘܚܟ ܩܕܝܫܐ

ܗܫܐ ܘܒܟܠܙܒܢ : ܠܥܠܡܝܢ ❖ ܥܡܐ .

പട്ടക്കാരൻ

വലിയവനും അനാദ്യന്തനും നിരപ്പും സമാധാനവും സ്നേഹവും കരുണയുടെ ഉറവിടവുമായ ദൈവമെ! നിന്റെ പരിശുദ്ധ സഭയ്ക്കു സമാധാനം നൽകണമേ. കൃപയോടെ ലോകത്തെ നീ കാത്തുകൊള്ളണമേ. ഞങ്ങൾ നിനക്കും.....

ജനം—ആമ്മീൻ.

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം—അവിടുത്തെ ആത്മാവിനും....
ശുശ്രൂഷകൻ—ദൈവമായ കർത്താവിൻെറ.....
ജനം—ദൈവമായ കർത്താവേ!......
ശുശ്രൂഷകൻ—കൊടുക്കപ്പെട്ടിരിക്കു.....
ജനം—ഞങ്ങളുടെ കർത്താവും......

പട്ടക്കാരൻ—കർത്താവെ ഇപ്പോൾ തിരുമുമ്പാകെ തലകുനിച്ചു നിൽക്കുന്ന നിൻെറ ദാസരും ആരാധകരുമായ ഇവരെ അനുഗ്രഹപൂർണമായ നിൻെറ വലതു കൈ ആവസിപ്പിച്ച്, ആശീർവദിക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും.....
ജനം—ആമ്മീൻ.

പട്ടക്കാരൻ—കർത്താവെ! നിൻെറ ഇടവകയുടെ പാപങ്ങൾക്കും കുററങ്ങൾക്കും വേണ്ടി രക്താർപ്പിതമല്ലാത്ത ഈ ആത്മീയ ബലി നിനക്കർപ്പിക്കുവാൻ ഞങ്ങൾക്കു ശക്തി നൽകണമേ. ഞങ്ങളുടെ കല്പന ലംഘനങ്ങളെ നീക്കി മായിക്കണമെ. ഞങ്ങൾ നിനക്കും.....
ജനം—ആമ്മീൻ.

ശുശ്രൂഷകൻ—ബാറെക്മോർ സഹോദര......

ജനം—ഈ കുർബാന അനുഗ്രഹങ്ങളും.....

പട്ടക്കാരൻ ശോശപ്പാ ആഘോഷിച്ചുകൊണ്ട്

ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങൾക്കുവേണ്ടി പന്ത്രണ്ടു നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽപാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകൻെറ കബറിങ്കൽ നിക്ഷേപിക്കപ്പെട്ട ആ തീക്കൽപാറയും നീ തന്നെയാകുന്നു.

പട്ടക്കാരൻ—പിതാവാം ദൈവത്തിൻെറ സ്നേഹവും ഏകജാതൻെറ കൃപയും.....

ജനം—ആമ്മീൻ. അവിടുത്തെ....

ܥܡܐ . ܫܠܡܐ ❖ ܟܗܢܐ . ܐܡܝܢ ❖

[illegible]

[illegible]

ܟܗܢܐ ◆ [illegible]

[illegible]

ܟܗܢܐ ◆ [illegible]

[illegible]

[illegible]

പട്ടക്കാരൻ കൈകൾ ഉയർത്തിക്കൊണ്ട്

ട്ടക്കാരൻ—ഈ സമയത്ത് നാമെല്ലാവരു ടയും മനസ്സുകളും ചിന്തകളും ഹൃദയ ങ്ങളും ഉയരങ്ങളിൽ പിതാവാം ദൈവ ത്തിൻെറ വലതുഭാഗത്ത് മിശിഹാ തമ്പു ാൻ ഇരിക്കുന്ന സ്ഥാനത്തായിരിക്കണം.

നം—ഞങ്ങളുടെ ബോധങ്ങളും......

പട്ടക്കാരൻ—ഭയഭക്തിയോടെ കർത്താ ിനെ നമുക്കു സ്തോത്രം ചെയ്യാം.

നം—ഭയത്തോടെ കർത്താവിനെ.......

പട്ടക്കാരൻ—രഹസ്യ പ്രാർത്ഥന

രാജാധിരാജാവായ പിതാവാം ദൈവമെ! പുത്രനോടും റൂഹായോടും കൂടെ നിനക്കു സകല സ്തുതിയും യുക്ത ായി കടപ്പെട്ടിരിക്കുന്നു.

പട്ടക്കാരൻ—മാലാഖമാർ, റീശേമാലാ ഖമാർ, കൂബേന്മാർ, സ്രോപ്പേന്മാർ, മൗത്തബെ ന്മാർ, മോറാവോസെന്മാർ തുടങ്ങിയ അദൃശ്യരും അസംഖ്യരുമായ സകല സ്വർ ീയ ഗണങ്ങളും കൂട്ടങ്ങളും സേനകളും അടങ്ങാത്ത വായ്കളോടും അവർണനീയ ായ ശബ്ദങ്ങളോടും കൂടെ വിജയസ്തുതി അട്ടഹസിച്ചുകൊണ്ട് മഹത്ത്വപ്പെടുത്തുന്ന വനെ (നമുക്കും മഹത്ത്വപ്പെടുത്താം)

നം—തൻെറ സ്തുതികളാൽ.....

പട്ടക്കാരൻ—രഹസ്യപ്രാർത്ഥന

പിതാവാം ദൈവമേ! നീയും, ഞങ്ങളുടെ കർത്താവായ നിൻെറ പുത്രൻ യശു മിശിഹായും നിൻെറ പരിശുദ്ധ റൂഹായും നിരന്തരമായി സ്തുതിക്ക പ്പെടുന്ന പരിശുദ്ധനാകുന്നു.

ܟܗܢܐ ܟܕ ܡܪܝܡ ܐܝܕ̈ܘܗܝ ܒܟܐܢܘܬ ܩܥܐ ܘܐܡܪ

ܠܥܠ ܐܝܟܐ ܕܡܫܝܚܐ ܝܬܒ ܡܢ
ܝܡܝܢܐ ܕܐܠܗܐ ܐܒܐ ܢܗܘܘܢ ܗܘܢ̈ܝܢ
ܘܡܚܫ̈ܒܬܐ ܘܠܒ̈ܘܬܐ ܘܟܠܗܝܢ ܒܫܥܬܐ ܗܕܐ ❖
ܥܡܐ. ܐܝܬܝܗܘܢ ❖ ܟܗܢܐ. ܢܘܕܐ
ܠܡܪܝܐ ܒܕܚܠܬܐ ❖ ܥܡܐ. ܫܘܐ ❖

ܟܗܢܐ ܓܗܢܝܬܐ

ܠܟ ܡܠܟܐ ܕܡܠ̈ܟܐ ܐܠܗܐ ܐܒܐ ܥܡ
ܒܪܐ ܘܪܘܚܐ ܙܕܩܐ ܘܬܫܒܘܚܬܐ ܟܠܗ
ܫܘܝܬܐ ❖
ܥܡܐ. ܟܠܗܘܢ ܫܡܝܐ
ܘܫܡܝ̈ܐ ܕܫܡܝ̈ܐ : ܡܠܐܟ̈ܐ ܘܪ̈ܝܫ
ܡܠܐܟ̈ܐ : ܟܪܘܒ̈ܐ ܘܣܪܦ̈ܐ : ܐܘܣ̈ܝܐ
ܘܡܪ̈ܘܬܐ : ܠܐ ܡܬܚܙ̈ܝܢܐ ܘܠܐ ܡܬܡܢ̈ܝܢܐ .
ܘܠܐ ܫܠܝܢ ܡܫܒܚܝܢ ܘܡܙܡܪܝܢ ܒܦܘܡ
ܕܠܐ ܫܠܐ ܘܠܐ ܫܬܩܝܢ ܒܩܠ̈ܐ ܕܠܐ
ܡܬܡܠܠܝܢ ܒܬܫܒܘܚܬܐ ܕܙܟܘܬܐ ܡܫܒܚܝܢ
ܘܩܥܝܢ ܘܩܕܡܝܢ ܘܐܡܪܝܢ ❖

ܥܡܐ. ܩܕܝܫ ❖

ܓܗܢܝܬܐ

ܩܕܝܫܐܝܬ ܩܕܝܫܐ ܐܢܬ ܐܠܗܐ ܐܒܐ
ܘܩܕܝܫܐ ܩܕܝܫܐ ܝܚܝܕܝܟ ܘܡܫܒܚܐ
ܐܡܝܢܐܝܬ ܥܡ ܡܪܢ ܩܕܝܫܐ ܪܘܚܟ ܗܘ
ܡܫܝܚܐ ❖

പട്ടക്കാരൻ—താൻ സ്നേഹപൂർവം ഞങ്ങൾക്കുവേണ്ടി ശരീരം ധരിക്കയും, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി മനസ്സോടെ സ്വയം താഴ്ത്തുകയും, ശരീരത്തിൽ കഷ്ടതയനുഭവിക്കയും ചെയ്ത കഷ്ടാനുഭവങ്ങളുടെ രാത്രിയിൽ തൻെറ വിശുദ്ധ തൃക്കൈയിൽ അപ്പം എടുത്തു വാഴ്ത്തി++ ശുദ്ധീകരിച്ച് + മുറിച്ച് || തൻെറ ശിഷ്യന്മാർക്കു നൽകി അവരോട് , അരുളിച്ചെയ്തു. “ഇതിൽ നിന്ന് നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ. ഇത് കടങ്ങളുടെ പരിഹാരത്തിനും, പാപമോചനത്തിനും, നിത്യ ജീവനും വേണ്ടി നൽകപ്പെടുന്ന എൻെറ ശരീരമാകുന്നു”

ܟܗܢܐ ♦ ܗܘ ܕܟܕ ܡܫܬܠܡ
ܒܨܒܝܢܗ ܐܬܡܣܪ ܘܩܒܠ ܦܘܪܩܢܢ
ܐܣܬܝܒܪ ܕܢܣܒ ܚܫܐ ܕܒܣܪ
ܒܠܠܝܐ ܗܘ ܕܒܗ : ܢܣܒ ܠܚܡܐ ܒܐ
ܝ̈ܕܘܗܝ ܩܕܝ̈ܫܬܐ : ܒܪܟ ܘܩܕܫ ܘܩܨܐ ♱
ܘܝܗܒ ܠܬܠܡܝ̈ܕܘܗܝ ܘܐܡܪ : ܣܒܘ
ܐܟܘܠܘ ܡܢܗ ܗܢܘ ܦܓܪܝ ܕܥܠܝܟܘܢ
ܠܚܘܣܝܐ ܕܚܘ̈ܒܐ ܘܠܫܘܒܩܢܐ ܕܚܛܗ̈ܐ
ܘܠܚ̈ܝܐ ܕܠܥܠܡ ܥܠܡܝܢ ❖ ܥܡܐ . ܐܡܝܢ ❖

ജനം—ആമ്മീൻ

പട്ടക്കാരൻ—ഇപ്രകാരം തന്നെ കാസായും എടുത്തി വാഴ്ത്തി + + ശുദ്ധീകരിച്ച് + തൻെറ ശിഷ്യന്മാർക്കു നൽകി അവരോട് അരുളിച്ചെയ്തു. “കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനും നിത്യജീവനും വേണ്ടി നിങ്ങളെല്ലാവരും ഇതു വാങ്ങി പാനം ചെയ്യുവീൻ”.

ܟܗܢܐ . ܗܟܘܬ ܕܝܢ ܘܟܣܐ ܢܣܒ :
ܒܪܟ ܘܩܕܫ ܘܝܗܒ ܠܬܠܡܝ̈ܕܘܗܝ
ܘܐܡܪ ܣܒܘ ܐܫܬܘ ܡܢܗ ܟܠܟܘܢ
ܠܚܘܣܝܐ ܕܚܘ̈ܒܐ ܘܠܫܘܒܩܢܐ ܕܚܛܗ̈ܐ
ܘܠܚ̈ܝܐ ܕܠܥܠܡ ܥܠܡܝܢ ❖ ܥܡܐ . ܐܡܝܢ ❖

ജനം—ആമ്മീൻ.

പട്ടക്കാരൻ—ഈ വിശുദ്ധ രഹസ്യത്തിൽ നിങ്ങൾ ഇമ്പപ്പെടുമ്പോഴെല്ലാം എൻെറ വരവു വരെ—എൻെറ മരണത്തേയും പുനരുത്ഥാനത്തേയും നിങ്ങൾ അനുസ്മരിച്ചുകൊൾവീൻ എന്ന് അവരോട് താൻ മുൻകൂട്ടി കൽപ്പിച്ചു.

ܟܗܢܐ . ܘܦܩܕ ܐܢܘܢ ܕܟܕ
ܐܡܪ ܕܟܠ ܐܡܬܝ ܕܡܬܩܪܒܝܢ ܐܢܬܘܢ
ܠܡܘܬܝ ܡܥܗܕܝܢ ܐܢܬܘܢ ܘܠܩܝܡܬܝ ܕܟܝܢ
ܗܘܝܬܘܢ ܡܥܗܕܝܢ ܥܕܡܐ ܠܡܐܬܝܬܐ
ܕܝܠܝ ❖ ܥܡܐ . ܠܡܘܬܟ ܡܪܢ ❖

ജനം—ഞങ്ങളുടെ കർത്താവേ! നിൻെറ......

പട്ടക്കാരൻ—കർത്താവെ! പാപികളും കുററക്കാരുമായ നിൻെറ ദാസരാകുന്ന ഞങ്ങൾ, രക്ഷാകരമായ നിൻെറ മനുഷ്യാവതാര

ܟܗܢܐ . ܚܢܢ ܕܝܢ ܥܒ̈ܕܐ ܕܝܠܟ
ܚܛܝ̈ܐ ܘܡܚܝ̈ܒܐ ܥܒ̈ܕܝܟ ܡܕܟܪܝܢ
ܡܕܒܪܢܘܬܟ ܕܝܠܟ ܦܪܘܩܝܬܐ ܘܡܕܟܪܝܢ

ത്ത മുഴുവനായും, ഭയങ്കരവും
ഹനീയവുമായ നിൻെറ പുനരാഗ
നത്തേയും ഓർക്കുന്നു. ഇതു നിമിത്തം
ങ്ങൾ പരിഭ്രമിക്കയും വിറയ്ക്കുകയും
ചയ്തുകൊണ്ട് നിന്നോടും നീ മുഖാ
തിരം നിൻെറ പിതാവിനോടും സർവ
ക്തിയുളള പിതാവേ! ഞങ്ങളോടു
രുണ ചെയ്യണമേ എന്ന് അപേക്ഷിക്ക
ും പ്രാർഥിക്കയും ചെയ്യുന്നു.

നം—സർവശക്തിയുളള പിതാവാ.......

ട്ടക്കാരൻ—കർത്താവേ! ബലഹീനരും
ാപികളുമായ നിൻെറ ദാസരായ
ങ്ങളും നിനക്കു നന്ദി പറഞ്ഞുകൊണ്ട്
കലത്തേപ്രതിയും സകലത്തിനുവേണ്ടി
ുമുളള നിൻെറ ദയവിനെ സ്തോത്രം
ചയ്യുന്നു.

നം—ദൈവമായ കർത്താവേ!.....

ശുശ്രൂഷകൻ—എൻെറ വാത്സല്യമുളള......

പട്ടക്കാരൻ—രഹസ്യ പ്രാർഥന

കർത്താവേ! നിൻെറ പരിശുദ്ധമായ
ാസസ്ഥലത്തുനിന്ന് , നിൻെറ വിശുദ്ധ
ൂഹായെ അയച്ചുതരുമാറാകണമെ.
അവൻ വന്ന് സമർപ്പിതമായിരിക്കുന്ന ഈ
അപ്പത്തിന്മേലും ഈ കലർപ്പിന്മേലും ആവ
സിച്ച് ഇവയെ ശുദ്ധീകരിക്കയും എന്നെ
ിഷ്കളങ്കനും നിർമലനുമാക്കിത്തീർക്കു
യും ചെയ്യണമേ,

ട്ടക്കാരൻ—കർത്താവേ! എന്നോടുത്തര
ുളി

നം—കുറിയേ....കുറിയേ.....കുറിയേ.....

പട്ടക്കാരൻ

(പരിശുദ്ധ റൂഹാ ആവസിച്ച്) ഈ
അപ്പത്തെ ഞങ്ങളുടെ ദൈവമായ
ിശിഹായുടെ ശരീരമാക്കിത്തീർക്കുമാറാ
ണമേ. + + +

നം—ആമ്മീൻ.

ട്ടക്കാരൻ—ഈ കാസായിലെ കലർപ്പിനെ
ങ്ങളുടെ ദൈവമായ മിശിഹായുടെ
ക്തമാക്കിത്തീർക്കുകയും ചെയ്യുമാറാക
ണമെ. + + +

നം—ആമ്മീൻ.

ܠܟܠܗܘܢ ܐܝܠܝܢ ܕܦܩܕܘ ܠܢ ܕܢܥܗܕ
ܐܢܘܢ ܘܠܟܠܗ̇ ܫܢܬܐ ܒܪܟ
ܒܚܢܢܘܬܟ ❖

ܟܗܢܐ ◆ ܡܢ ܚܡܬܐ ܘܡܢ ܡܪܘܕܘܬܐ ܘܡܢ
ܠܢ ܡܪܝܐ ܒܝܕ ܡܬܚܝܐ ܐܠܐ ܠܢ ܡܢ ܪܘܓܙܐ
ܘܡܢ ܐܘܠܨܢܐ ܘܡܢ ܡܫܢܝܬܐ ܘܡܚܣܢܘܬܐ
ܘܪܘܓܙܐ ܘܡܢ ܐܢܫܐ ܘܡܪܘܕܐ ܠܐ ܡܪܚܡܢܐ
ܘܢܣܩ ܠܟ ❖

ܟܗܢܐ ܓܗܝܢܐܝܬ ◆

ܐܬܕܟܪ ܡܪܝܐ ܠܡܠܟܐ ܡܗܝܡܢܐ
ܘܫܟܢ ܒܠܒܘܬܗܘܢ ܫܝܢܐ ܘܫܠܡܐ
ܕܢܚܐ ܥܡܗܘܢ ܒܫܝܢܐ . ܘܠܫܘܠܛܢܐ
ܘܐܢܫܝܢ ܕܪܚܡܝܢ ܡܫܠܛܝܢ ܥܠ ܥܡܟ
ܫܝܢ ܡܪܝܐ ❖

പട്ടക്കാരൻ—കർത്താവെ! വിശ്വാസപൂർവം നിന്നെ വിളിക്കുന്നവർക്ക് നീ വേഗത്തിൽ ഉത്തരമരുളി, പാപത്തിൻെറ കടത്തിൽ നിന്ന് അവരെ രക്ഷിച്ചുകൊള്ളണമെ. ഞങ്ങൾ നിനക്കും.....

ܟܗܢܐ . ܘܠܐܢܫܝܢ ܕܩܪܝܢ ܠܟ
ܒܗܝܡܢܘܬܐ ܥܢܐ ܐܢܬ ܒܥܓܠ ܡܪܝܐ
ܘܦܪܘܩ ܐܢܬ ܠܗܘܢ ܡܢ ܚܘܒܬܐ ܕܚܛܗܝܗܘܢ .
ܘܢܣܩ ܠܟ ❖

പട്ടക്കാരൻ—രഹസ്യപ്രാർഥന

ܟܗܢܐ ܓܗܢܬܐ .

കർത്താവെ! ദൈവമാതാവായ വിശുദ്ധ മറിയാമിനെയും ആദിമുതൽ നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ള സകല പരിശുദ്ധന്മാരെയും ഓർത്തുകൊള്ളണമെ.

ܥܗܕ ܐܘܟܝܬ ܡܪܝܐ ܠܒܬܘܠܬܐ ܩܕܝܫܬܐ
ܠܗܘ ܡܪܝܐ ܘܫܦܪܘ ܠܟܠܗܘܢ ܩܕܝܫܐ
ܘܨܕܝܩܐ ܟܠܗܘܢ ܠܟ ❖

പട്ടക്കാരൻ—ദൈവമായ കർത്താവെ! നിൻെറ പരിശുദ്ധന്മാരുടെ സൗഭാഗ്യകരമായ സമ്മേളനത്തിലേക്ക് ഞങ്ങളേയും അർഹരാക്കിത്തീർക്കണമെ. അവരുടെ പരിശുദ്ധ കൂടാരങ്ങളിൽ ഞങ്ങൾ സംരക്ഷിക്കപ്പെടുകയും അവരുടെ കൂട്ടത്തിൽ ആത്മീയമായ ആനന്ദം അനുഭവിക്കുകയും ചെയ്യുവാൻ ഞങ്ങൾക്കിടയാക്കുകയും ചെയ്യണമെ. ഞങ്ങളും അവരും നിനക്കും....

ܟܗܢܐ . ܐܫܘܐ ܠܢ ܡܪܝܐ ܐܠܗܐ
ܠܫܘܬܦܘܬܐ ܗܝ ܛܘܒܢܝܬܐ ܕܩܕܝܫܝܟ
ܘܒܡܫܟܢܝܗܘܢ ܩܕܝܫܐ ܢܬܢܛܪ .
ܘܒܫܘܬܦܘܬܗܘܢ ܢܬܒܣܡ ܒܚܕܘܬܐ ܪܘܚܢܝܬܐ .
ܐܢܚܢܢ ܘܗܢܘܢ ܢܣܩ ܠܟ ❖

പട്ടക്കാരൻ—രഹസ്യപ്രാർഥന

ܟܗܢܐ ܓܗܢܬܐ .

കർത്താവെ! യാക്കോബ് മുതൽ ഇന്നു വരെയുള്ള നിൻെറ പരിശുദ്ധ സഭയിലെ സകല ഭരണകർത്താക്കളെയും ഓർത്തുകൊള്ളണമെ.

ܐܘܟܝܬ ܡܪܝܐ ܠܟܠܗܘܢ ܪܝܫܢܐ
ܕܥܕܬܐ ܩܕܝܫܬܐ ܕܡܢ ܝܥܩܘܒ ܘܥܕܡܐ
ܠܝܘܡܢܐ ❖

പട്ടക്കാരൻ—നിൻെറ വിശുദ്ധ സഭകളിൽ ശരിയായി സുവിശേഷ പ്രചാരണം നടത്തിയിട്ടുള്ളവരെ നീ ഓർക്കുകയും അവരുടെ അംഗീകൃതമായ പ്രാർഥനകളാൽ ഞങ്ങളോടു കരുണയുണ്ടാവുകയും ചെയ്യണമേ. കരുണയോടെ നീ ഞങ്ങളെ സഹായിച്ച് അവരുടെ സംഘങ്ങളിൽ ഞങ്ങളേയും കലർത്തുമാറാകണമെ. ഞങ്ങൾ നിനക്കും, നിൻെറ ഏകജാതനും....

ܟܗܢܐ . ܠܟܠܗܘܢ ܐܦ ܕܐܟܪܙܘ
ܣܒܪܬܐ ܒܬܪܝܨܘܬܐ ܒܥܕܬܐ ܩܕܝܫܬܐ ܘܕܝܠܟ
ܩܕܝܫܬܐ ܘܥܡ ܨܠܘܬܗܘܢ ܡܩܒܠܬܐ
ܘܚܘܢܢܢ . ܘܥܕܪ ܠܢ ܒܚܢܢܟ ܘܒܟܢܫܐ
ܕܝܠܗܘܢ ܚܠܛ ܠܢ ܘܢܣܩ ܠܟ ❖

പട്ടക്കാരൻ—രഹസ്യപ്രാർഥന

പാപകരങ്ങളായ കൈകളാൽ നിനക്കർപ്പിക്കപ്പെട്ടിരിക്കുന്ന ഈ ബലി മുഖാന്തിരം, ക്രിസ്തീയോപദേശകാലം മുതൽ ഇന്നുവരെയുള്ള സകല വിശ്വാസികളായ പരേതർക്കും നീ നല്ല ഓർമ്മ നൽകണമെ.

പട്ടക്കാരൻ—കർത്താവെ! ഞങ്ങളുടെയും അവരുടെയും നാമങ്ങളെ, നിൻെറ വിശുദ്ധന്മാരുടെ നാമങ്ങളുടെ കൂട്ടത്തിൽ നീ ചേർക്കുമാറാകണമെ. ഞങ്ങളുടെയും അവരുടെയും കുററങ്ങളെ നീ ഓർക്കുകയും ചെയ്യരുതേ. ശരീരത്തോടു ബന്ധപ്പെട്ടിട്ടുള്ളവരിൽ നിൻെറ ഏക പുത്രനായ ഞങ്ങളുടെ കർത്താവേശു മിശിഹായല്ലാതെ പാപത്തിൽ നിന്ന് നിർമലനായി മററാരുമില്ലല്ലൊ. അവൻ മുഖാന്തിരം ഞങ്ങളും അവരും കരുണയും പാപമോചനവും പ്രാപിക്കുവാൻ വേണ്ടി അവനിൽ തന്നെ ഞങ്ങളും ശരണപ്പെടുന്നു.

ജനം—ദൈവമെ! സത്യവിശ്വാസത്തോടു.....

പട്ടക്കാരൻ—രഹസ്യപ്രാർഥന

ദൈവമെ! മനസ്സുകൊണ്ടും വചനം കൊണ്ടും പ്രവൃത്തികൊണ്ടുമുള്ള ഞങ്ങളുടെ തെററുകൾ പരിഹരിച്ച് ക്ഷമിക്കണമെ. രഹസ്യവും പരസ്യവുമായ കാര്യങ്ങൾ നിനക്കു പ്രത്യക്ഷമാകുന്നുവല്ലൊ.

ܟܗܢܐ ܒܥܘܬܐ

ܒܝܕ ܕܟܝܐ ܗܢܐ ܘܡܠܝ ܐܝܕ̈ܝܐ
ܢܟܣܬܐ ܕܐܬܩܪܒܬ ܠܟ. ܢܗܘܐ ܕܘܟܪܢܐ
ܛܒܐ ܠܟܠܗܘܢ ܟܢ̈ܫܝܐ ܡܗܝܡ̈ܢܐ ܘܡܢ
ܐܕܡܐ ܘܠܘܩܕܡܝܐ ܘܟܪܘܙܘܬܐ ܫܠܝܚܝܬܐ
ܠܗܫܐ ❖

ܐܠܝܬܐ • ܫܡ̈ܗܝܢ ܡܪܝܐ ܘܫܡܗ̈ܬܗܘܢ
ܥܡ ܫܡ̈ܗܝܗܘܢ ܕܩܕܝ̈ܫܝܟ ܟܬܘܒ ܥܡ ܫܡܗܬܗ
ܘܚܛ̈ܗܝܢ ܘܕܠܗܘܢ ܠܐ ܬܥܗܕ. ܕܠܝܬ ܐܢܫ ܕܙܟܐ ܡܢ ܚܛܝܬܐ
ܘܕܠܗܘܢ. ܡܛܠ ܕܠܝܬ ܕܙܟܝܐ
ܡܢ ܒܣܪܐ ܘܕܡܐ ܡܢ ܚܛܝܬܐ ܐܠܐ ܡܪܢ
ܝܫܘܥ ܡܫܝܚܐ ܝܚܝܕܝܐ ܒܪܐ ܕܝܠܟ:
ܕܒܝܕܗ ܐܦܢܢ ܡܣܒܪܝܢ
ܠܡܫܟܚܘ ܪ̈ܚܡܐ ܘܫܘܒܩܢܐ ܕܚܛܗ̈ܐ
ܠܢ ܘܠܗܘܢ ܒܗ ❖

ܥܡܐ. ܐܠܗܢ ❖

ܟܗܢܐ ܒܥܘܬܐ •

ܐܠܗܢ ܚܘܣ ܥܠ ܣܟܠ̈ܘܬܢ
ܕܡܚܫܒܬܐ ܘܡ̈ܠܐ ܘܥܒ̈ܕܐ: ܕܓܠܝܬܐ
ܘܟܣܝܬܐ ܕܝܠܟ ܓܠܝܢ ❖

പട്ടക്കാരൻ—കർത്താവെ! പാപികളും ദരിദ്രരുമായ നിൻെറ ദാസരാകുന്ന ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ശക്തിയേറിയ നിൻെറ വലത്തുകൈ നീട്ടി പാപ ക്കെണികളിൽ വീണുപോകാതിരിക്കത്തക്കവണ്ണം ഞങ്ങളെ താങ്ങണമെ. ലജ്ജകൂടാതെ തിരുമുമ്പാകെ നിൽക്കുവാൻ ഞങ്ങളെ ഒരുക്കുകയും, ഞങ്ങളേയും ഞങ്ങളുടെ പരേതരേയും അനശ്വരമായ മണവറയിൽ എത്തിക്കയും ചെയ്യണമെ. ഇവിടെയും അവിടെയും വിശുദ്ധവും വന്ദ്യവുമായ നിൻെറ നാമത്തെയും നിൻെറ ഏകപുത്രൻെറയും പരിശുദ്ധ റൂഹായുടെ യും നാമങ്ങളേയും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതിച്ച് പുകഴ്ത്തുകയും ചെയ്യുമാറാകണമെ.

ജനം—ആമ്മീൻ തൻെറ നാമം.....

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ

ജനം—അവിടുത്തെ ആത്മാവിനും.....

പട്ടക്കാരൻ—വലിയവനും നമ്മുടെ രക്ഷക....

(പട്ടക്കാരൻ അപ്പം മുറിക്കുന്നു)

പട്ടക്കാരൻ—പ്രാർഥന

കർത്താവെ! മേലുള്ളവരാലും താഴെയുള്ളവരാലും ആത്മീയരാലും മണ്മയരാലും നീ വന്ദ്യനാകുന്നു. ബലഹീനരും അരിഷ്ടരുമായ നിൻെറ ദാസരാകുന്ന ഞങ്ങൾ നിന്നോടു പ്രാർഥിക്കയും നിൻെറ കരുണയോടു അപേക്ഷിക്കയും ചെയ്യുന്നു: പാപത്തിൻെറ സകല അശുദ്ധതയിൽ നിന്നും അന്യായത്തിൽ നിന്നും ഞങ്ങളെ നീ വെടിപ്പാക്കണമെ. നിർമലമായ വിനീത ഹൃദയത്തോടെ സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവെ! എന്ന് നിന്നെ ഞങ്ങൾ വിളിച്ച് പ്രാർഥിക്കയും ചെയ്യുമാറാകണമെ.

[illegible]

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ!

ജനം—നിന്റെ തിരുനാമം......

പട്ടക്കാരൻ—പിതാവാം ദൈവമെ! ഞങ്ങളിൽ കരുണ തോന്നി നിന്റെ മഹാകരുണകൾ ഞങ്ങളിൽ ചൊരിയണമെ. ദുഷ്ടനിൽ നിന്നും അവന്റെ പ്രവർത്തനങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിച്ച്, ദുഷ്ടന്മാരും ദുരാഗ്രഹികളുമായ മനുഷ്യരിൽ നിന്ന് നീ ഞങ്ങൾക്കു കാവൽക്കാരനും സംരക്ഷകനും ആയിരിക്കുമാറാകണമെ. ഞങ്ങൾ നിനക്കും.....

ജനം—ആമ്മീൻ

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും.....

ജനം—അവിടുത്തെ ആത്മാവിനും.....

ശുശ്രൂഷകൻ—അണയ്ക്കപ്പെട്ട.....

ജനം—ഞങ്ങളുടെ കർത്താവു.....

പട്ടക്കാരൻ—കർത്താവെ! ഇപ്പോൾ തിരുമുമ്പാകെ തലകുനിച്ച് നിന്റെ കരുണകൾക്കായി പ്രതീക്ഷിച്ചുകൊണ്ടു നിൽക്കുന്ന നിന്റെ ജനത്തെ നീ ദർശിച്ച്, നിനക്കു സഹജമായിരിക്കുന്ന പ്രകാരം, അവരുടെ നല്ല യാചനകൾക്ക് മറുപടി നല്കണമെ. ഞങ്ങൾ നിനക്കും, നിന്റെ ഏജാതനും....

ജനം—ആമ്മീൻ.

പട്ടക്കാരൻ — നിങ്ങൾക്കെല്ലാവർക്കും...

ജനം—അവിടുത്തെ ആത്മാവിനും.. . . . .

പട്ടക്കാരൻ—പരിശുദ്ധവും മഹനീയവും......

(അനന്തരം പട്ടക്കാരൻ പീലാസായും കാസായും ആഘോഷിക്കുന്നു)

പട്ടക്കാരൻ—കൃതജ്ഞതപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവെ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ പ്രവർത്തനങ്ങൾക്കായി ഞങ്ങൾ നിനക്കു നന്ദി പറയുന്നു. മഹത്തും വിസ്മയ നീയവുമായ ഈ നിക്ഷേപം ഞങ്ങളിൽ നീ കാത്തു സൂക്ഷിച്ച്, നിന്റെ രാജ്യത്തിലെ ആനന്ദാനുഭവത്തിന് ഞങ്ങളെ അർഹരാക്കിത്തീർക്കണമെ. ഞങ്ങൾ നിനക്കും.....

ܟܗܢܐ . ܐܒܐ ܐܠܗܐ ܡܪܚܡܢܐ
ܐܬܪܚܡ ܥܠܝܢ ܘܐܫܦܥ ܥܠܝܢ .
ܘܦܪܘܩ ܠܢ ܡܢ ܒܝܫܐ ܘܡܢ ܥܒܕܘܗܝ
ܘܢܛܘܪܐ ܘܡܥܕܪܢܐ ܡܢ ܒܢܝ̈ܢܫܐ ܒܝ̈ܫܐ
ܗܘܝܬ ܠܢ . ܘܠܟ ܫܘܒܚܐ . ܘܠܟ ✤
ܥܡܐ . ܐܡܝܢ ✤ ܟܗܢܐ . ܫܠܡܐ ܠܟܠܟܘܢ ✤
ܥܡܐ . ܘܥܡ ܪܘܚܟ ✤ ܡܫܡ . ܢܪܟܢ ✤
ܥܡܐ . ܩܕܡܝܟ ✤

ܟܗܢܐ . ܚܘܪ ܡܪܝܐ ܒܛܝܒܘܬܟ ܥܠ ܥܡܟ
ܕܩܐܡ ܩܕܡܝܟ ܘܡܣܟܐ ܠܚܢܢܟ
ܘܬܠܝܢ . ܐܝܟ ܕܝܠܟ ܐܦ ܫܐܠܬܗܘܢ
ܕܥܠܬܗܘܢ ܛܒܬܐ ܐܡܠܐ ܘܠܟ ܫܘܒܚܐ ܘܠܟ ✤
ܥܡܐ . ܐܡܝܢ ✤ ܟܗܢܐ . ܫܠܡܐ ܠܟܠܟܘܢ ✤
ܥܡܐ . ܘܥܡ ܪܘܚܟ ✤ ܟܗܢܐ . ܐܢܢܩܐ
ܫܠܡܐ ܘܫܝܢܐ ܥܠܝܢ ✤ ܡܫܡ . ܒܪܟܐ ✤
ܩܘܕܫܐ ܠܩܕܝ̈ܫܐ ✤ ܟܗܢܐ ܡܙܝܚ ܐܪ̈ܙܐ .
ܥܡܐ . ܚܕ ܐܒܐ ✤ ܟܗܢܐ . ܚܕ ܐܒܐ
ܩܕܝܫܐ ܥܡܢ ✤

ܟܗܢܐ ܬܘܕܝܬܐ ܕܒܬܪ ܩܘܪܒܐ ✤

ܡܘܕܝܢܢ ܠܟ ܡܪܝܐ ܐܠܗܢ
ܥܠ ܟܠ ܡܥܒܕܢܘܬܟ ܕܠܘܬܢ ܐܦ
ܚܒܝܫܐ ܘܡܬܕܡܪܢܐ ܗܢܐ

ജനം—ആമ്മീൻ.

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും....

ജനം—അവിടുത്തെ ആത്മാവിനും.....

ശുശ്രൂഷകൻ—നൽകപ്പെട്ടിരിക്കുന്ന

ജനം—ഞങ്ങളുടെ കർത്താവും......

പട്ടക്കാരൻ—മഹത്ത്വരാജാവായ മിശിഹാ! വിശ്വാസികളായ നിൻെറ ജനത്തിൻെറ പാപത്തെ നീ പരിഹരിക്കണമെ. നിൻെറ ഇടവകയുടെ കുററങ്ങൾ ക്ഷമിക്കണമെ. ധനവാന്മാരെ കാത്തുകൊള്ളണമെ. അനാഥരേയും വിധവകളേയും പോററി പുലർത്തുമാറാകണമെ. ദരിദ്രന്മാരിൽ നീ ജാഗരൂകനായിരിക്കണമെ. ആവശ്യക്കാരുടെ കുറവുകളെ നീ പരിഹരിക്കണമെ. നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും ബഹുമാനവും ആധിപത്യവും ഇപ്പോഴും എപ്പോഴും എന്നേക്കും യോഗ്യമാകുന്നു.

(തുടർന്ന് ഹൂത്താമൊ മുതലായവ)

ܘܬܗܘܐ ܠܝ ܠܥܘܗܕܢܐ ܕܡܠܟܘܬܟ.
ܠܥܠܡ ܥܠܡܝܢ ❖ ܥܡܐ. ܐܡܝܢ ❖
ܟܗܢܐ. ܫܠܡܐ ❖ ܥܡܐ. ܘܥܡ ܪܘܚܟ ❖
ܡܫܡ. ܡܢ ܟܠ ❖ ܥܡܐ. ܡܫܝܚܐ ❖

ܟܗܢܐ. ܡܫܝܚܐ ܡܠܟܐ ܕܫܘܒܚܐ
ܚܘܣ ܥܠ ܥܡܟ ܕܗܝܡܢܘܬܐ.
ܘܫܒܘܩ ܣܟܠܘܬܗ ܕܥܕܬܟ. ܥܬܝܪ̈ܐ
ܢܛܘܪ. ܝܬܡ̈ܐ ܘܐܪ̈ܡܠܬܐ ܬܪܣܐ.
ܠܡܣ̈ܟܢܐ ܐܬܒܛܝܠ. ܘܠܣܢܝܩ̈ܐ
ܡܠܐ ܚܣܝܪܘܬܗܘܢ. ܠܟ ܘܠܐܒܘܟ
ܘܠܪܘܚܟ ܩܕܝܫܐ ܫܘܒܚܐ ܘܐܝܩܪܐ
ܘܫܘܠܛܢܐ. ܗܫܐ ❖ ܥܡܐ. ܐܡܝܢ ❖
ܡܫܡ. ܒܪܟܡܪܝܢ ❖ ܟܗܢܐ. ܫܠܡܐ ❖
ܥܡܐ. ܒܪܟܬ ❖ ܟܗܢܐ. ܐܠܗܢ ❖

ܛܘܒ ܐܢܫܘܪܐ

❖ ܡܟܢܫܬܐ ܕܥܠ ܐܒܗ̈ܬܐ ܩܕܝܫ̈ܐ ❖

വിശുദ്ധ പിതാക്കന്മാരുടെ

മ്കാനശ്ത്താ ക്രമം

പട്ടക്കാരൻ

കർത്താവെ! ഈ സമയത്ത് സ്നേഹവും ഐക്യവും പരിപൂർണ്ണ സമാധാനവും ഞങ്ങൾക്കു നൽകണമെ. ഞങ്ങൾ നിനക്കും......

ജനം—ആമ്മീൻ

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും......

ജനം—അവിടുത്തെ ആത്മാവിനും.......

ശുശ്രൂഷകൻ—ദൈവമായ കർത്താവിൻെറ......

ജനം—ദൈവമായ കർത്താവെ!......

ശുശ്രൂഷകൻ—കൊടുക്കപ്പെട്ടിരിക്കുന്ന......

ജനം—ഞങ്ങളുടെ കർത്താവും ദൈവവുമെ.......

പട്ടക്കാരൻ—നിൻെറ പരിശുദ്ധ മദ്ബഹാ മുമ്പാകെ തലകുനിച്ചു നിൽക്കുന്ന നിൻെറ ദാസർക്ക് നിൻെറ ദൈവികമായ കൃപയുടെ ആവാസം നൽകുമാറാകണമെ. ഞങ്ങൾ നിനക്കും.....

ജനം—ആമ്മീൻ.

◆ ܬܘܒ ܕܝܘܡܐ ܡܠܟܐ

ܫܠܡܐ ܘܐܘܝܘܬܐ ܘܚܘܒܐ ܡܫܡܠܝܐ :
ܗܒ ܠܢ ܡܪܝܐ ܗܘܐ ܡܪܢܐ . ܘܢܫܒܚ
ܠܟ ܫܘܒܚܐ ܘܬܘܕܝܬܐ ܘܠܡܫܝܚܟ ܒܪܟ
ܘܠܪܘܚܟ ܕܝܠܟ ܩܕܝܫܐ . ܗܫܐ ❖
ܥܡܐ . ܐܡܝܢ ❖ ܟܗܢܐ , ܫܠܡܐ ❖
ܥܡܐ ◆ ܘܥܡ ܪܘܚܟ ❖ ܡܫܡ . ܠܐܠܗܐ ܡܠܟܐ ❖
ܥܡܐ . ܐܡܢ ❖ ܡܫܡ ◆ ܩܕܡ ܡܪܝܐ ❖
ܥܡܐ . ܩܕܡܝܟ ❖
ܟܗܢܐ . ܘܠܠܒܝܢ ܘܩܢܘܡ ܘܗܕܢܝܢ
ܡܛܠ ܡܪܚܡܢ ܡܪܝܐ : ܥܒܕ ܠܗܘܢ
ܡܠܝܘܬܐ ܕܡܘܗܒܬܟ ܠܐܠܗܘܬܐ . ܘܢܫܒܚ
ܠܟ ܫܘܒܚܐ ❖ ܗܫܐ . ܐܡܝܢ ❖

പട്ടക്കാരൻ—കർത്താവെ! നിനക്കു ഞങ്ങൾ അർപ്പിക്കുന്ന ഈ ബലി മുഖാന്തരം, സകല അശുദ്ധ വിചാരങ്ങളേയും ഞങ്ങളിൽ നിന്ന് നീക്കണമെ. ഇതിനാൽ ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ഞങ്ങളുടെ ശരീരങ്ങളെ ശുദ്ധീകരിക്കയും ചെയ്യണമെ. ഞങ്ങൾ നിനക്കും.....

ജനം—ആമ്മീൻ.

ശുശ്രൂഷകൻ—സഹോദരന്മാരേ.......

ജനം—ഈ കുർബാന അനുഗ്രഹങ്ങളും......

പട്ടക്കാരൻ ശോശപ്പ ആഘോഷിച്ചുകൊണ്ട്

ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കുവേണ്ടി പന്ത്രണ്ടു നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽപാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ നിക്ഷേ പിക്കപ്പെട്ട ആ തീക്കൽപാറയും നീ തന്നെയാകുന്നു.

പട്ടക്കാരൻ—പിതാവാം ദൈവത്തിന്റെ......

ഈ സമയത്ത് നാമെല്ലാവരുടെയും മനസ്സുകളും, ചിന്തകളും, ഹൃദയങ്ങളും ഉയരങ്ങളിൽ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് മിശിഹാതമ്പുരാൻ ഇരിക്കുന്ന സ്ഥാനത്തായിരിക്കണം.

ജനം—ഞങ്ങളുടെ ബോധങ്ങളും.....

പട്ടക്കാരൻ—ഭയഭക്തിയോടെ നമുക്കു കർത്താവിനെ സ്തോത്രം ചെയ്യാം.

ജനം—ഭയത്തോടെ.....

പട്ടക്കാരൻ—രഹസ്യപ്രാർത്ഥന

പിതാവ് , പുത്രൻ, പരിശുദ്ധ റൂഹാ എന്ന സത്യേക ദൈവത്തെ സ്തുതിച്ചു സ്തോത്രം ചെയ്യേണ്ടതു യുക്തവും ന്യായവുമാകുന്നു.

പട്ടക്കാരൻ—കർത്താവെ! പരിശുദ്ധ മാലാഖമാരോടും പ്രധാന മാലാഖമാരുടെ ഗണങ്ങളോടും ഒരുമിച്ച് സ്തുതി വചനങ്ങൾ കീർത്തിച്ചുകൊണ്ട് ഞങ്ങൾ കാദീശ് പാടി ഉച്ചത്തിൽ നിന്നെ മഹത്ത്വപ്പെടുത്തുന്നു.

പട്ടക്കാരൻ—രഹസ്യപ്രാർത്ഥന

എപ്പോഴും ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി ഉത്സാഹിക്കയും ഞങ്ങളെ സഹായിക്കുവാൻ താൽപര്യപ്പെടുകയും ചെയ്യുന്ന പിതൃപുത്ര പരിശുദ്ധാത്മാവാം ദൈവമേ! നീ പരിശുദ്ധനാകുന്നു.

പട്ടക്കാരൻ—പാപമില്ലാത്തവനായ താൻ പാപികളായ ഞങ്ങൾക്കുവേണ്ടി മനസ്സോടെ മരണം അനുഭവിക്കുവാൻ ഒരുങ്ങിയപ്പോൾ, ലോകത്തിന്റെ ജീവനും, രക്ഷയ്ക്കുംവേണ്ടി താൻ ഏല്പിക്കപ്പെട്ട ആ രാത്രിയിൽ പരിശുദ്ധവും കളങ്ക രഹിതവും നിർമലവുമായ തൃക്കൈകളിൽ അപ്പമെടുത്ത് , പിതാവാം ദൈവമേ! നിന്നെ കാണിച്ച് സ്തോത്രം ചെയ്തശേഷം വാഴ്ത്തി + + വിശുദ്ധീകരിച്ച് + മുറിച്ച് || പരിശുദ്ധ ശ്ലീഹന്മാരായ തന്റെ ശിഷ്യന്മാർക്ക് നൽകിക്കൊണ്ട് അവരോട് അരുളിച്ചെയ്തു. “ഇതു വാങ്ങി ഭക്ഷിപ്പിൻ. നിങ്ങൾക്കുവേണ്ടിയും അനേകർക്കു വേണ്ടിയും മുറിക്കപ്പെടുകയും പാപമോചനത്തിനും നിത്യജീവനും വേണ്ടി നൽകപ്പെടുകയും ചെയ്യുന്ന എന്റെ ശരീരമാകുന്നു”.

ജനം—ആമ്മീൻ.

പട്ടക്കാരൻ—ഇപ്രകാരം തന്നെ അത്താഴം കഴിഞ്ഞശേഷം, വീഞ്ഞും വെള്ളവും ചേർത്തു കലർത്തിയ കാസായും സ്തോത്രം ചെയ്ത് വാഴ്ത്തി + + വിശുദ്ധീകരിച്ച് + പരിശുദ്ധ ശ്ലീഹന്മാരായ തന്റെ ശിഷ്യന്മാർക്ക് നൽകിക്കൊണ്ട് അവരോട് അരുളിച്ചെയ്തു. “നിങ്ങളെല്ലാവരും വാങ്ങി പാനം ചെയ്വിൻ. എന്തെന്നാൽ നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും ചൊരിയപ്പെടുന്നതും പാപമോചനത്തിനും നിത്യജീവനും വേണ്ടി നൽകപ്പെടുന്നതുമായ പുതിയ നിയമത്തിന്റെതായ എന്റെ രക്തമാകുന്നു”.

ܟܗܢܐ . ܟܕ ܕܝܢ ܛܐܒ ܗܘܐ ܕܢܩܒܠ
ܠܡܘܬܐ ܨܒܝܢܝܐ ܚܠܦܝܢ ܚܛܝܐ ܗܘ
ܕܠܐ ܚܛܗ ܒܠܠܝܐ ܗܘ ܕܒܗ ܡܫܬܠܡ
ܗܘܐ : ܚܠܦ ܚܝܐ ܘܦܘܪܩܢܐ ܕܥܠܡܐ
ܟܕ ܢܣܒ ܠܚܡܐ ܥܠ ܐܝܕܘܗܝ ܩܕܝܫܬܐ.
ܘܕܠܐ ܡܘܡ ܘܠܐ ܡܬܚܡܣܬܐ ܘܚܘܝ ܠܟ
ܐܠܗܐ ܐܒܐ ܟܕ ܐܘܕܝ ܒܪܟ ܘܩܕܫ
ܘܩܨܐ ܘܝܗܒ ܠܗܘܢ ܠܫܠܝܚܘܗܝ ܘܩܕܝܫܐ
ܬܠܡܝܕܘܗܝ ܟܕ ܐܡܪ : ܤܒܘ
ܐܟܘܠܘ ܡܢܗ . ܗܢܐ ܕܝܢ ܐܝܬܘܗܝ
ܦܓܪܝ ܕܚܠܦܝܟܘܢ ܗܘ ܘܚܠܦ
ܣܓܝܐܐ ܡܬܩܨܐ ܘܡܬܝܗܒ ܠܚܘܣܝܐ
ܕܚܛܗܐ ܘܠܚܝܐ ܕܠܥܠܡ ܥܠܡܝܢ ❖
ܥܡܐ . ܐܡܝܢ ❖

ܟܗܢܐ ❖ ܗܟܘܬ ܕܝܢ ܘܟܣܐ ܡܢ
ܒܬܪ ܕܐܚܫܡܘ ܟܕ ܡܙܓ ܡܢ ܚܡܪܐ
ܘܡܢ ܡܝܐ ܘܐܘܕܝ ܒܪܟ ܘܩܕܫ ܘܝܗܒ
ܠܗܘܢ ܟܕ ܠܗܘܢ ܠܫܠܝܚܘܗܝ ܘܬܠܡܝܕܘܗܝ
ܩܕܝܫܐ ܟܕ ܐܡܪ : ܤܒܘ ܐܫܬܘ
ܡܢܗ ܟܠܟܘܢ ܗܢܐ ܐܝܬܘܗܝ ܕܡܝ
ܕܕܝܬܩܐ ܚܕܬܐ ܗܘ ܕܚܠܦܝܟܘܢ
ܘܚܠܦ ܣܓܝܐܐ ܡܬܐܫܕ ܘܡܬܝܗܒ
ܠܚܘܣܝܐ ܕܚܛܗܐ ܘܠܚܝܐ ܕܠܥܠܡ ܥܠܡܝܢ

ജനം—ആമ്മീൻ.

പട്ടക്കാരൻ—ഈ രഹസ്യത്തിൽ നിങ്ങൾ സംബന്ധിച്ച് ഞാൻ വരുന്നതുവരെ എൻെറ മരണത്തേയും പുനരുത്ഥാനത്തേയും നിങ്ങൾ അനുസ്മരിച്ചുകൊണ്ട് എൻെറ ഓർമയ്ക്കുവേണ്ടി ഇപ്രകാരം ചെയ്വിൻ.

ജനം—ഞങ്ങളുടെ കർത്താവേ! നിൻെറ......

പട്ടക്കാരൻ—കർത്താവെ! നിൻെറ സഭ നിൻെറ രക്ഷാകരമായ പരസ്യ ശുശ്രൂഷ മുഴുവനായും, എല്ലാവർക്കും അവനവൻെറ പ്രവൃത്തികൾക്കനുസരണമായി പ്രതിഫലം കൊടുക്കുന്ന ഭ്രമജനകമായ നിൻെറ പുനരാഗമനത്തേയും അനുസ്മരിക്കുന്നു. തന്മൂലം നിൻെറ സഭയും നിൻെറ ഇടവകയും നിന്നോടും നീ മുഖാന്തരം, നിൻെറ കൂടെ, നിൻെറ പിതാവിനോടും "സർവശക്തിയുള്ള പിതാവാം ദൈവമെ ഞങ്ങളോടു കരുണ ചെയ്യണമെ" എന്ന് പശ്ചാത്താപപൂർവം അപേക്ഷിക്കുന്നു.

ജനം—സർവശക്തിയുള്ള പിതാവായ.......

പട്ടക്കാരൻ—കർത്താവെ! ബലഹീനരും.....

ജനം—ദൈവമായ കർത്താവേ!......

ശുശ്രൂഷകൻ—എൻെറ വാത്സല്യ മുള്ള.....

പട്ടക്കാരൻ—രഹസ്യപ്രാർഥന

കർത്താവെ! എന്നിൽ കരുണ തോന്നി സഭയിലെ സകല കൂദാശകളേയും തൻെറ ആവസിപ്പാൽ പൂർത്തീകരിക്കുന്നവനായ നിൻെറ പരിശുദ്ധറൂഹായെ, എൻെറ മേലും സമർപ്പിതമായിരിക്കുന്ന ഈ കുർബാനയുടെ മേലും അയച്ചുതരണമെ.

പട്ടക്കാരൻ—കർത്താവെ! എന്നോടുത്തരമരുളണമെ......

ജനം—കുറിയേ......കുറിയേ......കുറിയേ......

പട്ടക്കാരൻ—(പരിശുദ്ധ റൂഹാ) ഈ അപ്പത്തെ ആശീർവദിച്ച് ഇതിനെ ഞങ്ങളുടെ

[illegible]

ദൈവമായ മിശിഹായുടെ ശരീരമായി വ്യത്യാസപ്പെടുത്തുമാറാകണമെ + + +

ജനം—ആമ്മീൻ......

പട്ടക്കാരൻ—ഈ കാസായിലെ കലർപ്പിനെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ രക്തമായിട്ടും പൂർത്തീകരിക്കുമാറാകണമെ. + + +

ജനം—ആമ്മീൻ.

പട്ടക്കാരൻ—കർത്താവെ! ഈ തിരുശരീര രക്തങ്ങൾ അനുഭവിക്കുന്നതുമൂലം ഇവ ഞങ്ങളുടെ ആത്മശരീരങ്ങളെ പരിശുദ്ധമാക്കിത്തീർക്കണമെ. ഞങ്ങൾ നിത്യജീവന് അർഹരായി ഭവിക്കുമാറാകണമെ. ഞങ്ങൾ നിനക്കും......

പട്ടക്കാരൻ—രഹസ്യപ്രാർഥന

കർത്താവെ! ഇടയന്മാർക്ക് നീ ദുഷ്ടമായ വേദവിപരീതോപദേശങ്ങൾക്ക് കീഴ് വഴങ്ങാത്ത നാവ് ആയിരിക്കുമാറാകണമെ.

പട്ടക്കാരൻ—കർത്താവെ! നിന്റെ പരിശുദ്ധ സഭയ്ക്ക് ശാന്തിയും സമാധാനവും അതിലെ ഇടയന്മാർക്ക് ഉത്തമവും പ്രശാന്തവുമായ വാർദ്ധക്യവും നൽകണമെ. സത്യവചനത്തെ ശരിയായി പഠിപ്പിക്കുന്ന ഇടയന്മാരെ അതിൽ നിയമിക്കയും ചെയ്യുമാറാകണമെ. ഞങ്ങൾ നിനക്കും......

പട്ടക്കാരൻ—രഹസ്യപ്രാർഥന

കർത്താവേ! സൽപ്രവൃത്തിക്കാരായ എല്ലാവരേയും നീ ഓർത്ത് നിന്നെ വിളിക്കുകയും ദൃഢവിശ്വാസത്തോടെ നിന്നിൽ സങ്കേതം പ്രാപിക്കയും ചെയ്യുന്ന എല്ലാവരിലും കരുണചെയ്ത് അവരെ സഹായിക്കണമെ:

പട്ടക്കാരൻ—കർത്താവേ! നീ ചെവി ചായിച്ച് നിന്റെ ആരാധകരുടെ അപേക്ഷാശബ്ദം കേൾക്കണമെ. നിന്റെ സഭ നിനക്കണയ്ക്കുന്ന കാഴ്ചകളേയും ആദ്യഫലങ്ങളേയും അംഗീകരിക്കയും ചെയ്യണമെ. എന്തുകൊണ്ടെന്നാൽ നീ ബലികളെ കൈക്കൊള്ളുന്നവനാകുന്നുവല്ലോ. ഞങ്ങൾ നിനക്കും.....

ܠܥܠܡ ܥܠܡܝܢ ❖ ܥܡܐ. ܐܡܝܢ ❖

ܟܗܢܐ ◆ [illegible]

[illegible] *** [illegible]

ܠܥܠܡ ܥܠܡܝܢ ❖ ܥܡܐ. ܐܡܝܢ ❖

ܟܗܢܐ ◆ [illegible]

[illegible]

[illegible] ❖

[illegible] ◆

[illegible]

[illegible] ❖

ܟܗܢܐ. [illegible]

[illegible]

[illegible]

[illegible]

[illegible] ❖

[illegible]

[illegible]

[illegible]

[illegible] ❖

ܟܗܢܐ. [illegible]

[illegible]

[illegible]

[illegible]

[illegible] ❖

പട്ടക്കാരൻ—രഹസ്യപ്രാർത്ഥന

കർത്താവെ! തിരുവിഷ്ടമാചരിക്കുന്ന വിശ്വാസികളായ രാജാക്കന്മാരേയും അധികാരികളേയും നീ ഓർത്തുകൊള്ളേണമെ.

പട്ടക്കാരൻ—കർത്താവെ! ഞങ്ങളുടെമേൽ ഭരണം നടത്തുവാൻ ആഗ്രഹിക്കുന്നവരുടെ ചിന്തകളെ നീ സമാധാനപരമാക്കിത്തീർക്കണമെ. അസൂയാലുക്കളുടെയും ശത്രുക്കളുടെയും കൈയിൽ നിന്നു ഞങ്ങളെ സംരക്ഷിക്കുമാറാകണമെ. ഞങ്ങൾ നിനക്കും.....

പട്ടക്കാരൻ—രഹസ്യപ്രാർത്ഥന

കർത്താവെ! നിൻെറ ആശ്രിതരേയും പ്രത്യേകിച്ച് ദൈവമാതാവായ മറിയാമിനേയും മുന്നോടിയായ യോഹന്നാനേയും എസ്തേപ്പാനോസ് സഹദായേയും, സകല പരിശുദ്ധന്മാരേയും നീ ഓർത്തുകൊള്ളണമെ.

പട്ടക്കാരൻ—നിൻെറ വിശുദ്ധന്മാരുടെ പക്ഷങ്ങളിൽ ഞങ്ങളെ മറയ്ക്കണമെ. അവരുടെ ഗണങ്ങളിൽ ഞങ്ങളേയും ഉൾപ്പെടുത്തണമെ. അവരോടൊരുമിച്ച് ഞങ്ങൾ നിനക്കും.....

പട്ടക്കാരൻ രഹസ്യപ്രാർത്ഥന

കർത്താവെ! വിശുദ്ധ പിതാക്കന്മാരേയും സുപരീക്ഷിതരായ മല്പാന്മാരേയും, സത്യവാന്മാരായ പുരോഹിതന്മാരെയും ഓർത്തുകൊള്ളണമെ.

പട്ടക്കാരൻ—(പരിശുദ്ധ പിതാക്കന്മാർ) ഞങ്ങളെ എല്പിച്ചിട്ടുള്ള സത്യവിശ്വാസത്തിൽ ഞങ്ങളെ കാത്തു കൊള്ളണമെ. വിശുദ്ധാത്മപ്രേരിതമായ വിശ്വാസസത്യങ്ങൾ ഞങ്ങളുടെ ഉള്ളിൽ ഉറപ്പിക്കയും ചെയ്യണമെ. അവരുടെകൂടെ ഭാഗ്യകരമാംവിധം നിന്നേയും നിൻെറ ഏകപുത്രനേയും പരിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെ.

ܟܗܢܐ ܓܗܢܬܐ ◆

ܠܡ̈ܠܟܐ ܡܗܝ̈ܡܢܐ ܘܐܪ̈ܟܘܢܐ ܟ̈ܪܝܣܛܝ-
ܢܐ ܐܬܥܗܕ ܡܪܝܐ ܐܠܗܐ ❖

ܥܢܝܢܐ . ܚܢܢ ܡܪܝܐ ܠܬܪ̈ܥܝܬܐ ܘܐܢܫܝܢ
ܕܪ̈ܕܝܢ ܘܡܠܟܘ̈ܬܗܘܢ ܕܟܠܢ . ܘܫܝܢ ܐܢܬ
ܘܡܚܣܢܐ ܘܟܠܢܦ̈ܫܬܐ ܫܘܐ ܠܢ .
ܘܫܘܚܐ ܠܟ ❖

ܟܗܢܐ ܓܗܢܬܐ

ܐܬܥܗܕ ܡܪܝܐ ܠܡܫܡ̈ܫܢܐ ܘܕܠܟ .
ܕܝܠܕܬ ܐܠܗܐ ܠܡܪܝܡ ܕܩܕܝܫܬܐ ܘܗ
ܘܠܝܘܚܢܢ ܘܐܣܛܦܢܘܣ ܣܗܕܐ ܘܠܟܠܗܘܢ
ܩܕܝ̈ܫܐ . ܘܠܟܠܗܘܢ ܩܕܝ̈ܫܐ ❖

ܥܢܝܢܐ ◆ ܘܒܟܢ̈ܦܐ ܕܩܕܝܫܝܟ ܛܠܠ
ܠܢ . ܘܒܓܘܢ̈ܝܗܘܢ ܡܢܝܢ . ܕܥܡ
ܗܘܢ ܢܫܒܚ ܠܟ ܘܠܐܒܘܟ ܘܠܪܘܚܟ ❖

ܟܗܢܐ ܓܗܢܬܐ

ܠܐܒܗ̈ܬܐ ܩܕܝ̈ܫܐ ܘܡܠܦ̈ܢܐ ܒܚܝ̈ܪܐ
ܘܟܗ̈ܢܐ ܘܫܪ̈ܝܪܐ ܐܬܥܗܕ ܡܪܝܐ ❖

ܥܢܝܢܐ . ܘܐܦ ܠܢ ܒܗܝܡܢܘܬܗܘܢ
ܬܪܝܨܬܐ . ܘܐܫܪܢ ܒܟܠܗ ܡܢܬܐ
ܠܫܪܪܐ ܕܗܝܡܢܘܬܐ ܘܕܠܗܘܢ ܠܢܛܝܪܐ
ܒܪܘܚܐ ܩܕܝܫܬܐ . ܘܥܡܗܘܢ ܐܦ ܠܢ
ܘܢܫܒܚܟ ܠܟ ܘܠܒܪܟ ܘܠܪܘܚܟ
ܩܕܝܫܐ . ܗܫܐ ❖

ശുശ്രൂഷകൻ—അരൂപികളുടെയും.....

പട്ടക്കാരൻ—രഹസ്യപ്രാർഥന

കർത്താവെ! മാമൂദീസാമൂലം നിന്നെ ധരിച്ചിട്ടുള്ളവരായ സകല വിശ്വാസികളായ പരേതരേയും നീ ഓർത്തുകൊള്ളണമെ.

പട്ടക്കാരൻ—(വിശ്വാസികളായ ഞങ്ങളുടെ പരേതരുടെ)തെററുകൾ നീ കർശനമായി പരിശോധിക്കരുതേ: എന്തെന്നാൽ ശരീരത്തോടു ബൻധപ്പെട്ടിട്ടുള്ളവരിൽ നിൻെറ ഏകപുത്രൻ മാത്രമല്ലാതെ നിഷ്കളങ്കനായി മററാരുമില്ലല്ലൊ. അവൻ മൂലമുള്ള കരുണയും പാപമോചനവും പ്രാപിക്കുവാൻ വേണ്ടി ഞങ്ങളും അവരും അവനിൽ തന്നെ ശരണപ്പെടുന്നു.

ജനം—ദൈവമെ! സത്യ വിശ്വാസത്തോടു....

പട്ടക്കാരൻ — രഹസ്യപ്രാർഥന

ദൈവമെ! മനസ്സുകൊണ്ടും വചനം കൊണ്ടും പ്രവൃത്തികൊണ്ടുമുള്ള ഞങ്ങളുടെ തെററുകൾ പരിഹരിച്ച് ക്ഷമിക്കണമെ. രഹസ്യവും പരസ്യവുമായ കാര്യങ്ങൾ നിനക്കു പ്രത്യക്ഷമാകുന്നുവല്ലൊ.

പട്ടക്കാരൻ—കർത്താവേ! ഞങ്ങളിൽ നിന്നും അവരിൽ നിന്നും പാപഭാരങ്ങളെ നീക്കണമെ. ഞങ്ങളുടെ പ്രമാണ ലംഘനങ്ങൾ ക്ഷമിക്കണമേ. ഞങ്ങൾക്കും അവർക്കും നീ പാപപരിഹാരകനും വിമോചകനും ആയിരിക്കണമെ. തന്മൂലം സകലത്തിലും ബഹുമാന്യവും അനുഗൃഹീതവുമായ നിൻെറ നാമവും ഞങ്ങളുടെ കർത്താവേ ശുമിശിഹായുടേയും പരിശുദ്ധ റൂഹായുടേയും നാമങ്ങളും ഞങ്ങളാലും ഞങ്ങൾ മൂലവും ഞങ്ങൾക്കു വേണ്ടിയും ഇപ്പോഴും എന്നേക്കും സ്തുതിച്ചു പുകഴ്ത്തപ്പെടുമാറാകണമെ.

ജനം—ആമ്മീൻ. തൻെറ നാമം.....

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും......

ܓܗܢܬܐ ܕܟܣܝܐ ◆

ܐܬܕܟܪ ܡܪܝܐ ܠܟܠܗܘܢ ܥܢܝ̈ܕܐ
ܡܗܝ̈ܡܢܐ ܕܠܒܫܘܟ ܡܢ ܡܥܡܘܕܝܬܐ ❖

ܟܗܢܐ ◆ ܠܐ ܬܥܘܠ ܥܡܗܘܢ
ܚܘܫܒܢܐ ܠܣܘܪ̈ܚܢܝܗܘܢ ܘܕܚܛܗ̈ܝܗܘܢ. ܡܛܠ ܕܠܝܬ ܒܪ
ܐܢܫܐ ܕܡܬܕܟܐ ܡܢ ܚܛܝܬܐ: ܐܠܐ ܐܢ
ܒܠܚܘܕܘܗܝ ܝܚܝܕܝܐ ܒܪܟ ܘܕܠܗ
ܘܒܐܝܕܗ ܡܣܬܒܪܝܢܢ ܕܢܫܟܚ
ܠܪ̈ܚܡܝܢ. ܘܫܘܒܩܢܐ ܕܚܛܗ̈ܐ.
ܡܛܠܬܗ ܐܦ ܠܢ ܘܠܗܘܢ ❖

ܥܡܐ. ܐܡܝܢ ❖

ܓܗܢܬܐ ܕܟܣܝܐ

ܐܠܗܐ ܫܪܐ ܘܫܒܘܩ ܠܣܟܠ̈ܘܬܢ :
ܕܒܡܚܫܒܬܐ ܘܒܡܠܬܐ ܘܒܥܒܕܐ ܕܝܠܢ
ܘܓܠܝ̈ܬܐ ܘܟܣܝ̈ܬܐ ܕܝܠܟ ❖

ܟܗܢܐ ◆ ܐܠܗܐ ܡܪܝܐ ܠܡܘܒܠܐ
ܕܥܘܢ̈ܝܐ ܡܢܢ ܘܡܢܗܘܢ ܫܩܘܠ
ܠܡܥܒܪܢܘܬܢ ܚܘܣ. ܘܠܢ ܘܠܗܘܢ
ܗܘܝ ܡܚܣܢܢܐ ܘܡܦܪܩܢܐ. ܐܝܟܢܐ ܕܒܟܠ
ܘܡܢ ܟܠ ܢܫܬܒܚ ܘܢܬܒܪܟ ܫܡܟ
ܘܢܬܒܪܟ ܥܡ ܫܡܐ ܕܡܪܢ ܝܫܘܥ ܡܫܝܚܐ ܘܪܘܚ
ܩܕ. ܗܫܐ ❖ ܥܡܐ. ܐܡܝܢ ܐܒܕܐ ❖

ജനം—അവിടുത്തെ ആത്മാവിനും.....
പട്ടക്കാരൻ—വലിയവനും നമ്മുടെ രക്ഷ......

(പട്ടക്കാരൻ അപ്പം മുറിക്കുന്നു.)

പട്ടക്കാരൻ—പ്രാർഥന

കാരുണ്യവാനായ പിതാവാം ദൈവമേ! "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു നിന്നെ വിളിച്ച് പ്രാർഥിക്കുവാനായിട്ട് ഞങ്ങളുടെ വായ്കളും അധരങ്ങളും തുറക്കുകയും ഞങ്ങളെല്ലാവരുടെയും ആത്മശരീരങ്ങളെ വിശുദ്ധീകരിക്കയും ഞങ്ങളുടെ ഹൃദയങ്ങളേയും മനസ്സുകളേയും വെടിപ്പാക്കുകയും ചെയ്യണമേ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ!

ജനം—നിൻെറ തിരുനാമം.....
പട്ടക്കാരൻ—കർത്താവേ! എപ്പോഴും നീ ഞങ്ങളുടെ ബലഹീനതയ്ക്ക് സഹായിയും തുണയും പരീക്ഷകളിൽനിന്നുള്ള കാവൽക്കാരനും രക്ഷകനും ആയിരിക്കണമേ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും ഇപ്പോഴും എപ്പോഴും എന്നേക്കും നിൻെറയും നിൻെറ ഏക പുത്രൻെറയും പരിശുദ്ധ റൂഹായുടെയും ആകുന്നു.
ജനം—ആമ്മീൻ.
പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും.......
ജനം—അവിടുത്തെ ആത്മാവിനും......
ശുശ്രൂഷകൻ—അണയ്ക്കപ്പെട്ട......
ജനം—ഞങ്ങളുടെ കർത്താവു.....
പട്ടക്കാരൻ—കർത്താവേ! നിൻെറ അദൃശ്യമായ വലത്തുകൈ നീട്ടി ഞങ്ങളെല്ലാവരെയും അനുഗ്രഹിക്കുമാറാകണമേ. പാപത്തിൻെറ സകല പൈശാചിക ഫലങ്ങളിൽ നിന്നും ഞങ്ങളെ നിർമലരാക്കിത്തീർത്ത് നിൻെറ ഏകപുത്രൻെറ ശരീരരക്തങ്ങളിൽ വെടിപ്പോടെ സംബന്ധിക്കുവാൻ ഞങ്ങൾക്കിടയാക്കുകയും ചെയ്യണമേ. അവൻ മുഖാന്തിരം, അവനോടുകൂടെ നിനക്കും നിൻെറ

[illegible]

പരിശുദ്ധ റൂഹായ്കക്കും സ്തുതിയും ബഹുമാനവും ഇപ്പോഴും എപ്പോഴും എന്നേക്കും യോഗ്യമാകുന്നു.

ജനം—ആമ്മീൻ.

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും.....

ജനം—അവിടുത്തെ ആത്മാവിനും......

പട്ടക്കാരൻ—പരിശുദ്ധവും മഹനീയവും......

(അനന്തരം പട്ടക്കാരൻ പീലാസായും കാസായും ആഘോഷിക്കുന്നു)

പട്ടക്കാരൻ—കൃതജ്ഞതപ്രാർഥന

നിൻെറ ദൈവിക മേശയിൽ നിന്ന് ആനന്ദം അനുഭവിച്ചിരിക്കുന്നവരായ ഞങ്ങൾ നിനക്കു നന്ദി പറയുകയും നിൻെറ മനുഷ്യ സ്നേഹത്തെ വന്ദിക്കുകയും ചെയ്യുന്നു. നിനക്കും നിൻെറ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ ഇടവിടാതെ സ്തുതി കരേററുകയും ചെയ്യുന്നു.

ജനം—ആമ്മീൻ.
പട്ടക്കാരൻ—നിങ്ങൾക്കെല്ലാവർക്കും......
ജനം—അവിടുത്തെ ആത്മാവിനും......
ശുശ്രൂഷകൻ—നൽകപ്പെട്ടിരിക്കുന്ന
ജനം—ഞങ്ങളുടെ കർത്താവും......
പട്ടക്കാരൻ—മനുഷ്യവർഗത്തിൻെറ രക്ഷയ്ക്കുവേണ്ടി സ്വർഗത്തിൽ നിന്നിറങ്ങി വന്ന വലിയവനും വിസ്മയനീയനുമായ ദൈവമേ! ഞങ്ങളിൽ ദയ തോന്നി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്നേയും നിൻെറ ജനകനായ പിതാവാം ദൈവത്തേയും പരിശുദ്ധ റൂഹായേയും സദാ സ്തുതിക്കയും ചെയ്യുമാറാകണമേ.

(തുടർന്ന് ഹൂത്തോമൊ മുതലായവ)

ܥܡܐ. ܐܡܝܢ ❖ ܟܗܢܐ. ܫܠܡܐ
ܥܡܐ. ܘܠܪܘܚܐ ❖ ܟܗܢܐ ◆ ܬܗܘܐ
ܬܫܒܘܚܬܐ ܘܐܝܩܪܐ ❖ ܡܫ̄ܡ. ܒܚܟܡܬܐ ❖
ܟܗܢܐ ܡܪܝܡ ܠܐܪܐ ◆ ܩܘ̈ܕܫܐ ܠܩܕ̈ܝܫܐ ❖

ܟܗܢܐ ܨܠܘܬܐ ܕܒܬܪ ܬܘܕܝܬܐ ◆

ܡܠܝܢ ܚܕܘܬܐ ܘܦܨܝܚܝܢ
ܠܡܘܕܟ ܐܝܬܝܟ ܩܕ̈ܝܫܐ ܘܐܬܦܨܚܢ
ܩܕܡ ܦܬܘܪܟ ܐܠܗܝܐ. ܡܚܢܢܘܬܟ ܘܠܐ
ܗܠܝܢ ܡܫܒܚܝܢ ܠܟ ܘܠܚܢܢܘܬܟ ܒܪܐ
ܘܠܟ ❖ ܥܡܐ. ܐܡܝܢ ❖ ܟܗܢܐ. ܫܠܡܐ ❖
ܥܡܐ. ܘܠܪܘܚܐ ❖ ܡܫ̄ܡ. ܕܐܬܝܗܒ ❖
ܥܡܐ. ܡܪܢ ❖

ܟܗܢܐ. ܠܟ ܐܠܗܐ ܗܘ ܪܒܐ ܘܬܡܝܗܐ :
ܕܡܛܠ ܦܘܪܩܢܐ ܕܓܢܣܐ ܐܢܫܝܐ ܐܬܪܟܢܬ
ܡܢ ܫܡܝܐ ܘܢܚܬܬ : ܚܘܣ ܥܠܝܢ ܘܐܪܚܡ ܥܠܝܢ .
ܐܢܚܢܐ ܘܡܫܒܚܝܢ ܢܫܒܚܟ ܘܠܐܒܘܟ ܐܦ
ܢܫܒܚ ܘܠܪܘܚܟ ܚܝܐ ܘܩܕܝܫܐ .
ܗܫܐ ❖ ܥܡܐ. ܐܡܝܢ ❖ ܡܫ̄ܡ.
ܒܪܟܡܪܝ ❖ ܟܗܢܐ. ܡܬܒܪܟܐ ❖
ܥܡܐ. ܒܪܘܟ ❖ ܟܗܢܐ ◆ ܐܠܘܗܝ ❖

ദൈവമാതാവിൻെറ ഓർമയിൽ ഉപയോഗിക്കുവാനുളള പ്രുമിയോൻ

ആദ്യന്തമില്ലാത്ത പ്രകാശത്തിൽ നിന്നുദയംചെയ്ത അനാദ്യന്ത പ്രകാശവും, കന്യകയുടെ ഉദരത്തിൽ നിന്ന് —മാതൃ ഗർഭത്തിൽ നിന്ന് —രക്ഷാ പ്രത്യാശയായി കിളുർത്തുവന്നവനും, തൻെറ മാതാവിൻെറ സ്മരണയെ സ്വർഗത്തിലും ഭൂമിയിലും ശ്രേഷ്ഠതരമാക്കിത്തീർത്ത് ബഹുമാനിച്ചവനും ആയ കർത്താവിന് ഈ സമയ.......

സെദ് റോ

രക്ഷാകരമായ ആഗമനം മൂലം പാപാധികാരത്തേയും വിനാശകരമായ മാർഗഭ്രംശത്തേയും ഞങ്ങളിൽ നിന്നു നീക്കിക്കളഞ്ഞ് ഞങ്ങളുടെ രക്ഷിതാവായ മിശിഹായുടെ സർവ സൗന്ദര്യസമ്പൂർണയായ മാതാവാകുന്ന കന്യകയെ! നിൻെറ ശ്രേഷ്ഠതകൾ വർണിക്കുവാൻ ഏതു നാവുകൾക്ക് പ്രാപ്തിയുണ്ട് . ജീവൻെറ ഉറവിടവും രക്ഷാപ്രവാഹവും അനുഗൃഹീത വയലും സ്വർഗത്തിലേക്കു കയറുന്ന ഗോവണിയും ആയി നിന്നെ ഞങ്ങൾ ഗ്രഹിക്കുന്നു. ഞങ്ങൾ വിസ്മയഭരിതരായി കീർത്തിക്കുന്നു. മാലാഖമാരുടെ നാഥൻ അധിവസിച്ചതായ ജഡീക രഥമെ! നീ ഭാഗ്യവതിയാകുന്നു. അത്യുന്നതൻ എവിടെനിന്നു പ്രത്യക്ഷപ്പെടുന്നുവോ, ആ അന്തരീയ മുൾപ്പടർപ്പും പെട്ടകവുമെ! നീ ഭാഗ്യവതിയാകുന്നു. കൃപ നിറഞ്ഞവളെ! കൃപയോടെ ഞങ്ങളുടെ പാപങ്ങൾക്ക് പരിഹാരമുണ്ടാക്കുവാനും ദയവോടെ ഞങ്ങളുടെ ഭോഷത്വങ്ങൾ മായിച്ചുകളയുവാനും ഞങ്ങളേയും ഞങ്ങളുടെ പരേതരേയും ഊർ ശ്ലേമ്യ ഭവനങ്ങൾക്കും അബ്രഹാമ്യ മടികൾക്കും യോഗ്യരാക്കിത്തീർക്കുവാനും വേ

ܦܪܘܡܝܘܢ ܕܥܠ ܝܠܕܬ ܐܠܗܐ

[illegible] ❖

[illegible] ❖

[illegible]

ണ്ടി നിന്നിൽനിന്നുദയം ചെയ്ത നിന്റെ പുത്രനോട് ഇപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ നീയും അപേക്ഷിക്കുമാറാകണമെ. അവനും അവന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങളെല്ലാവരുടെയും വായിൽനിന്ന് സ്തുതിയും ബഹുമാനവും കരേറുകയും ചെയ്യുമാറാകണമെ.

പരിശുദ്ധന്മാരുടെ ഓർമയിൽ

തന്റെ ഭക്തന്മാരുടെ ആത്മാക്കളിൽ വസിക്കുന്ന ഏക പരിശുദ്ധ പിതാവിനും തന്റെ വിശുദ്ധൻമാരുടെ അസ്ഥികളിൽ അധിവാസം ചെയ്യുന്ന ഏക വന്ദ്യപുത്രനും തന്റെ പടയാളികൾക്കുവേണ്ടി കിരീടങ്ങൾ നിർമിക്കുന്ന ഏക പരിശുദ്ധ റൂഹായ്ക്കും ഈ സമയത്ത് .....

സെദ്റോ

ദീർഘദർശിമാരേയും ശ്ലീഹന്മാരേയും സഹദേന്മാരേയും മൗദ്യാനന്മാരേയും സത്യ വിശ്വാസികളായ മല്പാന്മാരേയും സ്തുതിക്കുവാനും, ആത്മീയ കീർത്തനങ്ങളാൽ പുകഴ്ത്തുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ ഉചിതവും യോഗ്യവുമായി അവരെ പുകഴ്ത്തുവാൻ ഹീനമായ വചനത്തിനും പാപമാലിന്യത്തിൽ മുഴുകിയ മനസ്സിനും പ്രാപ്തിയില്ല. അവർ നമുക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർഥന നടത്തുവാനുള്ളവരും അവരുടെ നാഥന്റെ ശ്രീഭണ്ഡാരത്തിൽ അധികാരം വഹിക്കുന്നവരുമാകയാൽ അവർ നമുക്കുവേണ്ടി കടങ്ങളുടെ മോചനവും പാപപരിഹാരവും വിശ്വാസികളായ മരിച്ചു പോയവർക്കുവേണ്ടി ആശ്വാസവും നല്ല ഓർമയും അവരുടെ നാഥനോട് അപേക്ഷി

ܒܡܨܥܝܢܘܬܗ ܘܥܡܢ ܐܦ ܠܟ ܘܒܥܝܢ
ܫܘܒܚܐ ܘܩܘܠܣܐ . ܘܠܐܒܘܗܝ ܘܠܪܘܚܐ ܩܕܝܫܐ
ܘܐܝܩܪܐ ܡܢ ܦܘܡ ܟܠܢ ܫܘܒܚܐ ܘܐܝܩܪܐ
ܢܣܩ ܠܗ ܗܫܐ ܘܒܟܠܙܒܢ ܘܠܥܠܡ
ܥܠܡܝܢ . ܐܡܝܢ ❖

ܕܩܕܝܫܐ ❖

ܠܚܕ ܐܒܐ ܩܕܝܫܐ ܕܒܢܦܫܬܐ
ܕܕܚܠܘܗܝ ܫܪܐ . ܠܚܕ ܒܪܐ ܣܓܝܕܐ
ܕܒܓܪܡܐ ܕܩܕܝܫܘܗܝ ܫܪܐ . ܠܚܕ
ܪܘܚܐ ܩܕܝܫܐ ܕܟܠܝܠܐ ܠܦܠܚܘܗܝ
ܡܥܛܪܢܘܬܗܘܢ . ܘܠܗ ܝܐܐ ❖

ܣܕܪܐ ◆

ܠܢܒܝܐ ܘܠܫܠܝܚܐ ܘܠܣܗܕܐ
ܘܠܡܘܕܝܢܐ ܘܠܡܠܦܢܐ ܬܪܝܨܝ ܫܘܒܚܐ
ܪܒܝܢ ܠܡܫܒܚܘ ܘܒܙܡܝܪܬܐ ܪܘܚܢܝܬܐ
ܩܕܝܫܐ ܠܡܩܠܣܘ : ܐܠܐ ܠܐ ܕܫܘܐ
ܘܦܪܢܝܬܐ ܦܫܝܛܐ ܘܡܫܘܚܬܐ ܡܫܟܢܬܐ .
ܘܠܗܘܢܐ ܐܦܠܐ ܐܝܬ ܘܕܝܢܐ ܘܫܘܝܐ ܠܐ
ܡܛܝܐ . ܗܢܘܢ ܕܝܢ ܡܨܥܝܢܐ ܕܠܘܬܢ
ܕܒܥܘܬܐ ܘܗܠܝܢ ܕܐܝܬ ܠܗܘܢ ܡܫܠܛܢܐ .
ܒܥܘ ܚܠܦܝܢ ܠܡܪܗܘܢ ܕܚܘܒܝܢ
ܘܫܘܒܩܢܐ ܕܚܛܗܝܢ : ܐܒܝܠܐ

ക്കുവാനായി നമുക്ക് അവരുടെ അടുക്കൽ അപേക്ഷയും പ്രാർഥനയും സമർപ്പിക്കാം. അവരെ കിരീടം ധരിപ്പിക്കുന്നവനായ പിതാവിനും അവർക്കു ശ്രേഷ്ഠത നൽകുന്ന വന്ദ്യനായ പുത്രനും അവരുടെ പോരാട്ടത്തെ സമ്പൂർണമാക്കുന്ന പരിശുദ്ധ റൂഹായ്ക്കും നാം ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതി കരേററണം.

ഒരു പരിശുദ്ധൻെറ ഓർമയിൽ

മാർ.....ടെ ഓർമയെ സ്വർഗത്തിലും ഭൂമിയിലും ശ്രേഷ്ഠമാക്കുകയും, അദ്ദേഹത്തിൻെറ അസ്ഥികളിൽ നിന്ന് രോഗബാധിതർക്ക് സഹായങ്ങൾ ഒഴുക്കിക്കൊടുക്കുകയും ചെയ്ത കർത്താവിന് ഈ സമയത്തും......

സെദ് റോ

സൗന്ദര്യശ്രേഷ്ഠനായ മാർ......! ഹൃദയപൂർവമായ സ്തോത്രങ്ങളോടും വിശുദ്ധാത്മ കീർത്തനങ്ങളോടും കൂടെ ഞങ്ങൾ നിന്നെ പുകഴ്ത്തി മഹാ സന്തോഷത്തോടുകൂടി പറയുന്നു. സഹായങ്ങളുടെ സമുദ്രവും വൈദ്യത്തിൻെറ നല്ല ഉറവിടവും ബലഹീനതയ്ക്കു സഹായം നൽകുന്നവനുമായ മാർ.....!നീ ഭാഗ്യവാനാകുന്നു. ഏറമിയായും ശമുവേലും പോലെ ഉദരത്തിൽവച്ചുതന്നെ തിരഞ്ഞെടുക്കപ്പെട്ട ഭാഗ്യവാനായ മാർ.....! നീ സൗഭാഗ്യശാലിയാകുന്നു. തൻെറ നാഥൻെറ ശ്രീഭണ്ഡാരത്തിന്മേൽ വിചാരകനായി നിയമിക്കപ്പെട്ടിരിക്കുന്ന മാർ......! നീ ഭാഗ്യവാനാകുന്നു. ഇപ്പോൾ അങ്ങയുടെ പ്രാർഥനകൾ മൂലം യുദ്ധങ്ങൾ നീങ്ങിപ്പോവുകയും കലഹങ്ങൾ ശാന്ത മാവുകയും, തർക്കങ്ങൾ ശമിക്കുകയും കോപവടികൾ നീങ്ങിപ്പോവുകയും, രോഗികൾ സുഖം പ്രാപിക്കയും, ബലഹീനന്മാർക്ക്

[illegible]

[illegible]

[illegible]

[illegible]

ശക്തി ലഭിക്കുകയും ദുർബലന്മാർക്ക് ബലമുണ്ടാവുകയും ദുഃഖത്തിലും വിലാപത്തിലും സ്ഥിതി ചെയ്യുന്നവർക്ക് ആശ്വാസം ലഭിക്കുകയും പിശാചുക്കൾ ബഹിഷ്കരിക്കപ്പെടുകയും പരീക്ഷകൾ മാററപ്പെടുകയും കടങ്ങൾ പരിഹ രിക്കപ്പെടുകയും പാപങ്ങൾ ക്ഷമിക്കപ്പെടുകയും വിശ്വാസികളായ മരിച്ചു പോയവർക്ക് ഊർശ്ലേമ്യ ഭവനങ്ങളിൽ ആശ്വാസം ലഭിക്കുകയും ചെയ്യുമാറാകണമേ. നിനക്കു ശക്തിയും ശ്രേഷ്ഠതയും നൽകിയ കർത്താവിന് ഞങ്ങളും അവരും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതി കരേററുകയും ചെയ്യുമാറാകണമേ.

അനുതാപത്തിൻെറ പ്രുമിയോൻ

പാപികൾക്കുവേണ്ടി തുറന്നിട്ടിരിക്കുന്ന കരുണാവാതിലും, മരണമുള്ളവർക്ക് പ്രാപ്യമായ രക്ഷാതുറമുഖവും മലിനരെ വിശുദ്ധീകരിക്കയും അനുതാപികൾക്കുവേണ്ടി കാത്തിരിക്കയും ചെയ്യുന്ന ശുദ്ധീകരണ സോപ്പായും, ആയ കർത്താവിന് ഈ സമയത്തും.....

സെദ് റോ

സർവാധിപതിയും ആദ്യന്തമില്ലാത്തവനും സകല ജഡങ്ങളെയും സൃഷ്ടിച്ച് ജീവൻ നൽകുന്നവനുമായ ദൈവമായ കർത്താവെ! നീ മനുഷ്യനെ നിൻെറ രൂപത്തിൽ സൃഷ്ടിക്കുകയും, അവൻ പ്രമാദ രഹിതനായി ജീവിക്കുന്നതിനു വേണ്ടി അവനു നീ ന്യായപ്രമാണം നൽകുകയും

[illegible] ❖

ܦܪܘܡܝܘܢ

[illegible] ❖

ܣܕܪܐ ◆

[illegible]

ചെയ്തു. അവൻ പാപം ചെയ്തശേഷം അവൻ എഴുന്നേൽക്കുന്നതിനുവേണ്ടി കൃപയോടെ നീ അവനു വാഗ്ദാനവും നൽകി. കർത്താവേ! ഇപ്പോൾ സങ്കടപൂർവം ആത്മശരീരങ്ങളുടെ കഴുത്തുകൾ നിങ്കലേക്കു കുനിച്ചു കൊണ്ടു നിൽക്കുന്ന നിൻെറ ദാസരുടെ നേരെ തിരിഞ്ഞ് മനുഷ്യസ്നേഹത്തോടെ ഇവരെ കൈക്കൊള്ളണമേ. പാപി അനുതാപപൂർവം ദുർമാർഗത്തിൽ നിന്ന് പിൻ തിരിഞ്ഞു രക്ഷപ്പെടണമെന്നല്ലാതെ അവൻെറ മരണത്തെ നീ ആഗ്രഹിക്കുന്നില്ലല്ലോ. നിനുവാക്കാരുടെ പശ്ചാത്താപം നീ അംഗീകരിച്ച് അവരിൽ നിശ്ചയിക്കപ്പെട്ടിരുന്ന കോപത്തെ നീ നീക്കിക്കളഞ്ഞുവല്ലൊ. ആ വേശ്യയുടെ കണ്ണുനീരും, ചുങ്കക്കാരനായ സക്കായിയുടെ പശ്ചാത്താപവും, മനശെയുടെ കീഴ്വഴക്കവും കള്ളൻെറ വിശ്വാസവും അംഗീകരിച്ചത് നീയാകുന്നുവല്ലോ. സകല മനുഷ്യരും രക്ഷ പ്രാപിച്ച് സത്യജ്ഞാനത്തിലേക്ക് വരണമെന്ന് നീ ആഗ്രഹി ക്കുന്നവനാണല്ലോ. സ്വന്തസമ്പാദ്യങ്ങൾ നശിപ്പിച്ചു കളഞ്ഞ ആ ധൂർത്തനായ മകനെ കൈക്കൊണ്ട് പൈതൃകമായ കരുണയോടെ അവനിൽ ദയ കാണിച്ചതും നീ തന്നെയാകുന്നുവല്ലേ. കർത്താവേ! ഇപ്പോൾ ഞങ്ങളുടെ അനുതാപത്തെ നീ അംഗീകരിച്ച് ലജ്ജ കൂടാതെ ഞങ്ങളെ തിരുസന്നിധിയിൽ നിൽക്കുമാറാക്കുകയും ഞങ്ങളുടെ കടച്ചീട്ടുകളെ വിസ്മരിക്കയും ഞങ്ങളുടെ തെററുകൾക്ക് മോചനം നൽകുകയും ചെയ്യണമേ. വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവർക്കു ആശ്വാസം നൽകുകയും ചെയ്യണമെ. ഞങ്ങളും അവരും നിനക്കും......

സ്ലീബായുടെ പ്രുമിയോൻ

തൻെറ ഇടവകയ്ക്ക് ബലമുള്ള കോട്ടയായി തൻെറ സ്ലീബായെ നിശ്ചയിക്കുകയും, തൻെറ അവകാശത്തിനു രക്ഷാപരിചയായി അതിനെ നൽകുകയും ചെയ്ത രക്ഷിതാവിന് സ്തുതി. ഈ സമയത്തും.....

സെദ് റാ

ഞങ്ങളുടെ ദൈവമായ മിശിഹാതമ്പുരാനെ! നിന്നെ ഞങ്ങൾ ആരാധിക്കയും നിൻെറ സ്ലീബായിൽ അഭയം പ്രാപിക്കയും ചെയ്യുന്നു. ഞങ്ങളുടെ അധരബലിയും ഞങ്ങളുടെ ചിന്തകളാകുന്ന സുഗന്ധധൂപവും നീ മൂലം പൂർത്തിയാക്കപ്പെടുമാറാകണമെ. നിൻെറ സ്ലീബാമൂലം ഞങ്ങളിലേക്കു സമാധാനം വന്നുചേരുക യും ഞങ്ങൾക്കു സന്തോഷം ലഭിക്കയും ചെയ്യണമെ. നിൻെറ സ്ലീബാമൂലം സഭ ഉന്നതി പ്രാപിക്കയും തന്മൂലം അതിൻെറ പ്രജകൾ കാത്തുകൊള്ളപ്പെടുകയും ചെയ്യുമാറാകണമെ. നിൻെറ സ്ലീബായാൽ ഞങ്ങളുടെ ശരീരങ്ങൾ വിശുദ്ധീകരിക്കപ്പെടുകയും ഞങ്ങളുടെ ആത്മാക്കൾ നിർമലമായിത്തീരുകയും ചെയ്യണമെ. നിൻെറ സ്ലീബായാൽ ഞങ്ങളുടെ പാപങ്ങൾ പരിഹരിക്കപ്പെടുകയും ഞങ്ങളുടെ സുകൃതങ്ങൾ വർദ്ധിക്കുകയും ചെയ്യണമെ. നിൻെറ സ്ലീബായാൽ ആകെൽക്കറുസാ പരാജിതനാക്കപ്പെടുകയും സത്യവാന്മാർ പൂർണത പ്രാപിക്കയും ചെയ്യണമെ. നിൻെറ സ്ലീബാ ജീവിച്ചിരിക്കുന്നവർക്ക് ആയുധമായിത്തീരുകയും അതിനാൽ മരിച്ചുപോയവർ പുനരുത്ഥാനം പ്രാപിക്കയും ചെയ്യണമെ. അന്ത്യ ദിവസത്തിൽ അതിൻെറ പാർശ്വങ്ങളിൽ ഞങ്ങൾ സംരക്ഷിക്കപ്പെടുകയും നിൻെറ കൂട്ടത്തിൽ ജീവനുള്ളവരുടെ ഭവനങ്ങളിലേക്ക് ഞങ്ങൾ യാത്രചെയ്യുകയും ചെയ്യുമാറാകണമെ. ഞങ്ങൾ നിനക്കും.....

[illegible]

[illegible]

[illegible]

ܣܕܪܐ

[illegible]

പട്ടക്കാരുടെ ഓർമ്മയിൽ

പ്രധാന പുരോഹിതനും താലന്തുകൾ വിഭജിച്ചുകൊടുക്കുന്നവനും കുപ്പയിൽ നിന്ന് തന്റെ സിംഹാസനത്തിലേക്കുയർത്തി തന്റെ ശ്രീഭണ്ഡാരത്തിന്മേൽ അധികാരം നൽകുന്നവനുമായ കർത്താവിനു സ്തുതി. തനിക്ക് ഈ സമയത്തും.....

സെദ്റോ

ഞങ്ങളുടെ കർത്താവേശുമിശിഹായാകുന്ന ദൈവമായ കർത്താവെ! വെടിപ്പോടും വിശുദ്ധിയോടുംകൂടെ തിരുമുമ്പാകെ ശുശ്രൂഷ നടത്തിയിട്ടുള്ള ഞങ്ങളുടെ സഹോദരന്മാരായ ശ്രേഷ്ഠാചാര്യന്മാർക്കും നിർമ്മലരായ ശെമ്മാശ്ശന്മാർക്കും വേണ്ടി, മലിനരും അശുദ്ധരുമായ നിന്റെ ദാസരാകുന്ന ഞങ്ങൾ നിന്റെ ദയവിനോട് അപേക്ഷിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു. അവരുടെ ന്യായവിധിക്കായി നീ തുനിയരുതേ. കർത്താവെ! നിന്റെ വിശുദ്ധ മദ്ബഹായുടെ പടികളിൽ ചവിട്ടിയിട്ടുള്ള കാലുകളെ അഗ്നിക്കനലുകളിൽ ചവിട്ടുവാൻ നീ വിട്ടുകൊടുക്കരുതെ. കർത്താവെ! നിനക്ക് ആത്മീയ കീർത്തനങ്ങൾ പാടിയിട്ടുള്ള വായ്ക്കളും നാവുകളും അടച്ചു പൂട്ടപ്പെട്ടവയായി ഭവിക്കുവാൻതക്കവണ്ണം അവയെ നീ മൗനമാക്കരുതെ. നിന്റെ വിശുദ്ധ ഗ്രന്ഥങ്ങളിൽ നോക്കിയിട്ടുള്ളതായ കണ്ണുകൾ ചിതലിനും പുഴുവിനും കൂടുകളായി ഭവിക്കുമാറ് അവയെ നീ അന്ധകാരമയമാക്കിത്തീർക്കരുതെ. കർത്താവെ! വിശുദ്ധങ്ങളും വന്ദ്യങ്ങളുമായ നിന്റെ രഹസ്യങ്ങളെ ആഘോഷിച്ചിട്ടുള്ള കൈകൾ അഗ്നിക്കനലുകളാൽ ചുരുട്ടപ്പെടുമാറ് അവയെ നീ വിട്ടുകൊടുക്കരുതേ. കർത്താവേ! അവർക്കു

[illegible]

വേണ്ടിയുള്ള ഞങ്ങളുടെ ബലഹീന പ്രാർത്ഥനകളെ നീ കേട്ട് ഞങ്ങളും അവരും ചെയ്തു പോയിട്ടുള്ള സകല പാപങ്ങളും തെററുകളും നീ പരിഹരിച്ച് മോചിക്കുമാറാകണമേ. നീ ഉത്തമനും നൽവരങ്ങളിൽ സമ്പന്നനും ദാനങ്ങളുടെ ഉറവിടവും ആകുന്നുവല്ലോ. നിനക്കും നിൻെറ ഏകപുത്രനും....

പരേതരുടെ ഓർമയിൽ

ജഡപ്രകാരം മരിക്കുകയും, സകല പരേതരേയും തൻെറ മരണംമൂലം ജീവിപ്പിക്കയും ചെയ്ത ജീവനുളളവനും, ആത്മാക്കളുടെയും സകല ജഡങ്ങളുടെയും നാഥനും, മരിപ്പിക്കയും ജീവിപ്പിക്കയും പാതാളത്തിലേക്കിറക്കുകയും(അവിടെ നിന്ന്) കയററുകയും ചെയ്യുന്നവനും. സകല ജഡങ്ങളുടെയും പ്രാണനേയും ആത്മാക്കളേയും നിൻെറ കൈയിൽ വഹിച്ചിരിക്കുന്നവനുമായ കർത്താവിനെ ഈ സമയത്തും......ഞങ്ങൾ ഓർത്തു മഹത്ത്വപ്പെടുത്തണം.

സെദ്റോ

ഞങ്ങളുടെ കരുണയുള്ള നാഥനാകുന്ന യേശുമിശിഹാ! നീ ഉദിക്കുകയും സ്വർഗമേഘങ്ങളിൽ ആഗതനാവുകയും ഗബ്രിയേലും മിഖായേലും തിരുമുമ്പാകെ കാഹളങ്ങൾ എടുക്കുകയും പാറകൾ പിളരുകയും കബറുകൾ പൊളിയുകയും മരിച്ചവർ ഉത്ഥാനം ചെയ്യുകയും സൂര്യൻ അന്ധകാരപ്പെടുകയും ചന്ദ്രൻ മറയുകയും നക്ഷത്രങ്ങൾ പ്രകാശ രഹിതമായി ഭവിക്കുകയും ലോകബന്ധം വിച്ഛേദിക്കപ്പെടുകയും സൃഷ്ടികളുടെ കെട്ട് മുറിക്കപ്പെടുകയും ഭൂമി ശൂന്യമായി

[illegible] ❖

[illegible]

[illegible] ❖

◆ [illegible]

[illegible]

ത്തീരുകയും, ആകാശം ചുരുട്ടി മാററപ്പെടുകയും ചെയ്യുന്ന ആ ഭയങ്കര സമയത്ത് —ന്യായവിധിയുടെ ആ നേരത്ത് — നിൻെറ ദാസരിൽ ദയവു തോന്നണമേ. അവരുടെ ന്യായവിസ്താരത്തിനു നീ തുനിയരുതേ. നീ ഉത്തമനും ദാനങ്ങളിൽ സമൃദ്ധനും മനുഷ്യ സ്നേഹമുള്ളവനും ആകുന്നുവല്ലോ. നിനക്കും നിൻെറ പിതാവിനും.....

ܡܫܬܚܠܦܢܐ . ܒܗܘ ܙܒܢܐ ܕܚܝܠܐ . ܒܗܝ
ܫܥܬܐ ܕܦܘܪܥܢܘܬܐ ܚܘܣ ܥܠ ܥܒܕܝܟ ܘܠܐ
ܬܥܘܠ ܠܕܝܢܐ ܥܡܗܘܢ . ܡܛܠ ܕܛܒܐ
ܘܥܬܝܪ ܒܡܘܗܒܬܐ ܐܝܬܝܟ ܘܪܚܡ ܐܢܫܐ .
ܘܠܟ ܫܘܒܚܐ ܘܠܐܒܘܟ ܡܫܒܚܢܐ
ܘܠܪܘܚܟ ܚܝܐ ܘܩܕܝܫܐ . ܗܫܐ ❖

ഏവൻഗേല്യോൻ

അനുതാപത്തിൻെറ

മത്തായി 5 : 23—26

ആകയാൽ നീ ബലിപീഠത്തിൽ വഴിപാട് അർപ്പിക്കാൻ ഭാവിക്കുമ്പോൾ; അവിടെവച്ച് തൻെറ സഹോദരനു തൻെറ നേരെ വല്ല വിരോധവും ഉള്ളതായി ഓർത്താൽ വഴിപാട് അവിടെ—ബലിപീഠത്തിനു മുമ്പിൽ—വച്ചിട്ട് പോയി ആദ്യമായി സഹോദരനോട് രമ്യമാവുക; പിന്നീടു വന്നു തൻെറ വഴിപാട് നടത്തുക. നീ വഴിക്കുവച്ചുതന്നെ പ്രതിയോഗിയോട് —വേഗത്തിൽ—ഐക്യപ്പെടുക. ഇല്ലെങ്കിൽ പ്രതിയോഗി നിന്നെ ന്യായാധിപങ്കൽ ഏല്പിക്കയും ന്യായാധിപൻ (പിന്നെ) സേവകനെ ഏല്പിക്കയും (അങ്ങിനെ നീ) കാരാഗൃഹത്തിലാക്കപ്പെടുകയും ചെയ്യും. "കടശ്ശിക്കാശ്" പോലും കൊടുത്തു തീർക്കാതെ അവിടെനിന്ന് നീ പുറത്തിറങ്ങുകയില്ലെന്ന് സത്യമായിട്ട് ഞാൻ നിന്നോടു പറയുന്നു.

ܐܘܢܓܠܝܘܢ ܕܬܝܒܘܬܐ

ܡܬܝ . ܗ . ܟܓ ـ ܟܘ ◆

ܐܢܗܘ ܗܟܝܠ ܕܡܩܪܒ ܐܢܬ
ܩܘܪܒܢܟ ܠܡܕܒܚܐ : ܘܬܡܢ ܬܬܕܟܪ
ܕܐܚܘܟ ܐܝܬ ܠܗ ܥܠܝܟ ܡܕܡ :
ܫܒܘܩ ܬܡܢ ܩܘܪܒܢܟ ܩܕܡ ܡܕܒܚܐ
ܘܙܠ ܠܘܩܕܡ ܐܬܪܥܐ ܥܡ ܐܚܘܟ : ܘܗܝܕܝܢ
ܬܐܬܐ ܬܩܪܒ ܩܘܪܒܢܟ . ܗܘܝܬ ܡܫܬܝܢ
ܥܡ ܒܥܠ ܕܝܢܟ ܥܓܠ ܥܕ ܐܢܬ
ܒܐܘܪܚܐ . ܕܠܡܐ ܢܫܠܡܟ ܒܥܠ ܕܝܢܟ
ܠܕܝܢܐ . ܘܕܝܢܐ ܢܫܠܡܟ ܠܓܒܐ . ܘܬܦܠ
ܒܒܝܬ ܐܣܝܪܐ . ܘܐܡܝܢ ܐܡܪ ܐܢܐ ܠܟ : ܕܠܐ
ܬܦܘܩ ܡܢ ܬܡܢ ܥܕܡܐ ܕܬܬܠ ܫܡܘܢܐ
ܐܚܪܝܐ ❖

പരിശുദ്ധന്മാരുടെ ഓർമയിൽ

മർക്കോസ് 10: 28—31

അനന്തരം കീപ്പാ അദ്ദേഹത്തോടു പറഞ്ഞുതുടങ്ങി:"ഇതാ ഞങ്ങൾ സകലവും ഉപേക്ഷിച്ച് അങ്ങയെ അനുഗമിച്ചിരിക്കുന്നു." (അപ്പോൾ) യേശു "എനിക്കു വേണ്ടിയും എൻെറ സുവിശേഷത്തിനു വേണ്ടിയും ഭവനങ്ങളെയൊ സഹോദരങ്ങളൊയൊ പിതാവിനെയൊ മാതാവിനെയൊ ഭാര്യയെയൊ പുത്രന്മാരെയൊ നിലങ്ങളെയൊ ഉപേക്ഷിക്കുന്ന ഒരുവൻ ഇപ്പോൾ—ഈ കാലത്തിൽ—പീഡയോടുകൂടെ ഒന്നിനു നൂറുവീതം ഭവനങ്ങൾ സഹോദരന്മാർ, സഹോദരിമാർ, മാതാക്കന്മാർ, പുത്രന്മാർ, നിലങ്ങൾ ഇവയും വരുവാനുള്ള ലോകത്തിൽ നിത്യജീവനും പ്രാപിക്കാതിരിക്കുന്നില്ല എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോടു പറയുന്നു. മുമ്പന്മാരായ പലരും പിമ്പന്മാരായും പിമ്പന്മാരായ (പലരും) മുമ്പന്മാരായും ആയിതീരും" എന്നു പറഞ്ഞു.

പട്ടക്കാരുടെ ഓർമയിൽ

മത്തായി 24 : 45—51

തക്കസമയത്ത് തൻെറ വീട്ടുകാർക്ക് ഭക്ഷണം കൊടുപ്പാനായിട്ട് അവർക്കായി യജമാനനാൽ നിയമിക്കപ്പെട്ട വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ ആരായിരിക്കും? തൻെറ യജമാനൻ വരു(മ്പോൾ) ഇപ്രകാരം ചെയ്യുന്നതായി കാണുന്ന ദാസൻ ഭാഗ്യവാൻ. അവൻ തനിക്കുള്ള സകലത്തിൻെറയും മേലാവായി അവനെ നിയമിക്കുമെന്ന് ഞാൻ സത്യമായിട്ട് നിങ്ങ

ܕܩܕ̈ܝܫܐ

ܡܪܩܘܣ . ܝ . ܟܚ — ܠܐ ◆

ܘܫܪܝ ܟܐܦܐ ܠܡܐܡܪ ܠܗ. ܗܐ ܚܢܢ ܫܒܩܢ ܟܠܡܕܡ ܘܐܬܝܢ ܒܬܪܟ. ܥܢܐ ܝܫܘܥ ܘܐܡܪ. ܐܡܝܢ ܐܡܪ ܐܢܐ ܠܟܘܢ: ܕܠܝܬ ܐܢܫ ܕܫܒܩ ܒܬ̈ܐ ܐܘ ܐܚ̈ܐ ܐܘ ܐܚ̈ܘܬܐ ܐܘ ܐܒܐ ܐܘ ܐܡܐ. ܐܘ ܐܢܬܬܐ ܐܘ ܒܢ̈ܝܐ. ܐܘ ܩܘܪ̈ܝܐ ܡܛܠܬܝ ܘܡܛܠ ܣܒܪܬܝ: ܘܠܐ ܢܣܒ ܚܕ ܒܡܐܐ. ܗܫܐ ܒܙܒܢܐ ܗܢܐ ܒܬ̈ܐ ܘܐܚ̈ܐ ܘܐܚ̈ܘܬܐ: ܘܐܡܗ̈ܬܐ ܘܒܢ̈ܝܐ: ܘܩܘܪ̈ܝܐ ܥܡ ܪܕܘܦܝܐ. ܘܒܥܠܡܐ ܕܐܬܐ ܚܝ̈ܐ ܕܠܥܠܡ. ܣܓܝ̈ܐܐ ܕܝܢ ܩܕܡ̈ܝܐ ܢܗܘܘܢ ܐܚܪ̈ܝܐ. ܘܐܚܪ̈ܝܐ ܩܕܡ̈ܝܐ ❖

ܕܟܗ̈ܢܐ

ܡܬܝ . ܟܕ : ܡܗ — ܢܐ ◆

ܡܢܘ ܟܝ ܐܝܠܘܗܝ ܥܒܕܐ ܡܗܝܡܢܐ ܘܚܟܝܡܐ: ܕܐܩܝܡܗ ܡܪܗ ܥܠ ܒܢ̈ܝ ܒܝܬܗ: ܕܢܬܠ ܠܗܘܢ ܣܝܒܪܬܐ ܒܥܕܢܗ. ܛܘܒܘܗܝ ܠܥܒܕܐ ܗܘ ܕܢܐܬܐ ܡܪܗ ܢܫܟܚܝܘܗܝ ܕܥܒܕ ܗܟܢܐ. ܐܡܝܢ ܐܡܪ ܐܢܐ ܠܟܘܢ: ܕܢܩܝܡܝܘܗܝ ܥܠ ܟܠ

ളോടു പറയുന്നു." എന്നാൽ ദുഷ്ടദാസൻ എൻെറ യജമാനൻ വരുവാൻ താമസി ക്കുന്നുവെന്ന് മനസ്സു കൊണ്ടു ചിന്തിക്ക യും തൻെറ കൂട്ടുകാരെ അടിപ്പാൻ തുടങ്ങുകയും മദ്യമത്തന്മാരോടുകൂടി ഭക്ഷിക്കയും കുടിക്കയും ചെയ്താൽ അവൻ വിചാരിച്ചിരിക്കാത്ത നാളിലും അറി യാത്ത നാഴികയിലും യജമാനൻ വന്ന് അവനെ പിരിക്കയും അവൻെറ അവ കാശം കാപടികന്മാരുടെ കൂട്ടത്തിലാക്കു കയും ചെയ്യും. അവിടെ കരച്ചിലും പല്ലു കടിയും ഉണ്ടാകും.

പരേതരുടെ ഓർമയിൽ

യോഹന്നാൻ 5: 24—39

ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു. എൻെറ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസി ക്കുന്നവന് നിത്യജീവൻ ഉണ്ട് . അവൻ ന്യായവിസ്താരത്തിലുൾപ്പെടാത്ത മരണ ത്തെ വിട്ട് ജീവനിലേക്കു കടന്നിരിക്കുന്നു. ഞാൻ സത്യമായും സത്യമായും നിങ്ങ ളോടു പറയുന്നു. മരിച്ചവർ ദൈവ പുത്രൻെറ ശബ്ദം കേൾക്കയും കേൾക്കു ന്നവർ ജീവിക്കയും ചെയ്യുന്ന സമയം വരുന്നു. അത് ഇപ്പോൾ തന്നെയും ആകുന്നു എന്തെന്നാൽ പിതാവിനു തന്നിൽതന്നെ ജീവനുള്ള പ്രകാരം പുത്രനും തന്നിൽതന്നെ ജീവനുണ്ടായിരി പ്പാൻതക്കവണ്ണം അദ്ദേഹം വരം കൊടു ത്തിട്ടുണ്ട് . ന്യായവിധി കൂടിയും നടത്തു വാൻ അവനെ അധികാരപ്പെടുത്തിയിരിക്കു ന്നു. എന്തെന്നാൽ അവൻ മനുഷ്യപുത്ര നാകുന്നു. ശവക്കല്ലറകളിൽ സ്ഥിതി ചെയ്യുന്നവരെല്ലാവരും അവൻെറ ശബ്ദം കേട്ട് നന്മചെയ്തവർ ജീവനുവേണ്ടിയും

ܟܠ ܕܐܝܬ ܠܗ. ܐܢ ܕܝܢ ܢܐܡܪ ܥܒܕܐ ܗܘ
ܒܝܫܐ ܒܠܒܗ ܕܡܘܚܪ ܡܪܝ ܠܡܐܬܐ:
ܘܢܫܪܐ ܠܡܡܚܝܘ ܒܢ̈ܝ ܟܢܘܬܗ: ܘܢܗܘܐ ܐܟܠ
ܘܫܬܐ ܥܡ ܪ̈ܘܝܐ: ܢܐܬܐ ܡܪܗ ܕܥܒܕܐ ܗܘ
ܒܝܘܡܐ ܕܠܐ ܣܟܐ ܘܒܫܥܬܐ ܕܠܐ ܝܕܥ.
ܘܢܦܠܓܝܘܗܝ. ܘܢܣܝܡ ܡܢܬܗ ܥܡ
ܢܣܒܝ ܒ̈ܐܦܐ. ܬܡܢ ܢܗܘܐ ܒܟܝܐ
ܘܚܘܪܩ ܫ̈ܢܐ ❖

ܕܥܢܝ̈ܕܐ

ܝܘܚܢܢ . ܗ ܟܕ — ܠܛ ◆

ܐܡܝܢ ܐܡܝܢ ܐܡܪ ܐܢܐ ܠܟܘܢ: ܕܡܢ
ܕܫܡܥ ܡ̈ܠܝ ܘܡܗܝܡܢ ܠܡܢ
ܕܫܕܪܢܝ: ܐܝܬ ܠܗ ܚ̈ܝܐ ܕܠܥܠܡ.
ܘܠܕܝܢܐ ܠܐ ܐܬܐ. ܐܠܐ ܫܢܐ ܠܗ ܡܢ ܡܘܬܐ
ܠܚ̈ܝܐ. ܐܡܝܢ ܐܡܝܢ ܐܡܪ ܐܢܐ ܠܟܘܢ
ܕܐܬܝܐ ܫܥܬܐ ܐܦ ܗܫܐ ܐܝܬܝܗ̇: ܐܡܬܝ
ܕܡ̈ܝܬܐ ܢܫܡܥܘܢ ܩܠܗ ܕܒܪܗ ܕܐܠܗܐ:
ܘܗܢܘܢ ܕܫܡܥܝܢ ܢܚܘܢ. ܐܝܟܢܐ ܓܝܪ
ܕܠܐܒܐ ܐܝܬ ܚ̈ܝܐ ܒܩܢܘܡܗ. ܗܟܢܐ
ܝܗܒ ܐܦ ܠܒܪܐ ܕܢܗܘܘܢ ܚ̈ܝܐ
ܒܩܢܘܡܗ. ܘܫܘܠܛܢܐ ܝܗܒ ܠܗ ܕܐܦ
ܕܝܢܐ: ܕܒܪܗ ܗܘ ܕܝܢ ܕܐܢܫܐ. ܠܐ
ܬܬܕܡܪܘܢ ܒܗܕܐ: ܕܐܬܝܐ ܫܥܬܐ: ܐܡܬܝ
ܕܟܠܗܘܢ ܐܝܠܝܢ ܕܒܩ̈ܒܪܐ ܐܢܘܢ

തിന്മ ചെയ്തവർ ദണ്ഡവിധിക്കു വേണ്ടിയും പുനരുത്ഥാനം ചെയ്യുന്ന സമയം വരുന്നു. ഇതിൽ നിങ്ങൾ അത്ഭുതപ്പെടേണ്ടാ.

കാസാ, പീലാസാ, കാപ്പ, ഉടുപ്പ്, അരക്കെട്ട്, ഊറാറ, ധൂപക്കുററി മുതലായ പള്ളി ഉപകരണങ്ങൾ പുതിയതായി മദ്ബഹായിലെ ഉപയോഗത്തിനായി പ്രതിഷ്ഠിക്കുമ്പോൾ

നടത്തുവാനുള്ള പ്രാർത്ഥന

(എപ്പിസ്ക്കോപ്പായൊ അനുവാദമുള്ള പട്ടക്കാരനൊ)

സർവാധിപതിയും പരിശുദ്ധനും വിശുദ്ധീകരിക്കുന്നവനുമായ ദൈവമായ കർത്താവെ! നീ ആദ്യന്തമില്ലാത്ത വിശുദ്ധനും ആർക്കും സമീപിക്കുവാൻ കഴിയാത്ത പ്രകാശത്തിൽ വസിക്കുന്നവനും ആകുന്നു. നിൻെറ മഹത്ത്വത്താലും വിശുദ്ധിയാലും സകലത്തേയും നീ നിറയ്ക്കുന്നു. നിനക്കു സ്തുതിപാഠകന്മാരില്ലാതിരിക്കുവാൻ ഇടവരാതെ നിൻെറ ശ്രേഷ്ഠതയെ സ്തുതിച്ചു കീർത്തിക്കുവാൻ വേണ്ടി മേലുള്ള ഗണങ്ങളെ നീ സൃഷ്ടിച്ചു. അതു നിനക്കു സ്തുതിയുടെ ആവശ്യമുണ്ടായിട്ടല്ല; നിന്നെ സ്തുതിക്കുന്നവർ നിന്നാൽ ശ്രേഷ്ഠരാകുവാൻവേണ്ടിയാകുന്നു; കൃപയോടെ നീ ലോകത്തെ സൃഷ്ടിക്കുകയും നിൻെറ ബഹുമതിക്കായി പ്രധാനാചാര്യന്മാരെ നിയമിക്കുകയും ചെയ്തു. നിൻെറ തിരുനിവാസത്തിനായി സഭയിൻ കൂടാരത്തെ നീ സ്ഥാപിക്കയും, ധൂപകലശങ്ങൾ, പാത്രങ്ങൾ, തവികൾ, ദീപപീഠങ്ങൾ, പാനപാത്രങ്ങൾ കാപ്പകൾ, ഊറാറകൾ, ഇടക്കെട്ടുകൾ, അങ്കികൾ മുതലായി മോശൈക ശുശ്രൂഷയ്ക്കുള്ള വിശിഷ്ടോപകരണങ്ങൾ

ܬܫܡܫܬܗ ܕܝܠܗ . ܘܬܟܣܘܗܝ : ܐܝܟܢ
ܕܟܝܘ ܡܐ̈ܢܐ ܠܡܫܟܢܐ ܕܡܘܫܐ : ܘܐܝܟܢ
ܕܟܝܘ ܡ̈ܐܢܝܢ ܠܡܫܟܢܐ ܕܕܘܝܕ ❖

ܠܘܬܐ ܘܕܠܐ

❖ ܡܐܢ̈ܐ ܚܕ̈ܬܐ ❖

ܬܘܩܢܐ ܠܡܐܢ̈ܐ ܥܠ ܗܝܟܠܐ ܘܡܕܒܚܐ ܘܥܠ ܟܣܐ ܘܦܝܠܣܐ

ܕܝܢ ܐܦܝܣܩܘܦܐ ܘܡܫܡܫܢܐ ܩܕܡ ܡܐܢ̈ܐ ܚܕ̈ܬܐ ܩܠܐ ❖

ܡܨܠܐ ܐܦܝܣܩܘܦܐ ܐܘ ܟܘܪܝܐ ܕܐܝܬ

ܠܗ ܡܦܣܢܘܬܐ ❖

ܡܪܝܐ ܐܠܗܐ ܐܚܝܕ ܟܠ ܩܕܝܫܐ
ܘܡܩܕܫܢܐ . ܗ̇ܘ ܕܡܬܥܠܝܐܝܬ ܩܕܝܫܬ
ܘܫܪܐ ܐܢܬ ܒܢܘܗܪܐ ܘܠܐ ܐܝܬ ܕܡܬܩܪܒ
ܠܩܕܝܫܘܬܟ ܠܗ . ܗ̇ܘ ܕܡܫܒܚ
ܘܡܠܐ ܠܟܠ ܡܕܡ . ܠܐ ܚܣܝܪ ܠܬܫܒܘܚ
ܘܠܐ ܡܫܒܚܢܐ . ܘܒܪܝܬ ܠܚܝ̈ܠܘܬܐ ܘܣܕܪ̈ܐ
ܘܡܫܡܫܢ̈ܝ ܘܩܝܡܝܢ ܠܬܫܒܘܚܬܟ . ܠܗ
ܡܢ ܟܠ ܠܡܫܡܫܘܬܐ ܚܣܝܪ ܐܝܬ : ܐܠܐ
ܘܡܫܬܒܚܝܢ ܡܢ ܒܪ̈ܝܬܟ . ܘܐܢܬ ܒܪܝܬ
ܠܥܠܡܐ ܒܚܢܢܟ . ܘܐܩܝܡܬ ܟ̈ܗܢܐ
ܪ̈ܒܢܐ ܠܐܝܩܪܟ . ܘܒܢܝܬ ܡܫܟܢܬܐ
ܠܡܥܡܪܟ . ܘܗ̇ܘ ܕܐܬܩܢܗ ܒܡܐܢ̈ܐ
ܒܡܢܪ̈ܬܐ ܘܦܝ̈ܢܟܐ ܘܡܢܪ̈ܬܐ
ܘܡܬܩܪ̈ܒܢܐ ܘܩܡܛܪ̈ܐ ܘܟܣ̈ܐ ܘܐܦ̈ܝܐ

കൊണ്ട് കൽപ്പനപ്രകാരം അതിനെ അലങ്കരിക്കയും ചെയ്തു. കർത്താവേ! ഇപ്പോൾ നിൻെറ ഏക പുത്രൻെറ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിൻെറ ദാസരായ ഞങ്ങൾ നിൻെറ കരുണയോടു പ്രാർഥിക്കുന്നു. നിൻെറ മദ്ബഹായിലെ ഉപയോഗത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന, ഞങ്ങളുടെ കൈയിലിരിക്കുന്ന ഈ ഉപകരണങ്ങളെ നിൻെറ വിശുദ്ധാലയത്തിൻെറ ബഹുമതിക്കും വന്ദ്യവും ശ്രേഷ്ഠവുമായ നിൻെറ തിരുനാമ മഹത്ത്വത്തിനും ഉതകുമാറ് ശുദ്ധീകരിക്കേണമേ. കർത്താവേ! ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൻെറയും സകല വിശുദ്ധന്മാരുടെയും സത്യ വിശ്വാസികളായ പിതാക്കന്മാരുടെയും പ്രാർഥനയാൽ ഇവയെ സമർപ്പിച്ചവരുടെയും അതിൽ സംബന്ധപ്പെട്ടവരും സംബന്ധപ്പെടുന്നവരുമായ എല്ലാവരുടേയും ഈ വഴിപാടിനെ നീ അംഗീകരിക്കേണമേ.

ഹോശോ.....

സാധനത്തിന്മേൽ മൂന്നു പാവശ്യം കുരിശടയാളം വരച്ചുകൊണ്ട്

പിതാവിൻെറയും + പുത്രൻെറയും + ജീവനുള്ള വിശുദ്ധ റൂഹായുടെയും + നാമത്തിൽ നിത്യജീവനായി ഈ ഉപകരണങ്ങൾ അവയാൽ ദൈവിക കാഴ്ചകളും കൂദാശീകമായ ബലികളും അർപ്പിക്കപ്പെടുവാൻവേണ്ടി മുദ്ര കുത്തപ്പെട്ടിരിക്കുന്നു.

ܘܡܫܟܢܢܐ ܗܢܐ ܡܪܝܐ ܘܟܠܗ ܬܫܡܫܬܐ
ܡܫܡܫܢܘܬܐ ܘܩܕܫܬ. ܐܢܬ ܐܦ ܗܫܐ ܡܪܝܐ:
ܚܠܦ ܥܒ̈ܕܝܟ ܦܪ̈ܝܩܐ ܒܨܠܝܒܗ
ܕܝܚܝܕܝܐ ܒܪܟ ܘܠܟ : ܡܬܟܫܦܝܢܢ
ܠܪ̈ܚܡܝܟ ܘܡܬܒܥܝܢ. ܠܡ̈ܐܢܐ ܗܠܝܢ ܕܒܐ
ܐܝܕ̈ܝܢ ܡܩܕ̈ܫܝܢ ܘܠܬܫܡܫܬܐ ܕܡܕܒܚܟ
ܐܬܩܕܫܘ ܕܢܗܘܘܢ ܠܐܝܩܪܐ ܘܫܘܒܚܐ
ܩܕܝܫܐ ܕܫܡܟ ܡܫܒܚܐ ܘܡܝܩܪܐ
ܡܥܠܝܐ . ܘܩܕܫ ܡܪܝܐ ܩܘܪܒܢܐ
ܝܠܕܬ ܐܠܗܐ ܘܡܪܝܡ ܐܦ ܘܒܨܠܘܬܗ
ܘܐܒܗ̈ܬܐ ܘܩܕܝ̈ܫܐ ܕܟܠܗܘܢ
ܡܗܝܡܢܐ ܕܩܪܒܘ ܘܕܐܬܩܪܒܘ ܒܗܘܢ
ܡܗܝܡܢܐ ܘܟܠܗܘܢ ܘܡܬܢܣܒܝܢ
ܕܡܩܒܠܝܢ : ܐܒܐ ܘܒܪܐ ܘܪܘܚܐ
ܩܕܝܫܐ : ܗܫܐ ܘܒܟܠܙܒܢ ܠܥܠܡܝܢ ✤

ܘܪܫܡ ܬܠܬܐ ܙܒ̈ܢܝܢ ܥܠ ܡܐܢܐ ◆

ܐܬܚܬܡܘ ܘܐܬܩܕܫܘ ܘܐܬܓܡܪܘ
ܡ̈ܐܢܐ ܗܠܝܢ ܘܒܗܘܢ ܢܬܩܪܒܘܢ
ܚܙ̈ܘܢܐ ܐܠܗ̈ܝܐ ܘܕܒ̈ܚܐ ܩܕܝ̈ܫܐ .
ܒܫܡ ܐܒܐ ✲ . ܐܡܝܢ ◆ ܘܒܪܐ ✲ . ܐܡܝܢ ◆
ܘܪܘܚܐ ܚܝܐ ܘܩܕܝܫܐ ܠܚ̈ܝܐ ܕܠܥܠܡ
ܥܠܡܝܢ ✤ ܐܡܝܢ ◆

സാധനങ്ങൾ ത്രോണോസിന്റെ മുകളിൽ ആഘോഷിച്ച് ധൂപം വീശിക്കൊണ്ട്

സാരാംശത്തിൽ ഒന്നായിരിക്കുന്ന വിശുദ്ധ ത്രിത്വത്തിന്റെ മഹത്ത്വത്തിനും ബഹുമതിക്കും ശ്രേഷ്ഠതയ്ക്കും പുകഴ്ചയ്ക്കും ദൈവത്തിന്റെ വി: സഭയുടെ സമാധാനത്തിനും അഭിവൃദ്ധിക്കും വേണ്ടി (ഇവ ആഘോഷിക്കപ്പെടുന്നു.)

ഇങ്ങനെ മൂന്നു പ്രാവശ്യം ചൊല്ലണം.

വിജാതീയരാലൊ വേദവിപരീതികളാലൊ മദ്ബഹാ അശുദ്ധമായിത്തീരുമ്പോൾ നടത്തുന്ന

പ്രാർഥന

താൻമാത്രം വിശുദ്ധനും വിശുദ്ധരെ ശുദ്ധീകരിക്കുന്നവനും ആയിരിക്കുന്ന ദൈവമായ കർത്താവെ! നിന്റെ വചനത്താലും പ്രവൃത്തിയാലും സകലത്തേയും നീ ശുദ്ധീകരിക്കുന്നു. കർത്താവെ! കരുണയോടെ നിനക്ക് തിരുവിഷ്ടം തോന്നി സ്ഥാപിതമായിരിക്കുന്ന ഈ ബലിപീഠത്തിന് ഇതുമൂലം വീണ്ടും ശുദ്ധീകരണം ലഭ്യമാകത്തക്കവണ്ണം പാപപരിഹാര നൽവരം നൽകണമെ. ശത്രുക്കളുടെ വിദ്വേഷപരമായ പ്രവേശനം ഇതിൽ അശേഷവും ഉണ്ടാകുവാൻ ഇടയാക്കാതെ ഇതിനേയും ഇതിലെ സകല ക്രമീകരണങ്ങളേയും നീ സജ്ജീകരിക്കുമാറാകണമെ. വേദവിപരീതങ്ങൾമൂലമുള്ള സകല മാലിന്യത്തിൽ നിന്നും മ്ലേച്ഛതയിൽനിന്നും അതുമൂലം അശുദ്ധരായിത്തീർന്നിട്ടുള്ള വേദവിപരീതികളായ വിജാതീയരിൽനിന്നും ഇതിനെ വെടിപ്പാ

[illegible]

ക്കണമെ. ഏഴു പ്രാവശ്യം ശോധന ചെയ്യപ്പെട്ട സ്വർണംപോലെ ഇതിനെ നിർമലവും ശുദ്ധവുമാക്കണമെ. ആത്മാവിലും ദേഹിയിലും ശരീരത്തിലും ശുദ്ധീകരിക്കപ്പെട്ടുകൊണ്ട് ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

മൂറോൻ കൂടാതെ മദ്ബഹായിൽ കുരിശടയാളം വരച്ചുകൊണ്ട്

പിതാവിന്റെയും + പുത്രന്റെയും + ജീവനുളള വിശുദ്ധ റൂഹായുടെയും + നാമത്തിൽ വിശുദ്ധീകരണത്തിനും പുനർനവീകരണത്തിനുമായി വേദവിപരീതപരമായ സകല മാലിന്യത്തിൽനിന്നും അശുദ്ധിയിൽനിന്നും വിജാതീയ മ്ലേച്ഛതയിൽനിന്നും പാപമാലിന്യത്തിൽ നിന്നും ഇതിനെ അശുദ്ധമാക്കിയ സകല നിയമലംഘനത്തിൽനിന്നും ഈ മദ്ബഹാ ആശീർവദിക്കപ്പെട്ട്, ശുദ്ധീകരിക്കപ്പെട്ട്, നിർമലമാക്കപ്പെടുന്നു. ആമ്മീൻ.

അനന്തരം പടിഞ്ഞാറോട്ട് ഇറങ്ങിച്ചെന്ന് പള്ളിയുടെ പടിഞ്ഞാറും വടക്കും തെക്കും ഭിത്തികളിൽ മൂറോൻ കൂടാതെ വരച്ചുകൊണ്ട്

പിതാവിന്റെയും + പുത്രന്റെയും + വിശുദ്ധ റൂഹായുടെയും + നാമത്തിൽ എന്നന്നേക്കുമുളള പുതുക്കത്തിനും വെടിപ്പിനുമായി വേദവിപരീതപരവും നിയമ വിരുദ്ധവുമായ സകല കറകളിൽ നിന്നും മ്ലേച്ഛതയിൽന്നും മാലിന്യത്തിൽ നിന്നും അശുദ്ധതയിൽ നിന്നും ഈ ദേവാലയം നിർമലമാക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യുന്നു. ആമ്മീൻ.

ܟܘܪܐ ܘܡܬܢܩܝܢܐ ܘܬܬܚܣܐ.
ܫܒܥܐ ܙܒܢܝܢ. ܘܐܝܟ ܕܗܒܐ ܕܡܨܪܦ ܫܒܥ
ܙܒܢܝܢ: ܕܟܝܐ ܘܩܕܝܫܐ ܘܡܫܒܚܬܐ.
ܐܝܟܢܐ ܕܢܬܕܟܐ ܒܢܦܫܐ
ܘܒܓܘܫܡܐ ܘܒܪܘܚܐ: ܢܣܩ ܠܟ ܬܫܒܘܚܬܐ
ܘܠܐܒܘܟ ܘܠܪܘܚܟ ܩܕܝܫܐ ❖

ܢܪܫܘܡ ܠܡܕܒܚܐ ܒܨܠܝܒܐ. ܕܠܐ ܡܘܪܘܢ ܘܐܡܪ ◆

ܡܬܚܬܡ ܘܡܬܩܕܫ ܘܡܬܕܟܐ
ܡܕܒܚܐ ܗܢܐ ܡܢ ܟܠ ܛܘܠܫܐ ܘܛܢܦܘܬܐ
ܗܪܛܝܩܝܐ ܘܡܢ ܡܣܬܠܦܢܘܬܐ ܢܘܟܪܝܬܐ
ܘܡܢ ܟܠ ܚܛܗܐ ܘܛܢܦܘܬܐ ܘܡܢ ܟܠ
ܐܠܝܢ ܕܒܢܡܘܣܐ ܘܐܛܢܦܘܗ ܠܗ.
ܒܫܡܐ ܕܐܒܐ ✱ ܐܡܝܢ. ܘܒܪܐ ✱ ܐܡܝܢ ◆
ܘܪܘܚܐ ܚܝܐ ܘܩܕܝܫܐ ✱ ܠܩܕܝܫܘܬܐ
ܡܫܟܠܠܬܐ ܘܚܘܕܬܐ ܘܚܝܐ ܕܠܥܠܡ. ܐܡܝܢ ◆

ܘܢܚܘܬ ܠܡܥܪܒܐ ܕܗܝܟܠܐ ܘܢܪܫܘܡ ܠܟܬܠܐ ܡܥܪܒܝܐ

ܘܪܫܡ ܕܠܐ ܡܘܪܘܢ ܘܐܡܪ ◆

ܡܬܚܬܡܐ ܥܕܬܐ ܗܕܐ ܡܫܒܚܬܐ ܠܚܘܕܬܐ
ܕܠܥܠܡ ܘܠܡܬܒܢܝܢܘܬܐ ܘܠܬܫܠܡܬܐ
ܐܪܬܝܩܝܬܐ ܘܠܐ ܢܡܘܣܝܬܐ.
ܘܡܢ ܟܠ ܛܘܠܫܐ. ܒܫܡܐ ܕܐܒܐ ✱ ܐܡܝܢ ◆
ܘܒܪܐ ✱ ܐܡܝܢ ◆ ܘܪܘܚܐ
ܩܕܝܫܐ ܠܚܘܕܬܐ ܘܫܘܒܩܢܐ ܕܚܛܗܐ
ܠܚܝ̈ܐ ܘܠܥܠܡ ܥܠܡܝܢ. ܐܡܝܢ ◆

കുർബാന തക്സാ